# സിംഹാസനത്തിൽ നിന്ന് കഴുമരത്തിലേക്ക്

1080

…രുപ്പും.വീട്ടിൽ ഗോപാലപിള്ള

NBS

No 1247

# സിംഹാസനത്തിൽനിന്ന്

## ജയിലിലേക്ക്

C. V. SMARAKA ... SALA
THEKKOO...
VEMBA... A. D.

സാഹിത്യപ്രവർത്തക
സഹകരണസംഘം
പ്രസിദ്ധീകരണം

## കെ. എൻ. ഗോപാലപിള്ളയുടെ

## കൃതികൾ

| | |
|---|---|
| അംബുജാക്ഷി | നോവൽ. |
| ബി. ഏ. തങ്കം | ,, |
| സുറാജ്ഡൗള | ,, |
| പോക്കളത്തിന്റെ പിന്നിൽ | ,, |
| ദളവാ | ,, |
| റാണി മംഗളാഭായി | ,, |
| ശാരദ (2-ാംഭാഗം) | ,, |
| തെക്കംകൂർ റാണി | ,, |
| വിജയസൗധം | ,, |
| സിംഹാസനത്തിൽനിന്നു് ജയിലിലേക്കു് | ,, |
| ബേട്ടിയുടെ ഏഴകൾ | ,, |
| കോമളസൗധം | ,, |
| എം. എൽ. എ. പറങ്ങോട്ടു് | ,, |
| കേരളമഹാചരിത്രം (2 ഭാ.) | |

No. 1247

# സിംഹാസനത്തിൽനിന്നു ജയിലിലേക്ക്

ഗ്രന്ഥകർത്താ
കുറപ്പുംവീട്ടിൽ കെ. എൻ. ഗോപാലപിള്ള

NATIONAL BOOK STALL
31 JUL 1957
TRIVANDRUM-1

നാഷനൽ ബുക്ക്സ്റ്റാൾ
കളരിക്കൽ ബസാർ, കോട്ടയം.

വില 1 ക. 4 ണ.

ഒന്നാംപതിപ്പ്  കോപ്പി 1000
ജൂലൈ  1953

★

പകർപ്പവകാശം
സാഹിത്യപ്രവർത്തകസഹകരണസംഘ (ക്ലിപ്ത) ത്തിനു്

അച്ചടി:
ഇൻഡ്യാ പ്രസ്സ്, കോട്ടയം.

1080

## ഉള്ളടക്കം

| | | പേജ് |
|---|---|---|
| | ആമുഖം | 7 |
| 1 | നാലുകെട്ടിലെ ആമന്ത്രണം | 11 |
| 2 | ഗൂഢാലോചന | 17 |
| 3 | ദിവാൻജിയുടെ വസതി | 21 |
| 4 | കുഞ്ചുമാതേവൻെറഗതി | 26 |
| 5 | പാച്ചൻ | 31 |
| 6 | നമ്പൂരിദളവാ | 36 |
| 7 | സ്ഥാനപതി സുബ്ബയ്യൻ | 42 |
| 8 | ദളവായുടെ റിപ്പോട്ട് | 48 |
| 9 | ഇന്ദിരത്തങ്കച്ചി | 53 |
| 10 | അനുശോചനത്തോടുകൂടി | 58 |
| 11 | അപൂവ്വസന്ദർശകൻ | 60 |
| 12 | പുള്ളിപ്പട്ടാളം വരുത്തണം | 65 |
| 13 | വലിയനാലുകെട്ടിൽ | 70 |
| 14 | വിരുന്ന് | 76 |
| 15 | ശിങ്കാരത്തോപ്പുബംഗ്ലാവിലേക്ക് | 79 |
| 16 | പ്രതിസന്ദർശനം | 85 |
| 17 | കാലാവലോകനം | 88 |
| 18 | രാജ്യതന്ത്രം | 91 |
| 19 | പാച്ചൻെറ സന്ദേശം | 96 |
| 20 | വൈരനിയ്യാതനം | 101 |
| 21 | വെള്ളിയേട്ട് | 103 |
| 22 | തവണക്കാരി പവതിപ്പിള്ള | 107 |
| 23 | സഭാപതിപ്പട്ടർ | 110 |
| 24 | തൃപ്പടിക്കേറ്റം | 112 |
| 25 | ഗൂഢസന്ദർശകൻ | 116 |

| | | |
|---|---|---|
| 26 | കൂടിക്കാഴ്ചയുടെഗതി | 120 |
| 27 | അമ്മവീട്ടിലെ രംഗം | 124 |
| 28 | മരതകപ്പച്ചമാല | 128 |
| 29 | അർദ്ധരാത്രിസഞ്ചാരികൾ | 133 |
| 30 | ദളവായുടെ വസതിയിൽ | 137 |
| 31 | പോലീസ് മജിസ്ട്രേട്ട് ബെഞ്ചർ | 141 |
| 32 | വനാന്തരത്തിൽ | 147 |
| 33 | വൈരംവരുത്തിയ അനർത്ഥം | 149 |
| 34 | ചിതയിൽ കണ്ടകാഴ്ച | 152 |
| 35 | റാണിയുടെ തിരുവുളം | 155 |


---

Historical Records


1. Col. James Welsh's Military Reminiscences Vol. II p. 43
2. Walton Hamiltan's Descriptions of Hindustan Vol. II p. 319.
3. A. Ramasubbier's Travancore and Its making Vol. I p.

# ആമുഖം

പ്രസ്തുതഗ്രന്ഥം ഒരു ചരിത്രാഖ്യായികയാണു്. തിരുവിതാംകൂർരാജ്യം ജനകീയഭരണത്തിന്റെ ആരംഭത്തോടുകൂടി പേരിനേസംബന്ധിച്ചേടത്തോളം അസ്തപ്രായമായി പരിണമിച്ചിരിക്കുകയാണല്ലോ. ഈ സന്ദർഭത്തിൽ പഴയതിരുവിതാംകൂറിന്റെ രാഷ്ട്രീയചരിത്രത്തിന്റെ അന്തരാളത്തിൽ മറവുപററി വിലയംപ്രാപിച്ചുകിടക്കുന്ന രസകരങ്ങളായ ചില സംഭവങ്ങളുടെ സ്മരണ, ആധുനികൎക്കും ഭാവിതലമുറയ്ക്കും കൌതുകകരമല്ലാതെ വരാൻ തരമില്ല. ഏതാദൃശമായ ഒരു പൂൎവ്വകാലചരിത്രത്തിന്റെ അതീതങ്ങളായ ചില ഗഹനവശങ്ങളിലേയ്ക്കു വായനക്കാരെ നയിച്ചു് അവൎക്കു രസാനുഭൂതി വരുത്തുവാനുള്ള ഒരു വിനീതമായ യത്നമാണു് പ്രസ്തുതഗ്രന്ഥം.

എട്ടുവീട്ടിൽപിള്ളമാരും മാടമ്പിമാരും തിരുവിതാംകൂർ രാജകുടുംബവുംതമ്മിൽ രാജ്യാധികാരത്തെക്കുറിച്ചുള്ള അഭിപ്രായവ്യത്യാസങ്ങളും, മക്കത്തായികളായിരുന്ന ആ തമ്പിമാർ ആ ദായക്രമമുറയ്ക്കു തിരുവിതാംകൂർ രാജ്യവാഴ്ചയ്ക്കായി നടത്തിയ അവകാശവാദങ്ങളുംതൊട്ടു് ഗൌരിലക്ഷ്മീറാണിയുടെകാലംവരെയുള്ള തിരുവിതാംകൂർ മദ്ധ്യകാലചരിത്രം ആഖ്യായികാകാരന്മാൎക്കു നിരങ്കുശമായ വിഹാരത്തിനു സമുചിതമായ ഒരു ഒന്നാംതരം കേളീരംഗംതന്നെയാണു്. ഗർഹ്യജീവികളായ ചില സേവകന്മാരുടെ മായാവലയത്തില്പെട്ടു ഭരണകാൎയ്യങ്ങളിൽ അവൎക്കു് അനർഹമായ കൈകടത്തലുകൾക്കു് അവസരം നൽകുകയാൽ അവിട്ടംതിരുനാൾ ബാലരാമവൎമ്മ എന്ന മഹാരാജാവിന്റെകാലത്തു ജനങ്ങൾ ഒത്തൊരുമിച്ചു് രാജ്യസ്ഥാനത്തിനു ചില അനുശാസനങ്ങൾ നൽകി, വിലോപികളായ ആ സേവാകീടങ്ങളെ കഠിനമായി ശിക്ഷിപ്പിക്കുകയും ഭരണച്ചുമതല ജനങ്ങളുടെ നേതാക്കന്മാരായ

ചിലരെത്തന്നെ ഏല്പിക്കേണ്ടിവരികയും ചെയ്കയാൽ ആ ഘട്ടം തിരുവിതാംകൂർചരിത്രത്തിൽ പ്രത്യേകം സ്മരണീയമായ ഒരു നൂതനാദ്ധ്യായം രൂപംപ്രാപിച്ചിട്ടുള്ളതാണല്ലോ. തിരുവിതാംകൂറിലെ മാർത്താണ്ഡവർമ്മമഹാരാജാവ് ആററുങ്ങൽരാജ്യം തിരുവിതാംകൂറിനോടു ചേർത്തസമയം, മേലിൽ തിരുവിതാംകൂറിലെ രാജ്യവാഴ്ച ആററുങ്ങൽറാണിമാരിൽ ജനിക്കുന്ന ആൺമുറത്തമ്പുരാക്കന്മാർക്ക് മൂപ്പുമുറയായിരിക്കുമെന്നു പ്രത്യേകം വിവരിച്ച് എഴുതിക്കൊടുത്തിരിക്കുന്ന വെള്ളിയോട്ടുരേഖക്കു വിപരീതമായി കോലത്തുനാട്ട് മാവേലിക്കരശാഖയിലെ ഒരു രാജകുമാരൻ ഏതുവിധമോ അവിട്ടംതിരുനാളിന്റെ പാർശ്വവർത്തിയായി വന്നുകൂടുന്നു. ആ കുമാരന് ഇളയരാജാവിന്റെ പദവികൾ എല്ലാം ബാലരാമവർമ്മ അനുവദിച്ചുകൊടുക്കുകയും ചെയ്യുന്നു. ഉദ്യോഗസ്ഥന്മാരോ ഈസ്റ്റിൻഡ്യാക്കമ്പനിപ്രതിനിധിയായ റസിഡണ്ടോ, ജനപ്രമാണികളോ ആ നടപടിയെ പ്രത്യക്ഷമായി പ്രതിഷേധിക്കുന്നുമില്ല. ബാലരാമവർമ്മയുടെ കാലത്തെ രാജ്യഭരണകാര്യങ്ങളിലും ആ രാജകുമാരൻ പല കൈകടത്തലുകളും നിർഭയം ചെയ്തിരുന്നു. മഹാരാജാവു നാടുനീങ്ങിയ ഗഡുവിൽ അന്നത്തെ ദളവായുടെയും ബ്രിട്ടീഷ് റസിഡണ്ടിന്റെയും ആനുകൂല്യത്തോടുകൂടി ആ രാജകുമാരൻ തൃപ്പടിയേററം കഴിച്ചു രാജസിംഹാസനത്തിൽ പ്രവേശിക്കുന്നു. എന്നാൽ ആററുങ്ങൽ മൂത്തറാണി തന്റെ ന്യായമായ അവകാശങ്ങളെ ബ്രിട്ടീഷുറസിഡണ്ടിനേയും മദ്രാസ് ഗവർണ്ണരേയും ധരിപ്പിക്കുകയാൽ ഭരണമേററതിന്റെ പിറേറന്നാൾതന്നെ ആ മഹാരാജമ്മന്യൻ ബഹിഷ്കൃതനായി ഒരു തടവുകാരന്റെ നിലയിൽ കണ്ണൂർജയിലിലേയ്ക്കും പിന്നീട് തലശ്ശേരി ജയിലിലേയ്ക്കും അവിടെനിന്നു ചെങ്കല്പേട്ട ജയിലിലേയ്ക്കും അയയ്ക്കപ്പെടുന്നു. റാണിക്ക് എതിരായി രാജ്യവാഴ്ചനടത്താൻ യുവരാജമ്മന്യന് ഒത്താശചെയ്ത ദളവാ ഉമ്മിണിത്തമ്പിയേയും ബ്രിട്ടീഷുറസിഡണ്ടു തടവുകാരനാക്കി ചെങ്കല്പേട്ട ജയിലിലേയ്ക്ക് അയയ്ക്കുന്നു.

ജയിലിൽവച്ചു രാജകുമാരനും ദളവയും നിർവ്വാണം പ്രാപിക്കുന്നു. ഇതാണു് പ്രഃക്ഷോഭജനകമായ ചരിത്രവശം. നയപരങ്ങളായ ഹേതുക്കളാൽ പ്രസ്തുത യാഥാർത്ഥ്യങ്ങൾ തിരുവിതാംകൂർ ചരിത്രത്തിൽ ഉൾപ്പെടുത്തുവാൻ ഇതുവരെ ചരിത്രകാരന്മാർ ഉദ്യമിച്ചിട്ടില്ല.

എന്നാൽ തിരുവനന്തപുരം വലിയകൊട്ടാരം ഗ്രന്ഥപ്പുരയിൽ ഉള്ള ചില രേഖകളിലും ഈസ്റ്റിൻഡ്യാക്കമ്പെനിവക രേഖകളിലും കണ്ണൂൽജെയിംസ്‌വെൽസ്, വാൾട്ടൺ ഹാമിൽററൺ എന്നീ ആംഗലഗ്രന്ഥകാരന്മാരും ഒരു ചരിത്രകാരനായ മിസ്റ്റർ രാമസുബ്ബയ്യനും പ്രസ്തുത സംഭവങ്ങളെപ്പററി അവരുടെ ഗ്രന്ഥങ്ങളിലും വിവരിച്ചുകാണുന്നുണ്ടു്.

പാരമ്പര്യപ്രശസ്തിയുള്ള ഒരു പുരാതന കേരളരാജ്യമായ തിരുവിതാംകൂറിന്റെ മദ്ധ്യകാലചരിത്രത്തിൽ അതിപ്രാധാന്യം അർഹിക്കുന്ന പ്രസ്തുതസംഭവങ്ങളെ അസ്പദമാക്കിയാണു് ഈ ആഖ്യായികാരചന നടത്തിയിട്ടുള്ളതെന്നു് ഇവിടെ സമ്മതിക്കുന്നതു് സന്ദർഭോചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു.

ഗ്രന്ഥകർത്താ.

Very bad Book.

# നാലുകെട്ടിലെ ആമന്ത്രണം

"എന്റെ ഇന്ദിര—അവളുടെ ഉത്രത്തിൽ മുക്കാൽ—അതിന്റെ യോഗം—എവിടെപ്പോണു ചുമ്മാ!—വിളങ്ങാതിരിക്കുമോ അതു്?—എന്റെ മകളെ! ചൊടിയായിരിക്കു നീ." എന്നിങ്ങനെ മംഗളമ്മപ്പിള്ളത്തങ്കച്ചി സ്തോഭാവേശത്തോടെ വാത്സല്യനിധിയായ ഇന്ദിരപ്പിള്ളത്തങ്കച്ചിയെ ഗാഢാശ്ലേഷം ചെയ്തുകൊണ്ടു പറഞ്ഞു.

ഇന്ദിരയോ, പ്രൌഢയും രാകാശശിവദനയുമായ മാതാവിന്റെ തത്സ്വരൂപം. പ്രായമോ, പതിനെട്ടുവയസ്സ്. നിസ്തുലമായ ഒരു സൌന്ദര്യധാമം. ഇന്ദിരത്തങ്കച്ചിക്കു സദൃശയായ ഒരു തരുണീമണി അക്കാലത്തു ശ്രീവാഴുംകോട്ടോ, തിരുവനന്തപുരം നഗരിയിലോ ഏങ്ങും ഇല്ലെന്നുള്ള ചൊല്ല് അതിശയോക്തിയല്ല. സൌന്ദര്യസാരസർവ്വസ്വം കടഞ്ഞെടുത്തു വാർത്തിണക്കുവാൻ വിരുതേറിയ കമലഭവശില്പി ഇന്ദിരാവിഗ്രഹസൃഷ്ടിയിൽ അത്ഭുതപൂർവ്വമായ കരകൌശലം പ്രദർശിപ്പിച്ചിട്ടുണ്ടെന്നു സർവ്വജനങ്ങളും

ഒന്നുപോലെ മുക്തകണ്ഠം വാഴ്ത്തത്തക്കവിധം അത്രകണ്ടു് അംഗസൌഷ്ഠവവും സൌന്ദര്യത്തിളപ്പും, ശൃംഗാരവാസ്യം, മദാലസമഞ്ജുളമായ വാഗ്വിലാസവും ഒത്തിണങ്ങിയ ഒരു മോഹനാംഗിമാരിതന്നെ മംഗളമ്മയുടെ ഈ അരുമക്കിടാവു്. ഇന്ദിരയുടെ മൂത്ത സഹോദരിയാണു പത്മാവതിപ്പിള്ള അമ്മച്ചി—നാടുവാഴുന്ന അവിട്ടംതിരുനാൾ ബാലരാമവർമ്മ മഹാരാജാവിൻെറ ധർമ്മദാരങ്ങൾ. സാമൂഹ്യപദവിയിലും, സൌഭാഗ്യസോപാനത്തിലും അത്യുന്നതസ്ഥാനം പ്രാപിക്കുവാൻ യോഗം സിദ്ധിച്ച ആ യോഷാമണി സ്വസഹോദരിയേപ്പോലെതന്നെ കേളികേട്ട സൌന്ദര്യമൂർത്തി. സ്വഭാവ നൈർമ്മല്യത്തിലും ശീലഗുണത്തിലും ആണെങ്കിലോ, അദ്വിതീയയെന്നു സർവ്വവിദിതം.

മംഗളമ്മപ്പിള്ളത്തങ്കച്ചി:—പടിപ്പുര, മാളികയാകുമ്പം ഈ നാലുകെട്ടു് അടുക്കള. മകളേ! നിനക്കു വരാൻപോകുന്ന യോഗം ആക്കു് ഇന്നു തടുക്കാൻ കഴിയും? നിൻെറ അക്കൻ, നാടുവാഴുന്ന തമ്പുരാൻെറ അമ്മച്ചി. നീയും ഒരു കാലത്തു് ആ പദവിതന്നെ അനുഭവിക്കും മകളേ! നിനക്കു വന്നുകൂടിയിരിക്കുന്ന ആ തമ്പുരാനും ആൾ മഹാഭാഗ്യരാശി.'' എന്നിങ്ങനെ മംഗളമ്മപ്പിള്ള പുത്രിയെ സംബന്ധിച്ച ഭാവുകാശംസാപ്രഭാഷണം തുടന്നു.

ഇന്ദിര:—എനിക്കു് അങ്ങനെയുള്ള വലിയ ആശകളൊന്നും ഇല്ലമ്മ. എന്നും ഇങ്ങനെ അമ്മയുടെ ഇന്ദിരയായി കഴിഞ്ഞാൽ മതി. അക്കൻവഴി വന്ന ഭാഗ്യംതന്നല്ലെ ഇതെല്ലാം. ഇങ്ങനെ ഒക്കെ അങ്ങു കഴിഞ്ഞാൽ മതിയെന്നേ എനിക്കുള്ളു. അമ്മയുടെ വലിയ വ്യാമോഹങ്ങളൊക്കെ കളയണം പിന്നെ.

മംഗളമ്മപ്പിള്ളത്തങ്കച്ചി:—നീ ഇത്ര കഥയില്ലാത്തവളായാലോ മകളേ! വലിയതമ്പുരാനു മുറയ്ക്കു് ഒരു അമ്മാവിയാണു ഞാനെന്നു നിനക്കു് അറിയാമല്ലൊ. ആ സ്വാധീനം ഞാൻ വേണ്ടവിധം ഉപയോഗിച്ചതുകൊണ്ടു് ഇന്നു പത്മത്തിനു് ഈ നിലവന്നു. പണ്ടത്തേതിലും നമ്മൾക്കു് ഉയർച്ചയും കിട്ടി. ഐശ്വര്യ

ലക്ഷ്മി എക്കാലവും ഈ നിറഞ്ഞ തറവാട്ടിൽതന്നെ കുടികൊള്ളണം. അതിനാണു് എൻെറ ശ്രമം. ഇപ്പോൾ പത്മത്തേക്കൊണ്ടു ഈ തറവാടു നന്നാകണം. ഞാൻ ഇട്ടതാണു് അടിസ്ഥാനം. അവിടംപിടിച്ചു മേല്പോട്ടു കയറാൻ അവൾക്കു സാധിച്ചു. മനുഷ്യർ ചിരഞ്ജീവികളല്ല. അതുകൊണ്ടു് പത്മത്തിൻെറ പദവി ശാശ്വതമല്ല. അങ്ങനെ ഒരു കാലം വരുമ്പോൾ അടുത്ത മുറനിൻെറ തമ്പുരാന്നു്. അവിടുന്നു നാടുവാഴാൻ തുടങ്ങുന്ന കാലം മുതൽ നമ്മുടെ നിലയ്ക്കു തടസ്സമില്ലാത്ത ഉയർച്ചതന്നെ മകളെ! അങ്ങനെ തുടർന്ന മൂന്നു തലമുറ, നാടുവാഴുന്ന തമ്പുരാക്കന്മാരുടെ അമ്മച്ചിമാരാകാൻ യോഗം ഉള്ള പെണ്ണുങ്ങൾ ഉണ്ടെങ്കിലോ, ആ തറവാട്ടു് എല്ലാ ലക്ഷ്മിമാരുടെയും കുത്താട്ടക്കളം, മകളേ! നമ്മുടെ തെക്കേപ്പുറത്തിരിക്കുന്ന ആ കിഴവി ആൾ ചില്ലറയോ? വെള്ളിയാഴ്ചയും ചൊവ്വാഴ്ചയും നിണക്കുരുതിയും കടുംപായസവും തെരളിയും ഞാൻ കൊടുക്കുന്നതു വെറുതെയോ? അവരുടെ പ്രസാദംതന്നെ നമ്മുടെ അനുഗ്രഹം. ഈ തറവാടിൻെറ മേൽഗതിക്കു് അടിസ്ഥാനം ഈ വല്യമ്മതന്നെ. ശ്രീപോർക്കലി ഭഗവതി! അവരുടെ അനുഗ്രഹംതന്നെ ഇക്കാണുന്നതെല്ലാം."

ഇന്ദിര ഒരു ദീർഘനിശ്വാസത്തോടെ പറഞ്ഞു:—"ദേവിയുടെ പ്രസാദം നമ്മിൽ ഉണ്ടെന്നുള്ളതിനു തർക്കമില്ല. എങ്കിലും സാദ്ധ്യമല്ലാത്ത കാര്യം സാധിച്ചുതരാൻ ദേവിക്കു ശക്തിയുണ്ടോ എന്തോ? അക്കാര്യം എനിക്കു് അറിവില്ല. തിരുമേനി ദത്തനുസരിച്ചുള്ള ഇളമുറയല്ല. തിരുമനസ്സിലെ വാത്സല്യംകൊണ്ടു് ഇളമുറയുടെ നിലയിൽ കഴിഞ്ഞുകൂടുന്നു, എന്നേയുള്ളല്ലോ."

മംഗളമ്മപ്പിള്ളത്തങ്കച്ചി:—ഛേ! ഛേ! കഥയില്ലാത്ത പെണ്ണേ! നീതിമുറകൾ നീയെന്തറിഞ്ഞു? ദളവായും സർവ്വാധിയും കാര്യക്കാരന്മാരും ഒക്കെ അവിടത്തെ മുറയായി കരുതി ആചാരംചെയ്യുന്നതു നീ അറിഞ്ഞിട്ടില്ലായിരിക്കും. ആറാട്ടിനും പൂജപ്പുരയിലും എഴുന്നള്ളുമ്പോൾ നിൻെറ തമ്പുരാൻ എവിടെയാണു് ഉടവാളുംപിടിച്ചു നിൽക്കുന്നതെന്നു നീ കണ്ടിട്ടില്ലേ?

ഇന്ദിര:—അതൊക്കെ ശരിതന്നെ. എങ്കിലും തമ്പുരാട്ടികൾക്കു് അതൊക്കെ രസിക്കുന്നുണ്ടോ എന്നു സംശയം.

മംഗളമ്മപ്പിള്ളത്തങ്കച്ചി:—ഹേയ്! വലിയതമ്പുരാന്റെ ഹിതംതന്നെ തമ്പുരാട്ടിമാരുടെയും ഹിതം. അല്ലെങ്കിലോ അവരും ഈ തിരുമേനിയും മാറിയതോ മറിഞ്ഞതോ വല്ലതുമോ?

ഇന്ദിര:—അതൊക്കെ ശരിയായിരിക്കും. ജനങ്ങൾ എന്തു പറയും? കമ്പനിക്കാർ എന്തു പറയും?"

മംഗളമ്മപ്പിള്ളത്തങ്കച്ചി:—ഇവിടെ ജനങ്ങൾക്കു് എന്തു കാര്യം? മാവിൽക്കിടക്കുന്നതു തേങ്ങയെന്നു തമ്പുരാൻ കല്പിച്ചാൽ അതു തേങ്ങതന്നെ. മറിച്ചു പറവാൻ ആർക്കു് എന്തധികാരം? മറിച്ചു പറയുന്നവന്റെ തല വീശിക്കളയും തമ്പുരാൻ. വലിയമ്മാവൻതിരുമേനി പടവെട്ടിപ്പിടിച്ച രാജ്യം. അവിടെ ഇന്നു് മററാൎക്കവകാശം? മററാൎക്കധികാരം? കമ്പനിക്കാർ വേണമെങ്കിൽ അഞ്ചുതെങ്ങിലും തങ്കച്ചേരിലും പണ്ടകശാലകളിൽ കച്ചവടം ചെയ്തുകൊള്ളട്ടെ. അതിൽ കവിഞ്ഞു് അവൎക്കു് ആരിവിടെ കൈമകൊടുത്തിരിക്കുന്നു? ശീമയിൽ ഗതിയില്ലാഞ്ഞു, കച്ചവടംതേടി ഇവിടെ ഓടങ്ങളിൽ വന്നിറങ്ങിയ ഈ പരിഷകൾക്കു് തമ്പുരാന്റെ മേൽകോയ്മയോ? പോവാൻപറ പെണ്ണേ! നീ ഒരു കഥയില്ലാത്തവൾ.

ഇന്ദിര:—അമ്മ പറയുന്നതെല്ലാം ശരിതന്നെ. എങ്കിലും കാലം മാറിവരുകയാണമ്മേ! മാൎത്താണ്ഡവൎമ്മതിരുമേനിയുടെയും കാൎത്തികതിരുനാൾതിരുമേനിയുടെയും കാലത്തെ അവസ്ഥയല്ല, ഇപ്പോൾ. അവർ മഹാപ്രതാപികൾ. അവരുടെ ആജ്ഞാശക്തി ഇത്തിരുമേനിക്കില്ല.

മംഗളമ്മപ്പിള്ളത്തങ്കച്ചി:—ഛേ! ഛേ! പങ്കം. പങ്കം. നമുക്കു് അടുത്തതല്ല ഈ വാക്കുകൾ. നമ്മുടെ ചോറല്ലേ? എന്റെ മകൾ ഇങ്ങനെ പറഞ്ഞതായി മററാരും അറിയരുതേ!

ഇന്ദിര:—ഇത്ര തന്റേടമുള്ള അമ്മയ്ക്കു് ഇത്ര ഭയമോ? ഞാൻ പറഞ്ഞതു പരമാർത്ഥം അമ്മാ! പണ്ടത്തേ കാലമല്ല ഇതു്.

മംഗളമ്മപ്പിള്ളത്തങ്കച്ചി:—നീ എന്തു് ഇങ്ങനെ പറയുന്നു? കുന്നത്തൂരേ അദ്ദേഹം ഇപ്പോഴും കോയിമ്മയിൽ സേവിക്കുന്നുണ്ടു്. പണ്ടത്തേ കാര്യക്കാരന്മാരും കൊട്ടാരത്തിലെ പകടശാലയിൽ ത്തന്നെ. നാടുവാഴുന്ന തമ്പുരാൻമാത്രം മാറിവന്നു. അവിടത്തേക്കു വളരെ ചെറുപ്പം എന്നൊരു കുറവേ ഉള്ളു. അതു സാരമില്ല. നേർവഴിതിരിക്കാൻ ആ നമ്പൂരിയദ്ദേഹം സർവ്വസമയവും കൂടെയുമുണ്ടു്. അതു ചിലക്കു രസിക്കുന്നില്ല. അതുകൊണ്ടു് ഇത്തിരി കുഴപ്പമെല്ലാം ഉണ്ടെന്നു് എനിക്കും അറിയാം.

ഇന്ദിര:—ആ ജയന്തൻശങ്കരൻനമ്പൂരിയുടെ തോന്ന്യാസങ്ങൾ കുന്നത്തൂരേ അദ്ദേഹത്തിനു രസമല്ല. നമ്പൂരി വലിയതമ്പുരാനെക്കൊണ്ടു കേശവദാസന്റെ കൈകൾ കെട്ടിച്ചിരിക്കുന്നു. പിന്നീടു് അദ്ദേഹത്തിനു് എന്തു കഴിയും?

മംഗളമ്മപ്പിള്ളത്തങ്കച്ചി:—നാൾചെല്ലുന്തോറും ദിവാൻജിയുടെപേരിൽ തിരുവുള്ളക്കേടു വർദ്ധിച്ചുവരുകയാണു മകളേ! അദ്ദേഹം നല്ല പേരെടുത്ത ആൺപിള്ള ശിങ്കമെങ്കിലും, ഇയ്യിടെ മട്ടൊക്കെ മാറിയാണു മകളെ! അദ്ദേഹവും ശേഷക്കാരൻ ജനറാളും പേഷ്കാർ ഇരയിമ്മൻ കുട്ടിത്തമ്പിയും കൂടെ തമ്പുരാനും രാജ്യത്തിനും എതിരായി കമ്പനിക്കാക്കു് ഒററു കൊടുക്കുന്നുവെന്നു വലിയതമ്പുരാനു മനസ്സിലായിട്ടുണ്ടു്. കഥയില്ലായ്മ! കുന്നത്തൂരെ അദ്ദേഹം ഇംഗ്ലീഷിലും ഹിന്ദുസ്ഥാനിയിലും എഴുത്തുകുത്തിനു ബഹു കടുകട്ടി. ഈ കമ്പനിക്കാർധാരമാര പ്രസാദിപ്പിക്കാൻ അതുമതി. എന്നുവച്ചു് അവക്കു വലിയതമ്പുരാനോടു് എന്തു ചെയ്യാൻ കഴിയും. അങ്ങു കിരീടം എടുത്തുകളഞ്ഞൂടമോ പിന്നെ. പോവാൻ പറയണം പിള്ളേ!"

ഇന്ദിര:—(വിരസമായ മുഖഭാവത്തോടെ) അമ്മ സൂക്ഷ്മം അറിയാതെ ഇങ്ങനെ പറയരുതു്. കുന്നത്തൂരേ അദ്ദേഹത്തോളം

തമ്പുരാനെയും രാജ്യത്തെയും സ്നേഹിക്കുന്നവർ മററധികം പേർ ഇല്ല. ജനറാളദ്ദേഹവും പേഷ്കാരദ്ദേഹവും ദിവാൻജിയദ്ദേഹത്തിനു പററിയ അനുജനും ശേഷക്കാരനുംതന്നെ. ഈ ത്രിമൂൎത്തികൾ കൂടെയാണു് ഈ തിരുവിതാംകോടിനെ ഇന്നു് ഈ വൈതരണിയിൽകൂടി ഭരിച്ചുകൊണ്ടുപോകുന്നതെന്നു് അമ്മ മനസ്സിലാക്കണം. ജയന്തൻശങ്കരൻനമ്പൂരിയും കൂട്ടുകാരായ മാത്തുത്തരകനും ശങ്കരനാരായണൻചെട്ടിയുംകൂടി ശ്രീപണ്ടാരക്കാൎയ്യങ്ങളിൽ കൈകടത്തി പലവിധത്തിൽ തമ്പുരാനെയും രാജ്യത്തെയും ദ്രോഹിച്ചുവരുന്നു. അവിടുന്നു ചെറുപ്പക്കാരനും തീരെ ലോകപരിചയവും ഭരണപരിചയവും ഇല്ലാത്തയാളും ആയതുകൊണ്ടു് അതൊന്നും അറിയുന്നേ ഇല്ല. രാജാവിനേയും രാജകുടുംബത്തെയും രാജ്യത്തെയും സ്നേഹിക്കുന്ന ദിവാൻജിയദ്ദേഹത്തെ അവിടുന്നു തീരെ കൈവിട്ടിരിക്കുന്നു. അതു ദോഷമായിത്തീരും.

ഇന്ദിരത്തങ്കച്ചിയുടെ മുഖത്തുനിന്നു പുറപ്പെട്ട ഏതാട്ടശഭാഷണം കേട്ടു രുഷ്ടയായിച്ചമഞ്ഞ മാതാവിന്റെ മുഖം ശോണിമ പൂണ്ടു. അവർ ധൃഷ്ടയായിപ്പറഞ്ഞു: "ഇന്ദിരേ! നീ അതിരുകവിഞ്ഞു സംസാരിക്കുന്നു. ഇപ്പറയുന്നതെല്ലാം ആരേക്കുറിച്ചു് എന്നു നിനക്കു് ഓൎമ്മയില്ലേ? ഇതെല്ലാം നിന്റെ തമ്പുരാൻ അറിഞ്ഞാൽ മതി കരുമനകൊള്ളാൻ. നീ ഇത്ര കഥയില്ലാത്തവളായല്ലൊ. നമ്മുടെ അഭ്യുദയത്തിനു നീ ഒരു കോടാലിയാണെന്നുതോന്നുന്നു. കൊട്ടാരംവഴി വന്നുകൂടിയ ഐശ്വൎയ്യമേ നമുക്കുള്ളു. ഇപ്പോഴും ആ ചോറുതന്നെ നാം ഉണ്ണുന്നതു്. അതുകൊണ്ടു് ഈവക സംസാരം നിൎത്തിവയ്ക്കണമെന്നു ഞാൻ ഗുണദോഷിക്കുന്നു."

മാതാവിന്റെ കോപാവേശം കണ്ടു് ഇന്ദിര മന്ദസ്മിതം തൂകി.

പുത്രിയുടെ മൃദുലമധുരമായ മന്ദഹാസം കണ്ടമാത്രയിൽ രവികിരണമേററ ഹിമംപോലെ മംഗളമ്മത്തങ്കച്ചിയുടെ കോപം

ദ്രവപ്രായമാകുകതന്നെ ചെയ്തു. വാത്സല്യദ്യോതകമായ ഒരു വീക്ഷണാഭാസത്തോടുകൂടി ആ മാതാവു പറഞ്ഞു:—"കുസൃതിത്തരം പറഞ്ഞിട്ടു, കൊച്ചുകള്ളീ! ചിരിക്കുന്നോ പിന്നെ! ഇനി ഇങ്ങനെ വല്ലതും ഇവിടെ കേട്ടെങ്കിലാകട്ടെ!"

"ഞാൻ വെറുതേ പറഞ്ഞതന്നേ ഉള്ളു അമ്മാ! വെറുതേ എന്തിനു ശണ്ഠകൂടുന്നു. തമ്പുരാനെപ്പററി എന്നോളം ഭക്തിയുള്ളവർ ഈ ഭൂമുഖത്തു മററാരെങ്കിലും ഉണ്ടോയെന്നു സംശയം."

സംഭാഷണം ഈ ഘട്ടത്തിലായപ്പോൾ കിഴക്കേക്കോട്ടയുടെ ഗോപുരത്തിൽനിന്നു വൈതാളികവാദ്യധ്വനി അത്യുച്ചത്തിൽ കേൾക്കാറായി. അപ്പോൾ മംഗളമ്മ ഇങ്ങനെ സ്വയം സമാശ്വസിച്ചു: "ഇന്ദിര പറഞ്ഞതു് ഇപ്പകൽപോലെ പരമാർത്ഥം. അതാ മംഗളവാദ്യം മുഴങ്ങുന്നു. ദൈവം നിനക്കു നന്മ വരുത്തും മകളെ! പെട്ടെന്നുണ്ടായ ദേഷ്യംകൊണ്ടു ഞാൻ അല്പം ചിലതെല്ലാം പരുഷം പറഞ്ഞുപോയി. എന്റെ പൊന്നുമകൾ അതൊന്നും മനസ്സിൽ എടുക്കണ്ടാ. കേട്ടോ!" എന്നിങ്ങനെ പറഞ്ഞു നിർത്തി, ആർദ്രചിത്തയായ ആ മാതാവു പുത്രിയെ മാറോടണച്ചു ഗാഢാശ്ലേഷം ചെയ്തു, മൂർദ്ധാവിൽ തെരുതെരെ ചുംബനങ്ങൾ നൽകി.

## 2

## ഗൂഢാലോചന

"ഛാ! കഷ്ടായി! ട്ടോ! ആ കേശവൻ—ആ വിഡ്ഢി—ഇയ്യിടെ കേറി മൂത്തുപോണൂട്ടാ!" എന്നിങ്ങനെ ജയന്തൻ ശങ്കരൻ നമ്പൂതിരി ഇളയരാജാവിനോടായിട്ടു പറഞ്ഞു. നമ്പൂരി തിരുവിതാംകൂറിൽ നാടുവാഴുന്ന അവിട്ടം തിരുനാൾ ബാലരാമവർമ്മ മഹാരാജാവിന്റെ പ്രമുഖസേവകനും ഉപദേഷ്ടാവുമാണു്. നാടുനീങ്ങിയ

കാർത്തികതിരുനാൾ രാമവർമ്മതിരുമേനിയുടെ വല്ല്യപ്പൂട്ടുകാരൻ ജയന്തൻനമ്പൂരിയുടെ മകനാണു ശങ്കരൻ. ചെറുപ്പംമുതല്ക്കേ, കൊട്ടാരത്തിലുള്ള അധിവാസവും പരിചയവും നിമിത്തം ആദ്യകാലംതൊട്ടുതന്നെ അവിട്ടംതിരുനാളിന്റെ പ്രത്യേകമായ പ്രീതിക്കു പാത്രീഭവിക്കാൻ ഉണ്ണിനമ്പൂതിരിക്കു സാധിച്ചു. അയാൾ പ്രകൃത്യാ വൈഭവശാലിയും, തന്ത്രജ്ഞനും, ബുദ്ധികുശലനും മഹാധാർഷ്ട്യക്കാരനും ആയിരുന്നതിനാൽ രാജസേവയിൽ അത്യധികം ശോഭിക്കുകതന്നെ ചെയ്തു. കാർത്തികതിരുനാളിന്റെ കാലംതൊട്ടുതന്നെ അവിടത്തെ ഒരു ആശ്രിതന്റെ നിലയിൽ വലിയകൊട്ടാരത്തിൽ സ്ഥിരവാസം ഉറപ്പിച്ചിരുന്ന കേരളവർമ്മ എന്നു പ്രഖ്യാതനായ മാവേലിക്കര കോലത്തുനാട്ടുരാജകുടുംബത്തിലെ ഒരു വ്യക്തി, ദുർബ്ബലനായ അവിട്ടംതിരുനാളിന്റെ കാലമായപ്പോഴേയ്ക്കും തിരുവിതാംകൂർ രാജകുടുംബത്തിലെ ഇളമുറരാജപദം സ്വപ്രൈവവത്താൽ കരസ്ഥമാക്കിയിരുന്നു. നാടുവാഴുന്ന രാജാവിന്റെ ആനുകൂല്യത്തോടുകൂടിയാണെങ്കിലും, നാട്ടുനടപ്പിനും മാമൂലുകൾക്കും, ആററുങ്ങൽ റാണിയും മാർത്താണ്ഡവർമ്മമഹാരാജാവും തമ്മിൽ ഉണ്ടായിട്ടുള്ള വെള്ളിയോട്ടു് ഉടമ്പടിയിലെ വ്യവസ്ഥകൾക്കും വിപരീതമായുള്ള നൂതനപാരമ്പര്യസൃഷ്ടിയെ നാട്ടിലെ ഒരു ജനവിഭാഗത്തെക്കൊണ്ടു സമ്മതിപ്പിച്ചു്, അതിലുൾപ്പെട്ട ജനപ്രമാണികളെ സ്വപക്ഷത്തേയ്ക്കു് ആകർഷിച്ചു നിർത്തിക്കൊള്ളുവാനുള്ള നയകോവിദത്വം ഇളയരാജാവിനു് ഉണ്ടായിരുന്നു. നമ്പൂരിയും കേരളവർമ്മയും അഭേദ്യമായുറച്ച ഒരു മൈത്രീബന്ധത്തിലുമായിരുന്നു ഇരുപ്പു്. നമ്പൂരിയുടെ വാക്കുകൾക്കു് ഇളയരാജാവു് ഇങ്ങനെ പ്രത്യുത്തരംനല്കി—"നോക്കുരണ്ടാൾക്കും ഇയ്യാൾ ഒരു ഗുളികൻ. വ്യാഴത്തിന്റെ ബലവീര്യംകൊണ്ടു വേണം ഗുളികനെ സ്ഥാനം വിട്ടിളക്കാൻ. ഗുളികൻ വിഷകാരകനാ. തൻവിഷം തനിക്കുതാൻ വിഷമംവരുത്തുമെന്നതാണു ന്യായം."

നമ്പൂരി:—ഫ! രസിക! എളയതമ്പുരാൻ കടുകട്ടി! സംശയമില്ല—കേട്ടോ! ആ ഗുളികന്റെ ഉള്ളിലെ വിഷം ഒണ്ടല്ലോ

ആ വിഷം സ്രവിപ്പിക്കാൻ ഒരുവമനക്രിയ! അസ്സാരംവിഷം പുറത്തിറങ്ങുമ്പോൾ അസ്സാരം അകത്തേക്കു കയറുകയും ആവാം. ഹ! ഹ! ഹ!

“അമ്പ! രസിക! നമ്പൂരിയുടെ ബുദ്ധിയുടെ ആഴം! വൃദ്ധദിവാൻജിയുടെ വട്ടത്തലക്കെട്ടും ഉടവാളും നമ്പൂരിയിൽ ആവേശിക്കാൻ കൊതിക്കുന്നു, എന്നു് ഇന്നലെ നമുക്കൊരു സ്വപ്നം!” എന്നു ഇളയരാജാവ്.

നമ്പൂരി:—തമ്പുരാൻ അത്ര നേരത്തേ നമ്മോടു കല്പിച്ചിരിക്കയാം. നീട്ട് എഴുതേണ്ട താമസമേയുള്ളു ഇനി.

ഇളയരാജാവ്:—എങ്കിൽ നമ്പൂരിതന്നെ നമ്മുടെ കാലത്തും ദിവാൻജി. അതിനു സംശയം വേണ്ട കേട്ടോ! ജ്യേഷ്ഠൻതിരുമേനിയുടെ ഹിതംതന്നെ നമ്മുടെ ഹിതം. അവിടത്തെ ദിവാൻതന്നെ നമുക്കും ദിവാൻ. അതു് ഈ നമ്പൂരിതന്നെ. പകട പന്ത്രണ്ടു്. കറുകുതിട്ടം.”

നമ്പൂരി:—ഒരു കാര്യം വിചാരിക്കുമ്പോ—ഇത്തിരി ശങ്ക—വെറും ശങ്ക—അത്രേയുള്ളു. ഓ! സാരമില്ല്യ. തമ്പുരാനും അവിടന്നും ഉള്ളപ്പോൾ—ആദിത്യചന്ദ്രന്മാർ അല്ല്യ നിങ്ങൾ രണ്ടാൾ—അപ്പോൾ പിന്നെ ശങ്കയ്ക്കെന്താ അവകാശം. എങ്കിലും ഇയ്യാൾ ഇശ്ശി പിൻതുണയുള്ളാൻ. ചോദിക്കാൻ ആ കുമാരനും, ഇരയിമ്മനും ഇരിക്കുന്നു—ആ കാലഭൈരവന്മാർ—രണ്ടാൾ—അവരെ നിനയ്ക്കുമ്പോൾ—പൊളിയല്ല്യ, കൊച്ചുതമ്പുരാനേ!—ചിലപ്പോളൊക്കെ സപ്തനാഡികളും സ്തംഭിച്ചുപോകാറുണ്ടേ! നാം രണ്ടാൾ മാത്രമേയുള്ളുവല്ലോ ഇവിടെ?

ഇളയരാജാവ്:—അതു സാരമില്ല്യ. ആ പഴയ കമ്പനിക്കാരുടെ പേക്കുള്ള എഴുത്തുകുത്തു സംഗതി—അതിൽ ഇവരും കുടങ്ങാതെവിടപ്പാവാൻ. ആ കുഞ്ചുമേനവന്റെ പ്രയോഗം കണക്കിനുപററി. സംശയില്ല്യ.” —“ഹ! ഹ! ഹ! കണക്കിനു പററി. വിഡ്ഢികൾ കിടന്നു പുളയട്ടെ.” എന്നു നമ്പൂരി. “നമ്മു

ടെ രക്ഷയ്ക്കു് ഈ ഒററ പോംവഴിയേ ഉള്ളൂ ഈ പതനത്തിൽ. തിരുമേനി ശുദ്ധഗതിക്കാരൻ—അറിഞ്ഞാൽ ഒന്നാം നേരെ സമ്മതിക്കുച. അല്ലെങ്കിൽ—ഒന്നാംതരം ചാണക്യസൂത്രം നമ്പൂരി." എന്നു ഇളയരാജാവു്.

നമ്പൂരി:—ആ കേശവൻ നൊമ്മ രണ്ടുമൂന്നു ഗഡുക്കളിൽ തീരെ മാനംകെടുത്തി. കേട്ടേച്ചാ! കൊച്ചുതമ്പുരാനും ദൃക്സാക്ഷിയല്ല്യോ അതിനെല്ലാം. ആ തൊട്ടപ്പെയ്യുടെ ദൌത്യം. ആ കരപ്പുറം കാര്യം! ഈ വിഡ്ഢി ഇടപെട്ടു നമ്മുടെ ലാഭവും കെടുത്തി, മാനവും കെടുത്തി. നോം നാടുനീങ്ങിയ തിരുമേനിയുടെ വലിയപല്ലക്കിൽകയറി അമാത്യന്മാരെക്കൊണ്ടുമൂളിച്ചു് ഊരുചുറി പോല്യം! അതിനീ വിഡ്ഢിക്കു് എന്തുചേതം! ഈ പത്മനാഭനും കൊട്ടാരവും എല്ലാം ബ്രഹ്മസ്വം മുതലല്ല്യേ? രാജകുടുംബത്തിനും ബ്രാഹ്മണർക്കുമല്ലാതെ ഈ വിഡ്ഢിക്കോ അവന്റെ ആറംക്കാക്കോ എന്തുകാര്യം!

ഇളയരാജാവു്:—'പച്ചപച്ചഗ്രഹം ചമയ്ക്കുയും വാഴമൂട്ടിൽ കിടക്കയും.' ഇതുതന്നെ ഇവന്റെ വർഗ്ഗക്കാരുടെയും അനുഭവം. ഈ ബ്രാഹ്മണക്ഷത്രിയാദികളുടെ കിങ്കരവർഗ്ഗമല്ല്യേ ഈ ദിവാൻജിയുംകൂട്ടരും. കുററമോ "ദാസ്യ്" എന്നപേർ അവൻ സ്വയം സംജ്ഞയായി ചേർത്തിരിക്കുന്നതു്. നാടുനീങ്ങിയ അമ്മാവൻ ആറം വിഡ്ഢിയോ, വേറെ വല്ല സ്ഥാനചിഹ്നവുമാണെങ്കിൽ സമ്മതിച്ചു കൊടുക്കാൻ. ആകട്ടെ വചിയ താമസംകൂടാതെ ഇനി എല്ലാം ശരിപ്പെടുത്തണം."

നമ്പൂരി:—ഇന്നുതന്നെ ആ കായിതം തിരുമുമ്പിൽ കാണിച്ചു വായിച്ചു കേൾപ്പിച്ചേയ്ക്കാം.

"അങ്ങനെതന്നെ. ഇന്നു് എല്ലാം തീർച്ചയാക്കണം. ആ കമ്പനിക്കാരുടെ റസിഡണ്ടു്—ആ വഷളൻ ധ്വാര ആ ഏഴരശ്ശനിയേ വടക്കോട്ടുകെട്ടിയെടുത്തിരിക്കുന്ന ഗഡുവാ ഇതു്. ഈ തക്കംനോക്കി എല്ലാം ശരിയാക്കണം." എന്നു് ഇളയരാജാവു പറഞ്ഞു.

"ആ കേശവവിഡ്ഢിയുടെ കാര്യം മാത്രം ഇക്കുറി ആലോചിച്ചാൽ മതിയാകും. മററവരുടെ സംഗതി പിന്നാലെയാവാം നോക്കുക്." എന്നു നമ്പൂരി.

"മതി. അതുമതി. ശുഭസ്യ ശീഘ്രം." എന്നു് ഇളയരാജാവു്.

"ഇതു മംഗളമായി സാധിക്കുന്നതിനു നമ്മൾ രണ്ടാളുടെയും കണക്കായി പത്മനാഭനു് ഒരു കളഭം വിളക്കും. എന്താ! തിരുമനസ്സുകൊണ്ടു് എന്തു കല്പിക്കുന്നു?" എന്നു നമ്പൂരി ചോദിച്ചപ്പോൾ "അങ്ങനെതന്നെ. എല്ലാം നമ്പൂരിയുടെ ഹിതംപോലെ ആവട്ടെ." എന്നു് ഇളയരാജാവു പറഞ്ഞുനിർത്തി. ഇളയരാജാവിന്റെ വാസസ്ഥാനമായ തിരുവനന്തപുരം കോട്ടയ്ക്കകത്തുള്ള വടക്കേക്കൊട്ടാരത്തിൽവച്ചായിരുന്നു ഈ സംഭാഷണം. അവിട്ടം തിരുനാൾ മൂപ്പേറ്റദിവസം മുതൽ കേരളവർമ്മ രാജാവു വടക്കേക്കൊട്ടാരത്തിന്റെ അധിപതിയായിത്തീർന്നിരിക്കുകയാണു്. മാമൂലിനു വിരുദ്ധമായ ഈ നടപടിയിൽ ജനങ്ങൾക്കു കഠിനമായ അസന്തുഷ്ടി ജനിച്ചുവരുന്ന വശായിരിക്കുന്നു. എങ്കിലും അവർക്കു മഹാരാജാവിനോടുള്ള നിസ്സീമമായ രാജഭക്തിനിമിത്തം, അവിടത്തെ കല്പനകൾക്കു് എതിരായി ഒരു അണുവിരലുയർത്തുവാൻപോലും അവർക്കാർക്കും സമ്മതമില്ലായിരുന്നു.

## 3

# ദിവാൻജിയുടെ വസതി

കഴിഞ്ഞ അദ്ധ്യായത്തിൽ പ്രസ്താവിക്കപ്പെട്ട വടക്കേക്കൊട്ടാരത്തിൽനിന്നു വളരെ അകലെയല്ല, 'മുട്ടത്തുമഠം' എന്ന പഴയ കൊട്ടാരം. കേശവപിള്ള ദളവായുദ്യോഗത്തിൽ പ്രവേശിച്ച കാലംമുതൽ ആ പഴയ ഊക്കൻകെട്ടിടം ശ്രീവാഴുംകോട്ട മന്ത്രി

യുടെ മണിമന്ദിരമായിത്തീൎത്തിക്കുകയാണു്. രാജമന്ദിരത്തോടു സദൃശമോ, അതിനെ വെല്ലുന്നതോ ആയ രമ്യസദനം ഒന്നു പണിയിച്ച് അതിനെ, തിരുവിതാംകോട്ടേ ആദ്യത്തെ ദിവാൻജിയുടെ വസതിയായി കല്പിക്കാൻതക്ക വീൎയ്യവും പ്രതാപവും ആജ്ഞാശക്തിയും കഴിവുമുള്ള ഒരു പുരുഷകേസരിയായിരുന്നു, കേശവദാസെങ്കിലും, തന്റെ അന്നദാതാവായ രാജാവിന്റെയും അവിടത്തെ ഭരണത്തിൽ ഉൾപ്പെട്ടിരിക്കുന്ന ജനങ്ങളുടേയും ഭൃത്യനായ തന്റെ വാസത്തിനു് അത്രമോടിയുള്ള മന്ദിരമൊന്നും ആവശ്യമില്ലെന്നു നിശ്ചയിച്ചുറയ്ക്കത്തക്കവിധം അത്രകണ്ടു വിനയസമ്പന്നനുംകൂടെയായിരുന്നു അദ്ദേഹം. മച്ചിൻപുറത്തു വേണ്ടുവോളം നരച്ചീറും വാവലും, എലിയും മരപ്പട്ടിയും സ്വൈരവാസം ചെയ്തുകൊണ്ടിരുന്ന മുട്ടത്തുമഠത്തിൽ, സന്തുഷ്ടചിത്തനായി സ്വകൃത്യങ്ങൾ നിൎവ്വഹിച്ചുകൊണ്ടു് കാലയാപനം ചെയ്ത കേശവപിള്ളയുടെ അനഹങ്കാരത്തേയും രാജഭക്തിയേയും രാജ്യസ്നേഹത്തെയും, അദ്ദേഹത്തിന്റെ മറ്റെല്ലാ ഗുണങ്ങളോടൊപ്പംതന്നെ ജനങ്ങൾ വാഴ്ത്തിക്കൊണ്ടിരിക്കയായിരുന്നു. മഹാനായ ധൎമ്മരാജാവിന്റെ ദേഹവിയോഗംനിമിത്തം രാജ്യത്തിനുപറ്റിയ കെട്ടമതി, അദ്ദേഹത്തിന്റെ ഉത്തമസചിവനായ കേശവദാസന്റെ സാന്നിധ്യവും സഹകരണവുംമുഖേന പരിഹരിക്കപ്പെടുമെന്നു പൌരന്മാർ ഗാഢമായി വിശ്വസിച്ചു. യഥാൎത്ഥത്തിൽ അവരുടെ അനുഭവവും അപ്രകാരംതന്നെയായിരുന്നു. അക്കാലമോ, ദുൎബ്ബലനും കൌമാരപ്രായനുമായ ഒരു രാജാവിന്റെ ഭരണാരംഭദശ; രാജാക്കന്മാരുടെ സ്വേച്ഛാധിപത്യം, അതിന്റെ പരമപാരമ്യത്തിൽ നിലനിന്നിരുന്ന സംസ്കാരശൂന്യമായ ഒരു ഘട്ടം; രാഹുകേതുക്കളോടൊപ്പം സൎവ്വഭക്ഷമഹാത്മാക്കളായ രണ്ടു് ഉഗ്രമൂൎത്തികൾ അപക്വമതിയായ ആ നാട്ടുവാഴിയെ, പല ഹീനങ്ങളായ സാഹചൎയ്യങ്ങളുടെ അകമ്പടിയോടുകൂടി വശീകരിച്ചു ഹിതാനുവൎത്തിയാക്കി പാവതുള്ളിച്ചുകൊണ്ടിരുന്ന അതിഘോരമായ ഒരു ദുൎദ്ദശാസന്ധി. സേവാപ്രഭാവന്മാരായ ജയന്തൻ ശങ്കരൻനമ്പൂരിയുടേയും

യുവരാജമ്മന്യനായ കേരളവമ്മരാജാവിന്റെയും ചൊല്പടിക്ക് എന്തു ചെയ്യാൻ, നാടുവാഴിയായ അവിട്ടംതിരുനാൾ ബാലരാമവമ്മ സന്നദ്ധമതിയായിരുന്നു ജീവിച്ചുപോന്ന കുപ്രസിദ്ധമായ ആ ഭരണകാലം! ആ ദാരുണമായ കാലഘട്ടത്തിന്റെ പ്രത്യാഘാതങ്ങൾ രാജ്യതന്ത്രജ്ഞനായ ആ ഭരണകർത്താവിനെ അത്യധികമായി പീഡിപ്പിച്ചു. രാജസേവന്മാരുടെ ദുന്നടപടികളും മഹാരാജാവിന്റെമേൽ അവക്കുണ്ടായിരുന്ന അനിതരസാധാരണമായ സ്വാധീനബലവും നിമിത്തം ദിവാൻജിക്കു വളരെ മനസ്സുമുട്ട് ഉണ്ടായി. രാജ്യത്തിന്റെയും ജനങ്ങളുടേയും രാജാവിന്റെയും ഉത്തമതാല്പയ്യങ്ങൾക്കു നിദാനങ്ങളായ രാജ്യകായ്യങ്ങൾ പലതും തന്റെ ഇഷ്ടാനുസൃതം പുരോഗമിപ്പിക്കാൻ നിവ്വാഹമില്ലെന്നുള്ള നില വന്നുചേന്നു. എന്നുമാത്രമല്ല, രാജസേവകന്മാരുടെ ദുന്നയങ്ങളും ദുന്നടപടികളും നിറഞ്ഞ കൈകടത്തലുകൾ നിമിത്തം രാജ്യകായ്യം ആകെ കുഴപ്പത്തിലായി. ഭണ്ഡാരംപോലും ആ ഘോരമൂത്തികളുടെ ചൂഷണത്തിനു വിധേയമായി ഭവിച്ചു. കേശവദാസനു മനസ്സുമുട്ടി. തന്റെ സങ്കടങ്ങൾ സമസ്തവും തിരുമനസ്സ ണത്തിക്കണമെന്നുറച്ചുകൊണ്ടുതന്നെ അദ്ദേഹം ആ രാത്രിയിൽ മനോരാജ്യംകൊണ്ടു. നിദ്രാലേശവും ഉണ്ടായില്ല.

പിറേറന്നാൾ പ്രഭാതത്തിൽ എഴുന്നേററു നിത്യകമ്മങ്ങൾ നിർവ്വഹിച്ചശേഷം, അദ്ദേഹം പതിവുപോലെ മുഖം കാണിക്കുവാൻ പുറപ്പെട്ടു. മഹാരാജാവ് കേശവപിള്ളയെക്കണ്ടയുടൻ കല്പിച്ചു: "ഇനിമേൽ ദിവാൻ ഇവിടെ വരുന്നതു നാം പറഞ്ഞയച്ചിട്ടുമതി. പൊയ്ക്കൊള്ളുക. നമ്മുടെ അനുവാദംകൂടാതെ മുട്ടത്തു മഠംവിട്ടുപോകയും അരുത്."

മഹാരാജാവിന്റെ ഈ വാക്കുകൾ കേശവദാസനു കണ്ണശല്യമായിരുന്നുവെന്നു പ്രത്യേകിച്ചു പറയണമെന്നില്ലല്ലോ. താൻ നിരപരാധിയാണെന്നു നിശ്ചയമുണ്ട്. എന്നാൽ തന്റെ നിരപരാധിത്വം രാജസന്നിധിയിൽ തെളിയിക്കുവാൻ എന്തെങ്കിലും

അറിയിക്കേണ്ടയാവശ്യം അവിടെ ഉദിക്കുന്നില്ലെന്നു കേശവദാസിനു നിശ്ചയമുണ്ടായിരുന്നു. എങ്കിലും അദ്ദേഹം ഇങ്ങനെ തിരുമനസ്സറിയിച്ചു:

"അടിയന്റെ സകല കൈക്കുററപ്പാടുകൾക്കും പഴമനസ്സിലെ ആലോചനകൾക്കും പത്മനാഭൻസാക്ഷി."

മഹാരാജാവു്:—കേശവപിള്ള നമ്മെപ്പററി എന്തു് ആലോചിച്ചുവെന്നും എന്തു പ്രവത്തിച്ചുവെന്നും നമുക്കു് അറിയാം. അതിനു് ഇവിടെ തക്കതായ തെളിവും കിട്ടിയിട്ടുണ്ടു്. ചെയ്ത അപരാധത്തെ ഇനി മറയ്ക്കാൻ ശ്രമിക്കേണ്ട.

കേശവദാസൻ:—അടിയനെ കെടുത്തി, പൊന്നുതിരുമേനിയേയും ഈ ശ്രീവാഴുംകോടിനേയും ദ്രോഹിക്കണമെന്നുള്ള കരുമനകരുതി ആരോ, സ്വാമിദ്രോഹികൾ ചെയ്ത മായാപ്രയോഗമായിരിക്കും. അല്ലാതെ വരാൻ കാരണമില്ല പൊന്നുതമ്പുരാനേ.

മഹാരാജാവു്:—കേശവപിള്ള പറയുന്നതു നാം വിശ്വസിക്കുന്നില്ല. ഏതായാലും ഈ നാട്ടിലെയും നമ്മുടെ ബഹുമാനപ്പെട്ട അമ്മാവൻതിരുമേനിയുടേയും ഒരു പേരുകേട്ട ദിവാൻജിയായിരുന്നു്, ഇപ്പോൾ നമ്മുടെയും ദിവാൻജിയായിരിക്കുന്ന കേശവപിള്ളയെ നാമായിട്ടു ശിക്ഷിച്ചു് തനിക്കും സ്ഥാനത്തിനും നമുക്കും ഒരു അവമതി വരുത്തിക്കൂടല്ലോ. അതുകൊണ്ടുമാത്രം നാം ക്ഷമിക്കുന്നു.

കേശവദാസൻ:—തിരുമനസ്സുകൊണ്ടു കല്പിച്ചു് അരുളുന്ന രാജകീയമായ കരുണയ്ക്കു് അടിയൻ അർഹനല്ലെന്നു് അവിടുന്നു കല്പിച്ചുവിചാരിക്കുന്നുവെങ്കിൽ, അടിയനേ നിശ്ചയമായും അകുററത്തിനു്—അടിയൻ ചെയ്തുവെന്നു് അകാരണമായി—അടിസ്ഥാനമില്ലാതെ തിരുമനസ്സുകൊണ്ടു് ആരോപിച്ചിരിക്കുന്ന കുററത്തിനു് അടിയനെ ശിക്ഷിക്കതന്നെ വേണം. ആ ശിക്ഷ അനുഭവിക്കാൻ അടിയൻ സന്നദ്ധനുമാണു്. പൊന്നുതിരുമേനിമാരെയും രാജ്യത്തെയും ഉത്തമവിശ്വാസത്തോടെ സേവിക്കുകയും,

ത്യാഗങ്ങൾ അനുഭവിക്കുകയും ചെയ്ത കാറത്തിന് അടിയനു പത്മനാഭദാസൻ ഇങ്ങനെ ഒരു തിരുവുള്ളമാണു കല്പിച്ച് അരുളുന്നതെങ്കിൽ അടിയൻ സന്തോഷപുരസ്സരം അതു സ്വീകരിക്കുക തന്നെ ചെയ്യും.

മഹാരാജാവ്:—ശങ്കരൻനമ്പൂരി നമുക്ക് വേണ്ടപ്പെട്ട ഒരാളാണ്. അഹന്നം അങ്ങനെതന്നെ. അവരോട് ദിവാൻജിക്കു രസമില്ല. അവരേ കമ്പനിയാരുടെ സഹായത്തോടുകൂടി ഈ നാട്ടിൽനിന്ന് ഓടിക്കാൻവേണ്ടി നമ്മെയുംകൂടി ഫലിപ്പിച്ച് കമ്പനിയാരുടെ മേലധികാരത്തിലേയ്ക്കു കേശവപിള്ള എഴുതിവിട്ടതായി നമുക്ക് തെളിവു കിട്ടിയിട്ടുണ്ട്. അതു നമ്മുടെ സന്നിധിയിൽനിഷേധിക്കാൻതക്ക മനക്കരുത്തു കേശവപിള്ളയ്ക്കുണ്ടോ?

കേശവദാസൻ:—ഈ കല്പന അടിയന്റെ ചങ്ക് ഉരുക്കിച്ചോർത്തിക്കളയുന്നു. അടിയൻ നിരപരാധിയാണ്. പത്മനാഭൻ സാക്ഷിയാകെ തിരുമനസ്സുണർത്തിക്കുന്നു. ഇതു് ആരോ വഞ്ചകന്മാരുടെ കൃത്രിമപ്രയോഗമെന്നേ അടിയനു തിരുമനസ്സുണർത്തിക്കാനുള്ളു. ഇതിന്റെ നിജസ്ഥിതി ക്രമേണ തിരുമേനിക്കു ബോധ്യമാകും. ഇപ്പോൾ തിരുമേനി വളരെച്ചെറുപ്പം. ശത്രുമിത്രങ്ങളെ തിരിച്ചറിവാൻ പാടില്ലാത്ത പ്രായം. തിരുമേനിയുടെ ശത്രുക്കൾ ആരെല്ലാമെന്നും, ബന്ധുക്കൾ ആരെല്ലാമെന്നും അവിടത്തേയ്ക്കു ക്രമേണ ബോദ്ധ്യമാവുമെന്ന് അടിയനു നിശ്ചയമുണ്ട്. കൂടുതലായി ഒന്നും ഇപ്പോൾ ഉണർത്തിക്കാനില്ല. അടിയനു വിട അരുളണം.

മഹാരാജാവ്:—നാം ചെറുപ്പമെങ്കിലും ദിവാൻജിയുടെയും രാജാവാണെന്ന് ഓർമ്മിച്ചുവേണം നമ്മുടെ മുമ്പിൽ സംസാരിക്കാൻ. ഏതായാലും ഈ ധിക്കാരവും നാം പൊറുത്തിരിക്കുന്നു. കേശവപിള്ളയ്ക്കു പോകാം. മേലാൽ നമുക്കു തമ്മിൽ കാണേണ്ട.

"ശ്രീപത്മനാഭൻതുണ!" എന്നു സഗദ്ഗദം പറഞ്ഞു കണ്ണീർ വാർത്തുകൊണ്ടു് രാജ്യസ്നേഹിയും രാജഭക്തനുമായ ആ വീരപുരുഷൻ രാജസന്നിധിവിട്ടിറങ്ങി. ചിന്താകുലനായി മുറ്റത്തും

മഠത്തിലേയ്ക്കു പുറപ്പെട്ടു. അപ്പോഴോ, എന്തൊരത്ഭുതം! അദ്ദേഹത്തിന്റെ ഗതിയെ നിയന്ത്രിക്കുവാനും പരിശോധിക്കുവാനുമായി രാജകല്പനയനുസരിച്ച് രാജഭടന്മാർ മുമ്പിലും പിന്നിലും ഇരുപാർശ്വങ്ങളിലും ദൂരെമാറി അകമ്പടിയായി അനുഗമിക്കുന്നതുകണ്ട് ആ ദിവാൻജി അത്ഭുതംപൂണ്ടു.—"ഇതുമാത്രമല്ല. ഇതിലധികവും ഇവിടെനടക്കും." എന്ന് അദ്ദേഹം ആത്മഗതംചെയ്തു, അന്നുമുതൽ ഒരു തടവുകാരന്റെ നിലയിലായിരുന്നു രാജാകേശവദാസന്റെ ഔദ്യോഗികവസതിയിലെ വാസം. അങ്ങനെ ദിവസങ്ങൾ മൂന്നു കഴിഞ്ഞു. കുണ്ഠിതവും അവജ്ഞയും ആനയിച്ചുകൊണ്ടിരിക്കുന്ന ആ ദുരിതംനിറഞ്ഞ ദിവസങ്ങൾ! ശ്രീവാഴുംകോട്ടുകാരെ ആകെ തോരാത്ത കണ്ണീരിൽ താഴ്ത്തിയ ആ ശപിക്കപ്പെട്ട ദിനരാത്രങ്ങൾ! വിധിയുടെ വൈപരീത്യം ഇത്ര ദാരുണമാകാമോ! വഞ്ചിവസുന്ധരേ! കുത്സിതബുദ്ധികളായ സേവാകീടങ്ങളാൽ ആവാരിതമായ ദുരധികാരരാജ്യതന്ത്രത്തിന് ഇങ്ങനെ നീ ഇനി എത്രകാലം വിധേയയായിക്കഴിയും!

## 4

# കുഞ്ഞുമാതേവന്റെ ഗതി

ആറൂർ ഏലാ എന്നതു, തിരുവനന്തപുരം സിററിയ്ക്കടുത്തുള്ള ഒരു വയൽപ്രദേശമാണ്. കിള്ളിയാറിനു വടക്കുകിഴക്കുഭാഗത്താണ് ഈ പാടശേഖരം. ഈ കഥ നടക്കുന്നകാലത്തും ഈ വയൽപ്രദേശം ഇപ്പോഴത്തേതിലും വിപുലമായ വ്യാപ്തിയിൽ നിലനിന്നിരുന്നു. ഈ പാടത്തിന്റെ വടക്കുകിഴക്കേഭാഗത്തു കിള്ളിയാർ വർത്തുളമായി ചുററി ഒഴുകിക്കൊണ്ടിരുന്ന ആ പ്രദേശത്തായി കാണപ്പെടുന്ന ഓലമേഞ്ഞ ഒരു ചെറുഭവനത്തിലേക്ക് ഒന്നു കടന്നുനോക്കാം. ഒരു അറയുംപുരവാരവും മുൻവശത്ത് ഒരു കോന്തളവും, ഇടത്തോട്ട് ഒരു നീട്ടും അടുക്കളമുറിയുമായുള്ള

ഒരു ഗൃഹമാണത്. നേരം സന്ധ്യാസമയമായി. ഗൃഹനാഥൻ കോന്തളത്തിലുള്ള മരത്തൂൺ ചാരി ഒരു പനയോലപ്പായിൽ ഇരിക്കുന്നു. സമീപത്ത് മദ്ധ്യവയസ്സു ചെന്ന ഒരു സ്ത്രീ മുറുക്കാൻതേച്ചു തെറുത്തു പുരുഷനു കൊടുത്തുകൊണ്ടു നില്ക്കുന്നുണ്ട്. പുരുഷന് ആ സ്ത്രീയേക്കാൾ വലിയ പ്രായംതോന്നിക്കുന്നില്ല. രണ്ടുപേൎക്കും പ്രായത്തിൽമാത്രമല്ല, വൎണ്ണത്തിലും വലുതായ ഐകരൂപ്യം ഉണ്ട്. സ്ത്രീപുരുഷസൗന്ദൎയ്യത്തിന്റെ ലാഞ്ഛനം തൊട്ടുതേച്ചു തെറിപ്പിച്ചിട്ടുള്ളതിന്റെ ലക്ഷ്യംപോലും അവർ രണ്ടുപേരുടെയും മുഖത്തോ അവയവങ്ങളിലോ കാണാനില്ല. മുറുക്കാൻ ചവച്ചു രസം അനുഭവിച്ചുതുടങ്ങിയപ്പോൾ ഒന്നു ചൊടിച്ചുകൊണ്ട് ആ പുരുഷൻ പറഞ്ഞുതുടങ്ങി.—"ഏതായാലും നല്ലകാലം വരുന്നു. കേട്ടോ ലക്ഷ്മീ! ഇനി ഉള്ള കാലം നല്ലകാലം നമുക്ക്."

ലക്ഷ്മി:—എന്താ ഇന്നിത്ര സന്തോഷം!

പുരുഷൻ:—അതിനുള്ളകാരണം കേട്ടോ. പൊട്ടപ്പെണ്ണേ, നീയെന്തറിഞ്ഞു?

സ്ത്രീ:—ഇതു പരപ്പേറിലാണോ ചൊല്ല്. ഇന്ന് എന്തോ ആവോ പതിവില്ലാത്ത ആഹ്ളാദം. വലിയ ദളവായങ്ങത്തേ പാറാവിലടച്ചപ്പം നാടൊട്ടുക്ക് കരച്ചിലുംപിഴിച്ചിലും. ഇവിടത്തെ ആളിനൊണ്ടല്ലോ, പണ്ടില്ലാത്തൊരാഹ്ളാദം.

പുരുഷൻ:—ഛീ! പയ്യനെപ്പറ. വല്ലവരും കേട്ടാൽ, വരാനുള്ളഭാഗ്യം വഴിയിലും തങ്ങും. ഒള്ളകഞ്ഞിയിപ്പാററായും വീഴും.

സ്ത്രീ:—എന്താണിപ്പറയുന്നതിങ്ങേര്.

പുരുഷൻ:—ലക്ഷ്മി! കേള്. ഈ കുഞ്ചുമാത്തവനേ നീ ഇനിയും അറിയുകയില്ല.

ലക്ഷ്മി:—ശരി. ശരി. പിള്ളകൾ അഞ്ചായി. അറിയാഞ്ഞിട്ടോ പിന്നെ. നല്ലകോളുപിടിച്ചിരിക്കുന്നു തലയ്ക്ക്.

കുഞ്ചുമാത്തവൻ:—ഹ! കഴുതേ! നിനക്കൊണ്ടോ എട്ടുംപൊ

ട്ടും തിരിയും? ഇനി ഈ മട്ടൊക്കെ കളഞ്ഞേക്കണം. ഇവിടെ വല്ലവരുമൊക്കെ എന്നേക്കാണ്മാൻ വന്നുതുടങ്ങും. അപ്പോൾ അങ്ങുന്നെന്നുംമററും നീ ഒന്നു് എഴുന്നള്ളിച്ചേക്കണം. അപ്പോൾ നിനക്കു കൊച്ചമ്മയുമാകാം. കാലം മാറിവന്നു.

ലക്ഷ്മി:—എന്തിനാണീ കാട്ടിലും പടപ്പിലും തല്ലിപ്പറയണതു ക്രൂവാ. പകടശാലശേവുകം തന്നെല്ലാ അങ്ങുന്നിനു്.

പത്നിയുടെ മുഖത്തുനിന്നു് "അങ്ങുന്നു്" എന്ന ഉപചാരശബ്ദം ഹാസ്യസ്വരത്തിലെങ്കിലും ആദ്യമായിട്ടൊന്നുകേട്ടപ്പോൾ കുഞ്ചുമാതേവനുണ്ടായ ചാരിതാർത്ഥ്യം അവർണ്ണനീയംതന്നെയായിരുന്നു. അയാൾ ഇന്ദ്രസന്നിധിയിലെ പാർത്ഥനെപ്പോലെ താനറിയാതെ ഞെളിഞ്ഞൊന്നു് ഇരുന്നു. എന്നിട്ടുപറഞ്ഞു:—

"ലക്ഷ്മീ! ഇതാണുനിന്നോടു് എനിക്കുള്ള സന്തോഷം. നീ നല്ല വകതിരിവുള്ളവൾ. ഇപ്പോഴത്തെ ഞെരുക്കവും ബുദ്ധിമുട്ടും ഒന്നും സാരമാക്കേണ്ട. ഇനിയുള്ളകാലം നമ്പൂരിശ്ശൻ തിരുമനസ്സിലേയും ഇളയതമ്പുരാന്റേം തന്നെ മേക്കൈ. അവരുടെ തുണ, അതുനമുക്കുകിട്ടും. അടുത്തപടി കുഞ്ചുമാതേവനു പകടശാലയിൽ രായസം. അതുപതിച്ചു തരാമെന്നു നമ്പൂരിശ്ശൻ കൈയടിച്ചു് ആണയിട്ടിരിക്കുന്നു."

ലക്ഷ്മി:—ഇതുയ്ക്കു് രണ്ടുപേക്കും അലിവുതോന്നാൻ എന്തു ചെയ്തു? വല്ല കൈക്കൂണമോ കണ്ടുകാഴ്ചയോ വാങ്ങിക്കൊടുത്തോ? അതോ കൊടുപ്പിച്ചോ?

കുഞ്ചുമാതേവൻ:—ശ്ശീ! ശ്ശീ! അല്പത്തം അല്പത്തം! അതൊന്നുമല്ല. ഒരു വല്യകാര്യം. നമ്പൂരിശ്ശനു വലിയ ദളവായുദ്യോഗം കിട്ടാൻ ഈ കുഞ്ചുമാതേവൻ കാചിട്ടുകൊടുത്തു. എളയതമ്പുരാന്നു് അടുത്ത മൂപ്പുകിട്ടാനും വഴിതെളിച്ചുകൊടുത്തു. അതുതന്നെ.

ലക്ഷ്മി:—ഇതെന്തൊരു കഥയില്ലായ്മ ഇപ്പറയിണതു പിന്നെ.

കുഞ്ചുമാതേവൻ:—ലക്ഷ്മീ! നീയെന്തറിഞ്ഞു? തലപോണകാര്യം. പുറത്തുപറഞ്ഞുകൂടാ. രാജ്യകാര്യം. രാജ്യകാര്യം.

ലക്ഷ്മി:—അങ്ങനെയുള്ളതു് എനിക്കൊന്നും കേൾക്കുകേ

വേണ്ട. വേണ്ടാത്ത ഏടാകൂടങ്ങളിലൊന്നും ചാടി കുഴക്കിൽ വീഴരുതേ! ആ വലിയദളവായങ്ങത്തെ കരുമനകൊള്ളിക്കയുമരുതേ!

കുഞ്ചുമാതേവൻ:—ഇനി വലിയ താമസമില്ല, എന്റെ നമ്പൂരിശ്ശൻ വലിയദളവയാകാൻ. അതിന്റെ ഏപ്പാടുകളൊക്കെ ഇന്നുരാത്രി നടക്കും. നാളെ നേരം വെളുക്കുംമുൻപു നമുക്കുകാണാം.

ലക്ഷ്മി:—എന്തോന്നാണോ ഇപ്പറയുന്നത് എല്ലാം.

കുഞ്ചുമാതേവൻമന്ദസ്വരത്തിൽ പറയുന്നു.— "എടീ ലക്ഷ്മീ! ഒന്നാംതരം അസ്സൽപണ്ടാരത്തിനു പിറന്ന മകനാണീ കുഞ്ചുമാതേവൻ. അതുനിനക്ക് അറിയാമല്ലൊ. വാക്കുപറഞ്ഞാൽ ശരിക്കു വരവണ്ണം കൂടാതെ നടത്തിച്ചുകൊടുക്കും. ആ കേശവപിള്ളയങ്ങത്തെ അടുക്കളക്കാരൻ കിട്ടുശ്ശാരെയുണ്ടല്ലൊ, അവനെശട്ടംകെട്ടിക്കൊടുക്കണമെന്നു പറഞ്ഞു നമ്പൂരിശ്ശൻ. വടക്ക് അവനു കരമൊഴിവായി പറമ്പും പെരയും ഉണ്ണാൻ നെല്ലുവയലും കൊടുക്കാമെന്നും ഉറപ്പുപറഞ്ഞു. ഞാൻ ഒക്കെ പറഞ്ഞു സമ്മതിപ്പിച്ചു. അവൻ സമ്മതിക്കയും ചെയ്തു. പാറാവിക്കെടന്നു പൊരിയുകയല്ലേ യജമാനൻ. നെയ്യപ്പം ചുട്ടുകൊടുക്കാൻ പത്തുപണം നമ്പൂരിശ്ശൻതന്നെ അവനേ ഏല്പിച്ചുകൊടുക്കയുംചെയ്തു."

ലക്ഷ്മി നെഞ്ചത്തടിച്ചു വിളിച്ചുകൊണ്ടു പറഞ്ഞു. "എന്തോന്നാണോ ഭഗവാനേ, ഇപ്പറയിന്നതിന്റെ പൊരുൾ. മാപാപികൾ ചതിച്ചോ പൊന്നൊടേതിനെ!"

കുഞ്ചുമാതേവൻ:—ച്ഛീ! കഴുതേ! മൊറയലയോ! നിനക്കു വരാൻപോണ മഹായോഗം. ത്രിപുടയോഗം വാണയോഗം സഹസ്രയോഗം.

"വരുന്നു പിന്നെ! കളയുന്നുണ്ടോ കൂവാ ഈ നാറുന്ന വത്തമാനം!" എന്നു ലക്ഷ്മി ഒരു ചീറൽ.

സംഭാഷണം ഈ ഘട്ടത്തിലായപ്പോൾ ആരോ രണ്ടുപേർ കൊട്ടിയമ്പലപ്പടി കയറി അകത്തേക്കു വരുന്നതു കണ്ടു ലക്ഷ്മിപ്പിള്ള ഓടി അടുക്കളയിലേക്കു മറഞ്ഞു. കുഞ്ചുമാതേവൻ ഉത്തഗ

തിയിൽ സ്വസ്ഥാനത്തുനിന്നു് എഴുന്നേററു് അഭ്യാഗതരേ താണു തൊഴുതു:—"എവിടുന്നാണു നായ്ക്കരു എജമാനനും കുഞ്ചുക്കുട്ടക്കാരും" എന്നു കുശലത്തിൻെറ പീഠികയായിപ്പറഞ്ഞു്, അവരെ പനമ്പായിൽ ഇരിക്കാൻ സൽക്കരിച്ചു. അപ്പോൾ നായ്ക്കർ പറഞ്ഞു:— "ഇരിക്കാൻ നേരമില്ല. കുഞ്ചുമാതു. നമ്പൂരിയദ്ദേഹം കല്പനയായിരിക്കുന്നു നിന്നെ വിളിച്ചുകൊണ്ടു ചെല്ലാൻ."

"ഞാനിപ്പം പറഞ്ഞു നിൎത്തിയതേയുള്ള നമ്പൂരിശ്ശൻെറ കാൎയ്യം. തിരുമേനി തുറെറാന്നു ചെന്നു് ഇരിക്കാം. സംശയംവേണ്ട." എന്നു കുഞ്ചുമാതേവൻ സന്തോഷാധിക്യത്തോടെ പറഞ്ഞു പോയി.

"അതു് ഒള്ളതുതന്നെ. നീ വേഗം ഒരുങ്ങു്. പോകാൻ ധൃതിയായി." എന്നു നായ്ക്കർ.

കുഞ്ചുമാതു അകത്തുകയറി ഭാൎയ്യയേ വിളിച്ചു പെട്ടിതുറപ്പിച്ചു പുതിയ വസ്ത്രങ്ങൾ ധരിച്ചു പുറത്തുവന്നു, നായ്ക്കരോടും ചെറിയ കുഞ്ചുക്കുട്ടക്കാരനോടും ഒന്നിച്ചു കൊട്ടിയമ്പലം കടന്നു. അപ്പോൾ അവിടെ കമ്പനിക്കാരുടെ പട്ടാളത്തിൽ ഉൾപ്പെട്ട പത്തു ഭടന്മാർ സൈനികവസ്ത്രങ്ങളും ആയുധങ്ങളും ധരിച്ചു് നിൽക്കുന്നുണ്ടായിരുന്നു. അവരിൽ പ്രമാണിയോടു നായ്ക്കർ പറഞ്ഞു:— "ഇയ്യാളാണു കുഞ്ചുമാതേവൻ. പകടശാല ശേവുകക്കാരൻ. കുമ്പഞ്ഞിസായ്പിനു കാണണമെന്നു പറഞ്ഞയച്ചിരുന്ന ആൾ ഇയ്യാൾതന്നെ. ഏററു കൊള്ളണം പുള്ളിയെ."

ഇത്രയും കേട്ടപ്പോൾ കുഞ്ചുമാതേവൻ നായ്ക്കരുടെ മുഖത്തേക്കു ദയനീയമായി ഒന്നുനോക്കി. അപ്പോൾ ആ ഉദ്യോഗസ്ഥൻ പറഞ്ഞു:—"ഇതിൽ ഞാൻ ഒന്നും കരിന്തുചിട്ടതല്ല കുഞ്ചു. സായ്പിനു നിന്നേ കണ്ടേതീരു എന്നു പറയുന്നു. നമ്പൂരിയദ്ദേഹത്തിനും മററും മാത്രമോ, സായ്പിനും നീ കണ്ണിലുണ്ണി. അതായിരിക്കും കാരണം."

ഉടനേ ഭടന്മാരുടെ മേലധികാരി തന്റെ കിങ്കരന്മാരോടു പറഞ്ഞു: "വയ്പിൻ ഇവന്റെ കൈകളിൽ വിലങ്ങ്! പട്ടിക്കള്ളനായിനെ വയ്പിൻ വിലങ്ങ്!"

ഭടന്മാർ കുഞ്ഞുമാതേവന്റെ കൈകളിൽ വിലങ്ങുവച്ചു, കഴുത്തിൽ ഒരു ചങ്ങല ചുററി പൂട്ടി കാലിലും ബന്ധിച്ചു. അന്നേരം ഒരു ഭടൻ പറഞ്ഞു: "നടയെടാ നായിന്റെമോനേ! ബഹുമാനപ്പെട്ട ഞങ്ങടെ കുമ്പഞ്ഞിയെയും സായ്പിനെയും വലിയദിവാൻജി ബഹദൂരിനെയും രാജ്യവുമായി പിണക്കാൻ കള്ളക്കായിതം ചമച്ച നിന്റെ എല്ലു പിശ്ശാത്തിപ്പിടിക്കുപോലും ഉപകരിക്കാതെ നുരുനുരെ ചവിട്ടി ഒടിച്ചേക്കുന്നുണ്ട്. നട വേഗം." കുഞ്ഞുമാതേവൻ അപ്രതീക്ഷിതമായ ഈ നടപടികളും ഭത്സനവുംകേട്ടു കരൾ കലങ്ങി ഭടന്മാരോടൊന്നിച്ചു നടന്നു തുടങ്ങി. അപ്പോൾ അയാളുടെ വീട്ടിൽനിന്നു പുറപ്പെട്ടതായ ലക്ഷ്മിയുടെ മുറവിളി അത്യുച്ചത്തിൽ കേൾക്കാമായിരുന്നു.

## 5

## പാച്ചൻ

"എന്തൊരെടാപാച്ചാ! ഓടിക്കിതച്ചിങ്ങു വരണതുപിന്നെ! കാര്യം വല്ലതും ഒണ്ടായാലാക്കൊണ്ടതങ്ങ് പറഞ്ഞൂട്ടാല്യ് മുടിഞ്ഞതങ്ങു പോയീട്ടൂടുമോ പിന്നെ."

എന്നിങ്ങനെ ധിക്കാരസ്വരത്തിൽ തെല്ല് ഒരു അധികാരഭാവനയോടുകൂടി മംഗളമ്മപ്പിള്ള തങ്കച്ചി, അവിടെ ആഗതനായ ഒരു ഭൃത്യനോടായിട്ടു പറഞ്ഞു: അഭ്യാഗതൻ ഏകദേശം ഇരുപതോ ഇരുപത്തൊന്നോ വയസ്സു പ്രായം ഉള്ള ഒരു യുവാവാണു്. ആകൃതിയിൽ ദീർഘകായനും ദൃഢഗാത്രനും സുകുമാരകളേബരനുമാണയാൾ.

മംഗളമ്മപ്പിള്ളയുടെ ആജ്ഞാരൂപത്തിലുള്ളതാക്കീതുകൾക്കു മറുപടിയായി പാച്ചൻ പറഞ്ഞു: "എന്റെ പൊന്നമ്മച്ചീ! എന്തിനു പറയണു പിന്നെ. ആ കുഞ്ചുമാതേവനൊണ്ടല്ലൊ ആ പണ്ടാരം കുഞ്ചുമാതേവൻ! അവനേ ആ കുമ്പഞ്ഞിപ്പട്ടാളംവെലങ്ങും വച്ച്, കാലിൽ ചങ്ങലയും ഇട്ടു പൂട്ടി പിടിച്ചിരിക്കുന്നു പിന്നെ. അടിയും ഇടിയും പൊടിപൂരകഷായം. കപാലം ഒക്കെ തകത്തു വാരുണു പൊന്നമ്മച്ചീ."

മംഗളമ്മപ്പിള്ള:—എന്തിനെടാ ഈ പങ്കപ്പാടെല്ലാം ചെയ്യുണതവനെ!

പാച്ചൻ:—കാര്യം ഒക്കെത്തൊലഞ്ഞൂട്ടേപൊന്നമ്മച്ചീ! ആ കുമ്പഞ്ഞിക്കാരുസായ്പന്മാരുകേറിപ്പിടിമുറുക്കിയിരിക്കുണു പിന്നെ.

മംഗളമ്മപ്പിള്ള:—എന്തിനെടാ കഴുതേ!

പാച്ചൻ:—അവനാണുപോലും വെഷംകൊടുത്തതു് വല്യങ്ങത്തേയ്ക്കു്.

മംഗളമ്മപ്പിള്ള ഈഷ്യാകുലയായി പറഞ്ഞു: "ച്ഛീ! നായേ! ഉരിയാടാതങ്ങനെ ഇതിനകത്തു്. ദളവായദ്ദേഹം മോതിരത്തിലെ വൈരം കുത്തിപ്പൊടിച്ചുതിന്നല്ലേ മരിച്ചു. അതു കണ്ണിൻകണ്ടു വിലക്കിയവനാണാകിട്ടൻ."

പാച്ചൻ:—ആഃവാ! ആ കുമ്പഞ്ഞിക്കാർകേറി മല്ലിട്ടിരിക്കുണു, എന്നു ശൊല്ലി വിട്ടിരിക്കുണു, വല്ല്യമ്മച്ചിയോടുശൊല്ല്യാൻ അമ്മച്ചി നാലുകെട്ടിനിന്നു്.

നാടുവാഴുന്ന മഹാരാജാവിന്റെ ധമ്മദാരങ്ങളാണു മംഗളമ്മപ്പിള്ളത്തങ്കച്ചിയുടെ പുത്രി പത്മാവതിപ്പിള്ളത്തങ്കച്ചി എന്നു് മുമ്പു് ഒരദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്.

ആ രാജദാരങ്ങളുടെ താമസം കൊട്ടാരത്തിനോടു വളരെ അടുത്തു തെക്കുമാറിയുള്ള ഒരു നൂതന മണിഭവനത്തിലാണു്. നാലുകെട്ടിൽഅമ്മവീടെന്നാണു് ആ രമ്യഹമ്മ്യത്തിന്റെയും നാമം.

ആ മന്ദിരത്തിലെ അന്തഃപുരഭൃത്യനാണു പാച്ചൻ. അവൻ ഇങ്ങനെ തുടർന്നു: "ആകെ ഒരു വെഹളം! വെഹളം! വെഹളം! വെറും വെഹളം തന്നമ്മച്ചീ വെപ്രാളവും വേവലാതിയും എന്തു പറയിണു പൊന്നമ്മച്ചീ!"

"ആക്കാണെടാ വെമ്പലും വേവലാതിയും, മടക്കഴുതേ!" എന്ന് മംഗളമ്മപ്പിള്ള ചോദ്യമായി.

പാച്ചൻ:—വെമ്പലാക്കെന്നു ചോദിക്കാനുണ്ടോ പിന്നെ? കടിച്ചവനേ കഴയ്ക്കൂ പൊന്നമ്മച്ചീ! പാച്ചൻ കടിച്ചില്ല. അതുകൊണ്ടു പാച്ചനു കഴപ്പുമില്ല.

മംഗളമ്മപ്പിള്ള ഒരു ഊറിയ പുഞ്ചിരിയോടെ പറഞ്ഞു: "വിഡ്ഢിത്തം എഴുന്നള്ളിക്കാതെ മടയാ! എങ്കിലും വലിയ കഷ്ടമായിപ്പോയി—ദളവായദ്ദേഹത്തിന്റെ ഈ കടുമെെക! എങ്ങനെ വരാതിരിക്കും ഈ അനുഭവം. തമ്പുരാനെന്നു വച്ചാൽ കാണപ്പെട്ട ദൈവം. നാം ഉണ്ണുന്ന ചോറ്! ആ അന്നത്തിനു രുചിയിണക്കും നല്ലപ്പ്! ആ ചോററിനകത്തു കണ്ടുകെട്ടിത്തുടങ്ങിയാലക്കൊണ്ടു, പിന്നെ ചൊല്ലുവാനുണ്ടോ! പിന്നെ ദളവാ! ആ ദളവായല്ലേ നാടിന്റെ പുറവേലി! ആ വേലിതന്നെ കുറേശ്ശെ വിളയിലെ വിളവുതിന്നു മുടിച്ചാലക്കൊണ്ടു എന്തരശൊല്ലുണു കഥ പിള്ളേ! ഇക്കാണായതിന്റെയെല്ലാം ഒടയവരല്ലേ തമ്പുരാൻ അ തമ്പുരാനെ കെട്ടമതിശെയ്തു തുടങ്ങിയാലോ ദളവ! അപ്പോ—ഇത്രയും വന്നാപ്പോരാ—നമ്മുടെ തമ്പുരാൻ തങ്കക്കുടം. ഇങ്ങനെ പിഴപൊറുക്കണ ഒരു തമ്പുരാനുണ്ടോ? നാടുനീങ്ങിയ തമ്പുരാനും അവിടത്തെ അമ്മാവൻ തിരുമേനിയും ബഹുശൂരന്മാർ. വെട്ടൊന്നു കണ്ഡം രണ്ട്. അതുതന്നെ അവരുടെ പ്രമാണം. ഇവിടുന്നോ, ഇത്ര പിഴപൊറുക്കണ തമ്പുരാനുണ്ടോ. ദൈവം ആരുടെയും പക്കല്ല. പത്മനാഭൻ വിടുമോ സ്വാമിദ്രോഹം ചെയ്യുവനെ! 'തിന്നെടാ! വൈരംപൊടിച്ചു രാസ്സരാമാനം!' എന്നു തോന്നിച്ചതാണേ പാച്ചാ! അതിനെനിക്കു നല്ല തിട്ടം തന്നെടാ."

സംഭാഷണം ഈ ഘട്ടത്തിൽ എത്തിയപ്പോൾ അകത്തെവിടെനിന്നോ ഇന്ദിരത്തങ്കച്ചി അവിടെ വന്നുചേർന്നു: "എന്താ

അമ്മാ! സൂക്ഷ്മം അറിഞ്ഞിട്ടുതന്നെയോ അമ്മ ഇപ്പറഞ്ഞതെല്ലാം?" എന്ന് ആ യുവതി രുഷ്ടയായി മാതാവിനോടു ചോദിച്ചു.

"നീ ഇതെല്ലാം ചെവികൊടുത്തുകൊണ്ടു ഒളിച്ചു നിൽക്കുകയായിരുന്നോ ഇന്ദിരേ!"

"ഞാൻ കേട്ടമ്മാ! പറഞ്ഞ മൊഴിയെല്ലാം. ദൈവത്തിനെ നിലനിർത്തിയേ സംസാരിക്കാവൂ അമ്മ! മരിച്ചവരെക്കുറിച്ച് ഇങ്ങനെ അപവാദം പറഞ്ഞുകൂടാ. വിശേഷിച്ചും തന്നേക്കാൾ രാജ്യത്തെയും രാജാവിനെയും ജനങ്ങളെയും സ്നേഹിച്ച് അകാലമരണം വരിക്കേണ്ടിവന്ന ഒരു വീരപുരുഷനെക്കുറിച്ച്." എന്നു സ്തോഭാവേശഭരിതയായി ഇന്ദിര പറഞ്ഞു.

അപ്പോൾ മംഗളമ്മപ്പിള്ള പുത്രിയേ ഇങ്ങനെ ഭത്സിച്ചു പ്രത്യുത്തരം നൽകി—"ഇന്ദിരേ! എന്റെ പിള്ളയോടു പറഞ്ഞിട്ടൊണ്ടേ, മുമ്പു പലപ്പോഴും ഞാൻ—എന്റെ പിള്ള തിരുവിതാംകോട്ടെ എളമുറത്തമ്പുരാന്റെ അമ്മച്ചിയാണേ! ആ നില മറന്നു മറുപക്ഷം പിടിച്ച് ഇങ്ങനെ ഒന്നും പറഞ്ഞുകൂടാ. നാടുവാഴുന്ന തമ്പുരാനെയും നമ്പൂരിയച്ഛനെയും എളമുറത്തമ്പുരാനെയും കൂട്ടുകെട്ടുകാരെന്നു വരുത്തി, കമ്പഞ്ഞിയാരെക്കൊണ്ടു തുരത്തിക്കാനായിരുന്നു കേശവപിള്ളയുടെ ശ്രമം. അതു ഫലിക്കും മുൻപേ പത്മനാഭൻ അയാളെ അങ്ങോട്ടു തിരിച്ചു വിളിപ്പിച്ചു കളഞ്ഞു. ഇനി, നിന്റെ തമ്പുരാനു യോഗം തെളിഞ്ഞു. ശനിയുടെ അവസരം കഴിഞ്ഞു. വ്യാഴൻ പതിനൊന്നിൽ തന്നെ."

ഇന്ദിര:—എന്റെ അമ്മാ! എന്തിനു നല്ലവരെ പഴിക്കണം. നാം തമ്പുരാനെയും എളയ തിരുമേനിയെയും സ്നേഹിക്കുന്നു, അവരുടെ സേവകന്മാരെ ദ്വേഷിക്കുന്നുമില്ല. പിന്നെന്തിന് ന്യായത്തിനും നീതിക്കും നന്മയ്ക്കും ക്ഷേമത്തിനുംവേണ്ടി പാടുപെട്ടു ദുർമ്മരണം അടഞ്ഞവരെ കെടുത്തി സംസാരിക്കുന്നു!

പാച്ചൻ:—നമ്പൂരിപ്പാട്ടിലേക്കു വലിയദിവാൻജിനീട്ടുകൊടുത്തുപോലും ഇതിനെടയ്ക്കു്

മംഗളമ്മപ്പിള്ളത്തങ്കച്ചി:—അതിനെന്തെടാ! അദ്ദേഹമല്ല ഇന്ന് ആ സ്ഥാനത്തിനു ന്യായമായ അവകാശിയും യോഗ്യനും.

ഇന്ദിര:—ഈ അമ്മയുടെ നാക്കിൽനിന്നുതന്നെ മറിച്ച് ഒരു പുറപ്പാട് ഉണ്ടാകരുതേ!

മംഗളമ്മപ്പിള്ളത്തങ്കച്ചി:—എന്തെടി പിള്ളേ! ഞാൻ നിന്നേപ്പോലെ കഴുതയോ?

ഇന്ദിര:—ഇപ്പോഴത്തെ സ്ഥിതി ഒന്നുകണ്ട് ഒന്നും തീരുമാനിക്കാറായിട്ടില്ല. ഈ കമ്പനിക്കാർ ക്ഷോഭിക്കും. നാട്ടിനു അഭിമാനക്ഷയവും സ്വാതന്ത്ര്യഹാനിയും വന്നു ഭവിക്കും. ജനങ്ങൾ ക്ഷോഭിക്കും. കാണാം ഈ നമ്പൂരിയദ്ദേഹത്തിന്റെയും മറ്റും ഗതി.

മംഗളമ്മപ്പിള്ളത്തങ്കച്ചി:—നിന്റെ തമ്പുരാനെപ്പററിയെങ്കിലും അറമൊന്നും പറയാതിരിക്ക, ദൈവത്തെയോർത്ത്.

ഇന്ദിര:—ഒന്നു ഞാൻ പറഞ്ഞേക്കാം. ആകാശക്കോട്ടകളൊക്കെ തകരാതെ തരമില്ലമ്മാ! ആരായാലും നീതിയും ധർമ്മവും വിട്ടുപെരുമാറുമോ?

മംഗളമ്മപ്പിള്ള പുത്രിയുടെ വാക്കുകളിൽ സൂചനാഗർഭമായി തോന്നിയ അനിഷ്ടഫലോദയങ്ങളുടെ ചിന്തയാൽ പീഡിതയായി കൂടുതലൊന്നും കേൾക്കുവാൻ ശക്തയല്ലാതെ കണ്ണുകൾ രണ്ടും പൊത്തി കമ്പിട്ടിരുന്നു. അപ്പോൾ ഇന്ദിരത്തങ്കച്ചി തുടർന്നു. "വലിയതമ്പുരാന്റെ കാലം കഴിയുമ്പോഴറിയാം ഈ കലാശക്കോട്ടയുടെ പൊട്ടലും ചീററലും എത്ര ഭയങ്കരമെന്നു്. ഈ ഇന്ദിരയേ നിങ്ങൾ ബലി അർപ്പിച്ചു കഴിഞ്ഞു. ഭവിഷ്യത്ത് എന്തായിരിക്കുമെന്നു, നന്നേ ചെറുപ്പമെങ്കിലും ഈ എനിക്ക് ഊഹിക്കുവാൻ കഴിയും."

മംഗളമ്മപ്പിള്ള പറഞ്ഞു:—എന്ത്! ഈ പാപിക്കു് ഇങ്ങനെ അറം പറയുവാൻ തോന്നുന്നത്. ആ റാണികളേക്കാൾ നിനക്കാ

ണ് അക്കാര്യത്തിൽ ദണ്ഡമെന്നു തോന്നുന്നുവല്ലോ പിള്ളേ! നിന്റെ ശിരോലിഖിതമായിരിക്കാം. നിന്നെപ്പോലെ സ്വന്തം ഉന്നതിയിൽ കൊതിയില്ലാത്ത ഒരു പെൺകൊടിയാളെ ഞാനെങ്ങും കണ്ടിട്ടില്ല.

ഇന്ദിര:—ഉയർച്ചയിൽ മോഹം ഇല്ലാത്തവളല്ലമ്മാ! ഈ ഇന്ദിരയോളം ഭയപ്പാട് അക്കന് ആവശ്യമില്ല. അക്കൻഭാഗ്യവതി.

ഇന്ദിരത്തങ്കച്ചിയുടെ നേത്രങ്ങളിൽ ബാഷ്പം നിറഞ്ഞു: പുത്രിയുടെ സ്തോഭാവേശം കണ്ട മാഗളമ്മപ്പിള്ളയുടെ മനം കലങ്ങി. എന്താണു പറയേണ്ടതെന്ന് അറിയാതെ ആ പ്രൌഢാംഗന അമ്പരന്നുപോയി.

പാച്ചൻ പറഞ്ഞു:—പോവാൻ പറയണം കൊച്ചമ്മച്ചീ! നാടോടുമ്പോൾ നടുവേ!

## 6

# നമ്പൂരിദളവാ

രാജാകേശവദാസന്റെ ചരമവാർത്ത തിരുവനന്തപുരം നഗരത്തിലും പരിസരങ്ങളിലും, കർണ്ണാകർണ്ണികയാ ശ്രീവാഴുംകോടാകെയും പ്രതിധ്വനിച്ചു മുഖരിതമായപ്പോഴേക്കു ജയന്തൻശങ്കരൻ നമ്പൂരി,മാമൂലനുസരിച്ചു ചെക്കടാമണ്ഡപത്തിൽവച്ചു മഹാരാജാവിനോടു ദളവായുദ്യോഗത്തിന്റെ നീട്ടുവാങ്ങി നല്ല മുഹൂത്തം നോക്കി കാര്യവിചാരം ആരംഭിച്ചുകഴിഞ്ഞു. ഉദ്യോഗത്തിൽപ്രവേശിച്ചയുടൻ നമ്പൂരി ആദ്യമായി ഒപ്പിട്ട ഉത്തരവ് കുഞ്ചുമാതേവന്റെ മോചനം സംബന്ധിച്ചുള്ളതായിരുന്നു: ആ ഔദ്യോഗികരേഖ താൻതന്നെ കൈവശം എടുത്തു ചെറിയകുഞ്ചുക്കുട്ടത്തിന്റെ മേലാവായ നായ്ക്കരെ വിളിച്ച് ഏല്പിച്ചിട്ട് ഇങ്ങനെ പറഞ്ഞു:—കേട്ടോ നായ്ക്കരേ! ഈ ഉത്തരവ് ഉടനെകൊണ്ടുപോയി

ശിങ്കാരത്തോപ്പിൽ കുമ്പഞ്ഞിസായ്പിന്റെ മാളികയിൽ അസി സ്റ്റാണ്ടിയുടെ കൈയ്യിൽ കൊടുക്കണം നാം തന്നെത്തന്നെ എല്പിച്ചയച്ചിരിക്കയാണെന്നും ഉടനെ ആ കുഞ്ചുമാതേവനെ ഇവിടെ അയപ്പിക്കണമെന്നും പറയണം. കേട്ടോ!"

നായ്യർ:—ഞാൻ ഉടനെ വിടകൊള്ളാം.

നമ്പൂരി:—മിഴിഞ്ഞുനിന്നാൽ ആവില്ല. കുടുകുട്ടിയായി നില്ക്കണം കേട്ടോ. പണ്ടത്തെപ്പോലൊന്നും പോരാ. അല്ലെങ്കിൽ നാം നിങ്ങളെയെല്ലാം തൊലച്ചു, പകരം ചുനക്കുട്ടികളെ വെയ്ക്കും കേട്ടോ.

നായ്യർ:—ഞാൻ. ആ കുഞ്ചുമാതേവനെ അടിയൻ പിടിച്ചു പിടിയാലെ വിടുവിച്ചുകൊണ്ടുവരാം.

നമ്പൂരി:—ഒരു കാര്യംകൂടെ ആ അസിസ്റ്റാണ്ടിയെ സ്ഥാനപതി എന്നു നമ്മുടെ ഭാഷയിൽ പറയും. ആ അസിസ്റ്റാണ്ടി കാര്യവിചാരം ദുർവൃത്തൻ എന്നൊരു പട്ടരാ. അയാൾ മഹാകന്നൻ. ആ സായ്പു മദിരാശിമയ്ക്കുപോയിരിക്കയാ—ആ അസിസ്റ്റാണ്ടിപ്പട്ടരാ ഈ കുഞ്ചുമാതേവനെ അപമാനിച്ചു നമ്മുടെ മുഖത്തു കരിതേയ്ക്കാൻ ഹേതു. അതുകൊണ്ടു നായ്യരുടെ ചുന ഇവിടെക്കാണണം.

നായ്യർ:—ഒരു വാറാണ്ടു കല്പന എഴുതി തൃക്കൈചാർത്തിത്തന്നാൽ അടിയൻ മറ്റെല്ലാം മറന്നു. തിരുമനസ്സിലെ മുഖത്തു തേച്ചകരി ദുർവൃത്തന്റെ മുഖത്തു മാറ്റിച്ചേക്കാം. ഇപ്പോൾ സായ്പും ഇല്ല. എന്തെങ്കിലും ചെയ്താൽ ഇപ്പത്തു്.

നമ്പൂരിക്കു സന്തോഷമായി. "ക്ഷ! ഫ! രസിക! നായ്യരും ആൾ കുടുകിട്ടി. വിചാരിച്ചപോലൊന്നുമല്ല! പിടിച്ചുകൊണ്ടുപോരൂ ആ പട്ടരെ. ഒന്നു വിരട്ടിയെങ്കിലും വിടണം കേട്ടോ! തിരുമേനിയോടു കാട്ടിയ ധിക്കാരമല്ലേ്യ ആ കുഞ്ചുമാതേവനെ പുള്ളിപ്പട്ടാളങ്ങളെ വിട്ടു പിടിപ്പിച്ചതു്. ഈ കുമ്പഞ്ഞിക്കാരുടെ അധികാരം അതിനു് ഒന്നു ചോദ്യംചെയ്തേ മതിയാവു! ഇതാ വാറാണ്ടുകല്പന. നായ്യർ എറുവാങ്ങിക്കൊള്ളൂ.

എന്നു പറഞ്ഞു, സ്ഥാനപതി സുബ്ബയ്യരെ ബന്ധിച്ചു വലിയകൊട്ടാരം പകടശാലക്കു ചുററിമുമ്പാകെ ഹാജരാക്കാൻ ഒരു രാജകീയ വാറണ്ടു് എഴുതിച്ചു മുദ്രപതിച്ചു, നമ്പൂരി, നായ്ക്കരെ ഏല്പിച്ചിട്ടുപറഞ്ഞു: "ആ പുള്ളിപ്പട്ടാളത്തിനു സംശയം തോന്നിക്കേണ്ട. സൂത്രത്തിൽക്കൂടി കൊണ്ടുവന്നു കല്പനയുണ്ടെന്നു പറഞ്ഞു. ഇവിടെ വന്നശേഷം വാറണ്ടു കല്പനകാണിച്ചുകൊള്ളണം. അങ്ങനെ ഇല്ലിഭ്യനാക്കിയാൽ മതി. കേട്ടോ. അസിസ്റ്റാണ്ടിയുടെ അഹൻ ധാര വിട്ടുവിച്ചുകൊണ്ടുപോകട്ടെ. കാണാം.

നായ്ക്കർ നമ്പൂരിയെ തൊഴുതുയാത്രയായി. മാർഗ്ഗമദ്ധ്യേ ആ ഉദ്യോഗസ്ഥൻ ഇങ്ങനെ ആത്മഗതം ചെയ്തു: "ഈ നമ്പൂരി വെറും അബദ്ധൻ. റസിഡണ്ടുമായി കളിക്കാനാണു് ആദ്യത്തെ പുറപ്പാടു്. ഇയ്യാൾ ഈ മട്ടിനു് ഈ രാജ്യം വെള്ളക്കാർക്കു് ഒററിയെഴുതിച്ചാൽത്തീരുമല്ലോ. പത്മനാഭൻതന്നെ ഇതിനൊരുതിവരുത്തണം. വല്യദിവാൻജിയങ്ങത്തെ മരണംതന്നെ സംശയകരം. അതിനെപ്പററി കമ്പനിക്കാർക്കു തന്നെ വളരെ ചീത്ത ഊഹങ്ങൾ ഉണ്ടു്. ഇയ്യാളുടെ മുമ്പിൽ എങ്ങനെയും നല്ലപിള്ള ചമഞ്ഞു് ഇഷ്ടപ്പടി ക്രത്താടാഞ്ഞാൽ അപകടവുമുണ്ടു്. നമ്മുടെ നില പാലിച്ചു കൊണ്ടു് ഇയ്യാളുടെ അഭീഷ്ടംപോലെ ആടാൻ എനിക്കു വശമുണ്ടു്. തമ്പുരാനെ അപകടത്തിൽ കൊണ്ടു ചാടിക്കും ഇയ്യാൾ. സംശയമില്ല. പോരെങ്കിൽ പാപഗ്രഹങ്ങൾ പലതും കൂടെ ഒത്തുചേർന്നിട്ടുമുണ്ടു്."

നായ്ക്കരെ യാത്രയാക്കിയശേഷം ദളവാ വലിയമേലെഴുത്തു ചെമ്പകരാമൻപിള്ളയെ വിളിച്ചുവരുത്തി. ആ ഉദ്യോഗസ്ഥൻ മദ്ധ്യവയസ്സായ ഒരാളായിരുന്നു. നമ്പൂരിയെക്കണ്ടു ഭക്തിപുരസ്സരം തൊഴുതുപിടിച്ചു നിലയായി. അപ്പോൾ ദളവാ ഇങ്ങനെ ചോദിച്ചു: "നമ്മുടെ ഭണ്ഡാരം എങ്ങനെയിരിക്കുന്നു? പിരിവുകളും കരങ്ങളും ചുങ്കങ്ങളും മുറയ്ക്കു് ഈടായിവരുന്നുണ്ടോ?"

ചെമ്പകരാമൻപിള്ള:—റാൻ! നാടുനീങ്ങിയ തിരുമനസ്സിലെ ഭരണകാലത്തു വേണ്ടിവന്ന മതിലകം പണി മുതലായവപല

യിനം ചെലവുകൾനിമിത്തം ഖജാനയിൽ പണം മിച്ചമിരിപ്പു നന്നേ കുറയും. പിരിയേണ്ടും ഇനങ്ങൾ മുറയ്ക്കു് ഊൎജ്ജിതമായി പിരിച്ചയയ്ക്കാൻ മുഖ്യ കാൎയ്യക്കാരന്മാൎക്കു തിട്ടക്കമായി ഉത്തരവുകൾ അയച്ചിട്ടുണ്ടു്.

നമ്പൂരി:—ശ്ശ! അതുകൊണ്ടായില്ല. കേട്ടോ! എല്ലാകാൎയ്യക്കാരന്മാരും ഉടനെ ഇവിടെവന്നു നമ്മെകാണത്തക്കവിധം ചീട്ടുകൾ എഴുതി കുതിരവശമുള്ള കഞ്ചുക്കുട്ടക്കാരെ ഏല്പിച്ചയയ്ക്കണം. തോവാളമുതൽ പറവൂർവരെയുള്ള എല്ലാ മുഖങ്ങളിലെയും കാൎയ്യക്കാരന്മാർ ഒരു മൂന്നുദിവസത്തിനകം ഈ പകടശാലയിൽ എത്തി നൊമ്മേക്കാണണം.

ചെമ്പകരാമൻപിള്ള:—മൂന്നുദിവസത്തിനകം ഒത്തുവരികില്ല തിരുമേനി! ചീട്ടുകൊണ്ടുപോവാൻതന്നെ ഏഴുനാൾ വേണ്ടിവരും. രണ്ടുവാരത്തിനകം എല്ലാവരും വന്നെത്തിയേക്കും.

നമ്പൂരി:—എന്തു്! രാജാവിന്റെ ആജ്ഞയ്ക്കു് എന്തുശക്തി ഉണ്ടെന്നു നോക്കു് ഒന്നു് അറിയണം. ചെമ്പകരാമൻപിള്ളേ! നാലേക്കാട്ടിൽ യോഗീശ്വരരാമന്റെ പഴയ പൌരുഷവും വൈഭവവും ഇനിയും പൊയ്പ്പോയിട്ടില്ലെന്നു നോക്കു നല്ല നിശ്ചയം ഉണ്ടു കേട്ടോ! ദളവാ പുത്തനെന്നു നിനച്ചു് അഭിമാനം കെടുത്തിക്കളയരുതു കേട്ടോ!

ചെമ്പകരാമൻപിള്ള:—റാൻ. അങ്ങനെ പഴമനസ്സിൽ ഒരു കാലത്തും നിനച്ചിട്ടില്ല. അങ്ങനെ ഒരു സംഭവം ഉണ്ടാകയും ഇല്ല. ഉറപ്പായിരിക്കണം.

നമ്പൂരി:—എങ്കിൽ ഇപ്പോൾ പോവുക. ഏതുവിധവും ഒരു ഏഴുനാൾക്കുള്ളിൽ ആ കാൎയ്യക്കാരന്മാരെ ഇങ്ങട്ടു് വരുത്തുക. അവർ വന്നിട്ടാവട്ടെ മററു കാൎയ്യങ്ങൾ.

ചെമ്പകരാമൻപിള്ള:—റാൻ. ഇപ്പോൾതന്നെ തപാൽ കുതിരപ്പുറത്തു് ആളും ചീട്ടും അയപ്പിച്ചേക്കാം. തമ്പുരാന്റെ കല്പനയ്ക്കു മറുകല്പനയുണ്ടോ?

നമ്പൂരി:—ക്ഷ! ഒരു സംഗതി വിട്ടുപോയി. കേട്ടോ! ആ കേശവദാസൻെറ കണക്കിൽ ഒരു വൻതുക അധികപ്പററു കേറിമറിഞ്ഞു കിടക്കണു കേട്ടോ! അതിനെന്താ പോംവഴി?

"ശ്രീപണ്ടാരക്കണക്കിൽ അധികപ്പററു ചെലവെഴുതിയിട്ടുണ്ടെങ്കിൽ പത്മനാഭനേ കടക്കാരനാണല്ലോ. തമ്പുരാൻതിരുമനസ്സിലേക്കു, ആ സംഖ്യ വട്ടച്ചെലവെഴുതിത്തള്ളാൻ തിരുവുള്ളമുണ്ടാകുന്നെങ്കിൽ അങ്ങനെ. അല്ലെങ്കിൽ അതു് ഈടാക്കേണ്ടാ കടം. അതിനാ കടക്കാരൻെറ സ്ഥാവരജംഗമങ്ങളും തറവാട്ടുമുതലുകളും ഉത്തരിച്ചേ മതിയാവൂ!" എന്നു ചെമ്പകരാമൻപിള്ള.

നമ്പൂരി:—വലിയമേലെഴുത്തിൻെറ അഭിപ്രായം എന്താ ഇപ്പതനത്തിൽ? അങ്ങനെ ഒരു ദാക്ഷിണ്യംകാട്ടി വട്ടച്ചെലവെഴുതിത്തള്ളാവുന്ന ഗഡുവോ ഇതു്? നമ്മുടെ ഭണ്ഡാരം ഇപ്പോൾതന്നെ ശൂന്യം. കമ്പത്തിക്കാൎക്കു് മുന്നടമ്പടിപ്രകാരം അടച്ചുതീൎക്കേണ്ടുന്ന പുള്ളിപ്പട്ടാളച്ചെലവു് മുതലും പലിശയും കേറി മറിഞ്ഞു പെരുകി കിടക്കുന്നു. കാൎയ്യക്കാരന്മാൎക്കും പിള്ളമാൎക്കും മതിലകം കൊട്ടാരം നിത്യനിദാനങ്ങൾക്കും ഒടമകളുംതന്നെ മുട്ടായിരിക്കുന്നു, ഇവിടെ. ആ സ്ഥിതിക്കു് കേശവദാസൻെറ കടം ഈടാക്കുകതന്നെ വേണം നോക്കു്. അയാൾക്കു് പല പേരിലും കുടുംബങ്ങളിലുമായി ഇശ്ശി സമ്പാദ്യം ഉണ്ടെന്നും ശ്രുതി ഇണ്ടേ ഇണ്ടു്!

ചെമ്പകരാമൻപിള്ള:—സ്വത്തുകൾ കിടക്കുന്ന മുഖങ്ങളിലെ കാൎയ്യക്കാരന്മാൎക്കു ജപ്തിനടപടിച്ചീട്ടുകൾ അയച്ചേക്കാം.

നമ്പൂരി:—ക്ഷ! വലിയമേലെഴുത്തു് ആൾ ബഹു ഊക്കൻ! സന്ദേഹമില്ല. കേട്ടോ! എങ്കിൽ ഇന്നുതന്നെ ഊൎജ്ജിതമായ നടപടി തുടങ്ങിക്കൊള്ളു കേട്ടോ. ഒട്ടും ശങ്ക ആവശ്യമില്ല്യാ. നേരുതന്നെ എല്ലാററിനും ഉത്തരവാദി. ആ കുമാരനും ഇായിമ്മയും കേശവപിള്ളയുടെ പിറന്നാൾ കഴിഞ്ഞശേഷം തിരുമുമ്പിൽ വരുക ഉണ്ടായിട്ടേ ഇല്ല്യ. അതിനെപ്പററി കല്പിച്ചു ചോദ്യമായിരിക്കുന്നു കേട്ടോ!

ചെമ്പകരാമൻപിള്ള:—അവർ രണ്ടുപേരും സപിണ്ഡി കഴിഞ്ഞു് അസ്ഥിയുംകൊണ്ടു് സേതുസ്നാനത്തിന്ന പോയിരിക്കയാ. പല പുണ്യക്ഷേത്രങ്ങളിലും ദർശനവും വഴിപാടും കഴിഞ്ഞേ മടങ്ങി വരികയുമുള്ളു.

നമ്പൂരി:—അവരുടെ ഈ പുണ്യസ്ഥല ദർശനവും മററും ഒരു ഒളിച്ചുകളിയായിരിക്കുമോ ആവോ? രാജാവിനെതിരായി ആൾ ശേഖരണത്തിന്ന് ഒരു യാത്രയാവില്ല്യ ഇതു്. ആവോ! ഒന്നും രൂപമാവുന്നില്ല്യ. അവററകളും അരുവഷളർ. വരട്ടെ തിര്യെ.

ചെമ്പകരാമൻപിള്ള:—കാരണവരുടെ കാര്യത്തിൽ വലിയ ദുഃഖത്തിലാണവർ. രണ്ടുപേരും മുണ്ഡനം ചെയ്തു കാഷായം ധരിച്ചാ പോയിരിക്കുക.

നമ്പൂരി:—ആ വേഷത്തിൽ ആക്കും ആക്ഷേപമില്ല്യ കേട്ടോ. ആളാരെ പറഞ്ഞു് ഇളക്കിവിടാനാ അവററകളുടെ ഈ പുറപ്പാട്. അതിന്ന ഗണികൻ നോംതന്നെ കേട്ടോ!

ചെമ്പകരാമൻപിള്ള:—ആവോ! അതേപ്പററി ഒന്നും തിട്ടമായി ഇപ്പോൾ ഉണർത്തിക്കാൻ തെളിവുകൾ വന്നു ചേർന്നിട്ടില്ല.

നമ്പൂരി:—ഇവററകളും ആ കൊച്ചു് ഇരവിക്കുട്ടിയും, വൈക്കം പത്മനാഭൻ എന്നൊരു വഷളനും ഒക്കെ ഒരു സംഘമാണത്രേ. ദേശങ്ങൾതോറും സഞ്ചാരം. ക്ഷേത്രങ്ങളിൽ കാണത്തക്ക നടയ്ക്കുവയ്പു കാണിക്കകൾ, ധാന്യം, തൃക്കവിളക്ക എന്നു പലതും. പല ആഢ്യൻ നമ്പൂരാരും വിവരത്തിന്ന് നോക്ക് ഇവിടെ കുറി കൊടുത്തയച്ചു വരുന്നുണ്ടു്. വൃഥാ അനുമാനമല്ല്യാ ഇതൊന്നും ചെമ്പകരാമൻപിള്ളേ!

ചെമ്പകരാമൻപിള്ള:—അങ്ങനെയെങ്കിൽ തെല്ലു് ആലോചിക്കേണ്ടതായുണ്ടു്.

നമ്പൂരി:—ശരി. ക്ഷ! ആവട്ടെ! വരട്ടെ ഇങ്ങട്ട്!

ചെമ്പകരാമൻപിള്ള:—സൂക്ഷ്മം അറിഞ്ഞിട്ടു എന്തെങ്കിലും കല്പന വാങ്ങാവൂ തമ്പുരാനേ!

നമ്പൂരി:—അതിനു സംശയം വേണ്ടാ കേട്ടോ. ധർമ്മശാസ്ത്രത്തിനും നീതിക്കും എതിരായി ഒന്നുംവരില്ല നമ്മുടെ മസ്തിഷ്കത്തിൽനിന്നു്. "ധർമ്മാസ്മൽ കുലദൈവതം" അതുതന്നെ നമ്മുടെയും ലക്ഷ്യം.

## 7

# സ്ഥാനപതി സുബ്ബയ്യൻ

ഈ കഥ നടന്ന കാലത്തു മണക്കാട്ടു ശിങ്കാരത്തോപ്പിൽ ഒരു ബംഗ്ലാവു് ഉണ്ടായിരുന്നു. ബംഗ്ലാവു കൊട്ടാരവകയിൽനിന്നു് പണികഴിപ്പിച്ചിട്ടുള്ളതായിരുന്നു. അതിലായിരുന്നു ഈസ്റ്റിൻഡ്യാ കമ്പനിയുടെ പ്രതിനിധിയായ ധര താമസിച്ചുവന്നതു്. കമ്പനിവക ആഫീസും അവിടെത്തന്നെ നടത്തിവന്നു. കമ്പനിക്കാരുടെ റസിഡണ്ടുസായ്പിന്നു് ഒരു അസിസ്റ്റൻറുകൂടെ ഉണ്ടായിരുന്നു. അയാൾ കഷ്ടിച്ചു് ഇംഗ്ലീഷു വശമുള്ള ഒരു ആന്ധ്രദേശക്കാരൻ മുതാണിബ്രാഹ്മണനായിരുന്നു. ഇപ്പോൾ തിരുവനന്തപുരത്തു നിലനിന്നുവരുന്ന റസിഡൻസിബംഗ്ലാവും മററു ഗവണ്മെണ്ടുകെട്ടിടങ്ങളും അക്കാലത്തു് ഉണ്ടായിരുന്നില്ല.

സ്ഥാനപതിയുടെ പേർ സുബ്ബയ്യൻ എന്നായിരുന്നു.

ചെറിയ കുഞ്ഞുക്കുട്ടം എന്നു പേരുള്ള കൊട്ടാരം ശേവുകസംഘത്തിന്റെ നായകനാണു നായ്ക്കർ. കൊട്ടാരംവക ശേവുകജോലികൾക്കും പുറമേ സക്കാർവക സിവിൽ ക്രിമിനൽ ശേവുകകാര്യവിചാരം ഈ കുഞ്ഞുക്കുട്ടശ്ശേവുകക്കാർക്കും അവരുടെ നായകനായ നായ്ക്കർക്കുമായിരുന്നു. തിരുവിതാംകൂർ ആകെ അക്കാലം മുപ്പത്തിരണ്ടു മുഖങ്ങളായി വിഭജിച്ചു് ഓരോ മുഖത്തിന്റെയും സിവിൽ, ക്രിമിനൽ, റവന്യൂ പൊതുഭരണത്തിന്റെ ചുമതലക്കാരനായി കാര്യക്കാർ എന്നു പേരുള്ള ഓരോ ഉദ്യോഗസ്ഥനെ

നിയമിച്ചിരുന്നു. കാര്യക്കാരുടെ കിങ്കരന്മാരായി മുഖംതോറും പന്ത്രണ്ടു ചെറിയ കുഞ്ചുക്കുട്ടക്കാരെയും ഒരു നായ്ക്കരെയും നിയമിച്ചു നടത്തിവന്നു.

നമ്പൂരി ദളവയുടെ ആജ്ഞാനുസരണം നായ്ക്കർ നേരെ ശിങ്കാരത്തോപ്പുബംഗ്ലാവിൽ ചെന്നു സ്ഥാനപതി സുബ്ബയ്യരെ ചെന്നു കണ്ടു വന്ദിച്ചു. അപ്പോൾ ആ ഉദ്യോഗസ്ഥൻ ചോദിച്ചു:—എന്ന! ഓയി സമാചാർ. നായ്ക്കരവാളേ! അരശാങ്കത്തുക്കെ ക്ഷേമം താനാ.

നായ്ക്കർ:—ആം. സാമീ! ആം.

സുബ്ബയ്യർ:—അന്ത നമ്പൂരി ദളവൈ എതാവതാക പേശിവിട്ടിരിക്കറതാ.

നായ്ക്കർ:—അവാൾ ശൊല്ലിവിട്ടിരിക്കറതു സാമീ.

സുബ്ബയ്യർ:—എന്ന സമാചാർ? അന്തകോമട്ടിപ്പയൽ ഇരിക്കെ; അന്തപ്പയൽ—അന്ത കുഞ്ചുമാതേവൻ—അവനേ അഴത്തിവിടവേണുമാ.

നായ്ക്കർ:—അവൻ റൊമ്പം ഏഴൈ സാമി.

സുബ്ബയ്യർ:—ആകട്ടും അവനെ വിട ഓർഡർ കൊടുക്കറോം. പിന്നെ എന്ന വേൺക ഒമക്ക്.

നായ്ക്കർ:—സാമിയുടെ കൃപൈ.

സുബ്ബയ്യർ പ്രസാദിച്ചു. അയാൾ ചിരിച്ചുകൊണ്ടു പറഞ്ഞു:—ഹ! ഹ! ഹ! എന്ന സരളമാന പേച്ച്. നായ്ക്കരവാൾ കട്ട്യക്കാരപ്പയൽ താൻ. അന്ത നമ്പൂരിയവാൾ എപ്പടി. പെരിയ ഘനവാങ്കളാ!

നായ്ക്കർ:—അതുക്കെന്ന സന്തേഹം സാമീ! പെരിശഘനവാങ്കൾ താൻ. സാമികളൈ പാക്ക കാത്തിരിപ്പാമവർ:

സുബ്ബയ്യർ:—സരി. പാത്തുടലാം. നാല്ലു പുള്ളിപ്പട്ടാളം അകമ്പടി സേവിത്തുനാർ ഇന്നേക്കു ശായന്ത്രം പുറപ്പെടലാം.

"രാജാങ്കത്തിലൈ കൊട്ടാരമല്ലവാ. പുള്ളിയെ ക്രൂടാമൽ താൻ വരവു് ഇന്ത ഊരിലൈ വഴക്കം."

സുബ്ബയ്യർ:—സറി. ആനാൽ അപ്പടി ആഹട്ടും. നാൻതാനേ വരുകിറേൻ. നായ്യരുമട്ടും അഹമ്പടിപോതും.

നായ്യർ:—പോതും. സാമീ. പോതും. ഇപ്പോ താൻ പുറപ്പെടലാം സാമീ.

സുബ്ബയ്യർ:—ഏതാവതു പ്രസൻറു ക്രസൻറു കൂടക്കവേണമാ നാൻ?

നായ്യർ:—അതൈ ഉങ്കളുടൈ ഇഷ്ടം. അവാറം ഒങ്കളുക്ക പ്രശണ്ട കൂടക്കവഴക്കം ഇന്ത ഊരിലൈ.

സുബ്ബയ്യർ:—അപ്പടിയാ. സറി. സറി. ഹ. ഹ! ഇപ്പോറം താൻ പുറപ്പെടുവോം.

നായ്യരോടൊന്നിച്ചുതന്നെ സുബ്ബയ്യൻ വല്യകൊട്ടാരത്തിലേക്കു തിരിച്ചു. ആദ്യം ദളവയെ കണ്ടു് ഉപചാരം പറഞ്ഞശേഷം സാവകാശമായി മുഖംകാണിച്ചാൽ മതിയെന്നു, നായ്യർ ചെയ്ത ഹിതോപദേശം സ്ഥാനപതി കൈക്കൊണ്ടു നേരെ പകടശാലക്കച്ചേരിയിൽ ദളവായുടെ മുറിയിലേക്കു പുറപ്പെട്ടു. അവിടെ സുബ്ബയ്യൻെറ വരവു കാത്തു് അക്ഷമനായിരുന്ന നമ്പൂരിയെ കണ്ടു—"ക്ഷേമംതാനാ" എന്ന കുശലചോദ്യത്തോടുകൂടി, നമ്പൂരിക്കഭിമുഖമായി ഒരു മെത്തപ്പാത്തടുക്കിൽ സുബ്ബയ്യൻ സ്ഥാനം ഉറപ്പിച്ചു.

സരസമായി ഒരു പുഞ്ചിരി തൂകിക്കൊണ്ടു ദളവാ സുബ്ബയ്യരേ നഖശിഖാന്തം ഒന്നുനോക്കി; എന്നിട്ടു് ഇങ്ങനെ പറഞ്ഞു—"സുബ്ബയ്യനെ നോം ഇശ്ശി കേട്ടിട്ടുണ്ടു്. സുബ്ബയ്യൻ! സുബ്ബയ്യൻ! എന്നു കേട്ടപ്പോറം വല്ല കഴുവായോ പുലിയോ എന്നു നോം ശങ്കിച്ചുപോയി കേട്ടോ! ഇപ്പോ കണ്ടപ്പഴല്ല്യേ, ആളൊരു സരസക്കൊഴമ്പൻ! ഹ! രസികാ! നൊമ്മേ വല്ലാതെ പേടിപ്പിച്ചു കളഞ്ഞല്ലോ താൻ."

സുബ്ബയ്യൻ പൊട്ടിച്ചിരിച്ചുകൊണ്ടിങ്ങനെ പ്രത്യുത്തരം നൽകി: "നാൻ ഇന്ത ശൂപ്പൻ, വെറും ഏഴൈ! നീങ്കളോ അരശാങ്കത്തുടെ പെരിശ പെരിശ ദളവായാന ഘനവാങ്കാം. ഒങ്കൾ ശന്നിധി വരാതുക്ക താൻ റൊംബം ബയം.

നമ്പൂരി ചിരിച്ചുകൊണ്ടു പറഞ്ഞു:—ഹ! ഹ! ഹ! ക്ഷ! ക്ഷ! അതു്—ന്താ—ത്ര—ഭയംസുബ്ബന്റ്. നാം സാത്വികനല്ല്യേ?

സുബ്ബയ്യൻ:—സാത്വികൻ താൻ. അതുക്ക സംദേഹമില്ലൈ. ആനാലും ദളവായല്ലവാ. അരശാങ്കത്തുടൈ പ്രതിപുരുഷൻ താനേ! ആനാൽ ഒങ്കൾ ബ്രഹ്മക്ഷത്രിയനല്ലവാ! ബ്രഹ്മക്ഷത്രിയനെൻറാൽ ബ്രഹ്മരാക്ഷസൻ താനേ.

നമ്പൂരി:—ഞാഹാ. സുബ്ബയ്യൻ നൊമ്മേ ബ്രഹ്മക്ഷത്രിയനാക്കി ആദ്യം. പിന്നെ ബ്രഹ്മരാക്ഷസനും. ക്ഷായി. ബ്രഹ്മരാക്ഷസൻ.

സുബ്ബയ്യൻ:—അപ്പടിയേ താനേ! അന്ത കേശവപിള്ളൈ വിഴുങ്കിന ബ്രഹ്മരാക്ഷസൻ താനേ ഒങ്കാം.

നമ്പൂതിരി ആകസ്മികമായി ഒന്നു ഞെട്ടി. വിദ്യുത്പാതം ഏററ സർപ്പത്തെപോലെ ഒന്നു പുളഞ്ഞു, ഇരുന്നഇരുപ്പിൽ. നമ്പൂരിയുടെ ഭാവഭേദങ്ങൾ ലോകതന്ത്രപടുവായ സുബ്ബയ്യന്് പെട്ടെന്നു കണ്ടറിവാൻ വൈഭവമുണ്ടു്. കുഞ്ചുമാതേവനെ പട്ടാളക്കാരെക്കൊണ്ടു ഹേമദണ്ഡങ്ങൾ ചെയ്യിച്ച് അവനിൽനിന്നും, ഇതരമാർഗ്ഗേണയും മുടത്തുംമഠത്തിൽ നടന്ന ദാരുണസംഭവങ്ങളുടെ സൂക്ഷ്മാവസ്ഥ മനസ്സിലാക്കിയിട്ടുണ്ടു്. ഇങ്ങനെ ലഭിച്ച കരുക്കൾ ഉപയോഗപ്പെടുത്തി റസിഡണ്ടു ധാര തിരിച്ചു വരുംമുൻപ നമ്പൂരിയെ ഭീഷണിപ്പെടുത്തി പിടുങ്ങുവാൻകഴിയുന്നിടത്തോളം ധനം കൈക്കലാക്കണമെന്നുള്ള ദുർമ്മോഹത്തോടുകൂടിയായിരുന്നു ആയാളുടെ പുറപ്പാടു്. നടന്ന സംഭവത്തിൻെറ ഉള്ളുകള്ളികൾ സുബ്ബയ്യൻ ശരിക്കു മനസ്സിലാക്കിയിട്ടുണ്ടെന്നും, ഈസ്റ്റിൻഡ്യാകമ്പനിക്കാരുടെ ഉററമിത്രമായ കേശവപിള്ളയുടെ സംശ

യകരമായ നിയ്യാണക്കായ്യം റസിഡണ്ടുസായ്പു തിയ്യെവന്നാലുടൻ അന്വേഷണവിഷയമായിത്തീരുമെന്നും, കായ്യങ്ങളുടെ യാഥാത്ഥ്യം വെളിപ്പെടുത്തുവാൻ ഇടയുണ്ടെന്നും, അങ്ങനെ സംഭവിച്ചാൽ തന്റെനില അപകടത്തിലായിത്തീരുകതന്നെ ചെയ്യുമെന്നും നമ്പൂരിക്കു നിശ്ചയമുണ്ടു്. അതിനാൽ ധാരയുടെ പ്രത്യാഗമനത്തിനുമുൻപായി,ഏതുവിധവും കായ്യങ്ങൾഒതുക്കിത്തീക്കുകയാണു് ആവശ്യമെന്നു് ദളവ തീരുമാനിച്ചു. എങ്കിലും തന്റെ ക്ഷീണവശങ്ങൾ പെട്ടെന്നു പ്രകാശിപ്പിക്കാതെ നമ്പൂരി പറഞ്ഞു:—ഹേയ്! എന്തൊരുവത്തമാനം ഇതു സുബ്ബയ്യർ. നോം ആരു്? നിങ്ങൾ ആരു്? അരോടാണീ സംസാരിക്കുന്നതു്? എവിടെവച്ചാണെന്നുംഓമ്മിക്കേണ്ടേ?

സുബ്ബയ്യൻ:—ദളവായവാൾ ഓലപ്പാമ്പെപോട്ടു സുബ്ബയ്യൻ കിട്ടെ പിള്ളയ് വിളയാട്ടമാ. സറസമാനപേച്ചു്. ഒങ്കളുടൈ ഉരുട്ടുകളൊണ്ണും ഇങ്കെ മുടിയാതു്. ഈസ്റ്റിൻഡ്യാകമ്പനിക്കാരുടൈ കൊടി ഇന്തഊരിലൈ പാക്കറകാലം ഇന്തവിളയാട്ടം വിലപ്പോകറതില്ലൈ. ദളവയാനാലെന്നാ ശവ്വാതിയാനാലെന്നാ.

നമ്പൂരി:—സുബ്ബയ്യൻ ഇന്നു നമ്മോടു ശുണ്ഠികടിക്കാൻതന്നെ പുറപ്പെട്ടിരിക്കയാണെന്നു തോന്നുന്നു! ഒരുകായ്യം ഓമ്മവേണം. നോം രണ്ടാളും ബ്രഹ്മസ്വം ധരിക്കുന്ന ജാതി. നമ്പൂരാരെന്നും ചോഴിയബ്രാഹ്മണനെന്നും ഭേദമേ ഉള്ളു കേട്ടോ. ഒരുകാലത്തു നോം രണ്ടാളും ഒരേഗോത്രം. വസിഷ്ഠഗോത്രം. ഞാനും സുബ്ബയ്യക്കു ഉതവി ശെയ്യാൻ കഴിവുള്ള ഒരു ആൾ.

സുബ്ബയ്യനു നമ്പൂരിയുടെ ഇംഗിതം മനസ്സിലായി. അയാൾ പ്രസന്നമുഖനായി പറഞ്ഞു:—ഹ! ഹ! ഹ! സരസമാനപേച്ചു് ഒങ്കളൈ ദളവയാവെ കെടച്ചതു് ഇന്ത അരശരുടൈ ബാഗ്യം. സന്ദേഹമില്ലൈ. നാം ഏതാവതു ശൊല്ലിവിട്ടോം. വിളയട്ടമാഹ.ത്താൻ. കവലപ്പെടവേണ്ടാം. നാൻ ഇരുക്കേ. അന്തക്കമ്പനികളുടെ അസിസ്റ്റാണ്ടു്. സ്ഥാനപതി സുബ്ബയ്യരെ തെരിയുമോ.

ങ്കളുക്ക് ധചരയവാളിരുക്കേ. എന്നുടൈ മൊളിതാനേ അവാൾ ക്കുംവേദമോളി. കവലൈവേണ്ടാം.

നമ്പൂരി:—എന്റെ സുബ്ബയ്യരെ! സ്വാമിക്കു നീരസം എന്നു തോന്നി നമുക്ക്. പിന്നെന്തിന് ഈ ജീവിതം എന്നും തോന്നി. ശ്രീപത്മനാഭനാണെ ഇതു സത്യം! പട്ടാങ്ങല്ല്യ!

സുബ്ബയ്യർ:—ഒങ്കൾ പെരിശാന ധനവാങ്കൾ. ആനാലും ശുത്തപൈത്യക്കാറൻ. പിള്ളെമനം പൊയ്യറിയാ. വേൺപടിയ വളവു മുടിക്കലാം. അതേനിനത്തു കവലൈവേണ്ടാം. കടിതം എഴുതിക്കുത്തി പോട്ടുറോം നേത്തെക്കുതാൻ. അവാൾ തമതു കയ്യിനാലെ വൈരം പൊട്ടിത്തു സാപ്പിട്ട് ഇറന്തതാകെ.

നമ്പൂരി:—അതുമതിസാമീ. അങ്ങനെ എഴുതിവിടുക്കണം.

എന്നിങ്ങനെ പറഞ്ഞിട്ടു നമ്പൂരി ഒരു ഭണ്ഡാരപ്പെട്ടി തുറന്നു കുറേനേരം നോക്കിക്കൊണ്ടുനിന്നു. അനന്തരം അതിൽനിന്നു സാമാന്യം ചെറുതല്ലാത്ത ഒരു വലജാലിക കൈയ്യെടുത്തുകൊണ്ടു പെട്ടി ഭദ്രമായിപൂട്ടി താക്കോൽ കയ്യിലെടുത്തു എളിയിൽ തിരുകി സുബ്ബയ്യന്റെ സമീപത്തേക്കുവന്നു:—"ഇതാ പിടിച്ചുകൊള്ളുക. ഇതു നൊമ്മടെ സന്തോഷം."

അനന്തരം തന്റെ അംഗുലിയിൽ നിന്നു നവരത്നഖചിതമായ ഒരു മോതിരം ഊരി സുബ്ബയ്യന്റെ അനാമികയിൽ അണിയിക്കുകയും ചെയ്തു. സുബ്ബയ്യന്റെമുഖം പ്രഭാതസൂര്യബിംബത്തെയും വെല്ലുന്ന ദീപ്തിയോടെ പ്രകാശിച്ചു. രണ്ടുകൈകളും നീട്ടി ഭക്തിപുരസ്സരം ആ ബ്രാഹ്മണൻ ആ സമ്മാനം വാങ്ങി; നമ്പൂരിയാൽ അണിയിക്കപ്പെട്ട അംഗുലീയവും ധരിച്ചു, സന്താനഗോപാലത്തിലെ അന്തണപ്രവീണനേക്കാൾ അതീവസന്തുഷ്ടനായി അങ്ങനെ നില്ക്കുന്ന ആ കാഴ്ചകണ്ടു, ജയന്തൻശങ്കരൻനമ്പൂരി ഒന്നു മന്ദസ്മിതം ചെയ്തു. എന്നിട്ടു ചോദിച്ചു: "എന്താ! സുബ്ബയ്യരേ, സന്തോഷായോ!

സുബ്ബയ്യൻ:—സ്വാമീ.

നമ്പൂരി:—മുഖംകാണിക്കാൻ നോം ഒരു നല്ല ദിവസംനോക്കി നിശ്ചയിച്ചു കുറികൊട്ടുത്തയയ്ക്കാം. അന്നാവട്ടെ ആ സംഗതി. അന്നു സുബ്ബയ്യന്റെ തൂക്കെയിൽനിന്നു് അട്ടത്തോടൻ വീരശൃംഖല രണ്ടു കൈയ്ക്കും. ഈ ജയന്തൻശങ്കരന്റെവാക്കു് വൃഥാവാവില്ല. കേട്ടോ.

സുബ്ബയ്യർ:—അതെനക്കു തെരിയുമേ സാമീ.

“എന്നാൽ പോവുക. ആ കുഞ്ചുമാതേവനെ ഇങ്ങട്ടു് അയയ്ക്കുക. അവൻ നൊമ്മുടെ ഉത്തമഭൃത്യൻ.” എന്നു നമ്പൂരിയും

“അന്ത പ്രമാദം പൊറക്കവേണം സാമീ! അവൻ ഇപ്പോത്താൻ ഇങ്കെവന്തിട്ടും. അതേപ്പററി കവലൈ വേണ്ടാം. നാൻ ഒങ്കളുടെയ ആൾ താനേ. ബ്രാഹ്മണനുക്കു ബ്രാഹ്മണാൾ ഒത്താശൈ.” എന്നു സുബ്ബയ്യനും പറഞ്ഞു. അനന്തരം ആ സുഹൃത്തുക്കൾ പരസ്പരം യാത്രചോദിച്ചു പിരിഞ്ഞു.

## 8

## ദളവായുടെ റിപ്പോർട്ട്

മഹാരാജാക്കന്മാരുടെ സന്നിധിയിൽ രാജ്യകാര്യങ്ങളേയും കൊട്ടാരം മതിലകം ഇടപെട്ട കാര്യങ്ങളേയും സംബന്ധിച്ചു് ദളവാമാർ അത്യാവശ്യകാര്യങ്ങൾ അറിയിച്ചു്, ഉടനടി നടത്തേണ്ട നടപടികൾക്കു രാജകീയാനുജ്ഞ വാങ്ങുന്ന ഒരു പതിവുണ്ടു്. അതിലേയ്ക്കായി നിത്യവും രാവിലെയോ, ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസമോ ദളവ നാടുവാഴുന്ന രാജാവിനെ മുഖംകാണിക്കുക പതിവുണ്ടു്—അതിനു ദളവയുടെ റിപ്പോർട്ടു് എന്നാണു് പണ്ടു പറഞ്ഞുവന്നിരുന്നതു്. ശങ്കരൻനമ്പൂരി ദളവയായശേഷം ഇങ്ങനെ റിപ്പോർട്ടിനായി പ്രത്യേകദിവസങ്ങളും മണിക്കൂറും ക്ലിപ്തപ്പെടുത്തിയിരുന്നില്ല. എന്തുകൊണ്ടെന്നാൽ നമ്പൂരി മഹാരാജാ

വിൻെറ പ്രധാനസേവൻകൂടെയായിരുന്നതിനാൽ സമയംനോക്കാതെ ഏതുഗഡുവിലും തിരുമുമ്പിൽ ചെല്ലുവാനും ഏതുകാൎയ്യത്തെയുംകുറിച്ച സംസാരിക്കുവാനുമുള്ള സ്വാതന്ത്ര്യം അദ്ദേഹത്തിനുണ്ടായിരുന്നു. കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ച സംഭവങ്ങൾ നടന്നതിൻെറ പിറേറന്നാൾ നമ്പൂരി തിരുമുമ്പിൽ സന്നിഹിതനായിരുന്ന ഗഡുവിൽ പ്രകൃതവശാൽ മഹാരാജാവിനോട്ട് ഇങ്ങനെ ഉണൎത്തിച്ചു:—"നോക്കു അ മുഖം കാൎയ്യക്കാറന്മാരെ വരുത്തി ഒരു ശട്ടംകെട്ടു ചെയ്യാനിണ്ടു്. ഖജാനയിൽ പണം തീരെ ഇല്ല്യ. അമ്മാവൻതിരുമേനി നാടുനീങ്ങുമ്പോഴേ ഖജാനയിലെ പണമെല്ലാം മതിലകം മാരാമത്തെന്നുംമററും വ്യാജംപറഞ്ഞു്, അ കേശവപിള്ള എടുത്തു് അപഹരിച്ചുകളഞ്ഞു. നിത്യനിദാനം പിരിവുമുതലൊക്കെ എടുത്തു സ്വരുക്കൂട്ടി അ കുമ്പഞ്ഞിക്കാൎക്കധീനമാക്കും അയാൾ കൊടുത്തയച്ചു്, രാജ്യം മുടിച്ചുതേച്ചുകഴുകി. അയാളങ്ങു സ്വൎഗ്ഗയാത്രയാകയും ചെയ്തു.

മഹാരാജാവ്:—എന്താ പണത്തിനു നിവൃത്തി ഇനി.

നമ്പൂരി:—ഇക്കാലസ്ഥിതിക്കു പുറമേനിന്നു കടം വസ്ലിക്കു് എടുക്കുക ആക്ഷേപം. രാജ്യത്തിനകമേ നൊമ്മുടെ പണക്കാർ പ്രജകൾഉണ്ടു്. ചിലർ ധനാഢ്യന്മാർ. അവററകളെ പിടികൂടുകയേ തരൊള്ളൂ.

മഹാരാജാവ്:—അതെങ്ങനെ?

നമ്പൂരി:—ഇപ്പൊത്തന്നെ പണം എത്രവേണമെങ്കിലും തരാലൊ എന്നുപറഞ്ഞു് ചില ആൾക്കാർ നേരിട്ടുവന്നു മുട്ടിക്കൂടുണു. അവരിലൊരാളാ അ തരകൻ. അയാളുടെ പക്കൽ ഒരു ലക്ഷത്തിനു വെള്ളിയും സ്വൎണ്ണവുമായി രൊക്കം എടുക്കാനുണ്ടാവും. ഒരു ലോഭവുമില്ല്യ. അവിടത്തേപ്പററി എന്തൊരുഭക്തി!

മഹാരാജാവ്:—എന്താ കരാറുകൾ?

നമ്പൂരി:—കഴിവതു കരാർക്കുണ്ടിലൊന്നും ചാടാതെ കഴിക്കണം നോക്കു്. ഒരു കരാറുമില്ല്യാതെ അ പണമൊക്കെ ഇവിടെ

തിരുമുമ്പിൽ അടിയറവയ്ക്കാൻ ഒരുക്കം അയാൾ. അയാളുടെ കുടുംബംത്തേയ്ക്കു ചില ചില്ലറ കുത്തകകൾമാത്രം വിട്ടുകൊടുത്താൽ മതിയാവും.

മഹാരാജാവു്:—അങ്ങനെയാവട്ടെ.

നമ്പൂരി:—ഉപ്പുകുത്തക, മലംചരക്കും തടികളും ശേഖരിച്ചു വില്ക്കാൻ കുത്തക, ചുങ്കാപിരിവുകുത്തക ഇതൊക്കെത്തന്നെ. തരകനോ നന്നേ ചെറുപ്പം. ആളോ ബഹുസരസൻ. നൊമ്മുടെ രാജ്യത്തെ കച്ചവടംമേലധികാരത്തിനു പററിയ ആൾ. അയാളെ ഒരു വലിയ കാര്യക്കാരായി നീട്ടുകൊടുത്താൽ അസ്സലായിരിക്കും. സംശയേല്യ.

മഹാരാജാവു്:—എങ്കിൽ ആവട്ടെ. നീട്ടു് എഴുതിച്ചുവരുത്തുക. അയാളെയും വരുത്തുക.

നമ്പൂരി:—തരകൻ ഇവിടെ അടുത്തുതന്നെ ഇണ്ടാവും. നീട്ടു കൊടുത്താൽ നൊമ്മുടെകൂടെ തുണയായി ജേൽക്കച്ചേരിസങ്കേതത്തിൽ ഇരുന്നു വിചാരം ചെയ്തുകൊള്ളും. നസ്രാണിയല്ലേ. അവിടംവരെ പ്രവേശിപ്പിക്കുന്നതിൽ ദുഃഷ്യാം ഇല്യ. ക്ഷ! നന്നായിരിക്കും. കൊട്ടാരത്തിലേക്കും മതില്ക്കകത്തേക്കും കൊണ്ടുവരണ എണ്ണ, ശക്കര വ്യഞ്ജനാദികൾ അയാളെക്കൊണ്ടു തൊടുവിച്ചു് അശുദ്ധി നീക്കുകയും ചെയ്യാലോ! ഈച്ചയ്ക്കും, പൂച്ചയ്ക്കും നസ്രാണിക്കും അശുദ്ധീല്യാ.

മഹാരാജാവു് ഒന്നു മന്ദസ്മിതം തൂകി ഇങ്ങനെ കല്പിച്ചു:— "നമ്പൂരിക്കു തക്കസമയത്തു് വേണ്ടതൃതോന്നും. ഗുരുത്വം ഉള്ളവൻ."

നമ്പൂരി:—ക്ഷ! ല! അതച്ഛൻെറ അനുഗ്രഹം! പിന്നെ തിരുമേനിമാരുടെയും ശ്രീപത്മനാഭൻെറയും തുണ. ഒരു സംഗതികൂടെ ഉണത്തിക്കാനിണ്ടു്. നൊമ്മുടെ സക്കാരിലെയും കൊട്ടാരത്തിലെയും കണക്കുകൾ ആകെ കുഴഞ്ഞുവശായി കിടക്കുകയാ. ഇനിയുള്ള കാലം ആ ചെമ്പകരാമനെക്കൊണ്ടു് ഒന്നും ആവി

ക്ഷ്യ. കേട്ടപ്പാ! അയാൾക്കു മാസപ്പടമമുഴുവനും മാസാശനമായി ചെലവെഴുതിക്കൊടുത്തു തുടച്ചാലും വേണ്ടില്ല്യ. അത്രയ്ക്കു പൊറുതിമുട്ടി അയാളുടെ കണക്ക് എഴുത്തുകൊണ്ട്. നോക്ക് ഒരു കൂട്ടുകെട്ടി. അസ്സൽ ചെട്ടിയാരെ വരുത്തി പതിക്കാം. ശങ്കരനാരായണൻ. അവൻ ഇഹലോകത്തിലെയും പരലോകങ്ങളിലെയും കണക്കെഴുത്തിനു കേളികേട്ട ആ ചിത്രഗുപ്തര നമ്പൂരിയെയും ജയിക്കും. സംശയമില്ല്യ. അതുകൊണ്ട് അവനെത്തന്നെ വലിയ മേലെഴുത്തായി പതിക്കണം എന്നൊരു തോന്നൽ. പിന്നെ തിരുമനസ്സിലെ ഹിതം എങ്ങനെയോ, അങ്ങനെ.

മഹാരാജാവ്:—നാം നമ്മുടെ പ്രതിപുരുഷനായി നമ്പൂരിക്കു നീട്ടുതന്നുകഴിഞ്ഞു. ഇനി മററു ആൾക്കാരെയെല്ലാം നമ്പൂരിയുടെ ഇഷ്ടംപോലെ ആക്കമാററങ്ങൾ ചെയ്തുകൊള്ളണം. നമ്മെ അതിനൊന്നും ബുദ്ധപ്പെടുത്തേണ്ട.

നമ്പൂരി:—അങ്ങനെയെങ്കിലും നാം സ്വമേധയാ പ്രവർത്തിക്കുകയേ ഇല്ല്യ! എല്ലാം കല്പനപ്പടി.

മഹാരാജാവ്:—ചെമ്പകരാമന് ഇപ്പോൾ കൊടുത്തുവരുന്ന മാസപ്പടമയും അനുഭവങ്ങളും കൊടുത്തു പിരിച്ചുവിട്ടുക. ശങ്കരനാരായണനു നീട്ടുംകൊടുപ്പിക്കുക. ശ്രീപണ്ടാരക്കാര്യങ്ങൾക്ക് ഒന്നിനും നീക്കുപോക്കു വരുത്. 

നമ്പൂരി:—രാജാകേശവദാസൻെറ സ്ഥാവരജംഗമങ്ങളും അയാളുടെ ശേഷക്കാരുടെ വസ്തുവകകളും ഒക്കെ കണ്ടുകെട്ടി ശ്രീപണ്ടാരവകയിൽ വെച്ചു മുതൽകൂട്ടിക്കഴിഞ്ഞു. ഇനി ആ കുമാരൻെറയും ഇരയിമ്മൻെറയും മേലുള്ള കുററത്തിനു അവരെ വേച്ചവിരോധിച്ചു തടവിലാക്കിക്കാൻ കല്പനകൊടുക്കണം.

മഹാരാജാവ്:—അതു് ഉടനെതന്നെ നാം ചെയ്യണമോ?

നമ്പൂരി:—നാം ആ വിഷവൃക്ഷങ്ങളെ ഇങ്ങനെ വച്ചുപുലത്തുന്നതു തീരെ ശുദ്ധമല്ല്യ അല്ല്യ. സ്വാമിദ്രോഹികൾ.

മഹാരാജാവു്:—നമ്പൂരി! ആ കേശവപിള്ളതന്നെ നിരപരാധിയെന്നു നമുക്കു തോന്നുന്നു. താൻ ചെയ്തതു വലിയ കുറ്റമായിപ്പോയി. ആ സുബ്ബയ്യനും മറുപക്ഷരും നമ്മോടു പറഞ്ഞിരിക്കുന്നു. കേശവദാസൻ ഉത്തമൻ. അയാളുടെ അനുജനും ശേഷക്കാരനും നല്ല ചുണക്കുട്ടികൾ. നമ്മുടെ രാജ്യം കാത്തുരക്ഷിക്കുന്ന രണ്ടു ശൂരന്മാർ! സിംഹക്കുട്ടികൾ! ഇനി ഇക്കാര്യംമാത്രം നമ്മോടു പറഞ്ഞുകൂടാതു്.

നമ്പൂരിക്കു തിരുമനസ്സിലെ ഈ അഭിപ്രായം തീരെ രസമായില്ല. കുറേനേരത്തേയ്ക്കു് ആ ബ്രാഹ്മണൻ ദുർമ്മുഖനായി വൈവർണ്ണ്യംപൂണ്ടുനിന്നതേയുള്ളു.

മേട്ടുവായുടെ ജളതകണ്ടു് ആർദ്രമനസ്സായ മഹാരാജാവു കല്പിച്ചു:—"നമ്പൂരി വിഷമിക്കേണ്ട. ജനങ്ങളുടെ അഭിപ്രായം നാം അറിഞ്ഞതു പറഞ്ഞു എന്നേ ഉള്ളു. നാം ചെയ്യുന്ന ഓരോ അകൃത്യത്തിന്റേയും ഫലം ഇഹത്തിൽവെച്ചുതന്നെ അനുഭവിക്കേണ്ടിവരും. ആ ഓർമ്മയോടുകൂടി ഇനിമേൽ പെരുമാറിക്കൊള്ളണം. അത്രേയുള്ളു."

നമ്പൂരി:—നോം അത്ര പാപിയെന്നോ കല്പന! എങ്കിൽ—ല!—ക്ഷ? ഉടവാളും മുദ്രമോതിരവും ഇതാ തിരിച്ചു വച്ചേക്കാം. ഇല്ലത്തുന്നു വന്നപ്പോൾ കൊണ്ടുവന്ന ഓലക്കുടയും, പഴഞ്ചെരിപ്പും, മുണ്ടുഭാണ്ഡവും അതുപടി വച്ചിട്ടുണ്ടു്. ഇതാ—ഇനി—അച്ഛനാണേ!—പത്മനാഭനാണേ—ഇനി—ഇവിടെ ശേവ—

"ഹേയ്! ബ്രാഹ്മണ! സാഹസം അരുതു്! അരുതേ ശപഥം." എന്നു മഹാരാജാവു് ഇടയ്ക്കു തടസ്സംചെയ്തു് ഉഗ്രശപഥത്തിൽനിന്നു നമ്പൂരിയെ പിന്തിരിച്ചു. നമ്പൂരിക്കു് കഠിനമായ സങ്കടവും ഈർഷ്യയും തോന്നി. അയാൾ പറഞ്ഞു: ഇപ്പഴത്തെയ്ക്കു പുറപ്പാടായി. ല! ഇനി ശേവം ല! ക്ഷ! അതുയ്യോ! കൊള്ളാം! നോക്കു് എന്തുകാര്യസാദ്ധ്യം ഈ പാടുപെട്ടാൽ. രാജ്യത്തിനും രാജാവിനുംവേണ്ടി—അതിനീ പുള്ളും പുലഭ്യവുമോ! ആവ

ശ്യമില്ലല്ലൊ. ഇല്ലത്തുചെന്നിരുന്നാലും ഒരുനേരത്തെ അഷ്ടിക്ക് ഒക്കെ ഉണ്ടാവും. കേട്ടോ.

മഹാരാജാവ്:—നമ്പൂരി വല്ലാത്ത ചിരുന്നല്ലോ നമ്മുടെമുമ്പിൽ. ബാല്യസ്നേഹംകൊണ്ടു നാം ക്ഷമിക്കുന്നു.

നമ്പൂരി:—ഇനി നമുക്കു ദളവാപ്പണിയും വേണ്ട! കാര്യ്യവിചാരവും വേണ്ട. ഇല്ലത്തെത്തു മാനമായിപ്പോയാൽമതി. യേ! ക്ഷ! ല! ക്ഷ! ല! ഇന്നേത്തുവിഡ്ഢിയെ കണികണ്ടുവോ ഭഗവാനേ!

മഹാരാജാവ് മന്ദസ്മിതപൂർവ്വം ഇങ്ങനെ കല്പിച്ചു:—"നമ്പൂരി അടങ്ങണം. പോയി മുഖം കഴുകി ഊണുകഴിച്ചു ശാന്തനായ് മടങ്ങു."

നമ്പൂരി തിരുമുമ്പിൽനിന്നു മറഞ്ഞു.

൭

# ഇന്ദിരത്തങ്കച്ചി

"എന്താ ഇന്ദിരേ! ഇയ്യിടെ ഒരു മ്ലാനഭാവം?" എന്നിങ്ങനെ ഇളയരാജാവു സപത്നിയോടു ചോദിച്ചു. നേരം എട്ടുനാഴിക രാവായിരുന്നു. പൌർണ്ണമിച്ചന്ദ്രന്റെ വെണ്മയേറിയ കളുർകാന്തി പ്രചുരിമ നിമിത്തം, പള്ളിയറയിലെ ദീപത്തിന്റെ രാഗപ്രഭ മ്ലാനീഭവിച്ചിരിക്കുന്നു. വിധിദൈവത്തിന്റെ പുതുമയേറിയ വൈചിത്ര്യവിലാസത്താൽ ശ്രീവാഴുംകോട്ടു ഇളയ രാജപദത്തിൽ, ആരോഹണം ചെയ്തിരിക്കുന്ന ആ രാജകുമാരൻ പ്രായത്തിൽ നാടുവാഴുന്ന അവിട്ടംതിരുനാൾ ബാലരാമവർമ്മയോട് ഏറെക്കുറെ സമീപിച്ചുതന്നെ നിൽക്കും. ആൾ ആകാരസൌഷ്ഠവത്തിലും ബാഹ്യമായ വ്യക്തിവിലാസത്തിലും നൂതനപദവിക്ക് അനുയോജ്യൻ തന്നെയെന്നു പ്രേക്ഷകജനം നിർവ്വിശങ്കം സമ്മ

തിക്കാതിരിക്കുകയില്ല. അദ്ദേഹത്തിന്റെ സവിധത്തിൽ, ആ രാജകീയ പല്യങ്കത്തിൽതന്നെ ഹംസതൂലികാശയ്യയിൽ പാർശ്വസ്ഥയായിരുന്ന ഇന്ദിരത്തങ്കച്ചിയുടെ പൂമെയ്യിൽ, മെല്ലെ മെല്ലെ സാനുകമ്പം പ്രേമാവാസിയായി തഴുകിക്കൊണ്ടാണു് രാജകുമാരൻ ഇങ്ങനെ പ്രശ്നംചെയ്തതു്. അപ്പോൾ ഇന്ദിര പറഞ്ഞു: "വിശേഷിച്ചു സന്തോഷക്കുറവിനു കാരണമൊന്നുമില്ല."

ഇളയരാജകുമാരൻ:—അങ്ങനെയല്ല. എന്തോ കലശലായ മനോദുഃഖമുണ്ടു് ഇന്ദിരയ്ക്കു്. തുറന്നു പറയൂ. നാംകൂടി അറിഞ്ഞിരിക്കണമല്ലോ. വല്ല പരിഹാരവും ഉണ്ടാക്കാൻ കഴിയുമോ എന്നു നോക്കട്ടെ.

ഇന്ദിരത്തങ്കച്ചി രാജകുമാരന്റെ അന്തരംഗത്തെ കുളുർപ്പിക്കുവാൻ പര്യാപ്തമായ ഒരു 'കുന്ദമന്ദസ്മിതം' തൂകിക്കൊണ്ടു പറഞ്ഞു: "വിശേഷിച്ചു് ഒന്നുമില്ല. അവിടത്തേയ്ക്കു് എന്തുകൊണ്ടോ, അങ്ങനെ തോന്നി എന്നേയുള്ളു."

ഇളയരാജകുമാരൻ:—ഇപ്പോഴത്തെ അന്തരീക്ഷത്തിന്റെ കാറും കറുപ്പും കണ്ടു് ഇന്ദിര പേടിച്ചു വശായോ?

ഇന്ദിര രാജകുമാരന്റെ മുഖത്തേയ്ക്കു് ഒന്നു സൂക്ഷിച്ചുനോക്കി മൌനം ഭജിച്ചിരുന്നതേയുള്ളു.

"എന്താ! ഒന്നും പറയാത്തതു്? പറയൂ. പറയൂ." എന്നായി കുമാരൻ.

"കാര്യം ഒന്നും തുറന്നു പറയാൻ പാടില്ലാത്ത കാലം. വിശേഷിച്ചും വളരെ വളരെ പേടിച്ചുവേണം. അവിടത്തോടും സംസാരിപ്പാൻ."

ഇളയരാജാവു പൊട്ടിച്ചിരിച്ചു. വന്ന ചിരി കുറെയൊക്കെ അടക്കി ശാന്തത അവലംബിച്ചുകൊണ്ടു ചോദിച്ചു: "നമ്മോടു സംസാരിപ്പാൻ പേടിയോ? നാം കടുവായോ പുലിയോ മറ്റോ ആണോ?"

ഇന്ദിര:—നാടുവാഴാൻ പോകുന്ന തമ്പുരാനല്ലേ?

ഈ പ്രസ്താവന ഇളയരാജാവിനു കുറിക്കുകൊണ്ടു. അദ്ദേഹത്തിന്റെ മുഖം അത്യന്തം പ്രസന്നമായി. അദ്ദേഹം ചോദിച്ചു: "ശരി. അതുകൊണ്ട് അക്കാലം എന്റെ ഇന്ദിര വല്യമ്മച്ചിയല്ലേ?"

ഇന്ദിര:—അടിയനൊന്ന് ഉണൎത്തിക്കാനുണ്ട്. അവിടുത്തേക്കു ഹിതമാവുമോ എന്ന ശങ്കയും ഇല്ലാതില്ല.

ഇളയരാജകുമാരൻ:—എന്താ! തുറന്നു പറയരുതേ. നാം തമ്മിൽ ഈ ആചാരോപചാരങ്ങൾ വേണോ?

ഇന്ദിര:—തിരുമേനിക്ക് ആ നമ്പൂരിയുടെ അടുപ്പം നന്നല്ല. നമ്പൂരി വലിയതമ്പുരാന്റെ സേവനും ഇപ്പോൾ ദളവാക്കൂടെയും തന്നെ. എങ്കിലും അയാൾ ശുദ്ധവിഡ്ഢി. കുമ്പക്കാരൻ.

ഇളയരാജകുമാരൻ:—ഇന്ദിര പറഞ്ഞതു് അക്ഷരംപ്രതി ശരി. നാം അതു് അറിയായ്കയല്ല. അയാളുടെ പല നടപടികളും നമുക്കു തീരെ രസമാവുന്നില്ല. ജ്യേഷ്ഠൻതിരുമേനിക്ക് അതെല്ലാം പത്ഥ്യം. പിന്നെ നാം എന്താ ചെയ്ക. സഹിച്ചിരിക്കയേ തരമുള്ളു. നമുക്ക് അധികാരം കിട്ടുന്നകാലം, നമുക്കറിയാം ഈ ഈച്ചകളെ എല്ലാം ആട്ടി ഓടിക്കാൻ.

ഇന്ദിര:—ആ വലിയദിവാൻജിയദ്ദേഹത്തോടു കാണിച്ച കറിനകൃത്യം! ഭണ്ഡാരമൊക്കെ കൊള്ളയിട്ടു വടക്കോട്ടു കടത്തിക്കഴിഞ്ഞു. ഇയ്യിടെ ഒരു ചെട്ടിയെയും ഒരു തരകനെയും ശ്രീപണ്ടാരവകയിൽ കാൎയ്യക്കാരന്മാരായി നിയമിച്ചു കഴിഞ്ഞു.

ഇളയരാജകുമാരൻ:—നാം ഇതെല്ലാം ഉറവുനോക്കിക്കൊണ്ടു ദിവസം കഴിക്കുകയാണ് എന്റെ ഇന്ദിരേ! തിരുമനസ്സുണത്തിച്ചാൽ ഫലമൊന്നും ഉണ്ടാകില്ല. ദളവ ചെയ്യുന്നതെല്ലാം രാജ്യത്തിന്റെ ഉത്തമതാല്പൎയ്യങ്ങൾക്കു പാറിയതെന്ന് അവിടുന്നു വിശ്വസിക്കുന്നു. നാം എന്തു ചെയ്യട്ടെ. നമ്മുടെ നില സൂക്ഷിക്കേണ്ടേ?

ഇന്ദിര:—അവിടുത്തെ സ്ഥാനം ഉറപ്പിക്കാൻവേണ്ടി നമ്പൂരിയെ കൂട്ടുപിടിച്ചു, കേശവദാസനെ തുലച്ചു എന്നും മററും ആളു

കാർ അപവാദം പരത്തുന്നു. അതു് എൻെറ ചെവിക്കും കേരം ക്കുന്നു. ഈ തിരുവനന്തപുരത്തേ സ്ത്രീകൾകൂടെ നിത്യവും വീട്ടു കളിൽ പറയുന്നു. എന്തു ചെയ്യാം!

ഇളയരാജകുമാരൻ:—ജനശ്രുതി അമത്താൻ എന്തു കഴിവു്. അപവാദം പറഞ്ഞുപരത്തുന്ന തൊഴിലുകാർ ചിലർ എന്നും എ വിടെയും ഉണ്ടേ ഉണ്ടു്. നാം എന്തു ചെയ്യും.

ഇന്ദിര:—ആ ജനറാളെയും കൊട്ടാരംപേഷ്കാരെയുംകൂടെ തുലയ്ക്കാൻ ആ നമ്പൂരി കിണ്ണിവച്ചിരിക്കുന്നുവെന്നും ജനങ്ങൾ പറയുന്നു.

ഇളയരാജകുമാരൻ:—അതും വാസ്തവമായിരിക്കും.

ഇന്ദിര:—കേശവദാസനു് എതിരായി ഒരു രേഖ വ്യാജമാ യി ചമച്ചു ദളവായെ ഏല്പിച്ചു ഒരു കുഞ്ചുനാതേവനെ കൊട്ടാരം രായസംവലയ്ക്കു പതിച്ചുപോലും.

ഇളയരാജകുമാരൻ:—അതു ശരിതന്നെ. അവൻ പകടശാല ശേവുകക്കാരനായിരുന്നു. വെറും പട്ടശ്ശവുകം. ആ നമ്പൂരി വി ചാരിച്ചാൽ ഇതിലും കൂടുതൽ നടക്കുന്ന കാലമാണിതു്. നമുക്കും വാസ്തവത്തിൽ അയാളെ ഭയംതന്നെ. പുറമേ നടിക്കുന്നില്ലെന്നേ യുള്ളു. ബലഹീനതയല്ലേ അങ്ങനെ ഭാവിച്ചാൽ?

ഇന്ദിര:—നമ്പൂരി എല്ലാ മുഖംകാര്യക്കാരന്മാരെയും വരു ത്തി അവരെല്ലാം ഓരോ വലിയതുക അടിയറ തീക്കണമെന്നു നിർബ്ബന്ധിക്കുന്നുപോലും.

ഇളയരാജകുമാരൻ:—ശരിതന്നെ. ഭണ്ഡാരത്തിൽ പണം ഒട്ടുമില്ല. നിത്യനിദാനങ്ങൾ എങ്ങനെയും നടക്കേണ്ടേ.

ഇന്ദിര:—കാര്യക്കാരന്മാർ പലരും പിണങ്ങിയെന്നു കേട്ടു. നമ്പൂരിയും ചെട്ടിയാരും തരകനുംകൂടി തലവരി പിരിപ്പിക്കാൻ തുടങ്ങുന്നുവത്രേ.

ഇളയരാജകുമാരൻ:—എന്തോ ചെയ്യു! ജ്യേഷ്ഠൻതിരുമേനി ശുദ്ധൻ. ഈ നമ്പൂരിയെ നിയന്ത്രിച്ചില്ലെങ്കിൽ ജനങ്ങൾ

ക്ഷോഭിച്ചേക്കും. ആ ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാകമ്പനി കേറി വി കടിച്ചേക്കും. കാര്യമാകെ കുഴയുന്ന ലക്ഷണം കാണുന്നു.

ഇന്ദിര:—നാഞ്ചിനാട്ടിലെ നിലംനടക്കുന്ന ഒരു ചെട്ടിയാർ വന്നിരുന്നു, അമ്മവീട്ടിൽ. അയാൾ പറഞ്ഞു, അവിടെ ജന ങ്ങൾ ആകെ ഇളകിയിരിക്കയാണത്രേ. അവരാരും ദളവായുടെ ഉത്തരവുംപടി വരികൾ കൊടുക്കയില്ലത്രേ. കുറേപ്പേർ ഇവ്വിടെ മുഖംകാണിച്ച് സങ്കടം ഉണർത്താൻ പുറപ്പെടുന്നതിനു് ഒരുങ്ങി യിരിക്കയാണെന്നും പറഞ്ഞു. ഒരു വേലുത്തമ്പിയാണവരുടെ നേതാവ്. ആയാൾ നല്ല ചെറുപ്പക്കാരൻ. അനിഴംതിരുനാൾ തിരുമനസ്സിലേക്കും മുൻപു ഒരു തമ്പുരാൻ വെട്ടിപ്പിടിച്ച വള്ളിയൂർ രാജ്യം ഉണ്ടല്ലോ. വള്ളിയൂർ രാജവംശക്കാർ, ഇപ്പോൾ തമ്പിത കച്ചി സ്ഥാനമാനത്തിൽ തലക്കുളത്തു താമസം. അവരിലൊരാൾ വേലുത്തമ്പിപോലും.

ഇളയരാജകുമാരൻ:—ഇന്ദിര ഇക്കാര്യമെല്ലാം എത്ര ഭംഗിയാ യി ധരിച്ചു വച്ചിരിക്കുന്നു!

ഇന്ദിര:—നാഞ്ചിനാട്ടു മാത്രമല്ല വടക്കൻപറവൂർ വരെയു ള്ള ജനങ്ങൾ ആകെ ഇളകിയിരിക്കയാണു്. അവരെല്ലാംകൂടെ ഇവിടെ വന്നു മുഖം കാണിച്ചു സങ്കടം ഉണർത്തിച്ചാൽ, ഒരു ശങ്ക രല്ലാ, പത്തു ശങ്കരരൊരുമിച്ച് ഓടിഒളിക്കും.

ഇളയരാജകുമാരൻ:—ഏതായാലും കാലം മാറിവരുന്നു. ഈ കമ്പനിക്കാർ വന്നതാണു ജനങ്ങൾക്കു് ഇത്ര ശക്തിക്കു കാരണം. ഇവർ നിമിത്തം ഒരുകാലത്തു, ജനങ്ങൾ രാജാധികാരം പിടിച്ചു വാങ്ങില്ലെന്നും വരാം. കാലം കലിയുഗമല്ലേ?

## അനുശോചനത്തേ തുടൻ

രാജാകേശവദാസൻെറ അകാലനിയ്യാണത്തെക്കുറിച്ചു തിരുവനന്തപുരം പ്രതിനിധി മുഖേന മദ്രാസിലെ കമ്പനിഗവണ്ണർക്ക് അറിവു കിട്ടി. ആ ധീര വസ്തുതകൾ കോർട്ട് ഓഫ് ഡയറക്ടാന്മാരെ അറിയിച്ചു. പ്രസ്തുത കണ്ണാരുന്തുദമായ ദുഃഖ വാത്ത അത്യന്തം മനോവൈക്ലബ്യത്തോടുകൂടെയാണു് ഈസ്റ്റിൻഡ്യാക്കമ്പനിയുടെ ഭരണസമിതിയംഗങ്ങൾ കൈക്കൊണ്ടതു്. ധീരനും പൌരുഷശാലിയും ദേശാഭിമാനിയുമായ ആ രാജ്യതന്ത്രജ്ഞൻെറ അകാലചരമത്തിൽ ഇംഗ്ലീഷു് ഈസ്റ്റിൻഡ്യാക്കമ്പനിക്കു നേരിട്ടതായ അപാരദുഃഖത്തെ ആ ഭരണാദ്ധ്യക്ഷന്മാർ കമ്പനിവക മിനിററുബുക്കിൽ രേഖപ്പെടുത്തുകയും, ഒരു അനുശോചനസന്ദേശം തിരുവിതാംകൂർ മഹാരാജാവിൻെറ പേക്കു് അയച്ചുകൊടുക്കുകയും ചെയ്തു.

ആ കത്തിൻെറ തർജ്ജമ ഇങ്ങനെയായിരുന്നു.

പ്രിയപ്പെട്ട മഹാരാജാവവർകളേ, അവിടത്തെ ദിവാൻജിയായ രാജാകേശവദാസ് അവർകളുടെ അകാലചരമത്തെക്കുറിച്ചുള്ള ദുഃഖവത്തമാനം ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാക്കമ്പനിയുടെ പ്രതിനിധികളായ ഞങ്ങളെ ദുഃഖസമുദ്രത്തിൽ തള്ളിവീഴ്ത്തിയിരിക്കുന്നു. പൊടുന്നനെ കേശവദാസിനു് സംഭവിച്ച ഈ ഏററവുംവലിയ അത്യാഹിതം തിരുവിതാംകൂറിന്നും, മഹാരാജാവിനും ഞങ്ങൾക്കും നേരിട്ടിരിക്കുന്ന ഗുരുതരമായ ഒരു വിപത്തായി ഞങ്ങൾ വീക്ഷിക്കുന്നു. ഇത്രമഹാനായ ഈ ദിവാൻജിക്കു് ഇത്ര ദാരുണമായ ഒരു ചരമത്തിനു ഹേതുഭൂതമായ പരിതസ്ഥിതികൾ ഏതു പ്രകാരമിരുന്നാലും അദ്ദേഹത്തിൻെറ ദേഹവിയോഗത്താൽ അവിടത്തെ രാജ്യത്തിനു നേരിട്ടിരിക്കുന്ന നഷ്ടം അപരിഹാര്യമാണെന്നു പ്രസ്താവിക്കുവാൻ ഞങ്ങൾ ലേശവും മടിക്കുന്നില്ല.

തിരുവിതാംകൂറിനും തിരുമനസ്സിലേയ്ക്കും ദിവാൻജിയുടെ ചരമത്താൽ നേരിട്ടിരിക്കാവുന്ന ദുഃഖത്തിൽ പങ്കുകൊള്ളുകയും പരേതന്റെ ആത്മാവിനു പരമമായ ശാന്തി ആശംസിക്കുകയും ചെയ്യുന്നു.

ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാക്കമ്പനിക്കുവേണ്ടി
കോർട്ട്ഓഫ്ഡയറക്റ്ററന്മാർ (ഒപ്പ്)

ഈ സന്ദേശം മഹാരാജാവിന്റെ തൃക്കൈയിൽതന്നെ, തിരുവനന്തപുരം ശിങ്കാരത്തോപ്പിലെ റസിഡണ്ടുബംഗ്ലാവിൽനിന്ന് ഒരു പ്രത്യേകദൂതൻ കൊണ്ടുചെന്നു് ഔപചാരികമായി സമപ്പിച്ചു. കരുണാശാലിയായ മഹാരാജാവു് ആ കത്തുവായിച്ചശേഷം കേശവപിള്ളയുടെ അനന്യസാധാരണവൈഭവങ്ങൾ അനുസ്മരിച്ചു് ഒട്ടുവളരെനേരം കണ്ണുനീർവാത്തു മൌനമുദ്രപൂണ്ടിരുന്നു. ഗുണവാനായ ആ സ്വരാജ്യസേവകന്റെ സ്വത്തുക്കൾ ശ്രീപണ്ടാരവകയിലേക്കു കണ്ടുകെട്ടിയതു നിഷ്ഠുരമായിപ്പോയെന്നു് അവിടത്തേക്കു തോന്നാതിരുന്നില്ല. എന്നാൽ നമ്പൂരിദളവായുടെ വൈപരീത്യം ശങ്കിച്ചു, ജപ്തിവസ്തുവകകൾ തിരിച്ചു കൊടുക്കുവാൻ കല്പന നൽകുന്നതിനു് അവിടേയ്ക്കു ധൈര്യം ഉണ്ടായില്ല. കമ്പനിക്കാരുടെ ആ കത്തു കൊട്ടാരംഗ്രന്ഥപ്പുരയിൽ സൂക്ഷിക്കുവാൻ തിരുമനസ്സുകൊണ്ടു വലിയ സവ്വാധികായ്യക്കാക്കു കല്പന കൊടുത്തു. പിന്നീടു് കുറേ ദിവസത്തേക്കു യാതൊരു രാജ്യകായ്യത്തിലും ശ്രദ്ധ പതിക്കാതെ മഹാരാജാവു ചിന്താവിഷ്ടനായി ദിവസങ്ങൾ കഴിച്ചു. എന്നാൽ അതിനിടയ്ക്കു ശ്രീപണ്ടാരക്കായ്യം വക പല രേഖകളും കല്പനകളും ദളവാ മഹാരാജാവിനെക്കൊണ്ടു തുല്യം ചാത്തിച്ചു നടപടികൾ നടത്തിവന്നു. അക്കൂട്ടത്തിൽ ജനറൽ കുമാരൻതമ്പിയെയും കൊട്ടാരം പേഷ്ക്കാർ ഇരയിമ്മൻതമ്പിയെയും തടവിൽ വയ്ക്കുവാനുള്ള ഒരു കല്പനയും, അവരുടെ മരണശിക്ഷ നടത്തുവാനുള്ള മറെറാരു രേഖയും ദളവാ തുല്യംചാത്തിക്കുകയുണ്ടായി. ജയന്തൻശങ്കരൻനമ്പൂരിയുടെ പഴേ കൃത്രിമപ്ര

വൃത്തികളിൽ ഒന്നുമാത്രമായിരുന്നു അതും. കേശവദാസന്റെ ഇളയസോദരനായ ജനറൽ കുമാരൻതമ്പിയെയും ഭാഗിനേയനായ ഇരയിമ്മൻതമ്പിയെയും വധിപ്പിക്കണമെന്നു നമ്പൂരിദളവായ്ക്കുണ്ടായിരുന്ന ദുർമ്മോഹം അങ്ങനെ കൌശലത്തിൽ സാധിക്കുകതന്നെ ചെയ്തു. പ്രസ്തുത ഘോരകൃത്യം നടന്നു കഴിഞ്ഞശേഷം മാത്രമേ ആ വൃത്താന്തം തിരുമനസ്സിലെ കണ്ണുകളിൽ പെടുകയുണ്ടായുള്ളു. അവിടത്തേക്കു ആ ദുഃഖവാർത്തയിൽ അളവററ ഖേദവും അത്ഭുതവുമുണ്ടായി. അപ്രകാരമൊരധർമ്മം നടത്തുവാനുള്ള കല്പന തുല്യംചാർത്തിയ വസ്തുതയേ അവിടേക്കു് ഓർമ്മയുണ്ടായിരുന്നില്ല. നമ്പൂരിദളവാ തന്നെ ആ നിഷ്ഠുരകർമ്മത്തിനു തികച്ചും ഉത്തരവാദിയെന്നു് അവിടുന്നു തീരുമാനിച്ചു. അന്നുമുതൽ ജയന്തൻശങ്കരൻനമ്പൂരിയിൽ തോന്നിയിരുന്ന ശേഷിച്ച വിശ്വാസവും ആർദ്രതയും അവിടത്തെ അന്തരംഗത്തിൽനിന്നു മറഞ്ഞുപോയി. ക്രമേണ നമ്പൂരി മുഖം കാണിക്കാൻ ചെല്ലുന്നതുതന്നെ അവിടത്തേക്കു തൃപ്തിയില്ലാതെ ഭവിച്ചു.

## 11

# അപൂർവ്വസന്ദർശകൻ

കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ച സംഭവങ്ങൾ നടന്നതിന്റെ മൂന്നാംനാൾ രാവിലെ ഒരു സന്ദർശകൻ വടക്കേ കൊട്ടാരത്തിൽ എത്തി ഇളയരാജാവിനെ മുഖം കാണിക്കുവാൻ കാത്തുനിൽക്കുകയായിരുന്നു. ഉടൻതന്നെ ഒരു പട്ടവിചാരിപ്പുകാരൻ അകത്തുപോയി വസ്തുത തിരുമുമ്പിൽ അറിയിച്ചു കല്പനവാങ്ങിവന്നു. അനന്തരം ആഗതൻ ഇളയരാജാവിന്റെ സന്നിധിയിലേയ്ക്കു മെല്ലെ നടന്നു ചെന്നു. മൂന്നടി പിന്നോക്കംവാങ്ങി ആചാരക്കൈയോടെ മൂന്നുരു താണുതൊഴുതു കൈകെട്ടി വായ്പൊത്തി

നില്കൊണ്ടു. അഭ്യാഗതനെക്കണ്ടു ഇളയരാജാവ് ഇങ്ങനെ കല്പനയായി: "തലക്കുളത്തു നിന്നാണു് അല്ലേ?"

ആഗതൻ:—അടിയൻ.

ഇളയരാജാവ്:—കേട്ടിട്ടുണ്ടു്. പേരു വേലുത്തമ്പി എന്നല്ലേ?

ആഗതൻ:—അടിയൻ.

ഇളയരാജാവ്:—വന്നതു സന്തോഷം. എന്തെല്ലാം വിശേഷം? നാട്ടിലൊക്കെ ക്ഷേമംതന്നല്ലൊ. ജനങ്ങൾക്കു സങ്കടം ഒന്നുമില്ലല്ലൊ.

വേലുത്തമ്പി:—അടിയൻ. നാട്ടിലെല്ലാം ചില വിശേഷങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. അതു സംബന്ധിച്ചു പൊന്നുതമ്പുരാനെ കണ്ടു സങ്കടംഉണത്തിക്കാൻ വിടകൊണ്ടു വന്നതാണു്. എന്നാൽ ആ പൊന്നുതമ്പുരാനെ മുഖം കാണിക്കും മുൻപ് എളയതിരുമേനിയെ മുഖംകാണിച്ചു് ഉണത്തിച്ചിട്ടാവാമെന്നു പഴമനസ്സിൽ ഒരു ആലോചന.

ഇളയരാജാവ്:—തമ്പി ഉചിതമായിട്ടേ പ്രവൎത്തിക്കയുള്ളു. അതു ജ്യേഷ്ഠൻതിരുമേനിക്കും ബോദ്ധ്യംതന്നെ. എന്തൊക്കെയാ നാട്ടിൽ വിശേഷം? ജനങ്ങൾക്കു സങ്കടം വല്ലതുമുണ്ടോ? ശ്രീപണ്ടാരവക ഉദ്യോഗസ്ഥന്മാർ മുഖേനയോ?

വേലുത്തമ്പി:—അടിയൻ. ജനങ്ങൾക്കു പണ്ടൊക്കെ ക്ഷേമമായിരുന്നു. എന്നാൽ ഇയ്യിടെയായി സങ്കടമേയുള്ളു. പുതിയ ദളവാ ഉദ്യോഗത്തിൽ വന്നതോടെ അടിയങ്ങൾക്കു പൊറുതിമുട്ടിയിരിക്കുന്നു. ഇനി എന്താ വേണ്ടതെന്നായിരിക്കുന്നു ആലോചന. തിരുമേനിമാരെ നിനച്ചു് ഒന്നും ആവാനുംമേല.

ഇളയരാജാവ്:—സൂചന മനസ്സിലായി. കൂടെ എത്രപേർ ഉണ്ടാവും?

വേലുത്തമ്പി:—നാഞ്ചിനാട്ടുനിന്നുതന്നെ പ്രമാണികളും കൃഷിക്കാരുമായി ഒരു അഞ്ഞൂറുജനം. വടക്കൻപറവൂർ മുതൽ തോ

വാളവരെയും ചെങ്കോട്ടമുതൽ ചേർത്തലവരെയും അരൂർമുതൽ വിഴിഞ്ഞംവരെയും ഉൾനാട്ടുവഴിയും ഇടനാട്ടുവഴിയും കടലോരം വഴിയുമായി ഒരായിരം ജനം. ഇങ്ങനെ വലിയൊരു പുരുഷാരം. പൊറുതിമുട്ടിയടിങ്ങൾക്ക് ഈ ഭരണക്കാരെ ചൊല്ലി. ശങ്കരൻ നമ്പൂരിയും മാത്തുത്തരകനും ശങ്കരനാരായണൻ ചെട്ടിയും അവരുടെ കിങ്കരന്മാരും.

ഇളയരാജാവ്:—കൂടെയുള്ളവരൊക്കെ എവിടെ നില്ക്കുന്നു.

വേലുത്തമ്പി:—അടിയങ്ങടെ പക്കൽനിന്ന് അപാകവും ഗുരുത്വക്കേടും ഒന്നും കല്പിച്ചു—വരില്ല തിരുമേനി! കടുങ്കൈകളെല്ലാം നടന്നതു് ഇവിടുന്ന്. അടിയങ്ങടെ കേശവദാസനെ സ്വർഗ്ഗത്തയച്ച മഹാപാപി! ആ അരുമതങ്കക്കൊടങ്ങളെ കടപ്പുറത്തുകൊണ്ടുനിർത്തി പാതിരാശ്ക്കു കുരുതികൊടുപ്പിച്ച ആ മഹാപാപി! ഭണ്ഡാരമെല്ലാം കുത്തിപ്പൊളിച്ചു വടക്ക്—ഇല്ലത്തേക്കു കടത്തിയ ആ മഹാപാപി! ജനങ്ങളെയും ആളവസ്ഥാഭേദം കൂടാതെ ഞെക്കിഞെരുക്കി മാനംകെടുത്തി, പെണ്ണുങ്ങടെ മെയ്യാഭരണങ്ങളും ഉടുതുണിവരെയും തട്ടിപ്പറിപ്പിച്ചു, നാടിന്റെ മാനം കെടുത്തിയ ആ മഹാപാപി! തലവരിയും മുലവരിയും പിരിച്ചു പള്ളവീപ്പിച്ചുതുടങ്ങിയിരിക്കുന്ന ആ ബ്രഹ്മരാക്ഷസൻ! ആ സ്വാമിദ്രോഹിയെക്കൊണ്ടു പൊറുതിമുട്ടിയടിയങ്ങൾ തിരുമേനി! തിരുമേനിയോടു വിടകൊണ്ടറിയിച്ചേക്കാം ഒരു കാര്യം. തിരുമേനിക്ക് അടിയങ്ങടെ പിൻതുണ ഒരുകാലത്തു വേണമെന്നുണ്ടെങ്കിൽ, വല്ല്യതമ്പുരാൻതിരുമേനിയെക്കൊണ്ട് അടിയങ്ങളേ മാനമായി അയപ്പിക്കാൻ കല്പനകൊടുപ്പിക്കണം. വേലുത്തമ്പിയാണീ പഴമനസ്സിൽനിന്നു വിടകൊള്ളുന്നതു കൊച്ചുതമ്പുരാനേ.

ഇളയരാജാവ് വേലുത്തമ്പിയുടെ പ്രഭാഷണം ശ്രവിച്ചു. ഒരു നിമേഷം ചിന്താകുലനായിനിന്നു. എന്നിട്ട് ഇങ്ങനെ കല്പനയായി—"തമ്പി വിഷമിക്കേണ്ട. നിങ്ങടെ ഓരോരുത്തരുടെയും പിൻതുണ നമുക്കാവശ്യം. അതിനായി നാം തമ്പിയിൽതന്നെ

വിശപസിച്ചിരിക്കുന്നു. ഇക്കാൎയ്യം നാം ഒരുമററു. തമ്പിയുടെയും ക്രടെയുള്ള ജനങ്ങളുടെയും ഹിതം എങ്ങനെയോ അതുപോലൊക്കെയും ജ്യേഷ്ഠൻതിരുമേനിയെക്കൊണ്ടു കല്പിച്ചുസമ്മതിപ്പിച്ചേക്കാം. ഉറപ്പായിരിക്കണം."

വേലുത്തമ്പി:—തിരുമേനിയുടെ മുഖത്തുനിന്നു് ഇത്രയും കേട്ടപ്പോൾ വേലുത്തമ്പിക്കു ബോദ്ധ്യമായി. തൃപ്തിയായി. സന്തോഷമായി പഴമനസ്സിൽ. അടിയങ്ങളുടെ യോഗത്തുങ്കൽക്രടിനിശ്ചയിച്ച വ്യവസ്ഥകൾ തിരുമനസ്സറിയിച്ചേക്കാം നേരത്തേ. തിരുമുമ്പിൽ ഉണൎത്തിച്ചു് കല്പന വാങ്ങിത്തന്നാൽ മതി. മററെല്ലാം അടിയങ്ങൾ ഏററിരിക്കുന്നു.

ഇളയരാജാവു്:—വള്ളിയൂരേ പഴയ രാജവീൎയ്യം ഇന്നും തമ്പിയിൽ നാം കാണുന്നുണ്ടു്.

വേലുത്തമ്പി:—തറവാട്ടിന്റെ നേരു്. അതുകൊണ്ടുതന്നെ വേലുത്തമ്പിക്കു് ഈ സൽബുദ്ധി. തീവെട്ടിക്കൊള്ളയും വെട്ടിക്കൊലയും, വിഷംകൊടുത്തു കൊലയും പകരം വീട്ടേണ്ടതു് അതേപടതിതന്നെയാ തിരുമേനീ! ഏതായാലും പലതും നിനച്ചു് അടിയങ്ങൾ ഇപ്പോൾ അടങ്ങുന്നു. തിരുമേനിമാർ അടിയന്റെ പേരിൽ കരുമനകൊള്ളേണ്ട. അത്രയ്ക്കു ചങ്കുപൊടിയുന്ന സംഭവങ്ങളാണിവിടെ നടത്തിയതു തമ്പുരാനേ!

ഇളയരാജാവു്:—തമ്പി പറയുന്നതു സത്യംതന്നെ. നമുക്കു് അറിയാം വസ്തുതകൾ. എന്തായാലും ഒരുബദ്ധൻകയറി ഈ വിധമെല്ലാം കാട്ടി. എന്താ ചെയ്ക! നിങ്ങൾതന്നെ നിശ്ചയിച്ചുകൊള്ളിൻ! ഞങ്ങൾക്കതു സമ്മതം. നൂറു പ്രാവശ്യം സമ്മതം തമ്പീ!

വേലുത്തമ്പി:—ഈ നമ്പൂരിയെ ദളവായുദ്യോഗത്തിൽനിന്നു പിരിച്ചുവിടണം. അതുകൊണ്ടു മാത്രമായില്ല. അയാളുടെ ഇല്ലത്തും ഭാൎയ്യവീട്ടിലുമായി തേടിക്കൊടുത്തിട്ടുള്ള സൎവ്വസ്ഥാവര

ജംഗമങ്ങളും കണ്ടുകെട്ടി ശ്രീപണ്ഡാരവകയിൽ ചേൎത്തു മുതൽ കൂട്ടണം.

ഇളയരാജാവു്:—അത്രയും മതിയല്ലൊ.

വേലുത്തമ്പി:—പോരാ തിരുമേനീ! ഈ നമ്പൂരിയുടെ ചെവി അറുത്തു നെററിയിൽ രാജദ്രോഹമുദ്രയും അടിച്ചു് ആരുവാമൊഴി കടത്തുകയും വേണം. അതുകൊണ്ടുമായില്ല. അയാളുടെ കൂട്ടുകാർ ആ മാൎത്താണ്ഡത്തരകനെയും ശങ്കരനാരായണൻചെട്ടിയെയും പരസ്യമായി മുക്കാലിൽകെട്ടി മുപ്പതടിവീതം തെരണ്ടിവാൽകൊണ്ടു് അടിപ്പിക്കണം. അവരുടെയും ചെവിയറുത്തു തുറുങ്കിൽ അടയ്ക്കയും വേണം. കള്ളരേഖ ചമച്ചു വലിയദിവാൻജിയെയും ശേഷക്കാരെയും കൊല്ലിക്കാൻ കൂട്ടുനിന്ന കഞ്ചുമാടതവൻപണ്ഡാരത്തെ ഉടനെ വേലവിടുൎത്തി തൂക്കിലിടുവിക്കണം. രാജാകേശവദാസന്റെ വക, കണ്ടുകെട്ടി മുതൽകൂട്ടിയ സൎവ്വ സ്ഥാവരജംഗമങ്ങളും അവകാശികൾക്കു തിരിച്ചു കൊടുപ്പിക്കണം. ഇത്രയും ഉടനടി നടത്താൻ കല്പനകൊടുക്കയും വേണം. അടിയങ്ങൾ ചില പ്രമാണികൾ ഒഴികെ മററെല്ലാരും കോട്ടയ്ക്കു പുറമേതന്നെ നില്ക്കുകയേയുള്ളു.

ഇളയരാജാവു്:—ഇത്രയുമേയുള്ളുവല്ലൊ. തമ്പി ഒരു നാഴിക കഴിഞ്ഞു വീണ്ടും ഇവിടെ വന്നു നമ്മേ കാണുക. അതിനിടയ്ക്കു തിരുമനസ്സറിയിച്ചു കല്പനവാങ്ങിത്തരാം.

വേലുത്തമ്പി പറഞ്ഞു: "അതുമതി. അടിയങ്ങളേ വിശ്വസിച്ചുകൊള്ളണം. തിരുമനേിമാരെ അടിയങ്ങൾ കാത്തുകൊള്ളും."

ദൃഢഗാത്രനും കോമളനുമായ ആ വീരപുരുഷൻ ഇളയരാജാവിനെ യഥാവിധി വന്ദിച്ചശേഷം വടക്കേ കൊട്ടാരത്തിൽനിന്നു പുറത്തിറങ്ങി, പഴവങ്ങാടി കോട്ടവാതിലിനു പുറമേ പുത്തരിക്കണ്ടത്തിനു സമീപം തിങ്ങിക്കൂടിയിരുന്ന പുരുഷാരത്തിൽ ലയിച്ചു.

## 12

# പള്ളിപ്പട്ടാളും വരുത്തണം.

ഏതാനും ദിവസമായി മുഖംകാണിക്കുവാനോ, അത്യാവശ്യം നടത്തേണ്ട ശ്രീപണ്ടാരക്കാര്യങ്ങളെ സംബന്ധിച്ചു നേരിട്ടാലോചിക്കുവാനോ മഹാരാജസന്നിധിയിൽ ചെല്ലാതെ കഴിയുകയായിരുന്നു നമ്പൂരിദളവാ. എന്നാൽ തന്റെ നടപടികളെ പരസ്യമായി പ്രതിഷേധിക്കുവാൻ സന്നദ്ധമായ വലിയൊരുപുരുഷാരം കിഴക്കേ കോട്ടവാതുക്കൽ തിങ്ങിക്കൂടിയിരിക്കുന്ന വസ്തുത കേട്ടറിഞ്ഞ മാത്രയിൽത്തന്നെ ഇരുപ്പുറയ്ക്കാതെ ചമഞ്ഞ ജയന്തൻശങ്കരൻ നമ്പൂരി തിരുമുമ്പിലേക്കു ദ്രുതഗതിയിൽ ചെന്നുകയറി ആചാരഭാവനയിൽ നിലയായി. അപ്പോൾ മഹാരാജാവ് ചോദിച്ചു:—
“എന്താ! നമ്പൂരിക്കു സുഖമില്ലായിരുന്നുവോ?”

നമ്പൂരി:—സ്വാമി, തീരെ സുഖമില്ലായിരുന്നു. അതാണു റിപ്പട്ടിനും മററും വരാതിരുന്നതു്.”

മഹാരാജാവ്:—ഓഹോ! അങ്ങനെയോ? ഇപ്പോൾ എന്താ ഇങ്ങട്ടു വന്നതു്?

നമ്പൂരി:—ഒരു അടിയന്തിരസ്സംഗതി വന്നിരിക്കുന്നു. ആ കേശവദാസന്റെ ആൾക്കാരും ബന്ധുക്കാരും ജ്ഞാതികളും ഇനിയും ഇശ്ശി അവിടവിടെ കിടപ്പുണ്ടു്. അവരായി നാടാകെ ഒരു ഇളക്കമുണ്ടാക്കിവിട്ടിരിക്കുന്നു. കോട്ടയ്ക്കുപുറമേ വലിയൊരു പുരുഷാരം. കോട്ട ഭേദിക്കയോ കൊട്ടാരത്തിനു തീവെച്ചുകളകയോ എന്നൊക്കെ ശങ്കയായിരിക്കുന്നു.

മഹാരാജാവ്:—ഹേയ്! ഈ നാട്ടിൽ അങ്ങനെ ഒരു സംഭവം ഉണ്ടാവില്ല. നമ്പൂരി ഉറപ്പായിരിക്കു. വല്ല കരക്കുടിശികകാര്യത്തിനോ അഴകിച്ച്രേതത്തിനോ സങ്കടം പറവാൻ വന്ന സാധുക്കളായിരിക്കും. കഷ്ടം നമ്മുടെ ജനങ്ങൾ എത്ര നല്ലയാളുകൾ. ശാന്തന്മാർ.

നമ്മേയും കുടുംബത്തേയും കുറിച്ചു വലിയ ഭക്തിയുള്ളവർ. നമുക്കു വേണ്ടി പ്രാണൻകൂടെ ത്യജിക്കാനും അവർ സന്നദ്ധർ."

നമ്പൂരിയുടെ അടവുകൾ ആകെ കുഴഞ്ഞു. അയാൾ പറഞ്ഞു:—"ആവോ! അവരുടെ പുറപ്പാടു കണ്ടിട്ടു ഭയമാകുന്നു. അവരുടെ തലയ്ക്കൽ കുറേ വക്കീലന്മാർ ചെറുപ്പക്കാരും വൃദ്ധന്മാരും ഉണ്ടത്രേ. മഹാവിഡ്ഢികൾ. നൊമ്മുടെപട്ടാളംഒക്കെ ആ കുമാരൻ ഒച്ചശലാക്കി കൊള്ളരുതാതാക്കി. അവർ വിശ്വസ്തരേയല്ല. കുമ്പഞ്ഞിയുടെ വെള്ളിപ്പട്ടാളം അയയ്ക്കാൻ ഉടനെ കല്പന കൊടുക്കണം. ഇവിടെ ശിങ്കാരത്തോപ്പിൽ തോക്കുകാർ നൂറുവെള്ളികൾ വരും. വിഴിഞ്ഞത്തു് ഒരുനൂറു്. കോവളത്തു് ഒരുനൂറു്. കൊല്ലത്തു് ഇരുനൂറു്. പിറക്കോട്ടു് ഇരുനൂറു്. ആലപ്പുഴ മുന്നൂറു്. ഒക്കെ ഇവിടെ നിന്നു് ഒക്കെ വരുത്തി കാവലിടുവിയ്ക്കണം കോട്ടയ്ക്കു ചുറ്റും. ജനങ്ങളുടെകൂടെ തോക്കുകാരും കവുണിയേറുകാരും വേൽക്കാരും വിഷശസ്ത്രക്കാരും ഒക്കെവന്നിട്ടുണ്ടത്രേ. വേണ്ടിവന്നാൽ കോട്ടയ്ക്കകത്തു കടന്നു ഭണ്ഡാരം കൈവശപ്പെടുത്താനും അവർ ഒരുക്കമത്രേ."

മഹാരാജാവു്:—ഹേയു്! എന്തൊരുകഥയില്ലായ്മ ഇപ്പറയുന്നതു്. നമ്പൂരിക്കു പേടിയാണെങ്കിൽ ഇവിടെ നിന്നുകൊള്ളു. അപ്പൻ എവിടെ?

ഒരു പട്ടക്കാരൻ ഓടിപ്പോയി വടക്കേ കൊട്ടാരത്തിൽ ചെന്നു് ഇളയരാജാവിനെ വസ്തുതകൾ ധരിപ്പിച്ചു. ഉടൻതന്നെ ആ രാജകുമാരൻ ധൃതിയിൽ വലിയകൊട്ടാരത്തിൽ എത്തി മഹാരാജാവിനെ മുഖം കാണിച്ചു. അപ്പോൾ മഹാരാജാവു ചോദിച്ചു:—"അപ്പൻ അറിഞ്ഞോ കോട്ടവാതുക്കലേ വിശേഷം?"

ഇളയരാജാവു്:—അടിയൻ! കുറേജനങ്ങൾ നാഞ്ചിനാട്ടുനിന്നും മററും വന്നിട്ടുണ്ടു്. അവർക്കു ചില സങ്കടങ്ങൾ ഉണർത്തിക്കാനുണ്ടു് എന്നു കേട്ടു.

മഹാരാജാവു്:—എന്താ വിശേഷം?

ഇളയരാജാവ് നമ്പൂരിയുടെ മുഖത്തേയ്ക്ക് ഒന്നു നോക്കിയശേഷം സങ്കോചത്തോടെ അറിയിച്ചു:—"ഇപ്പോഴത്തെ ചില നടപടികൾ ജനങ്ങൾക്കു സങ്കടം ഉണ്ടാക്കുന്നു. ചില ഉദ്യോഗസ്ഥന്മാരുടെ പേരിലും അവർക്കു പരാതിയുണ്ട്".

മഹാരാജാവ്:—ശരി. അത്രയുമുള്ളോ? പരിഹാരം ഉണ്ടാക്കാമല്ലോ. അപ്പൻ അവിടം ചെന്നു ജനങ്ങളുടെ തലവന്മാരെ കണ്ടു ചോദിച്ചു, സങ്കടം എഴുതി കൊണ്ടുവന്നിട്ടുണ്ടെങ്കിൽ വാങ്ങിവരണം.

ഇളയരാജാവു മഹാരാജാവിനെ തൊഴുതുകൊണ്ടു പുറത്തേക്കുപോയി. കുറേനേരം കഴിഞ്ഞ് അദ്ദേഹം വീണ്ടും തിരുമുമ്പിൽ ഹാജരായി ഒരു ഓലമടക്കു തിരുമുമ്പിൽ സമർപ്പിച്ചു. അവിടുന്ന് അതു എടുത്തു മറിച്ചും തിരിച്ചും പരിശോധിച്ചിട്ടു വായിച്ചുകേൾപ്പിക്കുവാൻ നമ്പൂരിയോടു് ആജ്ഞാപിച്ചു

ദളവാ ആ ഓലമടക്ക് അഴിച്ചു നിവർത്തു കണ്ണടവച്ചു വായന തുടങ്ങി.

"അടിയങ്ങളുടെ അന്നദാതാവും ഉടയവരും കാണപ്പെട്ട ദൈവവുമായ പൊന്നുതമ്പുരാൻ തിരുമനസ്സറിയേണ്ടും അവസ്ഥ.

അടിയങ്ങൾ പൊന്നുതിരുമേനിയുടെ ഉപ്പും ചോറും കരിക്കാടിയും ആഹരിച്ചു ശ്രീവാഴുംകോട്ടു തോവാളമുഖം മുതൽ വടക്കൻ പറവൂർവരെയുള്ള പിടാകകളിലും, പ്രവൃത്തികളിലും മണിയങ്ങളിലും ഒക്കെയായി പല പല കുപ്പപ്പാട്ടുകൊട്ടിലുകളിലായി നിലം പൊത്തി കിടക്കുന്ന പ്രജകളാകയാൽ പൊന്നുതിരുമേനിക്കു ശ്രീപണ്ടാരം കാര്യങ്ങൾ ചെയ്യുമ്പോൾ അവിടത്തോടൊപ്പം ഭക്തിയോടും കൂറോടും അരുമയോടും കൂടി പഴമനസ്സിൽ വിചാരിച്ച് അനുസരിച്ചുവരവെ, ഇപ്പോൾ കുറഞ്ഞൊരുകാലമായി ഇനിമേലങ്ങനെ പൊറുക്കാൻമേലാത്ത പതനത്തിലെത്തിയിരിക്കുന്നു ചെയ്തികൾ. അടിയരുടെ ഉയിരിനൊപ്പം കൂറു ചെലുത്തിവന്നിരുന്ന കേശവപിള്ളദിവാന്റെ ദശാപത്തും, ജനറാൽ കുമാരൻതമ്പിയുടെയും പേഷ്കാർ ഇരയിമ്മൻ

തമ്പിയുടെയും ദളവായുടെയും പരാക്രമങ്ങളും അടിയരുടെ കരളു കലക്കിക്കളഞ്ഞിരിക്കുന്നു. അതിനു കാരണക്കാരാരെന്നും അടിയങ്ങൾക്കറിയാം. ഇതൊന്നുംപോരാഞ്ഞു് അടിയങ്ങളോടു ദളവയും തരകനും ചെട്ടിയും സന്നാഹങ്ങളുംകൂടെ തലവരി, മുലവരി, വെയിലത്തുനിർത്തു്, പുളിതീററു്, കല്ലുതിരുകു്, മുക്കാലിൽകെട്ടിഅടി, പെണ്ണുങ്ങളുടെ ഉടുതുണിമെയ്യാഭരണമഴി മുതലായ ഹീനപാപങ്ങളും ആയിരിക്കുന്നു. വലിയ പെരിയതലച്ചുപാച്ചുമടങ്ങളും രാശിജാളികകളും നെല്ലും പൊന്നും പണവും ഇവരാവശ്യപ്പെടുന്നപടി കൊടുക്കായ്കിൽ ചെറിയ കുഞ്ഞൂട്ടശ്ശുവുകരെയും നായകന്മാരെയും വിട്ടു ഹീനച്ചൂടു പറയിച്ചും ഭേമദണ്ഡം ചെയ്യിച്ചും പെണ്ണുങ്ങളെയും കുഞ്ഞുകുട്ടികളെയും ഭേദംവിട്ടുഭദ്ര്യം ചെയ്യുവരുകയും ചെയ്യുവിടുന്നു. ഈ കൊള്ളയ്ക്കും അഴിമതിക്കും അറുതിവരായ്കിൽ പടിഞ്ഞാറേകടലേ ഗതിയുള്ള അടിയങ്ങൾക്കു്.

മഹാരാജാവു്:—ജനങ്ങളിൽ പ്രമാണികൾ എത്രപേരുണ്ടു്?

ഇളയരാജാവു്:—അനേകം പ്രമാണികൾ കൂടെവന്നിട്ടുണ്ടു്. അവരിൽ മൂന്നുപേർ മുഖംകാണിക്കാൻ മാളികച്ചുവട്ടിൽ നില്ക്കുന്നുണ്ടു്.

മഹാരാജാവു്:—അവരേ വിളിക്കട്ടെ.

ഇതിനിടയ്ക്കു ദളവാ അവിടെനിന്നു് എങ്ങോട്ടോ മാറിനിന്നു.

ജനനേതാക്കളായ വേലുത്തമ്പി, അയ്യപ്പൻചെമ്പകരാമൻ, വൈക്കം പത്മനാഭപിള്ള എന്നിങ്ങനെ മൂന്നുപേർ തിരുമുമ്പിൽ പ്രവേശിച്ചു് ആചാരംചെയ്തു വണങ്ങി.

മഹാരാജാവു കല്പിച്ചു:—കാര്യംഒക്കെ മനസ്സിലായി. നിങ്ങളുടെ സങ്കടങ്ങൾക്കു നിവൃത്തിവരുത്തിത്തരാം.

വേലുത്തമ്പി അറിയിച്ചു:—പൊന്നുതമ്പുരാനേ, ഈ ദളവയും കൂട്ടുകാരും നിമിത്തം അടിയങ്ങളുടെ പൊറുതിമുട്ടി.

മഹാരാജാവു്:—അവരേ ഉടനേ പിരിച്ചുവിടണമെന്നാണു നിങ്ങളുടെ അഭിമതമെങ്കിൽ അങ്ങനെചെയ്യാം.

അയ്യപ്പൻ ചെമ്പകരാമൻ:—പൊന്നുതമ്പുരാനേ! ഇവരെ അങ്ങനെ വിട്ടയച്ചുകൂടാ.

വൈക്കം പത്മനാഭപിള്ള:—പൊന്നുതിരുമേനീ! ഇവർ രാജദ്രോഹികൾ. ഇവരെ കല്പിച്ചു ശിക്ഷിക്കണമെന്നാണു് അടിയങ്ങളുടെ പഴമനസ്സിലെ തോന്നൽ.

മഹാരാജാവു ചോദിച്ചു:—എന്തു ശിക്ഷ കൊടുക്കണമെന്നാണു്?

വേലുത്തമ്പി:—നമ്പൂരി ദളവായെ ഉടനെ വേലയിൽനിന്നു പിരിച്ചു്, ഒരു ചെവിയരുത്തു നെററിയിൽ പഴുപ്പിച്ച മുദ്രകുത്തി ആരുവാമൊഴി കടത്തിവിടണം. തമ്പിയെയും ചെട്ടിയെയും കുഞ്ചുമാതേവനെയും മുത്തുക്കരുപ്പനെയും വേലവിടുത്തി മുക്കാലിൽ കെട്ടി മൂപ്പത്തു്അടിവീതം അടിപ്പിക്കണം. പിന്നീടവരുടെ ഓരോ ചെവിയും അറുപ്പിച്ചു തടവിൽ ഇടണം. വലിയദിവാൻജിയെ കൊല്ലാൻ കൂട്ടുനിന്ന കുഞ്ചുമാതേവനെ തൂക്കിലിടണം. കേശവപിള്ളദിവാൻജിയുടെ വക ശ്രീപണ്ടാരവകയിൽ ചേർത്ത സ്ഥാവരജംഗമങ്ങൾ അവകാശികൾക്കു തിരിച്ചു കൊടുപ്പിക്കണം.

മഹാരാജാവു ദീർഘമായി ഒന്നു നിശ്വസിച്ചു. എന്നിട്ടു കല്പിച്ചു:—"നിങ്ങളുടെവ്യവസ്ഥകൾ വളരെകഠിനമായിരിക്കുന്നു."

വേലുത്തമ്പി:—ഇവരുടെ കഠിനപ്രവൃത്തികൾ നിനച്ചാൽ കൊലമരമാണിവക്കു് എല്ലാക്കും പാരിതോഷികം തിരുമേനീ! പലതും നിനച്ചു് അത്രത്തോളംഅടിയങ്ങൾ തിരുമനസ്സു് ഉണർത്തിയതില്ലെന്നേയുള്ളു.

മഹാരാജാവു്:—പിന്നീടുള്ള ഭരണം?

വേലുത്തമ്പി:—അടിയങ്ങൾ യോഗത്തുങ്കൽ നിശ്ചയിക്കുന്ന ദളവായെയും കാര്യക്കാരന്മാരെയും കല്പിച്ചു വേലയിൽ ആക്കി ശ്രീപണ്ടാരകാര്യങ്ങൾ നടത്തിക്കണം.

മഹാരാജാവു്:—അതു നാം സമ്മതിക്കുന്നു. നമ്മുടെ ജനങ്ങൾ ക്ഷേമമായിരിക്കണം, അവരുടെ ഹിതം നമ്മുടെഹിതം.

വേലുത്തമ്പി:—അടിയൻ. ശിക്ഷകൾ അടിയരുടെ മുമ്പാകെ വച്ചു നടത്തിക്കണം. എന്നിട്ട് അടിയങ്ങൾ യോഗക്കാരുടെ ദളവായെയും മററും നിശ്ചയിച്ചു കുറി കൈക്കുറ്റപ്പാടു ചെയ്തു തിരുമുമ്പിൽ അടിയറവയ്ക്കാം.

"എല്ലാററിനും പത്മനാഭൻ സാക്ഷി. അവിടത്തെ പ്രതിപുരുഷനെന്ന നിലയിൽ എല്ലാം നാം കല്പനകൊടുത്തു് ഉടൻ നടത്തിക്കും. തല്ക്കാലം നിങ്ങൾക്കു പോകാം."

ഭയാനകമായ ഒരു നിശ്ശബ്ദത കൊട്ടാരത്തിനകത്തും പരിസരങ്ങളിലും വീഥികളിലും കിഴക്കേ കോട്ടവാതുക്കൽ തിങ്ങിക്കൂടി ആർത്തട്ടഹസിച്ചു നിന്ന പുരുഷാരത്തിന്റെ ഇടയിലും എന്നുവേണ്ട അനന്തപുരിയിലെ അന്തരീക്ഷമാകെയും വ്യാപിച്ചു.

13

# വലിയ നാലുകെട്ടിൽ

ജനകീയ നിശ്ചയം ആദരിച്ചു മഹാരാജാവു നമ്പൂരിദളവാ ആദിയായവരെ ഉദ്യോഗത്തിൽനിന്നു പിരിച്ചുവിടുകയും, ജനപ്രമാണികളുടെ യോഗത്തിലെ തീരുമാനമനുസരിച്ചു നിശ്ചയിച്ച ശിക്ഷകൾ അവർക്കു നൽകുകയും ചെയ്ത രാത്രി തിരുവനന്തപുരത്തെ അന്തരീക്ഷം ആകെ പ്രക്ഷുബ്ധമായിത്തീർന്നിരുന്നു. വിപ്ലവസന്നദ്ധമായി കോട്ടവാതിൽ വരെ വന്നെത്തിയ ജനസംഘത്തെയും, ജയന്തൻശങ്കരൻനമ്പൂരി മുതലായ രാജസേവന്മാരായ നീചബുദ്ധികൾക്കു ജനങ്ങൾ നിശ്ചയിച്ച ശിക്ഷയുടെ ഭയങ്കരതയെയും, ജനദ്രോഹികളായ ആ കശ്മലന്മാർക്കു സിദ്ധിച്ച അതിദാരുണമായ അനുഭവങ്ങളെയും, ജനനേതാക്കന്മാരായ വേലുത്തമ്പി പ്രഭൃതികളുടെ നിഷ്കളങ്കമായ ദേശാഭിമാനത്തെയും, നിർഭയശീലത്തെയും ത്യാഗസന്നദ്ധതയെയും കുറിച്ചുള്ള സംഭാഷണം മാത്രമേ തലസ്ഥാനനഗരിയിൽ എവിടെയും കേൾക്കുവാനുണ്ടായിരുന്നുള്ളു.

തിരുവിതാംകൂർ രാജ്യത്തെയും രാജാധികാരത്തെയും ശ്രീപണ്ടാരകാര്യവിചാരം ചെയ്യുന്ന പ്രധാന ഉദ്യോഗസ്ഥന്മാരെയും രാഷ്ട്രീയബോധത്തിലും സംസ്കാരത്തിലും അത്യന്തം പിന്നാക്കംമാത്രം നിലനിന്നിരുന്ന അക്കാലത്തെ തിരുവിതാംകൂർ പ്രജാലോകത്തിൻെറ രാഷ്ട്രീയാവകാശത്തെയും, സംബന്ധിച്ചെടത്തോളം അഭിനവമായ ഒരു അദ്ധ്യായം അനാച്ഛാദനം ചെയ്യുന്ന ഒരു സുപ്രധാനമായ വിശ്രുതസംഭവമാണന്നവിടെ നടക്കുകയുണ്ടായത്. എന്നു മാത്രമോ, ഏറെക്കുറെ രാജാധികാരത്തെയും, രാജപ്രതിനിധികളായി ശ്രീപണ്ടാരക്കാര്യവിചാരം ചെയ്യുന്ന ദളവാ തുടങ്ങിയുള്ള പ്രമുഖോദ്യോഗസ്ഥന്മാരുടെ കർത്തവ്യാധികാരങ്ങളെയും സംബന്ധിച്ചു പൌരന്മാർ ചോദ്യം ചെയ്യുന്ന ഒരു നൂതനപാരമ്പര്യം സൃഷ്ടിച്ച ഒരു ശോഭനദിനമായിരുന്നുവല്ലോ അത്. കൊട്ടാരവും കോവിലകങ്ങളും ശ്രീപണ്ടാരക്കാര്യവും സംബന്ധിച്ചു ബന്ധപ്പെട്ട പ്രധാനികളായ വ്യക്തികൾക്കും അവരെ സംബന്ധിച്ചവർക്കും അവരുടെ ആശ്രിതന്മാർ ആദിയായവർക്കുപോലും തീരെ സൈ്വരതയും സമാധാനവും ഉള്ള ഒരു ദിനമായിരുന്നില്ല അത്. കൊട്ടാരവുമായി എങ്ങനെയെങ്കിലും ബന്ധപ്പെട്ടവർ ഓരോരുത്തരും അനുവർത്തിച്ച രീതിയിൽ നാലുകെട്ടിൽഅമ്മവീട്ടിലെ അംഗങ്ങൾ സമസ്തരും അന്നു വലിയ കൊട്ടാരത്തിലെ നാലുകെട്ടിൽത്തന്നെ വാസമാക്കിയിരുന്നു. രാത്രിയായിട്ടും അവർക്കാർക്കും തന്നെ വലിയകൊട്ടാരവും പരിസരങ്ങളുംവിട്ട് അവരവരുടെ ഗൃഹങ്ങളിലേക്കു പോകുവാൻ അത്യധികമായ ഭയാശങ്കകൾ ബാധകമായി ഭവിച്ചു.

നിശയുടെ ആദ്യയാമത്തിൽ മംഗളമ്മപ്പിള്ള, പത്മാവതി അമ്മച്ചി, ഇന്ദിരത്തങ്കച്ചി എന്നിവർ നാലുകെട്ടിൽ കൂടിയിരുന്നു, സ്മരണീയമായ ആ ദിവസത്തെ സംഭവങ്ങളെപ്പറ്റി സംസാരിക്കുകയായിരുന്നു. അപ്പോൾ സന്ദർഭവശാൽ പത്മാവതി അമ്മച്ചി പറഞ്ഞു: —"ഇങ്ങനെയുള്ള പതനംവന്നാൽ തിരുമനസ്സുകൊണ്ടു

എന്തു ചെയ്യും? ജനങ്ങൾ പറയുംപടി സമ്മതിക്കയെല്ലാതെ എന്തു ഗതി?"

മാംഗളമ്മപ്പിള്ളത്തങ്കച്ചി:—കല്പിച്ചു് അങ്ങനെ സമ്മതിച്ചതു നന്നായി. എന്തൊരു കാലമിതു്. പണ്ടൊക്കെ രാജാവെന്നും ശ്രീപണ്ടാരവിചാരക്കാരെന്നും വച്ചാൽ വലിയ പേടിയായിരുന്നു! ഇപ്പോ കാലമെല്ലാം മാറിപ്പോയി.

ഇന്ദിര:—തിരുമനസ്സുകൊണ്ടു് ഈ നാട്ടിലെ മഹാരാജാവു്. അവിടത്തെ വലിയമ്മാവൻതിരുമേനിയും രാമയ്യനുംകൂടി പടവെട്ടിപ്പിടിച്ച രാജ്യം. ഇന്നു കണ്ടില്ലേ ജനങ്ങൾ സംഘംചേന്നു വന്നു തമ്പുരാനെ വരച്ചവരയിൽ നിത്തി അവരുടെ ഇഷ്ടംപോലെ ആക്കമാററങ്ങളും ശിക്ഷകളും ഒക്കെ നടത്തിച്ചതു്. ഈ മുറയ്ക്കു് ഇനി ഒരുകാലം വരുന്നക്കും, രാജാവ വേണ്ടെന്നു് ഇവർ പറയുന്ന ഒരു കാലം.

മംഗളമ്മപ്പിള്ളത്തങ്കച്ചി:—എന്തായാലും അതൊന്നും കാണാൻ ഈ നിങ്ങളുടെ അമ്മ ജീവിച്ചിരിക്കുമെന്നു തോന്നുന്നില്ല.

ഇന്ദിര:—ഇതുകൊണ്ടൊക്കെയാണു ഞാൻ പറയാറുള്ളതു പലപ്പോഴം, ഇളയതമ്പുരാൻെറ മോഹം അതിമോഹമായിത്തീരുകയില്ലെയെന്നു്. ജനങ്ങൾ കേറി എതിരുനിന്നാൽ എന്തുചെയ്യും വലിയതമ്പുരാൻ! ആ റാണികളൊ എതിരുതന്നെ. അവരുടെ പക്ഷം ചേരാനും ആളുണ്ടാവും.

പത്മാവതി:—അനുജത്തി ഇങ്ങനെ അധൈര്യപ്പെടേണ്ട. വലിയതമ്പുരാൻ നിശ്ചയിക്കുന്നതുപോലെ ഇക്കായ്യം നടക്കും. ഇന്ദിരയുടെ തമ്പുരാനെ ഇളയരാജാവായി വാഴിച്ചു കഴിഞ്ഞു. ഇനി മൂപ്പു് ഏൽക്കുന്ന കായ്യം ഇപ്പോൾ നിശ്ചയിക്കേണ്ടതല്ലല്ലൊ.

മംഗളമ്മപ്പിള്ളത്തങ്കച്ചി:—എന്തു കഷ്ടമോ! ഈ ഇന്ദിര എപ്പോഴം അറംപോലെ ഇങ്ങനെ ഒക്കെ എതിരേപറയാറുള്ളു. എനിക്കു വലിയ സങ്കടമൊണ്ടു് അതുകൊണ്ടു്.

പത്മാവതി:—ഇന്ദിര വലിയ ന്യായസ്ഥ.

മംഗളമ്മപ്പിള്ളത്തങ്കച്ചി:—വയറു പൊരിയാത്തപ്പോഴാണു ന്യായവും മുറകളുമൊക്കെ തോന്നുന്നതു മനുഷ്യർക്ക്. നമ്മുടെ തറവാട്ടിന്റെ നേരുകൊണ്ടു നിങ്ങൾ രണ്ടുപേരും ചെറുപ്പം മുതൽക്കേ അതിന്റെ ഗുണദോഷം അറിയാൻ ഇടയായിട്ടില്ല.

"ഇതാ പാച്ചൻ ഓടിക്കിതച്ചു വരുന്നു! ഏതാണ്ടു വർത്തമാനവുംകൊണ്ടാ വരവെന്നു തോന്നുന്നു." എന്നു വാത്സല്യപൂർവ്വം രാജദാരങ്ങൾ പറഞ്ഞു നിർത്തിയപ്പോഴേയ്ക്കു പാച്ചൻ നാലുകെട്ടിൽ വന്നെത്തിക്കഴിഞ്ഞു—"എന്താ പാച്ചാ! നീ എവിടെയായിരുന്നു?" എന്നുള്ള പത്മാവതിപ്പിള്ളയുടെ പ്രശ്നത്തിനു പാച്ചൻ ഇങ്ങനെ മറുപടി പറഞ്ഞു:—"അടിയും ചെവിയറുപ്പും തൂക്കിലിടീലും കാണാതെ വിട്ടാലക്കൊണ്ട് എന്നും കാണാനൊത്തൂടുമോ പൊന്നമ്മച്ചി അതെല്ലാം."

മംഗളമ്മപ്പിള്ളത്തങ്കച്ചി:—ശരി. ശരി. ആ മഹാപാതകം കാണാനോ നീ ഇതുവരെ താമസിച്ചതു്.

പാച്ചൻ:—നാലു മുക്കാലി നെരത്തിനിർത്തി നാലുപേരെയും പിടിച്ചുകെട്ടി, പൊറത്തു കൊടുത്തൂട്ടാൻ തെരഞ്ഞിവാലുവച്ച്. പൊട്ടി ചോര ഒഴുകുന്നു പൊന്നമ്മച്ചീ! അടികഴിഞ്ഞ് ചാണകോംതേച്ച് അഴിക്കുംമുമ്പേ ഓരോരുത്തന്റെയും വലത്തുചെവിയും അറത്തൂട്ടു പൊന്നമ്മച്ചിമാരേ! പിന്നെ കുഞ്ചുമാതേവന്റെ തൂക്കം! അയ്യോ! കഷ്ടം! പാവം! കെടന്നുപെടച്ചു ചത്തു!

മംഗളമ്മപ്പിള്ളത്തങ്കച്ചി:—കഷ്ടംതന്നെ! അവൻ കൊലയ്ക്കു് ഓറുനിന്നവനല്ലേ. അവനും പോകട്ടെ. നമ്പൂരിയദ്ദേഹത്തിനെ കൊണ്ടുപോയോ അതിർത്തി കടത്താൻ?

പാച്ചൻ:—മററവരുടെക്കൂടെ നിർത്തി ഒററചെവിയും അറത്തൂട്ടു, നെററിയിൽ കള്ളമുദ്രയും അടിച്ചൂട്ടു, കൈവെലങ്ങും വച്ചു നടത്തി, അതാ ചെറിയകുഞ്ഞൂട്ടവും നായ്ക്കന്മാരും, പുള്ളിപ്പട്ടാളവും ഒക്കെക്കൂടെ ആത്തുവിളിച്ചു കിഴക്കോട്ട്. ഇന്നുരാത്രി നേരം

റാന്നാപ്പുരയിൽ കെടത്തും നമ്പൂരിശ്ശനെ. നാളെ നടത്തി, നെയ്യാററിങ്കര, തക്കല, കുഴിത്തുറ, നാഗരുകോവിൽ, അങ്ങനെ ആരുവാമൊഴിഃകോട്ടയ്ക്കപ്പുറം, നമ്പൂരിശ്ശൻെറ മൊഹത്തു ചോരമയമേ ഇല്ല പിന്നെ. മക്കളു രാമനുണ്ണിയും രാമക്കൈമ്മളും കൂടെപ്പോയിരിക്കുന്നു പിന്നെ. അവരു കാഞ്ഞു കണ്ണീരൊലിപ്പിക്കുന്ന വഴിനീളേ!

മാംഗളമ്മപ്പിള്ളത്തങ്കച്ചി:—ആകെ, കഷ്ടമായിപ്പോയി ഇവററയുടെ അനുഭവം! ഈ നമ്പൂരി അദ്ദേഹത്തിനു് ഇങ്ങനെ ഒരനുഭവം വരുമെന്നു് ആരാനും നിനച്ചിരുന്നൊ?

ഇന്ദിര:—ആ രാജാകേശവദാസനു് അങ്ങനെ ഒരനുഭവം വരുമെന്നും ആരും നിനച്ചതല്ലല്ലാ. ആ ജനാലും പേഷ്ക്കാരും—കടപ്പുറത്തുകൊണ്ടുവച്ചു്—പാതിരാത്രിക്കു്—കുത്തവാവുന്നാൾ കുരുതികൊടുത്തതോ?

മംഗളമ്മപ്പിള്ളത്തങ്കച്ചി:—കാര്യം എങ്ങനെയൊക്കെ ആയാലും മാരി കടം ഇടുകില്ല മകളേ!

പത്മാവതി:—ആ കാര്യമൊക്കെ ആലോചിക്കുമ്പോ—വല്യ തമ്പുരാനും വലിയ ദുഃഖമുണ്ടമ്മേ! അവിടുന്നു് ഒന്നും പിഴച്ചതല്ലല്ലോ.

മാംഗളമ്മപ്പിള്ളത്തങ്കച്ചി:—എല്ലാം ആ മഹാപാപിയുടെ കൂട്ടക്കെ. ആ രാക്ഷസനും കൂട്ടരും ചെയ്ത മായാവേലകൾ.

ഇന്ദിര:—അമ്മയ്ക്കു് ഇപ്പോൾ ബോദ്ധ്യമായോ എല്ലാം.

പത്മാവതി:—നാളെ നീട്ടുകൊടുക്കും അയ്യപ്പൻചെമ്പകരാമനദ്ദേഹത്തിനു്. വേലുത്തമ്പി മുളകുമടിശ്ശീലസർവ്വാധിയും.

ഇന്ദിര:—അയ്യപ്പൻചെമ്പകരാമനദ്ദേഹം ആൾ വളരെ ശാന്തൻ. ഇവിടത്തെ ഇപ്പോഴത്തെസ്ഥിതിക്കു തീരെ പോരാ. വേലുത്തമ്പിയദ്ദേഹം മതിയായിരുന്നു.

പത്മാവതി:—തിരുമേനി വേലുത്തമ്പിയോടു നിർബന്ധിച്ചതാണു്. എന്നാൽ അദ്ദേഹം സമ്മതിച്ചില്ല. തൽക്കാലം

അയ്യപ്പൻചെമ്പകരാമൻപിള്ളതന്നെ ഇരിക്കട്ടെയെന്നു ശഠിച്ചു. അതുകൊണ്ടു് അവിടുന്നു വഴിപ്പെടേണ്ടിവന്നു.

മംഗളമ്മപ്പിള്ളത്തങ്കച്ചി:—ഈ വേലുത്തമ്പി വലിയൊരു നിർബ്ബന്ധക്കാരനാണെന്നു തോന്നുന്നു. വലിയൊരു ശൂരനും.

ഇന്ദിര:—അതേ! അമ്മ—അതേ! അദ്ദേഹം പഴയ വള്ളിയൂർരാജാക്കന്മാരുടെ വംശക്കാരനത്രേ. തലക്കുളത്തുതമ്പി ഇപ്പോൾ ദളവായായിരുന്നെങ്കിൽ ഈ നാട്ടു് ഒന്നു നന്നായേനേ.

മംഗളമ്മപ്പിള്ളത്തങ്കച്ചി:—ക്ഷമിച്ചിരിക്കമകളേ! നിന്റെ തമ്പുരാന്റെ ഭരണമാകുമ്പോൾ തമ്പി ദളവായും.

പത്മാവതി:—അമ്മ ഇങ്ങനെയൊന്നും പറയുന്നതു ശരിയല്ല. ഇളയമകളോടു കൂടുതൽ സ്നേഹം ഉണ്ടെങ്കിൽ—നാടുവാഴുന്ന എന്റെതമ്പുരാന്റെ നിര്യാണംവന്നിട്ടുവേണമല്ലോ, ഇളയതമ്പുരാൻ മൂപ്പേല്ക്കാൻ.

മംഗളമ്മപ്പിള്ളത്തങ്കച്ചി:—എന്റെ പൊന്നുപത്മം! അത്രത്തോളം ഒന്നും ആലോചിച്ചല്ല ഞാൻ പറഞ്ഞതു്. നീ വെറുതേ പരിഭവിക്കേണ്ട. നിന്റെ തമ്പുരാൻ—അല്ല നമ്മുടെ പൊന്നുതമ്പുരാൻ ഒരുനൂററിഇരുപതും തികഞ്ഞുവാഴട്ടെ.

ഇന്ദിര:—അമ്മയ്ക്കു കൂടെക്കൂടെ ഇങ്ങനെയുള്ള ഓരോവിധം സംസാരം ഉണ്ടു്.

പാച്ചൻ:—അമ്മച്ചിയും മകൾ, തങ്കച്ചിക്കൊച്ചമ്മച്ചിയും മകൾ. എടത്തുകണ്ണിനും വലത്തുകണ്ണിനുംതമ്മിൽ ഭേദമുണ്ടോ വല്യമ്മച്ചീ!

മംഗളമ്മപ്പിള്ളത്തങ്കച്ചി:—ഇവൻ പറഞ്ഞുപറഞ്ഞു് എന്നോ കാര്യംപഠിപ്പിക്കാനെക്കൊണ്ടു മൂത്തുവരിണതു കണ്ടില്ലേ പിന്നെ.

പാച്ചൻ:—വെറുതേ പാച്ചന്റെനേരെ അരിശം കൊള്ളണ്ടാ വല്യമ്മച്ചീ! പാച്ചൻ കാര്യം പറഞ്ഞതേയൊള്ള! അതു പാച്ചന്റെ സ്വഭാവം.

ഭൃത്യന്റെ ഭാഷണം കേട്ടു സോദരിമാർ രണ്ടുപേരും പൊട്ടിച്ചിരിച്ചു.

അപ്പോൾ മംഗളമ്മപ്പിള്ള ഇങ്ങനെ ശാസനാരൂപത്തിൽ പറഞ്ഞു—"ഇതെവിടമാ പിള്ളകളേ! അമ്മവീടല്ലിവിടം. ഇതു കൊട്ടാരമെന്നു് ഓർമ്മവേണം. ഇവിടെക്കയറിഇരിക്കാൻ ഇങ്ങനെ ഒരു യോഗംപിറന്നെന്നുവച്ചു്, നിറഞ്ഞലക്ഷ്മിയുടെ മുഖത്തു കരിതേച്ചൂടല്ലേ പിള്ളകളേ!"

# 14

# വിരുന്നു്

ജനപ്രതിനിധികളായ പുതിയ ദളവാഅയ്യപ്പൻചെമ്പകരാമൻപിള്ള, മുളകുമടിശ്ശീലസ്സർവ്വാധി തലക്കുളത്തു വേലുത്തമ്പി, വൈക്കം പത്മനാഭപിള്ള ആദിയായ നേതാക്കന്മാരോടുള്ള ബഹുമാനസൂചകമായി നാലുകെട്ടിൽ അമ്മവീട്ടിൽവച്ചു് ഇളയരാജാവിന്റെ അഭീഷ്ടമനുസരിച്ചു് ഒരു വിരുന്നുസല്ക്കാരംനടത്തപ്പെട്ടു. തിരുവിതാംകോടിന്റെ വിവിധപ്രദേശങ്ങളിലുംനിന്നു വടക്കേക്കൊട്ടാരം കാര്യക്കാരുടെ പ്രത്യേകകുറിയനുസരിച്ചു് പ്രമുഖപൌരന്മാർ സമസ്തരും അതിൽ സംബന്ധിച്ചിട്ടുണ്ടായിരുന്നു. ഇക്കാലത്തെപ്പോലെ സല്ക്കാരവേളകളിലെ പ്രധാനവിഭവങ്ങളായ ചായ, കാഫി, ഓവൽടിൻ, കൊക്കോ, ഹോർലിക്സ്, ഗ്ളൂക്കോസ് തുടങ്ങിയുള്ള പരിഷ്കൃത പാനീയവിഭവങ്ങൾ അക്കാലത്തു് ഇല്ലാതിരുന്നതിനാൽ അതിഥികൾക്കു രാവിലെ പ്രാതലിനു നല്കുവാൻ നിശ്ചയിക്കപ്പെട്ടിരുന്ന ഭക്ഷ്യവിഭവങ്ങൾ, അമ്പലപ്പുഴ പുഞ്ചനുറുക്കരിക്കഞ്ഞിയും, വടക്കൻ കുറുക്കുകാളനും, നേന്ത്രപ്പഴവും, കാച്ചിലും വെള്ളരിക്കയും കഷണമിട്ടു പാകപ്പെടുത്തിയ അസ്ത്രവും, നേന്ത്രപ്പഴംചെണ്ടമുറിയൻ പുഴുങ്ങിയതും, വത്സനും, അവിൽനനച്ചതും, ചെറുപയർ പുഴുങ്ങി ശർക്കരയിട്ടു പാകപ്പെടുത്തിയ തോരനും, പപ്പടം കാച്ചിയതും, വറുത്തുപ്പേരിയും, ഇഞ്ചിനാരങ്ങകൾകൊണ്ടുണ്ടാക്കിയ ഉപ്പിലിട്ടതുമായിരുന്നു. ഇക്കാലത്തെപ്പോലെ കവടിഇട്ട പിഞ്ഞാണങ്ങളും വസ്സികളും, കപ്പ്സാസർ

മുതലായവയും സ്ഫൂണുകളും ലഭ്യമല്ലാതിരുന്നതിനാൽ, അന്നും ഇപ്പോഴും മുറജപക്കാലങ്ങളിൽ നമ്പൂരിമാൎക്ക് രാവിലെ കഞ്ഞി കൊടുക്കുവാൻ ഉപയോഗപ്പെടുത്തിവന്ന വാഴപ്പോളത്തടയും തുശൻഇലയും കോട്ടിയ പിലാവിലയുമായിരുന്നു, പാത്രങ്ങളുടെയും കരണ്ടികളുടെയും സ്ഥാനം നിൎവ്വഹിച്ചതു്. അമ്മവീട്ടിലെ നെടുമുറ്റങ്ങളിൽ കെട്ടിഉരുക്കി വെള്ളയും ഞൊറിവുകളും അരയാൽത്തുക്കുകളും കുത്തിപ്പിടിപ്പിച്ചു മോടിപിടിപ്പിച്ചിരുന്ന നെടുംകൊട്ടിലുകളിൽ, അടിച്ചുറപ്പിച്ചു ചാണകം മെഴുകി ഉണക്കുവരുത്തിയിരുന്ന തറയിൽ പന്തിപ്പായ് നിരത്തി അതിന്മേൽ സസുഖം ഇരുന്നാണു, അതിഥികൾ വിഭവസമൃദ്ധമായ കഞ്ഞി കഴിച്ചതു് എന്നറിയുമ്പോൾ സദ്യയുടെ മോടി ഏറെക്കുറേ ഊഹിക്കാവുന്നതാണല്ലോ. "തുമ്പപ്പൂമലരോടിയൊളിക്കും വെളുവെളെ നിറമാന്ന" ഒന്നാംതരം പുഞ്ചനുറുക്കരിച്ചോറും, കേരളത്തിലെ പണ്ടത്തെ സദ്യഏട്ടിൽകൊണ്ടു ഇരുപത്തെട്ടുകൂട്ടംകൂട്ടാനും നാലുകൂട്ടം ഉപ്പിലിട്ടതും നാലുകൂട്ടം വറുത്തുപ്പേരിയും, വൻതരം ചെറുതരം പപ്പടകങ്ങൾ കാച്ചിയതും, മുന്തിരിങ്ങാപ്പഴം, കൽക്കണ്ടു്, അമ്പലപ്പുഴക്കാച്ചുപ്പു്, അപ്പം, എള്ളുണ്ട, വട എന്നീ ഉപദംശങ്ങളും, പലതരം വാഴപ്പഴങ്ങൾ, മാമ്പഴം മുതലായവയും, നെയ്യും പരിപ്പും, നാലുകൂട്ടം പ്രഥമനും, വിശേഷിച്ച് അമ്പലപ്പുഴക്ഷേത്രത്തിൽനിന്നു പ്രത്യേകം തയ്യാറാക്കിച്ചുവരുത്തിയ പാല്പായസവും വക്കലെത്തൈരും, വിവിധമൂലികകൾ ചേൎത്തുതിളപ്പിച്ച ചുക്കുവെള്ളവും ഉൾപ്പെടെയുള്ള നാനാവിഭവങ്ങളോടുകൂടിയ സദ്യ. അതിഥികൾ നിരന്നിരുന്നു് ഉണ്ണുന്ന മഹനീയമായ കാഴ്ച കാണുന്നതിനും, അവരോടുള്ള സ്നേഹബഹുമാനങ്ങൾ പ്രകടമാക്കുന്നതിനുംവേണ്ടി ഇളയരാജാവുതന്നെ അവിടെ എഴുന്നള്ളി പന്തിതോറും ഉലാത്തി തൃക്കൺപാൎത്തുവെന്നുള്ളതായിരുന്നു പ്രസ്തുതസല്ക്കാരത്തിനുള്ള മറെറാരു വൈശിഷ്ട്യം.

ഭക്ഷണംകഴിഞ്ഞു് അതിഥികൾ സ്വീകരണപ്പന്തലിൽക്കൂടിയപ്പോൾ, ഇത്ര കെങ്കേമമായ ഒരു സദ്യ പണ്ടെങ്ങും ഉണ്ടായി

ട്ടുള്ളതായി കേട്ടുകൾവിപോലുമില്ലെന്ന് ഒരു വയോധികനായ പ്രമാണി ഇളയരാജാവുതിരുമേനിയുടെ സന്നിധിയിൽ പരസ്യമായി അറിയിച്ചു. എല്ലാവക്കും ഇളയരാജാവുതന്നെ തൃക്കൈയിനാൽ ഓണക്കോടിയും വിഷുക്കൈനീട്ടവും നൽകി ആ പൌരപ്രമാണികളോടുള്ള തിരുവുള്ളം പ്രകാശിപ്പിച്ചു. കാത്തടച്ച വിശിഷ്ടമായ നൂറ്, സുഗന്ധവും രുചിയുമേറിയ കളിയടയ്ക്ക, ഒന്നാംതരം ആറന്മുളപ്പാക്ക്, കർപ്പൂരം തുളസിവെററില, കൃഷ്ണതരം ജാപ്പാണം പുകയില, രാജോചിതമായി അരിഞ്ഞുകൂട്ടി കുഴലുകളിൽ അടച്ചു ഭദ്രമാക്കിയിരുന്ന സുഗന്ധപ്പുകയില, മുതലായ വിശിഷ്ടവിഭവങ്ങളോടുകൂടിയ താംബൂലചവ്വണവിധാനങ്ങളും കളഭം, പനിനീർ, ചെറുനാരങ്ങ, തോവാളക്കൊഴുന്ത് ആദിയായ ലേപനഘ്രാണസാധനങ്ങൾക്കും യാതൊരുവിധ ലോപവും ഉണ്ടായിരുന്നില്ല.

രാത്രിയിൽ പതിവനുസരിച്ചുള്ള, വറുത്തരച്ച പുളിങ്കറി, വറുത്തുപ്പേരി, പർപ്പടം, നാരങ്ങ ഉപ്പിലിട്ടത്, മോര്, ഒരുകൂട്ടം അരിപ്രഥമൻ എന്നിവയോടുകൂടിയ അത്താഴസ്സദ്യയും മുറപോലെ നടന്നു. അനന്തരം ഒരു നെടുമ്പുരയിൽവച്ച് കൊട്ടാരംകഥകളിയോഗക്കാരുടെ ഒരു രാമനാട്ടവും, മറെറാന്നിൽ ശാസ്ത്രക്കാർ നമ്പൂരിമാരുടെ യാത്രകളിയും, വേറൊന്നിൽ ദാസിയാട്ടവും നടത്തപ്പെട്ടു. ഏതാദൃശങ്ങളായ എല്ലാ ചടങ്ങുകളിലും ഇളയരാജാവിന്റെയും ദളവാ, മുളകുമടിശ്ശീലസർവ്വാധി, വലിയകൊട്ടാരംസർവ്വാധി, വലിയമേലെഴുത്തുപിള്ള മുതലായ ഉദ്യോഗസ്ഥന്മാരുടെയും സാന്നിദ്ധ്യം ഉണ്ടായിരുന്നു. എളയരാജാവുതിരുമേനിയുടെയും അമ്മവീട്ടുകാരുടെയും അന്യാദൃശമായ ഔദാര്യബുദ്ധിയെയും സ്വഭാവഗുണത്തെയും വിശാലമനഃസ്ഥിതിയെയുംകുറിച്ച് അതിഥികൾ മുക്തകണ്ഠം വാഴ്ത്തി. ഇത്ര ഗുണവാനും വൈഭവശാലിയുമായ ഇളയതിരുമേനിയുടെ ഭരണദശയാകുമ്പോൾ തിരുവിതാംകോട്ട് യഥാർത്ഥമായ 'ശ്രീവാഴുംകോട്ട്'തന്നെയാവുന്നതാണെന്നും അവർ നിർവ്വിശങ്കം അഭിപ്രായപ്പെട്ടു.

# ശിങ്കാരത്തോപ്പുബംഗ്ലാവിലേക്ക്

ഇംഗ്ലീഷു് ഈസ്റ്റിൻഡ്യാക്കമ്പനിക്കാരും തിരുവിതാംകോട്ടു രാജാവുംതമ്മിൽ വാണിജ്യസംബന്ധിച്ചു് ആരംഭിച്ച സഖ്യം കാലക്രമത്താൽ, രാജാവിന്റെയും രാജ്യത്തിന്റെയും പൌരലോകത്തിന്റെയും വ്യക്തിപ്രഭാവത്തിനും സ്വാതന്ത്ര്യത്തിനും ബാധകമായുള്ള സൌഗന്ധിയായ ഒരു കണ്ടകപുഷ്പത്തിന്റെരൂപം അവലംബിച്ചു. കാലംചെന്നതോടുകൂടി പ്രസ്തുത മുൾപ്പൂവിന്റെ സൌരഭ്യം അതിനെ കുറേശ്ശെ വിട്ടൊഴിഞ്ഞുതുടങ്ങുകയും കൂർത്തുമൂർത്തുള്ള മുള്ളുകൾ ഉണങ്ങിച്ചൊക്കി പൂർവ്വാധികം ബലം പ്രാപിച്ചു രൂക്ഷത വർദ്ധിക്കുകയുമായി. കമ്പനിവക കച്ചവടക്കാര്യങ്ങളുടെ മേലന്വേഷണത്തിനു ചുമതലക്കാരനെന്നഭാവനയിൽ നിയമിതനായിരുന്ന പ്രതിനിധിയായ ധ്വാരസ്ഥ റസിഡണ്ടു് എന്ന ഔദ്യോഗികസംജ്ഞ നൽകപ്പെട്ടു. കമ്പനിവക പണ്ടകശാലകളിലും ഗൊദാമുകളിലും സംഭരിച്ചുസൂക്ഷിച്ചുവന്ന ചരക്കുകളുടെ സുരക്ഷിതത്വത്തിനായി കാവൽനില്ക്കുവാൻ പ്രയോഗിക്കപ്പെട്ടിരുന്ന വെടിയായുധധാരികളായ ഗാർഡുകൾക്കു, ബ്രിട്ടീഷുസൈനികരെന്നസംജ്ഞ കൊടുക്കാനും അധികൃതർ മുതിർന്നുകഴിഞ്ഞു. രാജ്യത്തു സംഭവിച്ചുവരാറുള്ള ആഭ്യന്തരവിപ്ലവങ്ങളിലും, ഇതരരാജാക്കന്മാരും വിദേശശക്തികളുമായി രാജ്യം നേരിടേണ്ടിവരുന്ന സംഘട്ടനങ്ങളിലും സമരങ്ങളിലും രാജാവിന്റെ പക്ഷത്തുചേർന്നു സൈന്യസഹായം അരുളുകയെന്നുള്ളതും, അപ്രകാരമുള്ള സാമൂഹ്യസേവാപരങ്ങളായ സേവനങ്ങൾക്കു പ്രത്യേക വ്യവസ്ഥപ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള പ്രതിഫലം യഥാഗഡുതോറും വാങ്ങിക്കുകയോ ക്ലിപ്തസമയങ്ങളിൽ ലഭിക്കാതിരുന്നാൽ, അവകാശവാദത്തോടെ നീതിമുറകളും വേണ്ടിവന്നാൽ ഭീഷണിപ്രയോഗങ്ങളുംചെലുത്തി ഈടാക്കുകയോ എന്നതും, രാജ്യത്തെ കോയ്മയുടെ ആഭ്യന്തരഭ

ണകാര്യങ്ങളിൽ ആവശ്യാനുസൃതം കൈകടത്തുകയും, ചിലപ്പോഴൊക്കെയും നയപരങ്ങളായ ഹേതുക്കളാൽ രാജാവിന്റെയോ ഉദ്യോഗസ്ഥന്മാരുടെയോ അപനയങ്ങളെയോ, ഭരണവൈകല്യങ്ങളെയാകുറിച്ചു ഭരണാധിപരോടോ, ഭരണാധികൃതരോടോ ചോദ്യംചെയ്യുകയും, അവരെക്കൊണ്ടു പിഴകളിടീക്കുവാൻ സന്നദ്ധനാവുകയും ചെയ്കയെന്നുള്ളതും റസിഡണ്ടിന്റെ നിത്യനടപടികളിൽ ഉൾപ്പെട്ട കൃത്യങ്ങളായിത്തീൎന്നു. ഈ കഥാരംഭകാലത്തു നാടുവാഴുന്ന അവിട്ടംതിരുനാൾ ബാലരാമവൎമ്മയുടെ ഭരണദശയിൽ രൂപംപ്രാപിച്ചിട്ടുള്ള പല സംഭവവികാസങ്ങളും ബ്രിട്ടീട്ടീഷുറസിഡണ്ടിന്റെയും കമ്പനിക്കാരുടെയും ഏവംവിധങ്ങളായ സ്വേച്ഛാപ്രവൃത്തപരങ്ങളായ നടപടികൾക്കു ശക്തി വർദ്ധിപ്പിച്ചുകൊണ്ടിരുന്നതേയുള്ളു. അങ്ങനെ തിരുവിതാംകൂർ രാജ്യകോയ്മയുടെ മേൽ താനേതന്നെ ഒരു അർദ്ധാധീശപദം വഹിച്ചു സൎവ്വപ്രതാപിയായി വാണിരുന്ന റസിഡണ്ടു ധാരയുടെസഹായസഹകരണങ്ങളും ആനുകൂല്യവും സദഭിപ്രായവും ഈസ്റ്റിൻഡ്യാക്കമ്പനിയുടെ മദ്രാസുപ്രവിശ്യാധികാരാതിർത്തിയിൽപെട്ട എല്ലാ ഏതദ്ദേശീയരാജാക്കന്മാൎക്കും, അവരുടെ അനന്തരാവകാശികളാകാൻ ഇടയുള്ള ഇളമുറക്കാൎക്കും മന്ത്രിമാർ മുതലായ ഉദ്യോഗസ്ഥന്മാർക്കും അപരിത്യാജ്യമായിത്തീൎന്നിരുന്നു.

അക്കാലത്തു് തിരുവിതാകൂർ എളയരാജപദവിയുണ്ടു വടക്കേക്കൊട്ടാരം ആസ്ഥാനമാക്കിയിരുന്ന കേരളവൎമ്മരാജാവു, ബ്രിട്ടീഷ്റസിഡണ്ടിനെ സന്ദർശിക്കാൻ ഒരു സായാഹ്നത്തിൽ ഇരട്ടക്കുതിര പൂട്ടിയ ഒരുബ്രൂഗാംജാതിവണ്ടിയിൽ മണക്കാട്ടുള്ള ശിങ്കാരത്തോപ്പുബംഗ്ലാവിലേക്കു പുറപ്പെട്ടു. രാജകീയാംഗരക്ഷകസൈന്യത്തിലെ രണ്ടു് അശ്വഭടന്മാർ ആ രാജകീയവാഹനത്തിന്റെ മുൻപിൽ അകമ്പടി സേവിച്ചു തുരഗചാലനം നടത്തിക്കൊണ്ടിരുന്നു. ആലവട്ടം, വെഞ്ചാമരകൾവഹിച്ചു രണ്ടുകഞ്ചുകികൾ, ആ രഥത്തിന്റെ ഉഭയപാർശ്വങ്ങളിലുമുള്ള തട്ടുകളിൽ ആലങ്കാരികമായി നില ഉറപ്പിച്ചുനില്ക്കുന്നുണ്ടായിരുന്നു. വിചിത്രവസ്ത്രധാരികളായരണ്ടു കുതിരച്ചേവുകർ രഥാശ്വങ്ങളുടെ കടിഞ്ഞാണിൽ

പിടിച്ചുകൊണ്ടു് അവരോടൊപ്പം ഓടിക്കൊണ്ടിരുന്നു. വിശേഷ വസ്ത്രാലംകൃതനായ സാരഥി, ആയതമായ ചർമ്മചമ്മട്ടികരത്തിൽ ഗ്രഹിച്ചുകൊണ്ടു, സാരഥിപീഠത്തിൽ എഴുന്നേറ്റുനിന്നു് അശ്വങ്ങളെ നിയന്ത്രിച്ചു രഥംതെളിക്കുകയായിരുന്നു. ഇങ്ങനെയെല്ലാമുള്ള കാഴ്ചകൾകണ്ടു പഴകിയ പൌരവൃന്ദം എളയതമ്പുരാന്റെ എഴുന്നെള്ളത്തെ നമ്രഭക്തിപുരസ്സരം മന്ദസ്വരത്തിൽ ജിഹ്വാവിന്യാസംചെയ്തു് അർദ്ധമുകുളീകൃതങ്ങളായ കരങ്ങളോടുകൂടി രാജകീയവീഥിയുടെ ഉഭയപാർശ്വങ്ങളിലേക്കായി നീങ്ങിഒഴിഞ്ഞുമാറി നിലകൊള്ളുകയായി.

"ആ തമ്പുരാട്ടിമാരുടെ നിറുകയിത്തീകോരിയിടണ വേലയിതു്. അനന്തന്റെപൊറത്തു കെടക്കണയാ മൂപ്പില്ലു സമ്മിക്കുമോ ഈ പാഴുവേല" എന്നു മാമൂൽപ്രിയന്മാരായ ചില നിഷ്പക്ഷമതികൾ—ന്യായസ്ഥരായ ചിലവയോധിക്യന്മാർ പുലമ്പുകയായി. "നമക്കെന്തുവേണം പിള്ളേ! നാടു് ഓടുമ്പം നടുവേ!" എന്നു ചില അനാസ്ഥാബുദ്ധികൾ. "അതങ്ങനെയൊന്നും നിനയ്ക്കാനില്ല്യ. അന്നന്നു കാൺമതിനെ വാഴ്ത്തുന്നു മാമുനികൾ! അതുമതി. അത്രേ ഉള്ളു, കേട്ടോ!' എന്നു സേവാജീവികളായ ചില യാഥാസ്ഥിതികന്മാർ. ഇങ്ങനെ ഭിന്നരുചിയോടുകൂടിയ ലോകം സ്വാഭിമതം അനുസരിച്ചു് ഓരോന്നു ജല്പിക്കുകയായി, എഴുന്നെള്ളത്തിന്റെ പ്രൌഢിയും മോടിയും കണ്ടിട്ടു്.

എളയരാജാവിന്റെ ആഗമനവൃത്താന്തം മുൻകൂട്ടി ധരിപ്പിക്കപ്പെട്ടിരുന്നതിനാൽ നിശ്ചിതസമയത്തു് ആ രാജകുമാരനെ സ്വീകരിച്ചു സൽക്കരിക്കുവാൻ റസിഡണ്ടും പത്നിയും ബംഗ്ലാവിൽ കാത്തിരിക്കുകയായിരുന്നു. വണ്ടി ശിങ്കാരത്തോപ്പിന്റെ ഗോപുരവാതുക്കൽ എത്തിയപ്പോൾ ധ്വരയും മദാമ്മയുംകൂടി അങ്ങോട്ടുചെന്നു് വിശിഷ്ടാതിഥിയെ സ്വീകരിച്ചു വന്ദിച്ചു കുശലംചെയ്തു് അകത്തേക്കു കൂട്ടിക്കൊണ്ടുപോയി. ദ്വിഭാഷിയുടെ സഹായംകൂടാതെ കഷ്ടിച്ചു മലയാളവും കുറേശ്ശെ തമിഴും സംസാരിക്കുവാൻ ആ ദമ്പതികൾക്കു വശമായിരുന്നു. വിശിഷ്ടമായ ഒരു കസാല

യിൽ രാജകുമാരനെ ഉപവിഷ്ടനാക്കിയശേഷം റസിഡണ്ടുംപത്നിയും അദ്ദേഹത്തിന്റെ സമീപത്തുതന്നെ ഓരോ കസാലയിൽ ഇരിപ്പായി. അനന്തരം മദാമ്മതന്നെ ഇങ്ങനെ കുശലപ്രശ്നം ആരംഭിച്ചു:—"എലയരാസാവവറുഹളക്ക സുഗം ആണല്ലൊ."

എളയരാജാവു്:—ഒരുവിധം സുഖംതന്നെ. ഇവിടെ മദാമ്മയ്ക്കും സായ്പിനും സുഖംതന്നെല്ലാ.

മദാമ്മ:—നന്നി. നന്നി. ബളരെ നന്ദി-പറയുന്നു. സായ്വിന്റെ പേരിലും.

സായ്പു്:—നമ്മുടെ രാജാവവർഹൾ സുഗമായി-രിക്കുന്നുവല്ലൊ.

എളയരാജാവു്:—തിരുമനസ്സിലേക്കും ക്ഷേമംതന്നെ.

'ക്ഷേമം' എന്ന പദത്തിന്റെ അത്ഥം മനസ്സിലാകായ്കയാൽ റസിഡണ്ടും മദാമ്മയും വിസ്മയാകുലതയോടുകൂടി രാജകുമാരന്റെ മുഖത്തു നോക്കി പുഞ്ചിരി തൂകി. അക്കായ്യം ഇളയരാജാവിനു മനസ്സിലാക്കുവാൻ കഴിഞ്ഞതുമില്ല.

മദാമ്മ:—ഇ-വി-രെ ബ-ന-തു പെരു-ത്തു-പെ-രു-തു-ശൻ-തോ-സം.

എളയരാജാവു്:—എനിക്കും അങ്ങനെതന്നെ.

റസിഡണ്ടു് ഊറിയ ചിരിയോടുകൂടി മെല്ലെ പറഞ്ഞു:—"എളയരാ-ശാ-വ-വർഹ-ൾ - ഇബിരെ- ബ-ന്ന്-തെ-ങ്ങ-ലെ കൻറതിനാൽ മെദാമ്മയ്ക്കും നമക്കും പെരുത്തുപെരുത്തു ശന്തൊഴം."

അനന്തരം മദാമ്മ ഒരു ചുരുട്ടു് എടുത്തു് എളയരാജാവിനു നീട്ടിക്കൊണ്ടു പറഞ്ഞു:—"ഈ ശുരുട്ടു്, ബളരെ ബളരെ നല്ല പൊഹവലി. എളരാശാവുതം-പു-രാൻ ഇതു സീഹരിക്കണം."

ഇളയരാജാവു തലകുനിച്ചു് ഉപചാരംഭാവിച്ചുകൊണ്ടു് അതു കൈയിൽവാങ്ങി മറിച്ചുംതിരിച്ചും നോക്കി. അദ്ദേഹം മുൻപു് ഒരിക്കലും ഒരു പുകയിലച്ചുരുട്ടു കാണുകയോ ഉപയോഗിക്കുകയോ

ചെയ്തിട്ടില്ല. അതിനിടയ്ക്ക് സായ്പും മദാമ്മയും ഓരോ ചുരുട്ടെടുത്ത് അവരവരുടെ ചുണ്ടുകൾക്ക് ഇടയിൽ പിടിപ്പിച്ചു. അതുകണ്ടു രാജകുമാരനും അതിന്മണ്ണം പ്രവൃത്തിച്ചു. ഉടൻതന്നെ മദാമ്മ തീപ്പെട്ടിത്തിരി ഉരച്ച്, എളയരാജാവിന്റെ ചുരുട്ടിൽ തീപിടിപ്പിച്ചുകൊണ്ടു പറഞ്ഞു:—"ബലിക്കണം—ബലിക്കണം. പൊഹ ഉറിഞ്ചി വായിലേക്ക്—എരുക്കണം."

ഇങ്ങനെ മദാമ്മയുടെ നിപുണമായ ഗുരുസ്ഥാനത്തിനു വിധേയനായതോടുകൂടി രാജകുമാരൻ ചുരുട്ടുവലിക്കാൻ പഠിച്ചു. ചുരുട്ടു കത്തിച്ചുകഴിഞ്ഞയുടൻ അദ്ദേഹം—"വളരെ ഉപകാരം" എന്നു പുഞ്ചിരിയോടുകൂടി മദാമ്മയോടു പറഞ്ഞു. മദാമ്മയും സായ്പും രാജകുമാരന്റെ പാശ്ചാത്യമര്യാദാരീതി കണ്ടു പുഞ്ചിരിതൂകി. അനന്തരം അവരും അവരവരുടെ സിഗററു പരസ്പരം കത്തിക്കുവാൻ സഹായിച്ചു ചിരിച്ചുകുഴഞ്ഞു. ആ പാശ്ചാത്യദമ്പതിമാരുടെ ശൃംഗാരചേഷ്ടകളും ആചാരരീതികളുംകണ്ടു രാജകുമാരൻ സ്തോഭാവേശത്തോടെ അവിടെ ഇരുന്നു. ധൂമപാനം ആരംഭിച്ചതോടെ വീണ്ടും സംഭാഷണം തുടർന്നു: മദാമ്മ ചോദിച്ചു:—"ഇളയരാശാവ വർഹാം വീഞ്ഞുകുരിച്ചിറവുന്റോ?"

എളയരാജാവ്:—വീഞ്ഞു മദ്യമല്ലേ?

മദാമ്മ ചിരിച്ചുകൊണ്ടു പറഞ്ഞു:—"മത്തിയല. മത്തിയല. കുറാലടി—ക്കാ—നൊല—വെല്ല്യം. ബകുമത്തുരം. ബകുമത്തുരം, തലയ്ക്കു പിടിക്കുല. കൊൻറുബർറേയോ ഒരൗൺസ്."

മാമൂലിനു വിരുദ്ധമാണു മദ്യംസേവിക്കുക. വീഞ്ഞു മദ്യമാണെന്നും കേട്ടിട്ടുണ്ട്. മദ്യം മധുരമുള്ളതല്ലല്ലോ. എരിപ്പും പുളിപ്പും വീര്യവും ഉള്ളതാണല്ലോ അത്. വീഞ്ഞു മധുരരസമുള്ളതെന്നല്ലേ മദാമ്മപറഞ്ഞത്. എന്നിങ്ങനെ മനോരാജ്യം പൂണ്ടിരുന്നതുകൊണ്ടു മൗനാനുവാദന്യായേന മദാമ്മ അകത്തുപോയി സചായം ഒരു താലവുംവഹിച്ചുകൊണ്ടുവന്നു മേശപ്പുറത്തുവച്ചു.

അതു് രജതനിർമ്മിതമായ ചതുരാകൃതിയിലുള്ള ഒരു താലമായിരുന്നു. അതിൽ നിരത്തിവച്ചിരുന്ന വിചിത്രാകാരമുള്ള ഒരു സ്ഫടികപ്പാത്രവും, അത്രയും ഘടനാവൈശിഷ്ട്യമില്ലാത്ത രണ്ടുമൂന്നു സ്ഫടികപ്പാത്രങ്ങളും നിറയെ രക്തവർണ്ണമുള്ള ദ്രവസാധനം ഉൾക്കൊണ്ടിരുന്നു. വിശേഷപ്പെട്ട സ്ഫടികപ്പാത്രം, മദാമ്മ കൈയിലെടുത്തു രാജകുമാരനു കൊടുത്തു. അദ്ദേഹം ഉപചാരംപറഞ്ഞു് അതു കൈയിൽവാങ്ങി. അതിന്റെശേഷം സായ്പും മദാമ്മയും ഓരോപാത്രം എടുത്തുപിടിച്ചു. അപ്പോൾ മന്ദസ്മിതപൂർവ്വം മദാമ്മപറഞ്ഞു:—"ഞാൻ ഇളയരാജാവവർകളിടെ സുഖത്തിനു കുടിക്കാറയോ?"

രാജകുമാരൻ ഇതിനുമുൻപു യൂറോപ്യന്മാരുമായി ഇടപെടുകയോ അവരുടെ ഭക്ഷണാദിസല്ക്കാരങ്ങളിൽ ഭാഗഭാക്കാകുകയോ ചെയ്തിട്ടില്ല. അതിനാൽ 'ടോസ്റ്റ' എന്ന ഔപചാരികപാനത്തെക്കുറിച്ചു് അദ്ദേഹത്തിനു പരിചയം ഉണ്ടായിരുന്നില്ല. മദാമ്മയുടെ വാക്കുകൾകേട്ടു തെല്ലുസങ്കോചത്തോടുകൂടി കേരളവർമ്മ റസിഡണ്ടിന്റെ മുഖത്തേക്കു് ഒന്നുനോക്കി. അപ്പോൾ മന്ദസ്മേരവദനനായ ധരെ പറഞ്ഞു:—"അതേ. അതേ. എളയരാശാവവർഫളിടെ സുഗത്തിനു കുടിക്കാൻ, നമ്മുടെ മദാമ്മയ്ക്കു ബകു ബകു ഇസ്ടം. ബകു ബകു ഇസ്ടം."

ഉടനെ മദാമ്മ എഴുന്നേററുനിന്നു് ആ വീഞ്ഞുമുഴുവൻ മന്ദംമന്ദം ഉറിഞ്ചിക്കുടിച്ചു. അപ്പോൾ സായ്പും ഇളയരാജാവും അവരവരുടെ ആസനങ്ങളിൽതന്നെ ഇരുന്നു് അവരവരുടെ പാത്രത്തിലെ വീഞ്ഞു പാനംചെയ്തു. അനന്തരം രാജകുമാരൻ ഉപചാരം പറഞ്ഞു.

പിന്നീടു് സായ്പും മദാമ്മയുംകൂടി അവരുടെ തോട്ടം, കന്നുകാലിത്തൊഴുത്തു്, ഗോരസശാല, പാല്പുഴത്തൊട്ടി, പന്നിക്കൂടു്, കോഴിക്കൂടു്, മുയൽക്കൂടു്, പട്ടിക്കൂടു്, കിളിക്കൂടുകൾ മുതലായവ രാജകുമാരനു കാണിച്ചുകൊടുത്തു. അവിടെ ഓരോസ്ഥാനത്തു് വ്യക്തമായിക്കാണപ്പെട്ട ശുചീകരണവ്യവസ്ഥകളും, വെടിപ്പും

മോടിയും, ക്രമീകരണസമ്പ്രദായങ്ങളും, മൃഗങ്ങളെയും ജന്തുക്കളെയും സാരക്ഷിച്ച പരിപാലിക്കുന്ന അഭിനവരീതികളും കണ്ടു് ഇളയരാജാവു് അത്ഭുതപരവശനായി. ജീവച്ഛായ തോന്നിക്കുന്നവയും എന്നാൽ മാംസം എട്ടുത്തു കളഞ്ഞു് ഉണക്കിയും സമുചിതങ്ങളായ ചായങ്ങൾകൊണ്ടു രൂപകരം കൊട്ടുത്തു ഉള്ളിൽ പഞ്ഞിനിറച്ചും വയ്ക്കപ്പെട്ടിട്ടുള്ള വയുമായ പാമ്പുകൾ, മുയലുകൾ, ചീങ്കണ്ണികൾ, കഴുനായ്ക്കൾ, തത്തമ്മകൾ, കൊക്കുകൾ, മുതലായവയുടെ ദർശനത്തിൽ കേരളവർമ്മ അത്യധികം വിസ്മയം പ്രദർശിപ്പിച്ചു. തോട്ടത്തിൽ മദാമ്മതന്നെ നട്ടുവളത്തിവന്ന ഒരു ആപ്പിൾച്ചെടിയിൽ തൂങ്ങിക്കിടന്നിരുന്ന വിശേഷപ്പെട്ട പഴങ്ങളുടെ ഗുണങ്ങളെപ്പററി സായ്പും മദാമ്മയും ഒട്ടുറെ പ്രശംസാരൂപത്തിൽ രാജകുമാരനെ പറഞ്ഞുധരിപ്പിച്ചു.

തദനന്തരം യാത്രയ്ക്കുമുൻപു്, രണ്ടുപെട്ടി ശീമബിസ്കാറും, ആപ്പിൾ, പച്ചമുന്തിരിങ്ങ, സബോട്ട, മുതലായ ശീമഫലങ്ങളും, ശീമയിലെ ഓക്കുമരത്തിൻെറ കമ്പുകൊണ്ടു നിർമ്മിതമായ ഒരു വാക്കിങ്ങ്സ്റ്റിക്കും മദാമ്മ രാജകുമാരനു സമ്മാനിച്ചു. ആ ദമ്പതിതിമാർ അനുയാത്രയായി ഗോപുരംവരെച്ചെന്നു് അദ്ദേഹത്തെ യാത്രയാക്കി.

## 16

# പ്രതിസന്ദർശനം

ഇളയരാജാവു റസിഡണ്ടിനെ സന്ദർശിച്ചതിൻെറ പിറേറന്നാൾ സായാഹ്നത്തിൽ റസിഡണ്ടു പത്നിയുംകൂടി വടക്കേകൊട്ടാരത്തിൽചെന്നു് പ്രതിസന്ദർശനം നടത്തി. ആ സന്ദർഭത്തിൽ സപത്നിയാൽ അനുഗതനായ രാജകുമാരൻ ധാരയെയും ധർമ്മദാരങ്ങളെയും യൂറോപ്യൻ മര്യാദപ്രകാരം സ്വീകരിച്ചു ഹാർദ്ദമായ

സ്വാഗതം അരുളി. സൽക്കാരവിധാനങ്ങൾ ഒന്നു പകുതി യൂറോപ്യൻ രീതിയിലും, ശേഷിച്ച അളവ് മലയാളമട്ടിലും ആയിരുന്നു. വിഭവങ്ങളുടെ വിവിധതയും മെച്ചവും, ചടങ്ങുകളുടെ മോടിയും പ്രൗഢതയും കണ്ടും അനുഭവിച്ചും സായ്പും മദാമ്മയും അത്യന്തം സന്തുഷ്ടചിത്തരായിത്തീർന്നു. ഇത്ര സ്വാദും മേന്മയുമുള്ള ഭോജ്യങ്ങൾ മുമ്പൊരിക്കലും അനുഭവിച്ചിട്ടില്ലെന്നു രാജകുമാരനോടും ഇന്ദിരത്തങ്കച്ചിയോടും അവർ സമ്മതിച്ചു പറയുകതന്നെചെയ്തു. വിഭവസമൃദ്ധമായ സൽക്കാരത്തിന്റെ സമാപനവേളയിൽ ആതിഥേയി ഒരു വെള്ളിപ്പാത്രം നിറയെ വീഞ്ഞു പകർന്നു സ്വകരത്തിൽ ഗ്രഹിച്ചു് അതിഥികൾക്കു് ആരോഗ്യം ആശംസിച്ചുകൊണ്ടു് ഔപചാരികപാനം ചെയ്തു. അനന്തരം ആ സാധ്വി ഇങ്ങനെ പറഞ്ഞു:—"ബഹുമാനപ്പെട്ട റസിഡണ്ടുസായിപ്പും മദാമ്മ അവർകളും അവരുടെ ഈ വിലയേറിയ സന്ദർശനത്താൽ എളയരാജാവു തിരുമനസ്സിലെയും എന്നെയും ബഹുമാനിച്ചതിൽ ഞങ്ങൾക്കുള്ള കൃതജ്ഞത ഇങ്ങനെ ഈ ഔപചാരികപാനത്താൽ വെളിപ്പെടുത്തിക്കൊള്ളുന്നു. അച്ഛയോ, മഹാനായുള്ളോവേ, മഹതീരത്നമേ, നിങ്ങളും ഞങ്ങളുമായുള്ള ഈ വേഴ്ച, മധുരമയമായ ഈ വീഞ്ഞുപോലെ നമ്മൾ ഇരുകൂട്ടരുടെയും ആയുഷ്കാലം അത്രയും ഹൃദ്യമായും മധുരിമപൂർണ്ണതയായും തീരട്ടെ."

റസിഡണ്ടും പത്നിയും പ്രസ്തുത പ്രഭാഷണം ശ്രദ്ധിച്ചു കേട്ടുകൊണ്ടിരിക്കയായിരുന്നു. അവർക്കു രണ്ടുപേർക്കും ആ ഔപചാരികപാനപ്രസംഗത്തിലന്തർഭവിച്ചിരിക്കുന്ന തത്വം എന്തെന്നു മനസ്സിലാക്കുവാൻ കഴിഞ്ഞു. അനന്തരം മദാമ്മ ഇങ്ങനെ മറുപടി പറഞ്ഞു:—"എളയരാജാവവർകൾക്കും തങ്കച്ചിക്കും ഞങ്ങൾ പെരുത്തു പെരുത്തു നൻനി പറഞ്ഞുകൊള്ളുന്നു. ഊട്ടു വലരെ വലരെ കേമമായി. ഇത്തര—നല—തീൻ—സായ്പും ഞാനും തിൻ—നി—ററ ഇല്ലാ. കേറോ. സായ്പവും മദാമകളും ഈ ഊററിനു—ന—ൻ—റീ മനതിൽ ഒൻറു്. ഈ നൻ—നീ ഒരിക്ക—ലൂം സായ്പും ഞാനും മറ—ന്ന കളകയി-ല്ലാ. കേ-റേറാ. നൻ—നീ! നൻ—റീ!"

മദാമ്മയുടെ പ്രഭാഷണം ഇങ്ങനെ സമാപിച്ചപ്പോൾ സായ്പു പ്രസംഗം ആരംഭിച്ചു:—"പെരിയ പെരിയ ബകുമാനപെ-ററ എളയരാ-ശാ-വു-തിരു-മേനീ, പെരു-ത-പെരുത ബകുമാന-പെററ ഇത്തി-രത്തം-കച്ചീ, ഈ ഊററി-ൻ-റെ നൻ-നി എ.ൻ-റെ-മദാ-മ്മ-യും-ഞാ.നും-ഒരി-ക്കലും മാ-ക്രുചാ-കേ-റോററാ. ബലരെ, ബവരെ നൻ-നീം ചന്തോ-ഷോം ഒൻ-റു് ഞ-ങ്ങ-ൾക്കു് ഇതിൻ-റെ. നൻ-നീ എ-ന്നും-നാ-മു-ടെ മന-തിൽ ഒൻ-റായി-രി-ക്കും പിന്നെ. കേററു്കേവാ. നിങ്ങ-ൾക്കു ബേൺടി എൻ-ത്തു-ോരെയ്-പാൻ മദാ-മെ-ല്ലാം എന-ക്കും പെരുത്തു പെരുത്തു ചൻ-തോ-ശം. ഒരു-ചോ ഒരു-ച്ചോ: മടിക്കാൻടാ-പ-റ-യാം. എൻ-ട്ര-നം-ഓട്ടു്. കേ-റവു-ഓ?"

സായ്പിന്റെ പ്രസംഗം ഇങ്ങനെ നിലച്ചപ്പോൾ ഇന്ദിരത്തങ്കച്ചി ഒരു സ്വർണ്ണനൂൽമാല മദാമ്മയുടെ കണ്ഠത്തിൽ അണിയിച്ചു. നവരത്നഖചിതമായ ഒരു സ്വർണ്ണാംഗുലീയം എളയരാജാവു സായ്പിന്റെ അംഗുലിയിലും ഇട്ടുകൊടുത്തു. പ്രസ്തുത സമ്മാനം സ്വീകരിച്ചുകൊണ്ടു് ആ യൂറോപ്യൻ ദമ്പതികൾ അവക്കു ആ സമ്മാനലാഭത്തിലുള്ള നിഷ്കളങ്കമായ കൃതജ്ഞത അവ്യക്തമായ മലയാളവാണിയിൽ പ്രകാശിപ്പിക്കുന്നതായ ഓരോ ലഘുപ്രസംഗങ്ങൾ വീണ്ടും നടത്തി.

അനന്തരം റസിഡണ്ടും മദാമ്മയും യാത്രപറഞ്ഞു, കൊട്ടാരം വക വിശേഷപ്പെട്ട ഒരു വണ്ടിയിൽ കയറി. അപ്പോൾ ഒന്നുരണ്ടു പെട്ടികൾ നിറയെ, പലതരം, വിലപിടിച്ച മററനേകം ഉപഹാരങ്ങളും ഇളയരാജാവിന്റെ കല്പനപ്രകാരം വണ്ടിയിൽ വച്ചു കൊടുത്തു.

# കാലാവലോകനം

അയ്യപ്പൻ ചെമ്പകരാമൻെറ ചരമത്താൽ ഒഴിവുവന്ന ദള വായുദ്യോഗത്തിന പാറശ്ശാല ചെമ്പകരാമൻതമ്പി നിയമിതനാ യെങ്കിലും, ആ ആൾ അശക്തനും ദുർബ്ബലനുമെന്ന പെട്ടെന്ന മഹാരാജാവിനും ജനങ്ങൾക്കും അഭിപ്രായമാകയാൽ ഉദ്യോഗ ത്തിൽനിന്ന പിരിച്ചയയ്ക്കപ്പെട്ടു. വേലുത്തമ്പിയേ ദളവായായി നിയമിച്ചാൽ നന്നായിരിക്കുമെന്ന തിരുമനസ്സിലേക്ക മുൻകൂട്ടി ഉണ്ടായിരുന്ന അഭിമതംത്ത ഇളയരാജാവും ജനപ്രമാണികളും അനുകൂലിക്കുകതന്നെ ചെയ്തു. തന്നിമിത്തം വേലുത്തമ്പിക്ക ദള വായുദ്യോഗത്തിനുള്ള നീട്ട മഹാരാജാവുതിരുമനസ്സുകൊണ്ട കല്പി ച്ചു നൽകുവാൻ, പിന്നീട കാലവിളംബം ലേശവും വരുത്തി യില്ല.

പുതിയ ദളവാ ഉദ്യോഗത്തിൽ പ്രവേശിച്ചതോടുകൂടി രാജ്യ ത്തിൽ ആകെ ഒരു നവജീവൻ ഉദയംചെയ്തു. ദീനദയാലുവും, ജ നക്ഷേമതല്പരനും പരിഷ്കൃതാശയനുമായിരുന്നു വേലുത്തമ്പി. അധൎമ്മവും അനീതിയും, അക്രവും അഴിമതിയും, വിദ്ധ്വേഷവും വിനയരാഹിത്യവും അദ്ദേഹത്തിന ദുസ്സഹമായിരുന്നു. കുററക്കാ രായ സൎക്കാരുദ്യോഗസ്ഥന്മാരെയും ജനങ്ങളെയും കഠിനമായി ശി ക്ഷിക്കുന്ന പ്രകൃതക്കാരനായിരുന്നു അദ്ദേഹം. ശിക്ഷകളുടെ ക്രൂര വും മൃഗീയവുമായ രീതികളാൽ, ക്രമേണ ഒരു വിഭാഗം സൎക്കാർ ജീവനക്കാരും, വിദ്ധ്വേഷികളായ ഒരു ന്യൂനപക്ഷം ജനങ്ങളും ദള വായെ വെറുക്കുവാനും ദ്വേഷിക്കുവാനും ആരംഭിച്ചു. സ്വാതന്ത്ര്യ നും നിർഭയശീലനും ആയ വേലുത്തമ്പി രാജ്യമാകെ സഞ്ചരിച്ചു ജനങ്ങളുടെ സങ്കടങ്ങളും ആവശ്യങ്ങളും ശരിക്ക മനസ്സിലാക്കി തക്കതായ പരിഹാരങ്ങൾ കണ്ടുപിടിച്ചു നടപ്പിലാക്കിക്കൊടുത്തു. കൃഷിക്കു ജലവിതരണസംഭരണാദികൾക്കും ആവശ്യമായ ഏ

താനും അണകളും നീർച്ചാലുകളും കുളങ്ങളും രാജ്യത്തിന്റെ നാനാഭാഗങ്ങളിലുമായി സജ്ജീകരിച്ചതിനും പുറമേ, ഉല്പന്നങ്ങളുടെ പ്രാദേശികവിതരണം ലക്ഷ്യമാക്കി കളീക്കവിള, ചങ്ങനാശ്ശേരി, തലയോലപ്പറമ്പ് എന്നീ സ്ഥലങ്ങളിൽ ഓരോ ചന്തകൾ ഏർപ്പെടുത്തി. എന്നുമാത്രമല്ല, രാജ്യത്തെ മുതലെടുപ്പ് വർദ്ധിപ്പിക്കുവാനായി, നിലംപുരയിടങ്ങൾ കണ്ടെഴുതിച്ചു തരംതിരിച്ചു കരം നിശ്ചയിച്ചു. അക്കാലത്തു രാജ്യത്തിന്റെ നാനാഭാഗങ്ങളിലും പ്രചുരപ്രചാരത്തിലിരുന്ന അക്രമങ്ങൾക്കും മോഷണത്തിനും അറുതിവരുത്തുവാൻ ദളവാ സ്വയം നാടൊട്ടുക്കു പര്യടനം നടത്തി സിവിലും ക്രിമിനലും നീതിന്യായങ്ങൾ നടത്തിവന്നു.

മഹാരാജാവിന്റെ ശക്തിയും പ്രഭാവവും വർദ്ധിപ്പിക്കണമെന്നു നിർബന്ധമുള്ള ഒരു നിഷ്കളങ്ക രാജഭക്തൻകൂടെയായിരുന്നു ദളവാ. അക്കാലത്തു കൊട്ടാരത്തിനു ചുറ്റും പഴയ മൺകോട്ടയാണു് ഉണ്ടായിരുന്നതു്. ദളവാ അവയെല്ലാം ഇടിച്ചുനിരത്തിച്ചു, തൽസ്ഥാനത്തു് അദ്യാപികാണപ്പെടുന്ന കരിങ്കൽകോട്ടയും കോട്ടവാതലുകളും പണിയിച്ചു. എന്നുമാത്രമല്ല, അദ്യാപി നിലനിന്നുവരുന്ന കൊട്ടാരംവകകളായ, കോട്ടയ്ക്കകത്തു തെക്കേതെരുവിനുതെക്കു കിഴക്കേമൂലയിൽ കാണപ്പെടുന്ന കച്ചേരികൾ, കൊല്ലംകച്ചേരി, അനന്തവല്ലീശ്വരം ക്ഷേത്രം, മാമ്പിഴത്തറക്ഷേത്രം, മുതലായവ ദളവാ സ്വയം പണിനടത്തിച്ചിട്ടുള്ളവയാണു്. കോട്ടയ്ക്കകത്തു പണിയിച്ച കെട്ടിടങ്ങളിലായിരുന്നു ഹജൂർക്കച്ചേരി ഏർപ്പെടുത്തി നടത്തിത്തുടങ്ങിയതു്. വടക്കുവശം കോട്ടയുടെ പണി നടന്നുകൊണ്ടിരിക്കുമ്പോൾ ബ്രിട്ടീഷ്റസിഡണ്ടുമായി വേലുത്തമ്പി അഭിപ്രായവ്യത്യാസത്തിൽ എത്തിക്കഴിഞ്ഞു. ബ്രിട്ടീഷ് ഈസ്റ്റിൻഡ്യാക്കമ്പനിയും തിരുവിതാംകൂർ മഹാരാജാവുംതമ്മിൽ ഏർപ്പെട്ടിരിക്കുന്ന സഖ്യയുടമ്പടി പ്രാബല്യത്തിലിരിക്കുന്ന കാലത്തോളം തിരുവിതാംകൂറിനെ ആഭ്യന്തരമോ ബാഹ്യമോ ആയുള്ള ആക്രമണങ്ങളിൽനിന്നു രക്ഷിക്കുവാനുള്ള ഭാരം

കമ്പനിക്കാണെന്നും ആ സ്ഥിതിക്ക കമ്പനിയുടെ അനുമതികൂടാതെ കോട്ടകളും മററും ഉറപ്പിക്കുന്ന നടപടി അനർഹമാണെന്നും കമ്പനിക്ക യുദ്ധച്ചെലവുവകയ്ക്കും സൈന്യച്ചെലവുവകയ്ക്കും കൊടുക്കുവാൻ ബാദ്ധ്യതപ്പെട്ടിട്ടുള്ള സംഖ്യകൾ കുടിശികയിലാണെന്നും, അവ ഉടനേ കൊടുത്തുതീർക്കണമെന്നും റസിഡണ്ടു മഹാരാജാവിന്റെ പേർക്ക് എഴുതിയയച്ചു. റസിഡണ്ടിന്റെ ധാർഷ്ട്യപൂർവ്വമായ പ്രസ്തുത സന്ദേശം കണ്ടു കുപിതനായ ദളവാ അതിന് ഉചിതമായ ഒരു മറുപടി തയ്യാറാക്കി മഹാരാജാവിനെകൊണ്ടു തുല്യം ചാർത്തിച്ച് അയച്ചുകൊടുത്തു. അതിൽ ഏതാണ്ടിപ്രകാരം വിവരിച്ചിരുന്നു. മഹാരാജാവിന്റെയും രാജ്യത്തിന്റെയും ജനങ്ങളുടെയും മേൽ ബ്രിട്ടീഷ് ഈസ്റ്റിൻഡ്യാക്കമ്പനിക്കോ, അതിന്റെ ഉദ്യോഗസ്ഥന്മാർക്കോ, കമ്പനിയുടെ തിരുവിതാംകൂറിലെ പ്രതിനിധിയായ റസിഡണ്ടിനോ യാതൊരു മേൽക്കോയ്മയും ഇല്ലെന്നും, കോട്ടകൾ കെട്ടിക്കുന്നതിനും രാജ്യരക്ഷയ്ക്കുവേണ്ട പ്രതിരോധങ്ങൾ എല്ലാം ഏതു സന്ദർഭത്തിലും ചെയ്യാനുമുള്ള പരമാധികാരം മഹാരാജാവിനുണ്ടെന്നും, അവിടത്തെ പ്രതിപുരുഷനും ജനങ്ങളുടെ പ്രതിനിധിയും എന്ന നിലയിലാണു ദളവാ കാര്യവിചാരം ചെയ്യുന്നതെന്നും മിസ്റ്റർ മൺറോ ഇനിയെങ്കിലും മനസ്സിലാക്കാത്തതിൽ ഖേദിക്കുന്നുവെന്നുംമററുമായിരുന്നു ആ പ്രതിസന്ദേശം. ആ മറുപടി ധാരായെ അത്യധികം ക്ഷോഭിപ്പിച്ചു. കോട്ടകൾ ഉടനെ ഇടിച്ചുനിരത്തിക്കൊള്ളണമെന്നും, കമ്പനിക്ക് കൊടുക്കുവാനുള്ള സംഖ്യ ഉടനേ കൊടുത്തുതീക്കണമെന്നും, അല്ലാത്തപക്ഷം ബ്രിട്ടീഷുസൈന്യത്തിന്റെ അവലംബത്തോടുകൂടി താൻ നിവൃത്തിമാർഗ്ഗം തേടുമെന്നുംമററുമായി റസിഡണ്ടിന്റെ അനുശാസനം. ഇങ്ങനെ റസിഡണ്ടും ദളവയുംതമ്മിൽ പരസ്യമായ ശത്രുതയിലായി.

ഉദ്യോഗസ്ഥന്മാരിൽ ഒരുവിഭാഗം വേലുത്തമ്പിയോട് അസൂയാലുക്കളും ദ്വേഷവും വെറുപ്പും ഉള്ളവരുമായിത്തീന്നിരുന്നതി

നാൽ, അവർ രാജ്യത്തിൻെറ ഉത്തമതാല്പൎയ്യത്തിനു വിപരീതി കളായി റസിഡൺടിൻെറ പക്ഷംപിടിച്ചു നില്ക്കുകൊണ്ടു. ഏതുപ്ര കാരവും ദളവായുടെ അധഃപതനത്തിനു കളം ഒരുക്കുകയെന്നുള്ള തായിരുന്നു ആ ഉപജാപകത്തിൻെറ പ്രധാനമായ ഉദ്ദേശം.

## 18

# രാജ്യതന്ത്രം

ബ്രിട്ടീഷുറസിഡൺടും വേലുത്തമ്പിയുംതമ്മിലുള്ള മത്സരം അതിൻെറ പാരമ്യത്തിലെത്തിയിരുന്ന തിരുവിതാംകൂറിലേ ആ ദുർഘടഘട്ടത്തിൽ ഒരുദിവസം മുത്താഴം അമൃതേത്തുകഴിഞ്ഞു മഹാരാജാവു് അസ്വസ്ഥചിത്തനായി കൊട്ടാരത്തിൻെറ രണ്ടാമത്തേനിലയിലുള്ള വരാന്തയിൽ ഉലാത്തുകയായിരുന്നു. അപ്പോൾ കല്പനയനുസരിച്ചു് എളയരാജാവു് അവിടെ ആഗതനായി മഹാരാജാവിനെ വന്ദിച്ചു നിന്നായി. ചിന്താകുലനായ തിരുമനസ്സു കൊണ്ടു് ഇങ്ങനെ കല്പിച്ചു:—"അപ്പൻ ഇന്നലെ ഉറങ്ങിയിട്ടില്ലേ; മുഖത്തു് ഉറക്കച്ചടവു നന്നേ കാണുന്നുണ്ടല്ലോ."

ഇളയരാജാവു്:—അടിയൻ. മനോവിചാരംകൊണ്ടു് അശേഷം ഉറക്കം ഉണ്ടായില്ല. ഈ പതനത്തിൽ നാം എന്താ ചെയ്ക. നമ്പൂരി വരുത്തിവച്ചതിലും കഷ്ടമായിരിക്കുന്നു കാൎയ്യങ്ങൾ.

മഹാരാജാവു്:—ദളവായുടെ ആത്മാൎത്ഥതയേപ്പററി നമുക്കു ലേശവും അഭിപ്രായവ്യത്യാസമില്ല. അയാൾക്കു് നമ്മോടു നിഷ്കളങ്കമായ ഭക്തി ഉണ്ടു്. നാടു നന്നാകണമെന്നു് അയാൾക്കു വലിയ താല്പൎയ്യമുണ്ടു്. ഈ വെള്ളക്കാർ ഇവിടെകേറി അധികാരംഭരിക്കാൻ തുടങ്ങുന്നതു് അയാൾ സമ്മതിക്കുന്ന പ്രകൃതമല്ല. എങ്കിലും നമ്മുടെ കഴിവുകളും ഈ കാലസ്ഥിതിയും തീരെ വിസ്മരിച്ചിട്ടാണു് അയാളുടെ നടപടികൾ. ഇങ്ങനെ ഒരു അബദ്ധമേ വേലുത്തമ്പിക്കു പററിയിട്ടുള്ളു.

ഇളയരാജാവു്:—ബ്രിട്ടീഷുസിംഹത്തോടു പൊരുതുകൊണ്ടു് ഒരു രാജ്യത്തിനു് ഇവിടെ കഴിഞ്ഞുകൂടാൻ സാധ്യമോ? പണമാണെങ്കിൽ അവക്കു ധാരാളം. സൈന്യബലമെങ്കിൽ നമ്മെക്കാൾ ശതഗുണവും മററും അല്ല. ആയിരാമടങ്ങു് എന്നുതന്നെ പറവാൻ. കേരളത്തിലെ രാജാക്കന്മാരൊക്കെ അവരെപ്പേടിച്ചു കിടുങ്ങിയിരിക്കുന്നു. അപ്പോൾ ഈ തമ്പി പാലിയത്തുമേനവനുമായിച്ചേൎന്നു റസിഡൻസിക്കു തീ വയ്ക്കയും കൎണ്ണലിനെ കൊല്ലാൻ ശ്രമിക്കയും ചെയ്തതു് എന്തൊരു സാഹസമായിപ്പോയി. ഇതിനെല്ലാം സമാധാനം പറയേണ്ടതാരു്?

മഹാരാജാവു്:—വളരെവളരെ സാഹസമായിപ്പോയി. സംശയമില്ല.

ഇളയരാജാവു്:—പള്ളാത്തുരുത്തിആററിൽ ഒരു യൂറോപ്യൻ ഉദ്യോഗസ്ഥനേയും മദാമ്മമാരേയും കുട്ടികളേയും കെട്ടിത്താഴ്ത്തിക്കൊല്ലിച്ചിരിക്കുന്നു ഈ ദളവാ.

മഹാരാജാവു്:—ഓഹോ! ശിവ! ശിവ! പത്മനാഭനേ പൊറുക്കുമോ? കഷ്ടംകൈ! കഷ്ടംകൈ! ഇതു നിഷ്ഠുരനോ ഈ ദളവാ?

ഇളയരാജാവു്:—അയാളുടെ കുട്ടായ്കകൾ ഇതൊന്നുമല്ല. കൊച്ചിയിൽനിന്നു വരുന്നവഴി കുണ്ടറയിൽ എത്തി അയാളും വെയ്ലും പത്മനാഭനുംകൂടെ ഒരു വിളംബരം തമുക്കടിച്ചുപരത്തിയിരിക്കുന്നു. ജനങ്ങൾ ഉടനേ വെള്ളക്കാൎക്കു് എതിരായി ആയുധം എടുക്കണമെന്നു്.

മഹാരാജാവു്:—ഇതെന്തൊരുകഥ! ഇതിനൊന്നും നാം ഈ തമ്പിയേ അധികാരപ്പെടുത്തിയിട്ടില്ലല്ലോ.

ഇളയരാജാവു്:—ഇതിൻെറഫലം അയാൾ അനുഭവിക്കാറായെന്നുതോന്നുന്നു. ദളവായെ നാം ഉടനേപിടിച്ചു ബ്രിട്ടീഷുറസിഡണ്ടിനെ ഏല്പിക്കണമെന്നു് അവർ എഴുതിഅയയ്ക്കാൻപോകുന്നു. സുബ്ബയ്യൻ കുറച്ചുമുമ്പു് ഈ വൎത്തമാനം രഹസ്യമായി അറിവുതന്നു.

മഹാരാജാവിന്റെ മുഖം ശോണവർണ്ണമായി. അവിടുന്നു ദീർഘമായി ഒന്നു നിശ്വസിച്ചു: "പത്മനാഭാ! ഇനി ഈ വെള്ളക്കാർ ഇവിടെ എന്തെല്ലാം കാട്ടിക്കൂട്ടാൻ പോവുന്നോ! ചില അബദ്ധങ്ങൾ കാട്ടിയാലും ആ വേലുത്തമ്പി ചുണക്കുട്ടി! അയാളെ ഈ ധൂർത്തന്മാർ അവരുടെ സൈന്യങ്ങളുംകൂടി പിടിച്ചു വെടിവച്ചു ചുട്ടുകളയുമോ? അങ്ങനെയൊരു പതനംവന്നാല്പിന്നെ ഈ ഉടവാൾ പിടിച്ചു നാം എന്തിനിവിടെ ഇരിക്കുന്നു?

ഇളയരാജാവ്:—ദളവാ വാസ്തവത്തിൽ തെറ്റുകാരനാണു്. ആ സ്ഥിതിക്കു് ദളവായേപ്പിടിച്ചു് അവരേ ഏല്പിക്കുന്നതിൽ എന്താണു് ആക്ഷേപം? ബ്രിട്ടീഷു സങ്കേതത്തിൽ കടന്നു ബ്രിട്ടീഷു റസിഡണ്ടിനെ കൊല്ലാൻ ശ്രമിക്കുകയും, ബ്രിട്ടീഷുപ്രജകളെ കൊല്ലിക്കുകയുംചെയ്ത തമ്പിയേ ബ്രിട്ടീഷു നിയമശാസ്ത്രപ്രകാരം അവർതന്നെ വിസ്തരിച്ചു ശിക്ഷിക്കണം.

മഹാരാജാവ്:—അയാൾ നമ്മുടെ ദളവാ എന്നനിലയിലല്ലേ പ്രവർത്തിച്ചതു്?

ഇളയരാജാവ്:—അതു ശരിതന്നെ. ആ സ്ഥിതിക്കു് ഉത്തരവാദം ഇവിടെക്കൂടെ ഉണ്ടു്. ആ റസിഡണ്ടു നല്ലയാളായതുകൊണ്ടു് അത്രത്തോളം മുമ്പോട്ടുപോകുന്നില്ല. അതുകൊണ്ടാണു ദളവായേപ്പിടിച്ചു് ഏല്പിക്കുമെന്നു പറയുന്നതു്.

മഹാരാജാവ്:—അതും നാം പ്രവർത്തിക്കണമോ? കൊടുത്ത ഉടവാൾ തിരിച്ചു വാങ്ങിയേക്കാം. അതുപോരേ? അയാൾ വലിയ മാന്ത്രികനും ദേവിയുപാസനക്കാരനുമാണെന്നു് അപ്പനു അറിഞ്ഞുകൂടേ? അയാളേ പിടിക്കാനുംമററും അത്ര എളുപ്പമല്ല. നമ്മേ ഭക്തിയോടെ സ്നേഹിക്കുന്ന ഒരു പൌരനുമാണയാൾ.

ഇളയരാജാവ്:—കല്പിക്കുന്നതെല്ലാം വാസ്തവംതന്നെ. നാം എന്തുചെയ്യും ഈ പതനത്തിൽ. അയാളെ വിട്ടുകൊടുത്തില്ലെങ്കിൽ നമ്മുടെരാജ്യം അപകടത്തിലാവും. അവരോളം സൈന്യശക്തിയും പണശക്തിയും ഇവിടെഇല്ല. ഈ ഇരവിക്കുട്ടിപ്പിള്ളയോ,

വൈദ്യന്മോ, തമ്പിയോ ഒക്കെ വിചാരിച്ചാൽ എന്തുകഴിയും? നമ്മുടെ ജനങ്ങളേ വിളിച്ചുകൂട്ടി പട്ടാളംചേത്താൽ അവക്കു വെടിക്കുഴൽ ഉണ്ടോ?

മഹാരാജാവു്:—വേലുത്തമ്പിപോയാൽ അയാളോളം ചുണയും തൻേറടവും കാൎയ്യപ്രാപ്തിയുമുള്ള മറെറാരാളെ ഉടനെ നമുക്കു കിട്ടുമോ? അതുകൊണ്ടു് അയാളേ ഏതുവിധവും കാത്തുകൊള്ളുകയാണല്ലോ ആവശ്യം.

ഇളയരാജാവു്:—തിരുമേനി ഇങ്ങനെ കല്പിച്ചു ശാഠ്യം തുടങ്ങിയാൽ കാൎയ്യങ്ങൾ ഒക്കെ അവതാളത്തിലാകും. കേശവപിള്ള പോയപ്പോൾ അയാളേക്കാൾ പിടിപ്പുള്ള ഒരാളേക്കിട്ടുമോഎന്നു സന്ദേഹമായിരുന്നു. നമ്പൂരിവന്നു. അയാളും ഒരിച്ചു. പിന്നെ തമ്പിവന്നു. തമ്പി ചിലകാൎയ്യങ്ങളിൽ സമ്മതൻ. എങ്കിലും രാജ്യത്തെയും തിരുമേനിയേയും വലിയൊരു വൈതരണിയിലല്ലേ അയാൾ കൊണ്ടുചാടിച്ചിരിക്കുന്നതു്. ഈ വൈതരണിയിൽനിന്നു കരകയറാൻതന്നെ വലിയ ബദ്ധപ്പാടു വേണ്ടിയിരിക്കുന്നു. വേലുത്തമ്പിക്കുപകരം മറെറാരുതമ്പി ഇവിടെ ഉണ്ടല്ലോ. റസിഡണ്ടിനും നാഞ്ചിനാട്ടുകാക്കും വടക്കുള്ളവക്കും ഇവിടുത്തുകാക്കും അയാളെ വലിയകാൎയ്യം. ഉമ്മിണിത്തമ്പിയായാൽ ഒട്ടും പോരാതെവരില്ല.

മഹാരാജാവു് ഏതാനുംനിമിഷം ചിന്താഗ്രസ്തനായി മൌനംപൂണ്ടുനിന്നു. അനന്തരം ഇങ്ങനെ കല്പിച്ചു:—"ഏതായാലും ആവട്ടെ. അപ്പന്റെ ഇഷ്ടം അങ്ങനെയെങ്കിൽ വേലുത്തമ്പിയെ വേഗം ഇവിടെവരുത്തണം."

ഇളയരാജാവു്:—വേലുത്തമ്പിക്കു് ഒരു ആത്മീയഗുരു ഉണ്ടു്. ഒരു പോററിയാണതു്. ഒരുനമ്പി. വടക്കു നെടുമ്പ്രയാറു തേവലശ്ശേരി. കൂടുവിട്ടു കൂടുമാറുന്ന വിദ്യക്കാരനാണാപോററി. അയാളുടെ ഇല്ലത്തു വേലുത്തമ്പിയും കൂട്ടരുംചെന്നെത്തിയപ്പോയാൽ പിന്നീടവരെ ഒരിക്കലും കിട്ടാൻ ഇടയില്ല.

മഹാരാജാവ്:—അങ്ങനെ മഹാമാന്ത്രികനായ ഒരു നമ്പിയുണ്ടോ?

ഇളയരാജാവ്:—അയാൾ ഇതുവരെ പണ്ടാരക്കരം കൊടുത്തിട്ടില്ല. കരം ഈടാക്കാൻ ജപ്തിക്കുചെല്ലുന്ന അധികാരിയേയും പിള്ളമാരേയും അശരീരികളായ ആരോ അടികലശൽചെയ്തു വിടുകയാണത്രേ പതിവ്. ഒടുവിൽ ദളവാതന്നെ അവിടെച്ചെന്നു ബോദ്ധ്യപ്പെട്ടു. നമ്പിയുടെ ശിഷ്യത്വവും സ്വീകരിച്ചു. അവിടുന്നാണയാൾ യോഗമുറകൾഒക്കെ വശമാക്കിയതു്. വൈക്കം പത്മനാഭപിള്ളയും, കുഞ്ചുകുട്ടി സർവ്വാധിയും കൊച്ചു് ഇരവിക്കുട്ടിപ്പിള്ളയും ഒക്കെക്കൂടിയിട്ടുണ്ടു് അവിടെ. സായിപ്പന്മാരെ ഈ നാട്ടിൽനിന്നു് ഓടിച്ചുകളയാമെന്നു നമ്പി ഉറപ്പുകൊടുത്തിട്ടുണ്ടത്രേ.

മഹാരാജാവ്:—വലിയമാന്ത്രികന്മാൎക്കു് അതൊക്കെ സാധിക്കും. അയാളുടെ ഇല്ലത്തു് ഒന്നുപോകണം നമുക്കു്. ഈ കാൎയ്യം കരുപ്പംഒക്കെ ഒന്നു നീങ്ങിക്കൊള്ളട്ടെ. പത്മനാഭൻ വേലുത്തമ്പിക്കു് ആയുസ്സും അഭിമാനവും ഇനി നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അവൻ രക്ഷപെടും. അല്ലെങ്കിൽ മരിക്കും. അവമാനകരമായ ഒരു മരണത്തിനുവഴിപ്പെടുന്ന ജാതിയല്ല വേലുത്തമ്പി. പത്മനാഭാ! അവനേക്കാത്തുകൊള്ളണേ!

ഇളയരാജാവ്:—തേവലശ്ശേരി എന്നാണു് ആ നമ്പിയുടെ ഇല്ലപ്പേരു്. വളരെ ശിഷ്യന്മാരുമുണ്ടു്. ഏതായാലും ആ നമ്പിയെ വരുത്താൻ ആളയക്കാം. ഉമ്മിണിത്തമ്പി തിരുമുമ്പിൽ ഹാജരാകാനും ചട്ടംകെട്ടാം.

"ആവട്ടെ" എന്നു മഹാരാജാവു വൈമനസ്യത്തോടെ സമ്മതംനൽകി.

# 19

# പാച്ചന്റെ സന്ദേശം

കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ച സംഭവങ്ങൾ നടന്നതിന്റെ മൂന്നാംനാൾ നാലുനാഴികപുലൎന്നസമയം പാച്ചൻ ധൃതിയിൽ ഓടിക്കിതച്ചു നാലുകെട്ടിൽ അമ്മവീട്ടിന്റെ അടുക്കളക്കൊട്ടിൽ ഹാജരായി. അവൻ ഓടിക്കിതച്ചും, അവന്റെ ഉടലാകെ വിയൎത്തൊലിച്ചും ഇരിക്കുന്നു. ക്ഷീണിതനെങ്കിലും അലക്ഷ്യഭാവത്തിൽ തന്റെ സന്നിധിയിൽ വന്നുകയറിയ ഭൃത്യനെ കണ്ടു് അമൎഷംപൂണ്ടു മംഗളമ്മപ്പിള്ള ഇങ്ങനെപറഞ്ഞു:–"കള്ളനായ്ക്കൾ! ചോറിന്റെ മുഷ്കു്! ഓടിക്കിതച്ചുവന്നിരിക്കുന്നു, പത്തുനാഴികപുലൎന്നപ്പം. നായിനെപ്പോലെ കിതയ്ക്കുണോ പിന്നെ. നിന്റെ ഈ വൃച്ചും മെരട്ടും ഇങ്ങറിഞ്ഞൂടായോ പിന്നെ. ഇത്ര പോതരവടില്ലാത്തതോടാ ഈ അമ്മവീട്ടിലെ ചോറു്?"

പാച്ചൻ ഒരുദിവസത്തേ അനുവാദം വാങ്ങി കണ്ണമ്മൂലയിലുള്ള അവന്റെ സ്വന്തഭവനത്തിൽ എന്തോ അത്യാവശ്യംപ്രമാണിച്ചു പോയിരിക്കുകയായിരുന്നു സൂൎയ്യോദയത്തിനുമുൻപു വരണമെന്നാണു ഗൃഹനായകി അവനോടാജ്ഞാപിച്ചിരുന്നതു്. അവൻ താമസിച്ചുവന്നതിൽ ഉണ്ടായ കോപാവേശത്താലാണു് അമ്മച്ചി ഇങ്ങനെ സംസാരിച്ചതു്. പാച്ചൻ പറഞ്ഞു:—"പൊന്നമ്മച്ചീ! ഇങ്ങനെ പള്ളുപറയരുതേ പാച്ചനോ! ഈ പൊന്നുകൊട്ടത്തുതറവാടാണെ പാച്ചൻ ഒന്നും പിഴച്ചതല്ലേ?"

"പിന്നെന്തുട്ടാണൊ കരിഞ്ചപ്പട്ട പുറപ്പെട്ടിട്ടോടാ നിന്റെ കാലേൽ." എന്നു മംഗളപ്പിള്ള ഒരു ചീറൽ.

"പൊന്നുകൊച്ചമ്മാ! ഇങ്ങനെ ഉത്തരവാകരുതേ! പോയല്ലോ തമ്പിഅങ്ങുന്നു്."

"ഏതു തമ്പിയങ്ങുന്നോടാ! അസംബന്ധം പറയുന്നോ മുഖത്തു വെള്ളമൊഴിക്കുംമുമ്പേ, രാവിലെ" എന്നു മംഗളപ്പിള്ള!

"അതല്ലമ്മച്ചീ! പോയ്ക്കുട്ടോരെന്ന നമ്മടെ മേലവായങ്ങുന്ന്. അതാണ്ട പുള്ളിയും, നായ്ക്കന്മാരും, സായ്പന്മാരും ഒക്കെക്കൂടെ. സായ്പിന്റെകൂടെ പാച്ചന്റനിയൻ കൊച്ചുപാച്ചനും പതിനാണ്ടിവീട്ടിൽ, തമ്പിയങ്ങത്തെ ശവം എടുത്തുകൊണ്ട്—തലയില്ലാത്ത ഉടലേ—അയ്യോ!" എന്ന് ഒരലർച്ചയോടുകൂടി പാച്ചൻ സ്വയം മാറിടത്തിൽ ഊക്കോടെ ഒരു പ്രഹരം.

ഭൃത്യന്റെ മുഖത്തുനിന്നു പുറപ്പെട്ട അസുഖവൃത്താന്തവും അവന്റെ മുറയും അലയും ഒക്കെക്കൂടെ മംഗളമ്മപ്പിള്ളയെ സ്തബ്ധഗാത്രയാക്കി, ഏതാനും നിമിഷനേരത്തേയ്ക്കു്. പിന്നീട് അല്പം സമാശ്വസിച്ചശേഷം ആ ഗൃഹനാഥ മന്ദസ്വരത്തിൽ ചോദിച്ചു:—

"എന്തെടാ പാച്ചാ! പറ. സാവകാശത്തിൽ പറ."

പാച്ചന്റെവിളിയും അടിയും അവന്റെ നാവിൽനിന്നു പുറപ്പെട്ട ഭയങ്കരവാർത്തയും കേട്ടു ധൃതിയിൽ ഇന്ദിരപ്പിള്ളത്തങ്കച്ചിയും പുറത്തേയ്ക്കുവന്നു. അപ്പോൾ പാച്ചൻ ഇങ്ങനെ തുടന്നു:—

"അതാണ്ട തമ്പിയങ്ങത്തെ തലയില്ലാത്ത ഉടൽ ഞങ്ങടെ വീട്ടിനടുത്തോട്ടു നാട്ടുവഴിയിലുള്ള ഒരു പിലാവിൽ കെട്ടിത്തൂക്കിയിട്ടിരിക്കുന്നു. ആ പുള്ളിപ്പട്ടാളക്കാരു മിലേച്ഛന്മാര്. നല്ല തന്തിയാന്റെ മക്കളാരെങ്കിലുംചെയ്യുന്ന പണിയോ പിന്നെഅതു്. അങ്ങത്തെ നെഞ്ചില്യ് ഒരു കുത്തുകൊണ്ട മുറിവ്. കട്ടച്ചോര ഒലിച്ച് ഒണങ്ങിയിരിക്കുന്നു. കഴുത്തുമില്ല. തല ഒരു കടുവാപ്പുള്ളി ഒരു മുളയിൽ കുത്തിപ്പിടിച്ചു നാട്ടിനിത്തിയിരിക്കുന്നു പൊന്നമ്മച്ചീ! സഹിച്ചുകൂടേ പൊന്നമ്മച്ചീ കണ്ടാ. ആ വട്ടമൊഖവും, മേമീശയും കൃതാവും മിഴിച്ച കണ്ണും ഒക്കെക്കൂടെ."

മംഗളമ്മപ്പിള്ളത്തങ്കച്ചി:—അയ്യോ! എന്റെ ദൈവമേ! എങ്ങനെ പററിയെടാ ഇതെല്ലാം.

പാച്ചൻ:—ആ പുള്ളിപ്പട്ടാളക്കാരുടെ—ആളക്കൊല്ലിരാക്ഷസന്മാരുടെ പണിയേ പൊന്നമ്മച്ചീ! ആ പപ്പുത്തമ്പിയങ്ങത്തെയും പിടിച്ചുകെട്ടിക്കൊണ്ടുവന്നിരിക്കുന്നേ!

ഇന്ദിര:— എന്തിനെടാ ഇതെല്ലാം. ആരു കൊന്നു തമ്പിയങ്ങേ ഹത്തെ?

പാച്ചൻ:—പപ്പുത്തമ്പിയങ്ങുന്നു കഴുത്തുവെട്ടിപോലും. കഠാരികൊണ്ടു കുത്തി വല്യങ്ങുന്നു് തന്നത്താൻ. പുള്ളി പിടികൂടാൻ ചെന്നപ്പം തമ്പിയങ്ങുന്നു പറഞ്ഞിട്ടു കൊച്ചങ്ങുന്നു കഴുത്തുവെട്ടികൊട്ടത്തൂട്ടാൻ.

ഇന്ദിര:—ആൺപിള്ളശിങ്കങ്ങൾ. ആണുങ്ങളായാൽ ഇങ്ങനെ വീരൊടെ മരിക്കണം.

മംഗളമ്മപ്പിള്ളത്തങ്കച്ചി:—എങ്കിലും കട്ടപ്പമായിപ്പോയി മകളേ! ഈ സായ്പന്മാരു വന്നു് ഈ നാട്ടു മുടിക്കാനോ പോണെന്റെ മകളേ!

ഇന്ദിര.—ഇതിലെല്ലാം സ്വല്പം കാര്യം ഉണ്ടമ്മാ!

മംഗളമ്മപ്പിള്ളത്തങ്കച്ചി:—എന്തു കാര്യമായാലും ആണുങ്ങളൊക്കെ പോയി മറയുന്നു പിള്ള!

പാച്ചൻ:—അതല്ലെന്റമ്മച്ചീ! ആ ഉമ്മിണിത്തമ്പിയങ്ങുന്നു കാണിച്ച ഒരു കാട്ടായം ദൈവത്തിനും പൊറുക്കുലകേട്ടോ. ശവം കെട്ടിത്തൂക്കുംമുമ്പേ കട്ടുംതറയിൽ ഇട്ടിരിക്കുന്നു. തമ്പിയങ്ങത്തേ ആ തിരുവുടലിൽ, ഉമ്മിണിയങ്ങുന്നു മുറുക്കിപ്പതാവരുത്തി കാക്കിച്ചു് ഒരു തുപ്പു്. അയ്യോ! കോഴിയേക്കണ്ടിച്ചോഴിച്ചതുപോലെ ചെമന്നു പതഞ്ഞ തുപ്പൽ ദേഹം മുണ്ടും നറച്ചു്. പിന്നെ പള്ളപറഞ്ഞു വയററത്തിട്ട രണ്ടു തൊഴീം.

"അയ്യോ! പാപി!" എന്നു മംഗളപ്പിള്ള ആകസ്മികമായ ഒരു വിളി.

"ഏതായാലും മനുഷ്യനു ചേന്ന നടപടിയായില്ല, അതു്. ഒരു ജാതിക്കാരും ചെയ്യാത്ത വേലയതു്." എന്നു് ഇന്ദിരത്തങ്കച്ചിയും പറഞ്ഞു.

പാച്ചൻ:—ആ ഉമ്മിണിത്തമ്പിഅങ്ങുന്നു് ഇങ്ങനെ ചെയ്ത

ള്പ്പോ കാരണങ്ങളായിരുന്നു, ആവല്യതമ്പിഅങ്ങുത്തെ തലയുടെ മൊഹത്തെ കണ്ണുമിഴി. അമ്പോ! ആ മേമീശയും കൃതാവും ഇച്ചിമ്പിച്ചനാരങ്ങാനെറവും ആ കറുത്ത പുരികക്കൊടീം വട്ടമൊഹവും അയ്യയ്യോ പേടിയാകുന്ന. നെഞ്ഞം ഒലിക്കുന്ന ചുണ്ടും! ആ കൊച്ചുങ്ങടെ കൈപിടിച്ചു കെട്ടീരുന്നില്ലെങ്കി കാണാം പിന്നെ പൊടിപൂരം. എന്നിട്ടും ഇട്ടുകൊട്ടത്താൻ പത്തു വൈരം പതിച്ച പള്ളപറച്ചിൽ ഉമ്മിണിത്തമ്പിക്ക്—അയ്യോ! അങ്ങനെ പറഞ്ഞൂട്ടമോ ഇപ്പം. പിന്നെ തല വീയിക്കളയില്ല. ദളവാപ്പട്ടത്തിനു നീട്ടപിടിച്ച ആളല്ലേ അങ്ങേര്.

ഇന്ദിര: —ആരായാലുംകൊള്ളാം. ഓരോ നടപടിയിലും ആണത്തം വേണം. ആ വേലുത്തമ്പിയദ്ദേഹത്തിനെ താങ്ങിനിന്ന് ഇത്രത്തോളം കയറിവന്നപ്പോൾ അദ്ദേഹത്തിന്റപിന്നിൽ കുഴിയുംതോണ്ടി. ശവത്തിനെ അപമാനിച്ച് അശുദ്ധിവരുത്തുകയും ചെയ്തു.

മംഗളമ്മപ്പിള്ളത്തങ്കച്ചി: —വേലുത്തമ്പിയുടെ അറകൊല ഉമ്മിണിത്തമ്പിയേ വിട്ടുക്കൂലാ. നമക്കു കാണാം ഈ ഉമ്മിണിത്തമ്പിയുടെ അന്തഭവം!

പാച്ചൻ:—എല്ലാരുംപറയിണകൊച്ചമ്മാ!—അല്ല! അമ്മച്ചീ! ഈ ഉമ്മിണിത്തമ്പിയത്തെ കത്തിന് ആ വെള്ളക്കാരു സായ്പന്മാരു കൈയിലെന്ന്. കാര്യോം അങ്ങനെതന്നെ. ആ പട്ടാളിക്കാരു പട്ടാളക്കാരടെ മേലാവുണ്ടല്ലോ ആ പാണ്ഡുരോഗിയെ കണക്കെ വെളുവെളുത്ത ആ സായ്പ് നാട്ടു പായണപിന്നെ, 'കാശുക്രൂശ്' എന്നെല്ലാം നല്ല ഇങ്കിരിയസ്സില്.

മംഗളമ്മപ്പിള്ളത്തങ്കച്ചി:—ഉമ്മിണിത്തമ്പി ഇങ്കിരിയസ്സും പഠിച്ചിരിക്കണോ പിന്നെ. തമ്പുരാക്കന്മാക്കും അറിഞ്ഞുകൂടല്ലോ ആ ഭാഷ.

ഇന്ദിര: —അതുകൊണ്ടുതന്നെ വേലുത്തമ്പിയദ്ദേഹത്തിന്

പകരം ഉമ്മിണിത്തമ്പിക്കു നീട്ടുകൊടുക്കാൻ റസിഡണ്ടു നിർബ്ബന്ധിച്ചതു്. അവരുടെ ഭാഷയറിയാവുന്നവരെ അവക്കു വലിയ കാര്യം.

മംഗളമ്മപ്പിള്ളത്തങ്കച്ചി:—അവരുടെകൂടെ ഇരുന്നു കുപ്പിച്ചാരായവും ഗോമാംസവും ഒക്കെ കഴിക്കുന്നവരെ കുറേകൂടെ കാര്യം. മദാമ്മമാക്കും സായ്പന്മാക്കും കൈകൊടുക്കുന്ന മുറകളും ഒക്കെ പഠിച്ചാലോ ചോദിക്കാനുമില്ല.

പാച്ചൻ:—ഇന്നാളു കൊച്ചമ്മച്ചി ആ റസിഡണ്ടുസായ്പിനും മദാമ്മസായ്പിനും കൈകൊടുക്കുകയോ പൊന്മണിമാലഅണിയിക്കയോ കണ്ഠശരം ചാർത്തിക്കയോ തക്രുതി. വല്യമ്മച്ചി അതൊന്നും അറിഞ്ഞില്യോ പിന്നെ.

മംഗളമ്മപ്പിള്ളത്തങ്കച്ചി:—ഛീ! കഴുത! അങ്ങനെ ചിലപ്പോഴൊക്കെ വേണ്ടിവരുന്നതാ. എങ്കിലും അതൊന്നും നമ്മുടെ കുലവുംകൂട്ടവും അറിഞ്ഞാൽ എന്തൊരു കുറവ്.

ഇന്ദിര ചിരിച്ചുകൊണ്ടു പറഞ്ഞു:—"അതിനൊന്നുംതരക്കേടില്ലമ്മാ ഇനിയുള്ള കാലം. അവരും നമ്മെപ്പോലെ മനുഷ്യർതന്നല്ല്യോ. തിരുമേനി ശിങ്കാരത്തോപ്പിൽ ചെന്നിരുന്ന ദിവസം, അവരെല്ലാം ഒന്നിച്ചിരുന്നു തീൻകഴിച്ചു. വീഞ്ഞും കുടിച്ചു. ഇന്നാളു വടക്കേക്കൊട്ടാരത്തിൽ വന്നിരുന്നപ്പോഴോ— പട്ടരാണു വിളമ്പിയതെങ്കിലും ഞങ്ങളെല്ലാം ഒരുപന്തിയിൽതന്നെ ഇരുന്നു് ഊണു കഴിച്ചു. അവരുടെ സേവ വേണമെങ്കിൽ അങ്ങനെയൊക്കെ കുറേശ്ശെ വിട്ടുവീഴ്ച ഒക്കെ കൂടിയേതീരൂ."

മംഗളമ്മപ്പിള്ളത്തങ്കച്ചി:—പങ്കാ മകളേ! ശുദ്ധമേ പങ്കാ. വല്ലവരും ഒക്കെ അറിഞ്ഞോ ഇതു പുറമേ?

ഇന്ദിര:—മടപ്പള്ളിവിചാരം ശൂപ്പവയ്യാരം അടുത്ത തവണക്കാരൻ ചിന്നൻപിള്ളയും അറിഞ്ഞിട്ടുണ്ടു്. വലിയതിരുമേനി പോലും അറിഞ്ഞിട്ടില്ല.

മംഗളമ്മപ്പിള്ളത്തങ്കച്ചി:—അവിടന്നായിരുന്നെങ്കിൽ അങ്ങനെ ചെയ്കയുമില്ല, തിൻസമയത്തു തിരുമേനിയെ ക്ഷണിച്ചിരുന്നാൽ അവിടുന്ന് ഒരു ചെറുനാരങ്ങാമാത്രം തട്ടത്തിൽനിന്നു കയ്യിലെടുക്കും. മനപ്പീക്കകൾപാലുമില്ലതു്. നിൻെറ തമ്പുരാൻ്റെ വലിയപരിഷ്കാരി.

ഇന്ദിര:—ഇന്നു നടന്ന കാര്യങ്ങൾ ഓക്കുമ്പോൾ എനിക്കു നേരമ്പോക്ക് ഒന്നും പറയാൻതോന്നുന്നില്ലമ്മാ!

"എനിക്കും അങ്ങനെതന്നെമകളേ!" എന്നു മംഗളമ്മപ്പിള്ള മറുപടി പറഞ്ഞു.

"ആ ശവം അവിടെ ആ മരക്കൊമ്പിൽ അങ്ങനെനിന്ന് ചീഞ്ഞ് ഉണങ്ങിനാറിനിക്കണമെന്നാ പുള്ളിമേലാവു കല്പിച്ചിരിക്കുന്നതു്." എന്നു പാച്ചൻ.

"അയാൾക്ക് ഇത്ര കാലുഷ്യത്തിനുകാരണം?" എന്നു മംഗളമ്മപ്പിള്ള.

"അതൊണ്ടെ പിന്നെ. പള്ളാത്തുരുത്തിആററിൽ നൂചിട്ടാനെലയില്ലാത്ത കയത്തി—തമ്പിഅങ്ങുന്ന് എത്ര സായ്പുമാരെയും മതാമ്മാസായ്പുമാരെയും കുട്ടിസായ്പന്മാരെയും കുട്ടിമതാമ്മാസായ്പന്മാരെയും ആണെന്നാ പച്ച ഉയിരോടെ ചാക്കിൽആക്കി കല്ലും വച്ചുകെട്ടിത്താത്തിട്ടതു്. അയ്യാ! കഷ്ടപ്പം! കഷ്ടപ്പം!" എന്നു പാച്ചൻ.

"ഒരുകന്നിന് ഒരു കുണ്ടു" എന്നു മംഗളമ്മപ്പിള്ളയും.

## 20

# വൈരനിര്യാതനം

ബ്രിട്ടീഷ് ഈസ്റ്റിൻഡ്യാക്കമ്പെനിക്ക് എതിരായ കൂട്ടുകെട്ടിൽ വേലുത്തമ്പിക്ക് ഒത്താശനൽകുകയും വേലുത്തമ്പിയെ കൊലപ്പെടുത്തുകയും ചെയ്തുവെന്ന കുററത്തിനായി കമ്പനിവക പട്ടാ

ളം ഉദ്യോഗസ്ഥന്മാർകൂടി കോർട്ടുമാർഷൽ വിചാരണനടത്തി പത്മനാഭൻതമ്പിയെ തൂക്കിലിടുവാൻ വിധിച്ചു. അതനുസരിച്ചു് ദേശാഭിമാനിയായ ആ യുവാവിനെ ദളവായുടെ വാസഗൃഹത്തിൻമുൻപിലുള്ള അനന്തരവൻകൊട്ടാരത്തിലെ മൈതാനത്തുവച്ചു പരസ്യമായി തൂക്കിലിട്ടുകൊല്ലുകയും, വൈക്കം പത്മനാഭപിള്ള, കൊച്ചിരവിക്കുട്ടിപ്പിള്ള, കുഞ്ചുക്കുട്ടിപ്പിള്ള മുതലായ ദേശഭക്തന്മാരായ വീരപുരുഷന്മാരെ അതേ മൈതാനത്തുവച്ചുതന്നെ ആനക്കാലുകളിൽകെട്ടി, ആനകളെ വിരട്ടിഓടിച്ചു മൃഗീയമായി ഹിംസിച്ചുകൊല്ലുകയുംചെയ്തു. മൃഗീയമായ മരണശിക്ഷകളെല്ലാം പുതിയ ദളവായുടെയും ബ്രിട്ടീഷുപട്ടാളഉദ്യോഗസ്ഥന്മാരുടെയും സാന്നിദ്ധ്യത്തിൽതന്നെയാണു നടത്തപ്പെട്ടതു്. അനന്തരം തിരുവിതാംകൂറിന്റെ വ്യക്തിത്വവും സ്വാതന്ത്ര്യവും അവസാനിപ്പിച്ചു രാജ്യത്തെ ബ്രിട്ടീഷു മേൽക്കോയ്മയെ സമ്മതിപ്പിക്കുന്നതായ ചരിത്രപ്രസിദ്ധമായ ആ ഉടമ്പടി ഉമ്മിണിത്തമ്പിയുടെ സാചിവ്യത്തിൽ മഹാരാജാവു തുല്യംചാർത്താൻ ഇടവരുത്തുകയും ചെയ്തു. അങ്ങനെ വേലുത്തമ്പി ആരംഭിച്ച രാഷ്ട്രീയനാടകത്തിനു ഭരതവാക്യം ചൊല്ലി കളംപിരിഞ്ഞു.

ഖേദകരമായ ആ സംഭവംതൊട്ടു മഹാരാജാവുതിരുമനസ്സിലേക്കു തീരെ മനസ്സുഖവും ശരീരസൌഖ്യവും ഇല്ലാതെവന്നു. ക്രമേണ അവിടുന്നു് ആലസ്യത്തിനു വിധേയനായി. പള്ളിമെത്തയെത്തന്നെ അവലംബിക്കേണ്ടതായ്വന്നു. ചികിത്സകൾ സമസ്തവും വിഫലമായതേയുള്ളു. അങ്ങനെയിരിക്കെ ഒരുദിവസം പ്രഭാതത്തിൽ അവിടത്തെ ആലസ്യം അത്യന്തം അപകടകരമായ ഒരു ഘട്ടത്തിൽ ചെന്നെത്തി. തിരുമനസ്സിലെ പള്ളിമെത്തയ്ക്കു സമീപം ഇളയരാജാവു കാത്തുനിൽക്കുന്നുണ്ടായിരുന്നു. തിരുമേനി പെട്ടെന്നു നേത്രങ്ങൾ തുറന്നു. അപ്പോൾ സവിധത്തിൽ കാണപ്പെട്ട ഇളയരാജാവിനോടു് ഇങ്ങനെ കല്പിച്ചു:—“അപ്പൻ! എന്താ വിഷമിച്ചു നിൽക്കുന്നതു്! വേലുത്തമ്പി—അതാ വന്നുനിൽക്കുന്നു!

മററുള്ളവരും ഒക്കെ! നമ്മേ വിളിക്കുന്നു! ഇനി ഇവിടെവേണ്ട—ഭരണം—സ്വർഗ്ഗത്തിൽ ആവാമെന്നു്—അവർ—അതാ പറയുന്നു—എന്താ—അതു് പാരെ—നാം—ആകെ നന്നാ മുഷിഞ്ഞു. ഇനി നമ്മുടെ സ്ഥാനത്തു—അപ്പൻ—അതേ—അയ്യാ—എന്തു്—നമ്മുടെ—അതേ ആററിങ്ങൽ മൂ—അവർക്കാരു തുണ—ഇരിക്കട്ടെ—അപ്പൻതന്നെ—കൂട്ടാക്കേണ്ട—ഒരുദിവസമെങ്കിലും—ഭരിച്ചിട്ടു്—അതേ എന്നിട്ടു്—പോരൂ നമ്മുടെകൂടെ—ആനന്ദമായിട്ടു്. പത്മനാഭൻ ഉണ്ടു്—അവിടത്തേ ഹിതം—അതുപോലെ—നടക്കട്ടെ—പ—ത്മ—നാ—ഭാ!

തിരുമേനിയുടെ നേത്രങ്ങൾ വീണ്ടും അടഞ്ഞു. ഒരു നിമിഷത്തിനകം അവിടുന്നു സ്വർഗ്ഗാരൂഢനായി.

കൊട്ടാരത്തിനകത്തുനിന്നു രണ്ടു് ആർത്തനിനാദങ്ങൾ!—അതിനെ തുടർന്നു കൂട്ടം അലയും മുറയും. ആകെയൊരു ബഹളം!

## 21

## വെള്ളിയേട്ട്

നാടുനീങ്ങിയ മഹാരാജാവിന്റെ പുണ്യാഹമടിയന്തിരം കഴിയുന്നതിനു മുൻപുതന്നെ വടക്കേകൊട്ടാരത്തിൽവച്ചു ദളവാ ഉമ്മിണിത്തമ്പിയും ശ്രാദ്ധാദികർമ്മങ്ങൾക്കു കാപ്പുകെട്ടിയിരിക്കുന്ന ഇളയരാജാവും തമ്മിൽ ഒരു സന്ദർശനം നടന്നു. ആ സന്ദർശനവേളയിൽ ദളവാ ഇങ്ങനെ അറിയിച്ചു:—"ആ ഭാരം അടിയൻ ഏററിരിക്കുന്നു. തിരുമനി കല്പിച്ചു് അതൊന്നും അറിയേണ്ട."

ഇളയരാജാവു്:—ജ്യേഷ്ഠത്തിമാർ ഇടപെട്ടാലോ?

ഉമ്മിണിത്തമ്പി:—അതു് അടിയൻ ഏററു. അടിയൻ തമ്പുരാട്ടിമാരെ പറഞ്ഞു സമാധാനപ്പെടുത്തിക്കൊള്ളാം, കമ്പനിക്കാരു നമ്മുടെ പക്ഷത്തുതന്നെ. റിസിഡണ്ടിനെ അത്രത്തോളം പറഞ്ഞു് അടിയൻ ചാട്ടിൽകയററി വിട്ടിരിക്കയാണു തമ്പുരാനേ!

ഇളയരാജാവു്:—എങ്കിൽ പുണ്യാഹം വല്ലവിധവും കഴിഞ്ഞോട്ടേ. തൃപ്പടിയേററം നിർവ്വഹിച്ചു കഴിഞ്ഞെങ്കിൽ സമാധാനമായി.

ഉമ്മിണിതമ്പി:—തിരുമനസ്സുകൊണ്ടു കല്പിച്ചു സമാധാനമായി എഴുന്നള്ളിയിരിക്കണം. ഇവിടെ പാരമ്പര്യം കെട്ടിപ്പടുക്കുന്നതും അതെല്ലാം അഴിച്ചുകളയുന്നതും ദളവാതന്നെ. പിന്നെ നമുക്കു തുണയായി റസിഡണ്ടും ഉണ്ടു്.

ഇളയരാജാവു്:—ഒരു വൈഷമ്യം ഇടയിൽ കിടക്കുന്നു. മാർത്താണ്ഡവർമ്മ വലിയമ്മാവൻ വെള്ളിത്തകിടിൽ എഴുതിവച്ചിരിക്കുന്ന ഒരു ഏടു് ഉണ്ടു്. ആ രേഖ ഏട്ടത്തിമാർക്കു് അനുകൂലമായിരിക്കുന്നു. അതു വളരെ പ്രധാനപ്പെട്ട ഒരു രേഖയല്ലേ? ദളവാ എന്തു പറയുന്നു?

ഉമ്മിണിത്തമ്പി അല്പനേരം ആലോചനയിൽനിന്നശേഷം പറഞ്ഞു: "അതു കൊട്ടാരം ഭണ്ഡാരത്തിൽതന്നെയല്ലെ ഇരിക്കുന്നതു്. മുതൽപിടി മുത്തുക്കറുപ്പാപിള്ളയ്ക്കു മാത്രമേ ആ രേഖയേപ്പററി അറിവുള്ളു. അയാൾ നമ്മുടെ ആൾതന്നെ. കല്പിച്ചു പേടിക്കേണ്ട. ഇന്നുതന്നെ ചെല്ലംവകയിലെ തട്ടാൻ ബാലകൃഷ്ണനേക്കൊണ്ടു് അതു് ഉരുക്കി കട്ടിയാക്കി പത്മനാഭനു കാണിക്കയിടാൻ തിരുമനസ്സിലെ ഒരു ആൾരൂപം പണിയിച്ചേക്കാം."

ഇളയരാജാവു്:—ആവൂ! സമാധാനമായി. ആ ശനി വെള്ളിയേടിനേപ്പററി നിനച്ചു നാം വല്ലാതെ കുഴങ്ങിവശായിപ്പോയി തമ്പീ!

ഉമ്മിണിത്തമ്പി:—അടിയനുള്ളപ്പോൾ ആ പേടിയൊന്നും വേണ്ട. അവിടത്തേയ്ക്കു്.

ഇളയരാജാവു്:—എട്ടരയോഗക്കാരെയും മതിലകംപിള്ളമാരെയും പിടാകക്കാരെയും കണ്ടു വേണ്ടശട്ടംകെട്ടുകൾ ഒക്കെ ചെയ്തുകഴിഞ്ഞോ?

ഉമ്മിണിത്തമ്പി:—അതൊക്കെ അടിയൻ ശരിപ്പെടുത്തിക്കഴിഞ്ഞു. ഇനി ശ്രീപാദം കച്ചേരിയിലെ ഒരു കാര്യക്കാരു് ഒരു അടിയോടിയുണ്ടു്. അയാളെ വഴിപ്പെടുത്താൻ അടിയൻ പടിച്ചപണിപന്ത്രണ്ടും നോക്കിക്കഴിഞ്ഞു. ഒരുമാർഗ്ഗവും കണ്ടില്ല. അയാൾ വില്ലിനും അമ്പിനും അടുക്കാത്ത ദുശ്ശാഠ്യക്കാരൻ.

ഇളയരാജാവു്:—അങ്ങനെയോ? അയാളെസംബന്ധിച്ചു് എന്താചെയ്ക!

ഉമ്മിണിത്തമ്പി:—അങ്ങനെ വിചാരിപ്പാനില്ല. അങ്ങനെ ഒരുവൻ ഇല്ലെന്നു തിരുമേനി കല്പിച്ചാൽ അയാൾ ഇല്ല, കല്പിച്ചു്. നാടുഭരിക്കുന്ന തമ്പുരാന്റെ ആജ്ഞാശക്തിയല്ലേ?

ഇളയരാജാവു്:—ശരി. എല്ലാം വേണ്ടവിധം നടത്തിക്കൊള്ളണം. നമുക്കു സർവ്വതിനും തമ്പിതന്നെ. നാം പത്മനാഭന്റെ കൃപയാൽ തൃപ്പടിമേററു കഴിഞ്ഞു് ആ വലിയകൊട്ടാരത്തിലെ സിംഹാസനത്തിൽ ഒന്നുകയറി ഇരുന്നുകൊള്ളട്ടെ. അപ്പോൾ കാണാം, നമുക്കു തമ്പിയോടുള്ള കൃതജ്ഞതയും സന്തോഷവും എങ്ങനെയെന്നു്.

ഉമ്മിണിത്തമ്പി:—അത്തരം ഫലാപേക്ഷകളൊന്നും അടിയനില്ല. തിരുമേനിയുടെ തിരുവുള്ളം എക്കാലവും അടിയന്റെയും കുഞ്ഞുകുട്ടികളുടെയും പേരിൽ ഉണ്ടായിരുന്നാൽ മതി. അതിലപ്പുറം ഒരു അഭിവാഞ്ഛയുമില്ല അടിയനു്.

ഇളയരാജാവു ലഘുവായി ഒന്നു പുഞ്ചിരികൊണ്ടിട്ടു പറഞ്ഞു:—"ശരി. സൂചന മനസ്സിലായി. മൂന്നു നാൾകൂടി ക്ഷമിച്ചിരിക്കു തമ്പി—വേണ്ട. അത്രത്തോളം വേണ്ട. പുണ്യാഹം കഴിഞ്ഞാലുടൻ തുല്യംചാർത്താനുള്ള നീട്ടുകളുടെയും ദാനങ്ങളുടെയും മററും കൂട്ടത്തിൽ തമ്പിയുടെ അഭീഷ്ടംപോലെ ഒക്കെ എഴുതിച്ചു കൊണ്ടുവരു. അതൊക്കെ നമുക്കുസന്തോഷംതന്നെ. അഹിതം ഒന്നുമില്ല. നമ്മുടെ ആയുഷ്കാലവും തമ്പിയുടെ ആയുഷ്കാലവും അത്രയും തമ്പിതന്നെ നമ്മുടെ ദളവാ. ശേഷക്കാരു് പുരുഷന്മാർക്കു

നിത്യച്ചെലവിലേയ്ക്കു മാറാമുതൽപിടിയും കുടുംബംപ്രതി തന്നേക്കാം. കരമൊഴിവായി നിലംപുരയിടങ്ങളും, ചെല്ലംവകയിൽനിന്നു നിത്യവും നൂറെറാന്നു പണവും, അഗ്രശാലയിൽനിന്നു മാസം 30 പറ അരിയും, പുരുഷന്മാക്കു് കണക്കുതമ്പിചെമ്പകരാമൻ സ്ഥാനവും, സ്ത്രീകാംക്കു "പാനപ്പിള്ള"സ്ഥാനവും അനുവദിച്ചേക്കാം. നമുക്കു് എന്തു ഛേതം! പത്മനാഭന്റെ മുതൽ. അതിന്റെ ലഘുവായ ഒരംശം പത്മനാഭദാസൻ പത്മനാഭദാസദാസനു് കൊടുക്കുന്നു. അതു് ഒരു തെറേറാ, അനീതിയോ, ഒരിക്കലും ആവില്ല. "എല്ലാം തിരുവുള്ളംപോലെ" എന്നുമാത്രം ഉമ്മിണിത്തമ്പി അറിയിച്ചതേയുള്ളു.

ഇളയരാജാവു്:—മദ്രാസിലിരിക്കുന്ന കമ്പനി ഗവർണർ സായ്പിനെക്കൂടെ നമുക്കു സ്വാധീനപ്പെടുത്തേണ്ടേ?

ഉമ്മിണിത്തമ്പി:—അതു് അടിയൻ ആലോചിക്കായ്കയല്ല. സാധാരണമായി ഈ ധരമാക്കു് അടുത്തു താഴെ ഇരിക്കുന്ന ധര പറയുന്നതുതന്നെ വിശ്വാസം. എന്നുതന്നെയുമല്ല, ഇവക്കാക്കും ഈ 'വെള്ളിയേടി'വെപ്പാറി അറിഞ്ഞുകൂടാ. മത്താണ്ഡവമ്മ തിരുമേനി കല്പിച്ചു്അതു് എഴുതി ഉണ്ടാക്കിച്ചകാലത്തിരുന്നധരമാരാരും ഇപ്പോൾ ഇവിടെയില്ലതാനും. അവരൊക്കെ തിയ്യെ ശീമയിൽ പോയിക്കഴിഞ്ഞു. ഇനി തിയ്യെവരാനും ഇടയില്ല. ആ ഏടോ ആകെ ഒരേരൊറാത്തകിട്ടു്.

ഇളയരാജാവു്:—അതിന്റെ വല്ല പകർപ്പും കമ്പനിക്കാരുടെ ആപ്പീസിലെവിടെയെങ്കിലും കാണുമോ ആവോ?

ഉമ്മിണിത്തമ്പി:—കല്പിച്ചു് അങ്ങനെയൊന്നുമില്ല. ഈ റസിഡണ്ടിന്റെയും ഗവർണറന്മാരുടെയും ആപ്പീസുകളിൽ പഴകിയ ഒരു താപ്പാനയാണു് ആ സുബ്ബയ്യന്റെ അണ്ണൻ സഭാപതി അയ്യർ. അയാറം ഉറപ്പിച്ചു പറഞ്ഞിരിക്കുന്നു അങ്ങനെ യാതൊരു രേഖയും അവിടെയെങ്ങും ഇല്ലെന്നു്.

ഇളയരാജാവു്:—അങ്ങനെയല്ല. ആ സഭാപതിയെ വരുത്തി അയാറംക്കു വല്ലതും വേണ്ടവണ്ണം കൊടുത്തേക്കണം. വേണ

മെങ്കിൽ അയാൾ ചെന്നപട്ടണംവരെ പോയി നല്ലോണം ഒന്നു തെരഞ്ഞിട്ടു പോരട്ടെ.

ഉമ്മിണിത്തമ്പി:—അതിന്നു് ആവശ്യമുണ്ടെന്നു് അടിയനഭിപ്രായമില്ല. പിന്നെ തിരുമേനിയുടെ ഒരുസമാധാനത്തിനായി അങ്ങനെ ചെയ്യാം.

ഇളയരാജാവു്:—അങ്ങനെതന്നെ ചെയ്യുക്കണം. സഭാപതിയെ ഇന്നുതന്നെ വരുത്തി വേണ്ടവിധം ശട്ടംകെട്ടി മദിരാശിക്കു അയക്കണം. നമ്മുടെ ഒരാൾകൂടെ—വിശ്വസ്തനായ ഒരാൾകൂടെ പോവട്ടെ, തുണയായി.

"അടിയൻ ആ ശങ്കയും തീർത്തേക്കാം." എന്നു പറഞ്ഞു ദളവാ വിടവാങ്ങിപ്പോയി.

വിവിധങ്ങളായ മനോരാജ്യങ്ങളോടുകൂടി ഇളയരാജാവു് അസ്വസ്ഥചിത്തനായി ആ മാളികമുകളിൽ ഉലാത്തിക്കൊണ്ടിരുന്നു.

## 22

# തവണക്കാരി പവതിപ്പിള്ള

അനന്തരം വൻകൊട്ടാരഭാഗത്തു ദളവാവീടിൻെറ തൊട്ടുതെക്കാണു് തവണക്കാരിപവതിപ്പിള്ളയുടെ ചെറിയഭവനം. പവതിപ്പിള്ള ഏകദേശം പ്രൌഢാവസ്ഥയിലുള്ള ഒരു സ്ത്രീയാണു്. തേവാരത്തുകോയിക്കൽ അകത്തേതവണയാണു് ആ സ്ത്രീക്കു്. ആറുതൽ മൂത്താറാണിയുടെ പള്ളിയറവിചാരമാണവളുടെ ജോലി. റാണിക്കു് പവതിയെ വലിയ കാര്യമാണു്. പവതിക്കു തമ്പുരാട്ടിയോടും അന്യൂനമായ ഭക്തിയും സ്നേഹവുമുണ്ടു്. വലിയതമ്പുരാൻ നാടുനീങ്ങിയതോടുകൂടി പവതിക്കു റാണിയോടുള്ള സ്നേഹവും ഭക്തിയും ശതഗുണം വർദ്ധിച്ചിരിക്കുന്നു. ആ വൃഷലിയുടെ ഏകപുത്രനാണു കുമാരക്കുട്ടി. അവനു നിത്യച്ചെലവിലാണു്

ഉദ്യോഗം. അവന്റെ പ്രായം ഇരുപതോ ഇരുപത്തൊന്നോ വയസ്സുണ്ട്. അവൻ ഒരു ശേവുകക്കാരനാണെങ്കിലും ബുദ്ധിമാനും ലോകതന്ത്രങ്ങൾ നല്ലതിന്മണ്ണം ഗ്രഹിച്ചിട്ടുള്ളവനുംതന്നെ.

'വെള്ളിയേട്ട്' നിത്യച്ചെലവിലെ പണിസ്ഥലത്തുവച്ചു തട്ടാൻ ബാലകൃഷ്ണൻ ഉരുക്കി ഒരു ആൾരൂപം അടിച്ചെടുക്കുന്ന വസ്തുത അവന്റെ മനസ്സിലായി. അവിടെ ചുററിപ്പററിനടന്നു് ആ നടപടിയുടെ സൂക്ഷ്മവിവരങ്ങൾ അവൻ മനസ്സിലാക്കി, അന്നു വൈകുന്നേരംതന്നെ മാതാവിനെ ധരിപ്പിച്ചു. രാത്രിയിൽ പള്ളിയറത്തുവണ്ണസ്സു ചെന്നപ്പോൾ പവതി ആ പ്രധാനപ്പെട്ട വൃത്താന്തം ആററിങ്ങൽ മൂത്തതിരുമേനിയെ ഗ്രദ്ധമായി ധരിപ്പിച്ചു. മമ്മഭേദകമായ ആ വത്തമാനം കേട്ടപ്പോൾ റാണിക്കു് അളവററ കുണ്ഠിതം ഉണ്ടായി. ആ സാദ്ധ്വി വളരെനേരം ചിന്താകുലയായി പല്യങ്കത്തിൽ നിശ്ചേഷ്ടയായി കിടന്നു. പിന്നീടു് ഇങ്ങനെ പറഞ്ഞു:—"എന്റെ പവതീ! ഈ വത്തമാനം എനൊടു പറഞ്ഞതു വലിയ കാര്യമായി. ഇതു വിലയേറിയ ഒരു അറിവാണു്. നീ അതിരാവിലെ പുറത്തുപോയി ശ്രീപാദംകാര്യക്കാരെ വിളിച്ചു് ഇവിടെ കൊണ്ടുവരണം."

പവതിപ്പിള്ള:—അടിയൻ. പൊന്നുതമ്പുരാട്ടീ അടിയോടിഅദ്ദേഹം ഇപ്പക്കാലം ചെയ്തിരിക്കണം. ഇന്നു് രാവിലെതൊട്ടു് അദ്ദേഹത്തിനു ഒരു ശർദ്ദിലും അതിസാരവും. വൈകുന്നവരെ ഒരു ഭേദവും ഒണ്ടായിട്ടില്ല.

റാണി:—ഈ വിവരം എന്നെ ആരും അറിയിച്ചില്ലല്ലൊ.

പവതിപ്പിള്ള:—അതെന്തോ. അടിയനറിവില്ലേ. കൊട്ടാരം വൈദ്യൻ മൂത്തതദ്ദേഹം പടിച്ചപണി പന്ത്രണ്ടുംനോക്കി. ഒരു ഗൊണവുമില്ലേ. വൈകുന്നേരമായപ്പൊ കൊറേശ്ശെ തണുപ്പിന്റെ—

റാണി:—പത്മനാഭാ! ചതിച്ചോ! വിശ്വസ്തനായി ആ ഒരാളുണ്ടായിരുന്നു ഇവിടെ! അയാളെയുംതുലച്ചോ!

പവതിപ്പിള്ള:—പൊന്നുതിരുവടീ! എന്തോന്നു വിടകൊണ്ടു ണെത്തിക്കുന്നു—വെഷംആണുപോലും.

റാണി:—ചതിച്ചോ! ഭഗവാനേ! ആകട്ടെ. നിന്റെ മകൻ കുമാരു എവിടെ?

പവതിപ്പിള്ള:—കിടാത്തൻ ഇന്നു തവണയാ. ഇവിടെ അട്ടത്തൊക്കെ കാണുമേ. അടിയൻവിളിച്ചുകൊണ്ടുവരാം.

പവതിപ്പിള്ള പുറത്തേയ്ക്കുപോയി. ഏതാനും നിമിഷം കഴിഞ്ഞു കുമാരുക്കുട്ടിയേയുംകൊണ്ടു തിരുമുമ്പിലെത്തി. ആ യുവാവിനോടു മൂത്തറാണി കല്പിച്ചു. "കുമാരു! നീ ഉടനേ അടിയോടിക്കാര്യക്കാരുടെ വീട്ടിൽപോയി അയാളുടെ ദീനവിവരം അന്വേഷിച്ചു വരണം."

കുമാരുക്കുട്ടി:—അടിയൻ. അടിയൻ വിടകൊള്ളണമെന്നില്ല. അടിയോടിയദ്ദേഹം കാലംചെയ്തു. ആൾ പുറമേ വന്നുനില്ക്കുന്നു തിരുമനസ്സറിയിക്കാൻ.

റാണി അല്പനിമേഷം സ്വകരങ്ങളാൽ നേത്രങ്ങൾപൊത്തി ബാഷ്പം വർഷിച്ചുകൊണ്ടിരുന്നു. അനന്തരം തെല്ല് ആശ്വസിച്ച ശേഷം ഇങ്ങനെ കുമാരുവിനോടു കല്പിച്ചു:—"നീ പോയി ശ്രീപാദംസേവുകക്കാരെ രണ്ടുപേരെ ഉടനെ വിളിച്ചുകൊണ്ടുവരണം. ഇവിടെനിന്ന് പട്ടും കച്ചയും പണവും എല്ലാംകൊണ്ടു കൊടുക്കേണം. ശ്രീപാദം കണക്കപ്പിള്ളയും വരാൻ പറയണം. എന്നിട്ടു നേരം വെളുത്താലുടൻ റസിഡണ്ടുസായ്പിന്റെ തോപ്പിൽചെന്ന് അവിടെ ഒരു സ്വാമി ഉണ്ടല്ലോ. സഭാപതിപ്പട്ടർ. അയാളെ ഇവിടെ വിളിച്ചുകൊണ്ടുവരണം. മറ്റാരും അറിയരുത്. പൊയ്ക്കോ."

കുമാരുക്കുട്ടി റാണിയേ തൊഴുതു വിടവാങ്ങിപ്പോയി.

ആ രാജന്യസ്ത്രീരത്നത്തിന് സംഭവഗതികളുടെ നിരന്തരമായ സ്മരണയാൽ മുഹുരപി ഉദിച്ചുയർന്നുകൊണ്ടിരുന്ന ഉൽക്കണ്ഠാനിമിത്തം ലേശവും നിദ്രയുണ്ടായില്ല. ശയ്യയിൽ ഉരുണ്ടും പിരണ്ടും ദുഃഖിതയായി അവർ ആ കാളരാത്രി തള്ളിനീക്കി എന്നേ പറയേണ്ടു.

# സഭാപതിപ്പട്ടർ

കുമാരുക്കുട്ടി ചെന്തിട്ടഗ്രാമത്തിലുള്ള സഭാപതിപ്പട്ടരുടെ മഠത്തിൽ അതിരാവിലെ ചെന്നപ്പോൾ, ആ ബ്രാഹ്മണൻ നിത്യകർമ്മങ്ങൾ നിർവ്വഹിച്ചശേഷം ഭസ്മചന്ദനാദികൾധരിച്ചു മഠത്തിൽ മുറിയുടെ ദർശനവശത്തുള്ള വരാന്തയിൽ ഇരിക്കുകയായിരുന്നു. ആഗതനായ ആ യുവാവിനെക്കണ്ടയുടനെ അദ്ദേഹത്തിനു് അയാൾ ഇന്നാരെന്നു പെട്ടെന്നു മനസ്സിലാക്കുവാൻ കഴിഞ്ഞു. ആറിങ്ങൽ മൂത്തറാണിയുടെ ദൂതനെന്നനിലയിൽ മുൻപു പല ഘട്ടങ്ങളിലും കുമാരുക്കുട്ടി ആ മഠത്തിൽ സുപരിചിതനായിരുന്നു.

ആ യുവാവിനെകണ്ടപ്പോൾതന്നെ സഭാപതി ചോദിച്ചു:—

"എന്ന സമാചാരം? കൊമരക്കുട്ടീ! ഏതാവതു ശുഭവാർത്തകൊണ്ടു വന്തിരുക്കാ."

കുമാരുക്കുട്ടി:—ഇരുക്കു സാമീ! ഇരുക്ക്. പെരിശവാൾ—മൂത്തറാണി അവാൾ ഒങ്കളേ പാരുക്ക റൊമ്പം വരുത്തമായിരിക്ക്.

സഭാപതിപട്ടർ:—ഹടേ! ഹടേ! എന്ന കുട്ടിയക്കാരപ്പയലേ. റാണിയവാൾക്കു ക്ഷേമം താനാ!

കുമാരുക്കുട്ടി:—ക്ഷേമംതന്നെ സാമീ! നമ്മുടെ അടിയോടിയങ്ങുന്നു് ഇന്നലെ രാത്രി കാലംചെയ്തു.

സഭാപതിപ്പട്ടർ:—എന്നെടാ ഇന്തവാർത്തൈ! എൻ ശിന്നത്തമ്പിപിന്നാലെ അവാളും പോയ്യട്ടതാ!

കുമാരുക്കുട്ടി:—അതെന്നാ സാമീ! അതൈ എപ്പടി?

സഭാപതിപ്പട്ടർ:—ഒമ്മുടയ വേലുത്തമ്പിയവാൾ എൻതമ്പി സുബ്ബയ്യനെ കൊലച്ചുപ്പൂട്ടതു്. ഇന്തത്തമ്പി അന്നു് അടിയോടിയെയും. എന്നകാലമിതപ്പാ! പേനായൈ തല്ലിക്കൊല്ലുറപോൽ താൻ ഇന്ത ഊരിലൈ മനുഷ്യാളെ കൊല്ലുറവഴക്കം.

കുമാരക്കുട്ടി:—വലിയ ആളുകളേക്കുറിച്ചുപറയുന്നതു നന്നാകരുതിവേണം സാമീ! സ്വാമിയെ വെളുപ്പിനെ കൂട്ടിക്കൊണ്ടുചെല്ലണമെന്നാ കല്പിച്ചിച്ചുവിട്ടതു്. ഇന്നലെരാത്രി പള്ളിക്കുറുപ്പുമെത്തയിൽ കിടക്കുമ്പോഴാണു് എന്നെ വിളിപ്പിച്ചു ചൊല്ലിവിട്ടതു്.

സഭാപതിപ്പട്ടർ:—ആകട്ടും. വാറോം. എന്ന ഇപ്പടി. തിടുക്കമാന സങ്കതി ഏതാവതു് ഇരുക്കും.

കുമാരക്കുട്ടി:—ഇരുക്കും സാമീ! ഇരുക്കും.

സഭാപതിപ്പട്ടർ:—എന്നെടാ തൊലഞ്ഞൂട്ടതേ അവാൾ കാര്യമെല്ലാം. ഇന്നെയ്ക്കു മൂന്നാംനാളക്കുതാനേ അന്തപ്പടിയേററം. റസിഡണ്ടവാൾ സാങ്ക്ഷൻ കൊടുത്തുട്ടാനേ!

കുമാരക്കുട്ടി:—അയ്യോ ചതിച്ചോസാമീ!

സഭാപതിപ്പട്ടർ:—ആം. ആം. അപ്പടിയാം. പെരിയവാൾ കാര്യം! പൂച്ചെക്കെന്നാ പൊന്നുരുക്കറ മൂശയിലൈ യോശനൈ. അടേ! കുമാരു! അന്തനിത്യച്ചെലവിലൈ എന്ന സമാചാരം.

കുമാരക്കുട്ടി:—അയ്യോ; അതൊക്കെ എങ്ങനെ പുറത്തുപറയും സാമീ! തലപോണകാര്യം.

സഭാപതിപ്പട്ടർ:—സാമിക്കിട്ടൈ ശൊല്ലച്ചാമെടാ. പേടിക്കവേണ്ടാം. സാമീ ഒമ്മുടയ തമ്പുരാട്ടിപക്ഷത്തിലൈതാനേ.

കുമാരക്കുട്ടി:—അതു് ഉരുക്കിക്കളഞ്ഞുസാമീ!

സഭാപതിപ്പട്ടർ:—അപ്പടിയാ! തൊലച്ചുപ്പോട്ടാനാ! റൊമ്പം യോശനൈ! ആകട്ടും. പാപ്പോം.

കുമാരക്കുട്ടി:—എന്ന സാമീ! ഏതാവതുമാർഗ്ഗം ഇരിക്കാ തമ്പുരാട്ടിയെ കാക്ക.

സഭാപതിപ്പട്ടർ:—യോശനൈശെയ്തു പാപ്പോം. നാൻ പഴംശാദം സാപ്പിട്ടുവരലോം. നീയും ഇങ്കെത്താൻ സാപ്പിട്ടിട്ടുപോവലാം.

എന്നിങ്ങനെ പറഞ്ഞു കുമാരക്കുട്ടിയെ പഴഞ്ചോറു് ഉണ്ണാൻ ക്ഷണിച്ചിട്ടു റസിഡണ്ടിന്റെ അസിസ്റ്റണ്ടു് 'പഴംശാതം ശാപ്പിടാൻ' അകായിലേയ്ക്കു കയറി. കുമാരു ചിന്താവിഷ്ടനായി ബ്രാഹ്മണൻ ഭക്ഷണംകഴിച്ചുവരുംവരെ ആ പുറന്തിണ്ണയിൽഇരുന്നു സമയം കഴിച്ചു.

# 24

# തൃപ്പടിയേററം

നാടുനീങ്ങിയ അവിട്ടംതിരുനാൾ മഹാരാജാവിന്റെ ശ്രാദ്ധാദി അടിയന്തിരങ്ങൾ യഥാവിധി നിർവ്വഹിച്ചു പുണ്യാഹകർമ്മം മംഗളമായി നടത്തിച്ചശേഷം, പതിവനുസരിച്ചുള്ള ചടങ്ങുകളോടുകൂടി കേരളവർമ്മ ഇളയമുറരാജാവു മൂപ്പേല്ക്കുന്നതിന്റെ പ്രാരംഭകർമ്മമായി ദളവ മുതലായ ഉദ്യോഗസ്ഥന്മാരുടെയും എട്ടരയോഗക്കാരായ പോററിമാരുടെയും മഠത്തിൽപിള്ളമാർ കരണത്താൽകുറുപ്പു മുതലായ മതിലകം അധികാരികളുടെയും രഥതുരഗകരിയമ്പാരി, ആലവട്ടം, കുടതഴ ചാമരം, പന്തക്കുഴ, കുത്തുവിളക്കു്, ചങ്ങലവട്ടക, തേവാരപ്പെട്ടി, വിൽക്കാർ, വേൽക്കാർ, വടിക്കാർ, മലയാംപട്ടാളം, നായകന്മാർ, ചെറിയകുഞ്ചുക്കുട്ടക്കാർ, പട്ടുവിചാരക്കാർ, പട്ടക്കാർ, പാണ്ടിവാദ്യം, പഞ്ചവാദ്യം, ആദിയായ അകമ്പടിസേവാവിധാനങ്ങളോടുംകൂടി വലിയകൊട്ടാരത്തിൽനിന്നു പള്ളിമേനാവിൽ ആരൂഢനായി മാമൂലനുസരിച്ചു്, ഊരുചുററി പ്രദിക്ഷണംനടത്തി ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ എഴുന്നള്ളി സ്വാമിദർശനവും കാണിക്കകളുംനടത്തി, പൂവും പ്രസാദവും സഹിതം പ്രധാനതന്ത്രിയുടെ പക്കൽനിന്നു് ഉടവാൾ ഏററുവാങ്ങി. അനന്തരം 'ശ്രീപത്മനാഭദാസൻ' എന്ന കരണത്താൽകുറുപ്പിന്റെയും യോഗക്കാരുടെയും വിളിച്ചുചൊല്ലും കഴി

ച്ച് മണ്ഡപത്തിൽ എഴുന്നള്ളിയിരുന്നു തിരുമുടികലശവും അ ഹൂതി കൈക്കൊണ്ടു, മതില്ലകം, ശുചീന്ദ്രം, തിരുവട്ടാർ മുതലാ യ ക്ഷേത്രകാര്യവിചാരവുംചെയ്ത് അവശ്യമുള്ളനീട്ടുകളും ദളവാ യായി ഉമ്മിണിത്തമ്പിയെ ശ്രീപണ്ടാരകാര്യവിചാരത്തിനുള്ള നീ ട്ടും ഉടവാളും സഹിതം ഏല്പിക്കുകയുംചെയ്തു. പിന്നീടു വീണ്ടും സ്വാമിദർശനംചെയ്തു സുവർണ്ണപ്പല്ലക്കിൽ ആരോഹണംചെയ്തു സ ർവ്വവിധ രാജകീയാകമ്പടികളോടുംകൂടി വീണ്ടും ഊരുചുററി നഗ രപ്രദക്ഷിണംചെയ്തു മുറപ്രകാരം എല്ലാ ഉപദേവസന്നിധികളി ലും ദർശനവും കാണിക്കകളും നടത്തി വലിയകൊട്ടാരത്തിൽ ചെന്നുചേരുകയും ചെയ്തു. തൃപ്പടിയേററംസംബന്ധിച്ച് അന്ന് അഗ്രശാലയിൽവച്ചു ബ്രാഹ്മണർക്കും, വേട്ടയ്ക്കൊരു മകൻ കോവി ലിൻെറ സന്നിധിയിൽ കെട്ടിയൊരുക്കപ്പെട്ടിരുന്ന വലിയനെടു മ്പുരയിൽവച്ചു കൊട്ടാരംജീവനക്കാർക്കും മലയാംപട്ടാളക്കാർക്കും വ ഞ്ചിയൂർ, പാൽക്കുളങ്ങര, തമ്പാനൂർ ആദിയായ പ്രമുഖപിടാകക ളിലെ നായന്മാർക്കും ചതുർവ്വിധവിഭവസമൃദ്ധമായഊട്ടും രാത്രിയിൽ കൊട്ടാരത്തിനകത്തെ നാടകശാലയിലും മതില്ലകം നാടകശാല യിലുംവച്ചു, കഥകളി, ദാസിയാട്ടം, ചാക്യാർകൂത്ത്, പാഠകം മുതലായ വിനോദകലാപ്രകടനങ്ങളും നടത്തപ്പെട്ടു.

അന്നു മുത്താഴസ്സദ്യ അമൃതേത്തുകഴിഞ്ഞു മഹാരാജാവു ചൊ ക്കടമണ്ഡപത്തിൽ എഴുന്നള്ളി ഇരുന്നു ശ്രീപണ്ടാരവകക്കാര്യം പ്രമാണിച്ച് അത്യാവശ്യം വേണ്ടിയിരുന്ന നീട്ടുകൾ തുല്യംചാ ർത്തി ദളവയെ ഏല്പിക്കുകയും, പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാർക്കും പൌരപ്രമാണികൾക്കും മുഖംകാണിക്കുവാൻ അവസരം നൽകു കയുംചെയ്തു. എന്നുമാത്രമല്ല, തൃപ്പടിയേററത്തിൻെറ സന്തോഷസൂ ചനയായി ശ്രീപണ്ടാരകരമിനത്തിൽ തന്നാണ്ടിൽ ഈടാകുവാ നുള്ള സംഖ്യയുടെ ആറിൽ ഒരംശം ഇളവുചെയ്തുകൊടുക്കുകയും, തിരുവനന്തപുരത്തെ ഇരുമ്പാണാവിൽ കിടന്ന തടവുപുള്ളികളിൽ പന്ത്രണ്ടുപേരെ വിലങ്ങുവെട്ടി വിടുകയും, ഉമ്മിണിത്തമ്പി

ഴ്ചം സ്വപക്ഷീയരായ മററതാന്നം കൊട്ടാരംജീവനക്കാൎക്കും ചില പൌരമുഖ്യന്മാൎക്കും അനുഭവവസ്തുക്കൾ രാജ്യത്തിന്റെ പല ഭാഗങ്ങളിലായി കരമൊഴിവായിട്ടു വിട്ടുകൊടുക്കുകയും, നിത്യച്ചെലവിലും, ചെല്ലംവകയിലും, അഗ്രശാലയിലുംനിന്നു പലൎക്കും ചില പതിവുകൾ ഏൎപ്പെടുത്തിക്കൊടുക്കുകയും ഉണ്ടായി.

അന്നത്തെ വിവിധോന്മുഖമായ കാൎയ്യപരിപാടികളുടെ തിരക്ക് ഒട്ടു ശമിച്ചശേഷം ദളവ മഹാരാജാവിനെ സ്വകാൎയ്യമായി മുഖം കാണിച്ചപ്പോൾ കല്പിച്ച് ഇങ്ങനെ പ്രശ്നംചെയ്തു: "എന്താ! തമ്പി! ജനങ്ങളുടെയിടയിൽ നമ്മേപ്പററിയുള്ള അഭിപ്രായം."

ദളവാ:—അടിയൻ! കല്പിച്ച്—എല്ലാൎക്കും ഒന്നുപോലെ സന്തോഷംതന്നെ. അല്പം ചില മുറുമുറുപ്പുകൾ ഉണ്ടായിരുന്നവർപോലും ഇപ്പോൾ തിരുമേനിയെ വാഴ്ത്താൻ തുടങ്ങിയിരിക്കുന്നു.

മഹാരാജാവ്:—തേവാരത്തുകോയിക്കൽ എങ്ങനെയിരിക്കുന്നു. കുടിയമൎന്നതിന്നു ജ്യേഷ്ഠത്തിമാർ എഴുന്നള്ളുകയുണ്ടായില്ല. അതുനിമിത്തം നമുക്ക് അല്പം ഒരു ഖേദം.

ദളവാ:—അതൊന്നും കല്പിച്ച് ഇപ്പോൾ ഗൌനിക്കേണ്ടന്നേ അടിയൻ വിടകൊണ്ടു ഉണൎത്തിക്കുന്നുള്ളു. കാലംചെല്ലുന്തോറും അഭിപ്രായവ്യത്യാസം ഒക്കെ നീങ്ങിപ്പോകും. തിരുമനസ്സിലെ തിരുവുള്ളംകൂടാതെ തമ്പുരാട്ടിമാൎക്കു എന്തു പോംവഴി?

മഹാരാജാവ്:—നാമും വേറൊന്നല്ലല്ലൊ. തിരുമേനി നാടുനീങ്ങുമ്പോൾ പ്രത്യേകം കല്പിച്ചിരുന്നു, നാംതന്നെ മൂപ്പേല്ക്കണമെന്ന്. അവിടത്തെ അന്ത്യാപേക്ഷകൂടെയാണല്ലൊ ഇത്. അതു നിറവേററുകയെന്നതു നമ്മുടെയും നമ്മുടെ ജനങ്ങളുടെയും കൊട്ടാരത്തിൽ ഉള്ള സ്ത്രീജനങ്ങളുടെയും കടമയും ആണല്ലൊ. അതു ടെ മുതലാ എല്ലാരും അനുഭവിക്കുക.

ദളവാ:—അതുതന്നെയാണ് അടിയനും തിരുമനസ്സുണൎത്തിക്കുന്നതു്.

മഹാരാജാവ്:—ആ സഭാപതി എന്നത്തേയ്ക്കു മടങ്ങിവരും.

ദളവാ:—തൃപ്പടിയേററത്തിന്റെ നിനവും റസിഡണ്ടിന്റെ ഒരു സാധനവുംകൊണ്ടു് അയാൾ മദിരാശിക്കു പോയിട്ടൊണ്ടു് അന്നുതന്നെ. ഗവണ്ണർസായ്പു് ഇപ്പോൾ കൊച്ചിയിൽ ആപ്പീസിൽ ഉള്ളതുകൊണ്ടു് അവിടെവച്ചു കണ്ടു തിട്ടൂരം ഒപ്പിട്ടു വാങ്ങാനും മതി.

മഹാരാജാവ്:—അങ്ങനെയെങ്കിൽ അയാൾ ഇന്നു വൈകുന്നേരമോ നാളെയോ വരണമല്ലൊ.

ദളവാ:—ഇരുപത്തിനാലുതണ്ടുംവച്ചു കൂടാരവുംവച്ചുകൊട്ടാരംവക വലിയവഞ്ചിയിലാണു് അയാളെ അയച്ചിരുന്നതു്. കൊച്ചിയിലാണെങ്കിൽ വരാൻ താമസമില്ല. ഗവണ്ണർ മദിരാശിയിലാണെങ്കിൽ കൊച്ചിയിലുള്ള കമ്പനിവക ബോട്ടുകപ്പലിൽ വേണം അയാൾ പോവാൻ.

മഹാരാജാവ്:—വെള്ളിയേട്ട് അന്നു് ഇവിടെഇരുന്ന റസിഡണ്ടിനു കാണാൻ കൊടുത്തയച്ചിരുന്നു. ആ വഷളൻ അന്നു് അതിനൊരു പകപ്പെഴുതിച്ചു പൊരുളാക്കി കമ്പനിയാപ്പീസിൽ വച്ചിട്ടില്ലെങ്കിൽനന്നു്. അങ്ങനെ ഒരു രേഖ അവിടെങ്ങാനും ഉണ്ടെങ്കിൽ അതു് ഈ പട്ടർ അറിയാതെഇരിക്കാനും തരമില്ല.

ദളവാ:—അങ്ങനെ വല്ലതും ഉണ്ടെങ്കിൽ ഈ സഭാപതിയുടെ അറിവിൽപെടാതെവരില്ല തിരുമേനി! അതിനുവേണ്ട ഉറപ്പുകൾചെയ്താണു് അടിയൻ അയാളെ വിട്ടിരിക്കുന്നതു്.

മഹാരാജാവ്:—അയാൾ മടങ്ങിവരുന്നതുവരെ ഏതായാലും നമുക്കു തീരെ സൈ്വരമില്ല. കേട്ടോ. നാളെയാണല്ലൊറസിഡണ്ടുമായുള്ള കൂടിക്കാഴ്ച. അവിടെ ഒരു വിരുന്നിനും വട്ടം ഇന്നാക്കിയിട്ടുണ്ടത്രേ. ആ മദാമ്മയും സായ്പും വളരെ നല്ല ആളുകൾ.

ദളവാ:—നിശ്ചയിച്ചിട്ടുള്ള സമയത്തു് അങ്ങോട്ടു് എഴുന്നള്ളണം. സകല ആളുകമ്പടി സന്നാഹങ്ങളോടുംകൂടെ വേണം എ

ഴുന്നള്ളത്തു്. അതിനു് അടിയൻ വേണ്ട ഒരുക്കങ്ങൾ ചെയ്തിട്ടുമൊണ്ടു്.

മഹാരാജാവു്:—ആവട്ടെ. എപ്പൊഴാ സമയം?

ദളവാ:—വൈകുന്നേരം അഞ്ചുമണിക്കു് എന്നാണു സായ്പിന്റെ ഗുമസ്താ എഴുതിവിട്ടിരിക്കുന്നതു്. ഇവിടത്തേ ഘടിയാരം അവരുടെ ഘടിയാളിനൊപ്പിച്ചു വച്ചിരിക്കയാണിപ്പോൾ.

മഹാരാജാവു്:—അതു നന്നായി. അവർ വലിയ കണിശക്കാരും സമയക്ലിപ്തം ഉള്ളവരുമാണു്.

ഈ സംഭാഷണം ഇങ്ങനെ അല്പനേരംകൂടി തുടൎന്നു. അനന്തരം അടുത്തദിവസത്തേ കൂടിക്കാഴ്ചസംബന്ധിച്ചു റസിഡന്റിന്റെ ബംഗ്ലാവിലും കൊട്ടാരത്തിലും ലായംവകയിലും മററും ചെയ്യേണ്ട ഒരുക്കങ്ങൾക്കായി പോകാൻ ധൃതിയുണ്ടെന്നുപറഞ്ഞു ദളവാ വിടവാങ്ങി കൊട്ടാരത്തിൽനിന്നു പുറപ്പെട്ടു; മാൎഗ്ഗമദ്ധ്യേ ഉമ്മിണിത്തമ്പി ഇങ്ങനെ മനോരാജ്യം വൂണ്ടു:—"ആ സഭാപതി ചതിക്കുമോ? അഹോ, എനിക്കു് അയാളുടെ നടപടികളിൽ ചില സംശയങ്ങൾ തോന്നുന്നു. അയാളേ തേവാരത്തുകോയിക്കൽവച്ചു കണ്ടതായി ഒരു പട്ടക്കാരൻ എന്നോടു പറഞ്ഞല്ലൊ. അതിൽ ചതിവല്ലതുമുണ്ടെങ്കിൽ കാൎയ്യമാകെ തെററും. ആകട്ടെ. നോക്കട്ടെ."

## 25

# ഗൂഢസന്ദൎശകൻ

തൃപ്പടിയേററം സംബന്ധിച്ചു രാമനാട്ടം, ദാസിയാട്ടം മുതലായ നൎത്തനകലോത്സവങ്ങൾ നടന്നുകൊണ്ടിരുന്ന അന്നത്തേ രാത്രിയിൽ ആദ്യയാമം മുതൽക്കുതന്നെ വലിയകൊട്ടാരത്തിന്റെയും പത്മനാഭസ്വാമിക്ഷേത്രത്തിന്റെയും പുരോഭാഗപരിസരങ്ങൾ ജനനിബിഡമായിരുന്നു, തന്നിമിത്തം തേവാരത്തുകോയി

ക്കലിനെ ചുററിയുള്ള വീഥികൾ, രാത്രി അതിക്രമിച്ചതോടുകൂടി നിശ്ശേഷം ശൂന്യമായിക്കാണപ്പെട്ടു. ആ അസമയത്തു രണ്ടു് അനുചരന്മാരുടെ അകമ്പടിയോടുകൂടി ഒരാൾ മതിലിൻെറ നിഴൽ പററി പതുങ്ങി, ആ കോയിക്കലിൻെറ പ്രധാന ഗോപുരവാതുക്കൽ ചെല്ലാതെ, ഒരു ഒഴിഞ്ഞ മൂലയിലുള്ള ഒരു ചെറിയ കവാടത്തിൽകൂടി ദ്രുതഗതിയിൽ അകത്തു കടന്നു. കൂടെയുണ്ടായിരുന്നവരിൽ ഒരുവൻ പെട്ടെന്നു കതകടച്ചു തഴുതിട്ടു് ഉറപ്പിക്കുകയും ചെയ്തു. അനന്തരം അവർ മൂവരുംകൂടി ഉല്ലാസഭരിതരായി എന്തൊക്കെയോ മെല്ലെ സംസാരിച്ചുകൊണ്ടു് ആററുങ്ങൽ മൂത്തതമ്പുരാട്ടിയുടെ കൊട്ടാരത്തിൽ പ്രവേശിച്ചു. അക്കൂട്ടത്തിലുണ്ടായിരുന്നപ്രമാണി റാണിതിരുമനസ്സിലെ പള്ളിയറയുടെമുഖാരത്തിൽ ചെന്നുനിന്നു. അപ്പോൾ അവിടെ നിന്നിരുന്ന ഒരാൾ അടുത്തു ചെന്നു വന്ന ആളിനെ സൂക്ഷിച്ചുനോക്കി:—"ആരിതു്, സാമിയോ? വരാനിത്ര വൈകിയതെന്തു സാമീ!" എന്നു കുശലംചെയ്തു.

ആഗതൻ ചോദിച്ചു:—നീ യാർ. തവണക്കാരിയാ! റാണിയവാൾ പള്ളിയുറക്കം ആച്ചിതാ!

അവൾ:—ഇല്ല. സാമീ! ഇല്ല. എവിടെ പള്ളിക്കുറുപ്പ് ഉണ്ടാവാൻ പോണു. കഥകളൊക്കെ അറിഞ്ഞില്ലേ സാമീ! എന്നേ അറീല്ല സാമീ!ഞാൻ നമ്മുടെ കുമാരുക്കുട്ടീടെ തള്ളയല്ലസാമീ!

ആഗതൻ:—അപ്പടിയാ! ഹ! ഹ! സറി! സറി! എങ്കണ്ണാലെ ഒമ്മെ പാത്തിരിക്കേ! മറക്കവാനാ!ഒരു കാലമില്ലെ. അന്ത കുമാരു അവൻ കട്ടെട്ടീ. ആകട്ടും. എനക്കു് റാണിഅവാളെ പാക്കമുടിയുമാ. തിട്ടക്കമാന കാര്യമിരുക്കു്.

പവതിപ്പിള്ള:—സാമിക്കു കാണാൻഒത്തില്ലെങ്കിൽപിന്നെ ആക്കു്? അകത്തുപോയി അറിയിച്ചുവരാം. രാത്രിയല്ലേ; ഇവിടെ എഴുന്നള്ളും.

സഭാപതിപ്പട്ടർ:—അം.അം. പോതും.ഇങ്കെ എഴുന്നള്ളിനാൽ പോതും. അന്ത ദളവാകിളവ കണ്ടാനാക്കാ തലൈ പോകുറ കാ

യ്യം. രാശഃഭോകമെണ്ണംശൊല്ലി തലൈ മൊട്ടൈഅടിത്തു കാതും ശെത്തി, നെററിയി മുദ്രയും അടിത്തു് ആരുവാമൊഴി കടത്തിവിട്ടുവാർ അരശാങ്കം.

പവതിപ്പിള്ള:—മിണ്ടാതിരിസാമീ! അതൊക്കെ ഇന്നുവന്ന അരശാങ്കമല്ലേ. നാളെയങ്ങു പോവാനും പോണു. ബ്രഹ്മാവുള്ളപ്പൊഴോ ആയുസ്സിനു പഞ്ചം.

സഭാപതിപ്പട്ടർ:—ഹടി!ഹടി!കാര്യക്കാരി! എന്ന സരളമാനപേച്ചിതു്. ഇതുതാൻ എനക്കു് ഒമ്മൈക്കായ്യം. ആ കട്ടും—നിൽ ഒററ ഒരു മൊളി—പേശട്ടുമാ.

പവതിചിരിച്ചുകഴഞ്ഞുകൊണ്ടു്:—"അതൊക്കെയാവാംസാമീ! അടങ്ങിനിൽക്കണം അവിടെ. എഴുന്നള്ളിവന്നുപോയിക്കഴിയട്ടെ. പവതിയല്ലേപറഞ്ഞതു്.'' എന്നുപറഞ്ഞു് ശീഘ്രഗതിയിൽ അകത്തേക്കുപാഞ്ഞു.

കോയിക്കലെ പൂമുഖത്തിൽ, തുലാസ്സിൽ തൂങ്ങിക്കത്തിക്കൊണ്ടിരുന്ന ഏഴുതിരിത്തൂക്കുവിളക്കിൻെറ പ്രകാശം അല്പമൊന്നു മങ്ങിയിരുന്നു. സഭാപതിഅയ്യർതന്നെ, വിളക്കിലെ ചൂണ്ടുകോലെടുത്തു തിരികളുടെ കങ്ങല്യകരം നീക്കി ദീപങ്ങൾക്കു തെളിമവരുത്തി. അതിനിടയ്ക്കു പള്ളിയറ നാലുകെട്ടിൻെറ പ്രധാനവാതിലിനുസമീപം ഒരു തേജഃപുഞ്ജം പ്രത്യക്ഷമായി. അതിൽനിന്നു നിർഗ്ഗമിച്ച ദ്ധരീവീചി ഏഴുതിരിവിളക്കിൻെറ പ്രഭയേയും വെല്ലുന്നു എന്നു സഭാപതിപ്പട്ടർക്കുതോന്നി. വിളക്കിൽനിന്നു കൈ പെട്ടെന്നു പിൻവലിച്ചു് അല്പം വലത്തോട്ടു മാറിനിന്നു പഞ്ചപുച്ഛമടക്കി, ആ ചാരക്കൈകെട്ടി വലത്തുകരമുഷ്ടി നെഞ്ചിനുനേരെ മടക്കിപ്പിടിച്ചു നിലയായി. കോട്ടാറൻ അലക്കിയെടുത്ത പുടവയുടുത്തു് അതിനുമീതെ ക്രൂടിയതരം പുളിയിലക്കരയൻ നേര്യതു മുലക്കച്ചകെട്ടി, വക്ഷഃപ്രദേശത്തെയും ഭുജങ്ങളുടെ ഒരംശത്തെയും ആവരണംചെയ്തിരുന്ന നേര്യതു കഞ്ചുകത്തിൻെറ ഏറിയൊരംശവും മറച്ചു, സർപ്പഫണാകൃതിയിൽ ലലാടത്തിനുപരിസ്ഥമായ

ധമ്മില്ലബന്ധത്തോടും, കണ്ണുകളിൽ നിരവധി നവരത്നഘചിതമായ സാമാന്യം വലുപ്പമേറിയ സ്വർണ്ണത്തക്കകളോടും കൈത്തണ്ടകളിൽ കടകകങ്കണങ്ങളോടുംകൂടി അവിടെ ആവിർഭവിച്ച പ്രൌഢയായ രാജന്യസ്ത്രീയുടെ പൂർണ്ണചന്ദ്രാഭമായ വദനപങ്കജത്തിൽനിന്നും പെയ്യുന്ന പ്രസന്നഗാംഭീര്യത്തിന്റെ കൊടികൾക്കിടപററി ഒരു ശോകരസം സ്ഫുരണംചെയ്യുന്നുണ്ടായിരുന്നു. മാത്രനിർവ്വിശേഷമായ ഒരു പുഞ്ചിരിയാൽ അഗതനോടു് ഉപചാരവിധി അനുഷ്ഠിച്ചശേഷം റാണിതിരുമേനി ഇങ്ങനെ കല്പിച്ചു:—"സഭാപതിയെ കാത്തു് ഇരിക്കുകയായിരുന്നു. എന്താ ഇത്ര താമസിച്ചു പോയതു്?"

സഭാപതിപ്പട്ടർ:—സ്വാമീ! കായലിലെ കോളിളക്കം ജാസ്തിയായിരിന്തിതു്.

റാണി:—ഏതായാലും അപകടം ഒന്നും കൂടാതെ വന്നെത്തിയല്ലോ. എന്തായി പോയ കാര്യങ്ങൾ?

സഭാപതിപ്പട്ടർ:—സാമീ! അന്ത പത്മനാബക്കടവുൾകൃപൈനാലെ അന്ത വെള്ളിയേട്ടിൻ പകർപ്പെ കിടത്തിതു്. കാര്യമാവൈ ജയിച്ചുപോട്ടിതേ സാമീ!

റാണി:—പത്മനാഭൻ തുണ.

സഭാപതിപ്പട്ടർ:—ഇനി കവലൈ വേണ്ടാം. ഗവർണ്ണരുടെ ഓർഡർകൊണ്ടുവന്തിരുക്ക്. അവളവും റെഡിയാക്കിവിട്ടോം. നാളൈ സായന്ത്രത്തുക്കുമുന്നെ അറസ്റ്റുപണ്ണി വടക്കേക്കൊട്ടാരത്തിലൈ ഇടറത്തുക്കും, പിൽപ്പാടു് ഉഷപ്പുക്കു മേൽനടപടി ഫളും.

ഊറിയ ഒരു പുഞ്ചിരിയോടുകൂടി കല്പിച്ചു ചോദിച്ചു:—"എന്താണു മേൽനടപടി?"

സഭാപതിപ്പട്ടർ:—ബ്രിട്ടീഷ് ഇൻഫൻട്രി അകമ്പടിയോടെ തടങ്കലിൽ പോട്ടു കണ്ണൂർജയിലിലൈ കൊണ്ടുചെന്നു് അഴത്തിപ്പോടറത്തുക്ക്.

"അയ്യോ! കഷ്ടം! അത്രയ്ക്കു വേണ്ടായിരുന്നു. സഹോദരനല്ലേ മുറയ്ക്കു്. ചോരരണ്ടാണോ സഭാപതീ!" എന്നു റാണി ഖേദപൂർവ്വം കല്പിച്ചു.

സഭാപതിപ്പട്ടർ:—അന്ത ബ്രിട്ടീഷുദ്രിങ്കഞ്ഞളുടൈമുറൈകളെല്ലാം അപ്പടിയേ കട്ടായമായിത്താൻ ഇരുക്കു്. അവാൾതീർപ്പുകൾക്കു മറുതീർപ്പുശൊൽക സഭാപതിയാൽ മുടിയാതുസാമീ!

റാണി:—കഷ്ടം! എന്തുചെയ്യാം. വിധിയാണു്! ഈ വേഷമെല്ലാംകെട്ടി. അപ്പനു് ഒടുവിൽ ഇങ്ങനെ അവമതിയും. ഞങ്ങളാരും പിഴച്ചുതല്ലേല്ലാ. സഭാപതി ഈ ചെയ്ത ഉപകാരം ഈ കുടുംബം ഉള്ളകാലം മറക്കുകയില്ല. കേട്ടോ. ഇനി എല്ലാക്കാര്യത്തിനും അങ്ങുവരെ, ഈ ഉടലിൽ ഉയിരുള്ള കാലംവരെ എല്ലാ ആലോചനയ്ക്കും കാര്യവിചാരത്തിനും ഒക്കെയും സഭാപതികൂടെ വേണം. നിൽക്കണം—" എന്നു പറഞ്ഞു റാണി അകത്തേക്കുപോയി, ഏതാനും നിമിഷങ്ങൾകഴിഞ്ഞു തിരുവന്നു് സാമാന്യം മുഴപ്പുള്ള ഒരു ജാളിക സഭാപതിയുടെ കൈകളിൽ നിക്ഷേപിച്ചു. അദ്ദേഹത്തിൻെറ അനുചരന്മാരെയും അകത്തുവിളിപ്പിച്ചു യഥോചിതം സമ്മാനങ്ങൾ നൽകി യാത്രയാക്കി. സഭാപതി വിടവാങ്ങിപ്പോകുന്നതിനുമുൻപു് റാണിതിരുമേനി ഇങ്ങനെ കരുണാപൂർവ്വം കല്പിച്ചു:—"സഭാപതിയെ നമ്മുടെ ഒരു കാരണവരെപ്പോലെ കരുതിയിരിക്കുന്നു. മൂപ്പേറുകഴിഞ്ഞു് നമ്മാൽ ആവതെല്ലാം ചെയ്തുതരുമെന്നു് ഉറപ്പായിരിക്കണം."

## 26

# കൂടിക്കാഴ്ചയുടെ ഗതി

റസിഡണ്ടും മഹാരാജാവുംതമ്മിൽ ഉണ്ടായ ഔപചാരികമായ കൂടിക്കാഴ്ചയുടെ ചടങ്ങുകൾ അവസാനിക്കുകയും, അവിടെ തയ്യാറാക്കപ്പെട്ടിരുന്ന രാജകീയവിരുന്നുസൽക്കാരത്തിൽ മഹാരാ

ജാവു ഭാഗഭാക്കാക്കുകയും ചെയ്തു. അനന്തരം റസിഡണ്ടിന്റെ ഔദ്യോഗിക സ്വകാര്യമുറിയിൽവച്ചു ആ ധാരയും മഹാരാജാവും തമ്മിൽ ഒരു ഗൂഢസംഭാഷണം നടന്നു. അതിന്റെ പൂർണ്ണവിവരങ്ങൾ ഇങ്ങനെയാണു്, മിസ്റ്റർ മൺറോ പറഞ്ഞു:—"സായ്പന്നു തിരുമേനിയോടു ഒന്നു് തൂക്കവരുത്തമാനം പറവാനൊൻ—ടട. അതുകേക്കുമ്പൊ രാശാവവർഹളുക്കു ശം—ക—ടം—ഒൻ—ററാവിലലോ."

മഹാരാജാവിന്റെ മുഖം വിവർണ്ണമാകുന്നതു മൺറോ സൂക്ഷിച്ചുനോക്കിക്കൊണ്ടിരുന്നു. അദ്ദേഹം തുടന്നു:—"ഓ! ശാരമീല-ശാരമീല. ക്രൂറാക്കേൻറ. ക്രൂറാക്കേൻറ. ഞങ്ങല്യ സായ്പമാരാനെങ്കിൽ ഇതൊന്നും ക്രൂറാക്കുല-കേറേറാ."

മഹാരാജാവു്:—എന്താണു കാര്യം. പറയൂ. കേൾക്കട്ടെ.

റസിഡണ്ടു്:—ഓ. ഒന്നുമീല. ഒന്നുമീല. ഒരു എലി-ഒരു എലി-ഒരു എലി—യ—കാരിയം—രാശാവവർഹളിടെക്രൂരെ പിരന്നവരു തം—പി—രാററി ഒൻറച്ചോ—മൂതതം—പ്യ—രാ—ററി—ഒരു തറുകം—ഒരേഒരു തറുകം—അത്തരേയോല്യൂ—രാശിയത്തിൻ—ൻെറ—ബരനം—അവരുക്കെ—ന്ന്—മാത്താണവരിമ്മ എഴുതിവയ്—ച്ച ഒരു വെചിയേട്ടു് ഒൻെറൻറ്.

മഹാരാജാവു്:—ആവോ. അതൊന്നും എനിക്കു് അറിഞ്ഞുകൂടാ. നാടുനീങ്ങിയ തിരുമേനി മരണക്കിടക്കയിൽവച്ചു കല്പിച്ചു, ഞാൻ നാടുഭരിക്കണമെന്നു്. ഇവിടത്തെ വഴക്കവും അങ്ങനെ. ഞാനായിരുന്നല്ലൊ ഇളയരാജാവും.

റസിഡണ്ടു്:—അതു സായ്പന്നു തെരിയും. തെരിയും. എന്നാലും വരറെറ-സായ്പു നോക്കറെറ. ഗവരുണരു വല്യസായ്പു കല്പിച്ചി—രിക്കുന്നു. ഒരുവിശാരണ വേണമെന്നു്. സായ്പും നെനച്ചു വിശാരണ ആവറെ..യെന്നു്. അതുവരെ തിരുമേനി പഴപടി വരക്കേക്കൊറവാരത്തി പാരുക്കണൊമെന്നു്—വേൻറ. വേൻറ. തിരുമേനിയെരെ രശ്ശുക്കു സായ്പു പറയുന്നതു ഇന്നുരാത്തിരി വരക്കേ

ക്കൊററാരത്തിൽ പവികരുപ്പുരങ്ങി നാവെ കോലത്തുനാടേക്കുപുറ പ്പെറാമെന്നു്. ഇവിരെ ഇരുന്നാ—രശ്ശയില്ല—രശ്ശയില്ല—കൊററാരം തീവച്ചു കലയും. ആ രാണിയെറെറ ആൾക്കാരു.''

മഹാരാജാവു് അല്പം ഈർഷ്യാകുലനായി കല്പിച്ചു:—"ഹേയ്! എന്തൊരു അസംബന്ധമാണീപ്പറയുന്നതു സായ്പേ! എനിക്കു ന്യായമായി അവകാശപ്പെട്ട ഈ സ്ഥാനം ഞാൻ കൈവിട്ടുകളയണമെന്നോ? ഞാൻ പറഞ്ഞാൽ സായ്പു് സായ്പിൻെറ ഈ ഉദ്യോഗം കൈവിട്ടുപൊയ്ക്കളയുമോ? ഈ ഭീഷണിയൊന്നും ഇവിടെ ചെലവാകുകയില്ല. കേട്ടോ? ഇതു വേലുത്തമ്പിയുംമററുമല്ല. അയാളേക്കാൾ ഏറിയ ചരക്കാണു്. വേണമെങ്കിൽ കാണിച്ചുതരാം സായ്പിനു്.

റസിഡണ്ടു ചിരിച്ചുകൊണ്ടു ഒരുമന്ദസ്വരത്തിൽ ശാന്തമായിപറഞ്ഞു:—"തിരുമേനി കോപിക്കേൻറ. സായ്പു പറയണതു കേക്കണം. അതാണുമാനം. ഞങ്ങളു സായ്പുമാരാണെങ്കി ഇത്തരമവമാനം വന്നാലക്കൊണ്ടു വെട്ടിവച്ചു ചുററൂട്ടും തന്നെതാനേ.''

മഹാരാജാവു്:—ഏതായാലും അങ്ങനെയൊന്നും ചെയ്യാൻ ഭാവമില്ല ഇപ്പോൾ. വേണമെങ്കിൽ നിങ്ങളോടു് ഒന്നു പൊരുതുനോക്കിക്കളയാം.

റിസിഡണ്ടു്:—ഹേയ്. പെനങ്ങേൻറ. പെനങ്ങേൻറ. സായ്പു, തിരുമേനീടെ ആൽ. തിരുമേനീടെ ആൽ. ആകൊററ. ഗവണരുസായ്പുൻെറ പനിയിതു്. ആകറെറ. സായ്പു നോക്കിക്കൊലാം—നോക്കിക്കോലാം. പോനം ഇപ്പോ വരക്കൈക്കൊററാരത്തി—പേരിഒന്നും വേൻറ. നമ്മെരെ പററാലംക്രൂരെവരും. നാലെരാവിലെഅവരും കൊച്ചുസായ്പുംക്രൂരെ തിരുമേനിയെ കോലത്തുനാറേറക്കു എലുനലിക്കും. കേറേറാ.

എന്നിങ്ങനെ പറഞ്ഞു സായ്പു് മെല്ലെ എഴുന്നേററു മഹാരാജാവിനു് ഹസ്തദാനംചെയ്തു് ഉപചാരംചെയ്തു. അനന്തരം മദാമ്മയുംവന്നു് അതേവിധം ഉപചാരംനൽകി യാത്രപറഞ്ഞു. ലായ

ത്തിൽനിന്ന് അകമ്പടിസേവിക്കാൻ വന്നിരുന്ന സന്നാഹങ്ങൾ സമസ്തവും റസിഡണ്ടിൻെറയും ദളവയുടെയും ഉത്തരവനുസരിച്ച് തിരിച്ചുപോയി. ബ്രിട്ടീഷ് ഈസ്റ്റ്ഇൻഡ്യാക്കമ്പനിവക തോക്കുധരിച്ച പട്ടാളങ്ങളുടെ അകമ്പടിയോടുകൂടി മഹാരാജാവിനെ വടക്കേക്കൊട്ടാരത്തിലേയ്ക്കു് ആനയിച്ചു. ആ പട്ടാളങ്ങൾതന്നെ വടക്കേക്കൊട്ടാരത്തിനു ചുഴവും അകത്തും, പള്ളിയറകളിലും, ഊർജ്ജിതമായ ബന്തവസ്സ ചെയ്യുകയുംചെയ്തു. ന്യായമായ അവകാശി തൃപ്പടിയേറംകഴിച്ചു മൂപ്പേൽക്കുന്നതുവരെ രാജ്യകാര്യങ്ങൾ റസിഡണ്ടും ദളവയുംകൂടി ആലോചിച്ചു നടത്തണമെന്നും തീരുമാനിച്ചു.

ഈ സംഭവവാർത്തകൾ പെട്ടെന്നു കാട്ടുതീപോലെ തലസ്ഥാനനഗരത്തിലും പരിസരങ്ങളിലും വ്യാപിച്ചു. ക്രമേണ രാജ്യത്തിൻെറ നാനാഭാഗങ്ങളിലും പ്രസ്തുതവർത്തമാനം പ്രചരിച്ചു. ജനങ്ങൾ കൂട്ടംകൂട്ടമായി തിരുവനന്തപുരത്തു് എത്തിത്തുടങ്ങി.

അന്നുരാത്രി മഹാരാജാവിന് ഏററവും ദാരുണമായ ഒരു കാളരാത്രിതന്നെയായിരുന്നു. രാത്രിയിൽ പതിവുള്ള മേൽകഴുകലോ അത്താഴം അമൃതേത്തോ അദ്ദേഹത്തിനു് ഉണ്ടായില്ല. അതിലൊന്നും അവിടുത്തേക്കു് ആസക്തി ഇല്ലാതായി. ഇന്ദിരത്തങ്കച്ചിയും പരിചാരകൻ കുട്ടിപ്പട്ടരും രണ്ടു തവണക്കാരും മാത്രം പള്ളിയറയിൽ പ്രവേശിക്കുവാൻ പട്ടാളം കമ്മാൻഡിങ്ങ് ആഫീസർ അനുവദിച്ചിരുന്നു. എങ്കിലും അകത്തെ ഓരോനടപടിയും പ്രത്യേകം സൂക്ഷിക്കുവാൻതക്കതായ ബന്തവസ്സ പള്ളിയറവാതുക്കലും ഉണ്ടായിരുന്നു.

പ്രഭാതത്തിൽതന്നെ വടക്കേക്കൊട്ടു യാത്രതിരിക്കേണ്ടിയിരിക്കുന്നുവെന്നു പട്ടാളംഉദ്യോഗസ്ഥൻ ഉപചാരപുരസ്സരം ഇന്ദിരത്തങ്കച്ചിയെ അറിയിച്ചതിനാൽ രാത്രിയിൽതന്നെ ആ ധർമ്മപത്നി സ്വഭർത്താവിനോടു വിടവാങ്ങി പട്ടാളക്കാരുടെ അകമ്പടിയോടുകൂടി അമ്മവീട്ടിലേയ്ക്കുപോയി. ഭർത്താവിനോടു് അവസാനമായി

യാത്രചോദിച്ചുപിരിയുന്ന ആ രംഗം അത്യന്തം ഹൃദയസ്പൃക്കായിരുന്നു—"ഏതായാലും തിരുമേനിമനസ്സമാധാനത്തോടെഇരിക്കണം. പത്മനാഭാ! അവിടുന്നുതന്നെ എല്ലാററിനും സാക്ഷി!" എന്നിങ്ങനെ ഗൽഗദവാണികളിൽ സപത്നിവല്ലഭനെ സാന്ത്വനം നൽകിക്കൊണ്ട് അദ്ദേഹത്തിൻെറ പാദങ്ങളിൽ സാഷ്ടാംഗം പ്രണമിച്ച് എഴുന്നേററു. ശോണവർണ്ണംപൂണ്ട ആ ഗണ്ഡങ്ങളിൽകൂടി ധാരമുറിയാതെ ഒഴുകിക്കൊണ്ടിരുന്ന ബാഷ്പപ്രവാഹത്തോടുകൂടിയാണ്, ആ സതീരത്നം മൂടിയുള്ള മേനാവിലേക്കു കയറിയതു്. ദയനീയമായ ആ കാഴ്ചകണ്ട്, പട്ടാളംകമാൻഡിങ്ങ് ആഫീസർ ഉൾപ്പെടെയുള്ള സമസ്തരും വാവിട്ടുകരഞ്ഞുപോയി.

## 27

# അമ്മവീട്ടിലേ രംഗം

ഇന്ദിരപ്പിള്ളത്തങ്കച്ചിയുടെ മേനാവു നാലുകെട്ടിലമ്മവീട്ടിൻെറ ഗോപുരവാതലിനു സമീപം എത്തിക്കഴിഞ്ഞപ്പോഴേയ്ക്കു് ആ മന്ദിരാന്തർഭാഗത്തുനിന്നു പുറപ്പെട്ടുകൊണ്ടിരുന്ന വിലാപനിനാദങ്ങൾ അത്യുച്ചത്തിൽകേൾക്കാമായിരുന്നു. ദീർഘസംവത്സരങ്ങളോളമായി മാഗളമ്മപ്പിള്ളത്തങ്കച്ചിമാനസാകാശത്തിൽ കെട്ടിപ്പടുത്തു് ഉയർത്തിക്കൊണ്ടുപോന്ന അത്യുന്നതവും അതികാമ്യവുമായ ആ ആശാസൗധം സ്പൃഹണീയ മോഹനഘട്ടത്തിൽ ചെന്നെത്തിയശേഷം പൊടുന്നനവെ നിലംപതിച്ചു ചിന്നിച്ചിതറി തകർന്നുതരിപ്പണമാകുവാൻ ഇടവരുത്തിയ ആ ദുർവ്വിധിയുടെ ദാരുണവും ഭയാനകവുമായ വികൃതിത്തരം ഓർത്തപ്പോൾ, ആ പ്രൗഢാംഗനയ്ക്കുണ്ടായ ഖേദം വാചാമഗോചരമായിരുന്നു. ഗൃഹനായികയുടെ അഭിമാനാദി ലൗകികചിന്തകൾ വിട്ടുള്ള രോദനഗതി കണ്ട പത്മാവതിപ്പിള്ളഅമ്മച്ചിയും, അവരിരുവരെയും അനു

ഗമിച്ച യജമാനപ്രീതിശാസ്ത്രരീത്യാ വൃഷളിവർഗ്ഗവും പുരുഷഭൃത്യരും ആക്രന്ദനം ആരംഭിച്ചു. രാത്രിയിൽ അസമയത്ത് അമ്മവീട്ടിൽനിന്ന് ഉദ്ഗമിച്ചഅമാമുറകൾകേട്ടും കണ്ണാകണ്ണികയാ അറിഞ്ഞും വലിയൊരു ആൾക്കൂട്ടം പുറമെ വീഥിയിലും മതിൽക്കെട്ടിനകത്തും, പൂമുഖത്തും, നാലുകെട്ടിനകത്തും യഥായോഗ്യം തിങ്ങിക്കൂടിക്കൊണ്ടിരുന്നു. കോവിലകങ്ങളിലെയും, കൊട്ടാരങ്ങളിലെയും, കോയ്മകളിലെയും, കോവിലുകളിലെയുംരഹസ്യങ്ങൾ അപ്പഴപ്പോൾ ആഴ്ന്ന് ആരാഞ്ഞുപിടിച്ച് അറിയുവാൻ സ്വാഭാവികമായി വിരുതേറിയ മാതുലാകർ കാലേകൂട്ടിത്തന്നെ ആ ദുഃഖഃഹേതുവിന്റെ പൂർണ്ണരൂപം ഏറെക്കുറെ വിഭാവനചെയ്തുകഴിഞ്ഞിരുന്നതിനാൽ, പ്രസ്തുത കലാപത്തിൽ അവരാരും അത്ഭുതംകൊണ്ടതേയില്ല. സാന്ത്വനവാക്കുകൾകൊണ്ടു വലിയമ്മച്ചിയെയും മകളമ്മച്ചിയെയും സാന്ത്വനപ്പെടുത്തുവാൻ പലതുകൊണ്ടുംപ്രാമുഖ്യമുള്ള ചില അയൽഗൃഹങ്ങളിലെ പ്രഗത്ഭമതികളായ ചില പ്രൗഢാംഗനാമണികൾ ചതുരാകതികൾപ്രയോഗിച്ചുകൊണ്ടിരിക്കുന്ന ഘട്ടവിലാണു മേനാവിൽനിന്നു കെട്ടിനകത്തേക്കു ഇന്ദിരപ്പിള്ളയമ്മച്ചിയുടെ പ്രവേശം. അപ്പോൾ സ്ഥിതിഗതികൾ പൂർവ്വാധികം വിഷമതരമായ ഒരു അവസ്ഥയിൽ വികാസംപ്രാപിച്ചതേയുള്ളു. ഇന്ദിര നേരേ പാഞ്ഞുചെന്നു ശയ്യാതലത്തിലേക്ക് ഒരു മറിച്ചിൽ. മംഗളമ്മപ്പിള്ള ആവേശഭരിതയായി പുത്രിയുടെ പര്യങ്കത്തിനു സമീപത്തേക്ക് ഒരു ഓട്ടം! സാഹസികമായ വല്ല ആവേശചിന്തയുടെയും ഗതിവിശേഷത്തിന്റെ ചാപല്യമാണെന്നുള്ള ധാരണയാലാണെന്നുതോന്നും ചില വൃദ്ധകളും ചില മുഗ്ധഗാത്രകളായ യുവതികളുംകൂടി ബദ്ധപ്പെട്ട് ഇടക്കുനിന്ന്, ആ ദുഃഖിതയായ മാതാവിനെ തടഞ്ഞുപിടിച്ചു ഗതിഭേദംചെയ്തു, സാവധാനത്തിൽ പുത്രിയുടെ ശയ്യാതലത്തിൽ കൊണ്ടുചെന്നൊരു പ്രതിഷ്ഠ! രാജ്യാധിപനായി വാണ ഭർത്താവിന്റെ ദേഹവിയോഗദുഃഖം ആറാൻ കാലമാകാത്ത വിരഹതാപവും വിയോഗതാപവും ഐശ്വര്യവത്താവിരാമത്താലുള്ളദൌർബ്ബല്യവുംപൂണ്ടുഴലുന്ന പ

ണാവതിയമ്മച്ചി ഗൗരവംവിടാതെ മെല്ലെ നടന്നു് അരുമക്കിടാവായ സോദരിയുടെ ശയ്യാതലത്തിന്റെ മറെറാരു പാർശ്വത്തിലേക്കൊരു ലഘുപ്രണാമം! വെള്ളിക്കിണ്ണങ്ങളിൽ ചൂടുപാൽ, സൗരഭ്യമൂലികകളും മററും കൂട്ടിക്കലർത്തി ഉണ്ടാക്കപ്പെട്ട വിശേഷപ്പെട്ട ജീരകവെള്ളം, പനിനീർ നിറച്ച സജ്ജമാക്കിയ പനിനീർ വീശികൾ, മനോഹരങ്ങളായ താലവൃന്ദങ്ങൾ, വെള്ളിപ്പിടിമൊന്തയിൽ നിറച്ച മുഖപ്രക്ഷാളനത്തിനു കരുതിവച്ചിരിക്കുന്ന കുളുർജലം എന്നിങ്ങനെപലതും കരതലങ്ങളിലും വെള്ളിത്താലങ്ങളിലും എടുത്തുകൊണ്ടു ചേടിവൃന്ദങ്ങൾ അമ്മച്ചിയുടെ കട്ടിലിനേ സമീപിക്കുകയായി. അമ്മവകയിലെ കാര്യവിചാരക്കാരായ ചില തിരുമുല്പാടന്മാരും, കണക്കപ്പിള്ളമാരും, സേവുകക്കാരും, എന്നുവേണ്ട മടപ്പള്ളിവിചാരക്കാരായ ചില ഉട്ടുപ്പിബ്രാഹ്മണരും കുട്ടിപ്പട്ടന്മാരും വാലുകെട്ടിന്റെ അങ്ങിങ്ങു വന്നു നിന്നു വാതില്ലുകളുടെ വശങ്ങളിൽകൂടി ഭയഭക്തിപുരസ്സരം ഉള്ളിലേക്കു തല നീട്ടി, സ്വാമിനിക്കു നേരിട്ട അത്യാഹിതത്തിലുള്ള അനുതാപം പ്രദർശിപ്പിക്കുകയായി! യജമാനപ്രീതിശാസ്ത്രത്തിന്റെ പഴയ ഏടുകളെല്ലാം ഉള്ളഴിഞ്ഞു പരിശോധിച്ചവരായി അക്കൂട്ടത്തിലുള്ള ചില വനമൂഷികന്മാർ ദുസ്സഹസങ്കടസൂചകങ്ങളായ ചില ഗൽഗദസ്വരങ്ങളും സീൽക്കാരങ്ങളും ഉരുൾപൊട്ടലിനു സമാനതയുള്ള ചില വിങ്ങിപ്പൊട്ടലുകളും ഉൽസ്രജിക്കാതെയും ഇരിക്കുന്നില്ല. ആകെ ഒരു മഹാദുഃഖമേളം എന്നേ പറയേണ്ടു. അന്നവിടെയാരും ഇമകൾ കൂട്ടിയിട്ടേഇല്ല—മതില്ക്കകത്തു പള്ളിയുണർത്തിലിന്റെ ശംഖനാദവും നാഗസ്വരവും കേൾക്കുന്നതുവരെ 'അലമുറയും' 'പതംപറച്ചിലും' 'ഒപ്പാരും' ഒപ്പമായി കഴിഞ്ഞു കൂടിയവരെല്ലാം.

പള്ളിയുണർത്തിന്റെ പ്രധാനചടങ്ങായ മംഗളവാദ്യഘോഷം ശ്രവണപുടങ്ങളിൽ പതിച്ചതോടുകൂടി ഇന്ദിരപ്പിള്ള ശയ്യാതലത്തിൽ എഴുന്നേററിരുന്നു, കരാംഗുലികളാൽ കണ്ണുകളും മുഖവും തുടച്ചശേഷം, കുളുർവെള്ളത്തിൽ കൈനനച്ച മുഖശുദ്ധിവ

രുത്തി, കിടക്കയിൽതന്നെ ഇരുന്നു കൈകൂപ്പി ഇങ്ങനെപ്രാർത്ഥിച്ചു:—"പത്മനാഭാ! അവിടുന്നുതന്നെ ഈ വൈതരണിയിൽനിന്ന് അവിടത്തെ കരകയററിവിടണമേ! അടിയങ്ങളാലൊന്നുമാവില്ലേ!"

മംഗളമ്മപ്പിള്ള ശിരഃകമ്പനം ചെയ്തുകൊണ്ടു പറഞ്ഞു:—"എന്റെ മകൾ പറഞ്ഞതാണു കാര്യം. നാം ആരും പിടിച്ചാൽ നില്ക്കാത്ത പതനത്തിലെത്തിപ്പോയി കാര്യങ്ങൾ. ആ ദ്രോഹി അന്നത്തെ റസിഡണ്ടുസായ്പ് ഒരു മഹാ കന്നംതിരുവുകാരനായിരുന്നു. ആ വെള്ളിയേടിന്റെ ഒരു ശരിപ്പകപ്പ് അയാൾ എഴുതിച്ച്, ഇംക്ലീസുപൊരുളോടെ കുമ്പഞ്ഞിറിക്കാർട്ടുകളിൽ സൂക്ഷിച്ചുവച്ചിരുന്നു. ആ കരടകൻ സഭാപതിപ്പട്ടർക്കേ ഈ രഹസ്യം അറിയാമായിരുന്നൊള്ളു. അയാൾ അതു് എടുത്തു പതുക്കിമാററിവച്ചിരുന്നു. അതിനു നല്ല വിലകിട്ടുന്ന കാലം വരുമെന്ന് അയാൾക്കു നിശ്ചയമുണ്ടായിരുന്നുമകളേ. നല്ലകാററുവന്നപ്പോൾ തുററിക്കൊടുത്തു ആ കരടൻ! നയവഞ്ചകൻ! സ്വാമിദ്രോഹി! പരമവഞ്ചകൻ! തിരുമേനി പറഞ്ഞിട്ടു രണ്ടായിരം പൂവരാഹൻ അയാൾക്കു നിത്യച്ചെലവിന്ന് എണ്ണിക്കെട്ടിക്കൊടുത്തതു മററാരുമല്ല, ഉമ്മിണിത്തമ്പിതന്നെ. എന്റെ മകൾക്കും അറിയാമല്ലോ. അതുംകൊണ്ടു് ആ കള്ളൻ പാണ്ടിക്കുകടന്നു. കൊച്ചീക്കു പോകുകയാണെന്നു പറഞ്ഞ് മഠത്തിൽ കൊണ്ടുചെന്നു പൊലികടത്തിലോ വഡ്ഡിയിലോ ആക്കിയിട്ടു വന്നൂട്ടാനേ പിന്നെയും. വെള്ളിയേടിന്റെ പകർപ്പുകളും പുറത്തെടുത്തു. തമ്പുരാട്ടിയുടെ അടുക്കനിന്നും കെട്ടിവാങ്ങി വലിയൊരു ജാലിക. ഇനി എന്തെല്ലാം വാങ്ങിക്കാൻപോണു അയാൾ. ചെന്തിട്ടയും ആണ്ടിയിറക്കവും കരമനയും ഒക്കെ എഴുതിക്കൊടുക്കും അയാൾക്ക്. കോട്ടയ്ക്കകമൊഴക്കെ ആ പാണ്ടിപ്പട്ടർക്ക്. ആ മുക്കാണിയന്റെ വേലത്തരം ചില്ലറയൊന്നുമല്ല കേട്ടോ. ഏതായാലും വല്ലാത്ത വേലത്തരമായിപ്പോയി ഇതു്."

മംഗളമ്മപ്പിള്ളയുടെ പ്രഭാഷണം അതിന്റെ ശക്തിയുടെയും വാഗ്മിതാവിലാസത്തിന്റെയും പാരമ്യത്തിൽ ഇങ്ങനെ എത്തിച്ചേന്ന ഗഡുവിൽ ഒരാൾ നാലുകെട്ടിനകത്തേയ്ക്കു് കിതച്ചു് ഓടിക്കേറിവന്നു് ഇങ്ങനെ അറിയിച്ചു: "പൊന്നമ്മച്ചീ! ചതിച്ചൂട്ടാനേ! നമ്മുടെ തമ്പ്രാനെ അടച്ചുമൂടിയ മേനാവിക്കേറ്റി സായ്വും പുള്ളിപ്പട്ടാളവും തോക്കുകാരുമായതാ പോയിത്തൊറയിലേക്കു്. കുമ്പഞ്ഞിക്കാരുടെ ഒരു ഓടം അവിടെ കടലിൽ ഒണ്ടുപോലും. അതിക്കോലസ്സനാട്ടിലേയ്ക്കു് എഴുന്നള്ളിക്കുന്നു. പുള്ളിയും തോക്കും സായ്വും ഒക്കെക്കൂടെ ഓടത്തിൽ ബന്തവസ്സ് ഒണ്ടുപോലും. അയ്യോ ചതിച്ചല്ലൊ മാപാപികൾ!"

ഇതാരു്? അമ്മവീട്ടു സമസ്തവും തന്റെ മസ്തിഷ്കത്തിന്റെ ഉപരിതലത്തിലാണു നിലകൊള്ളുന്നതെന്ന മിഥ്യാഭിമാനംകൊണ്ടു് ഉഴന്നു ചരിക്കുന്ന ശുദ്ധഹൃദയനായ പാച്ചന്റെ ശബ്ദമാണു കേട്ടതു്. ഭയാനകമായ ഒരു നിശ്ശബ്ദത പെട്ടെന്നവിടെ വ്യാപിച്ചു. എല്ലാവരും പരസ്പരം മുഖത്തോടുമുഖം നോക്കി ചിന്തപൂണ്ടു മൌനം ഭജിച്ചിരുന്നു.

"എവിടംവരെയായി പാച്ചാ! ഇപ്പോൾ?" എന്നു് അക്കൂട്ടത്തിൽനിന്നു് ഒരാൾ ചോദിച്ചു. അതു് ഇന്ദിരപ്പിള്ളതന്നെ ആയിരുന്നു.

എന്നാൽ ആ ചോദ്യത്തിനു മറുപടി ഉണ്ടാകുംമുൻപു പാച്ചൻ അവിടെനിന്നു് അപ്രത്യക്ഷനായിക്കഴിഞ്ഞു.

൨൪

## മരതകപ്പച്ചമാല

കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ച സംഭവങ്ങൾ നടന്നതിന്റെ പിറേറനാൾ രാവിലെ തേവാരത്തുകോയിക്കലെ പുറത്തെ പൂമുഖത്തു ബ്രിട്ടീഷു റസിഡണ്ടും ദളവാ ഉമ്മിണിത്തമ്പിയും കൂടി

തിരുവിതാംകൂർ ശ്രീപണ്ടാരവകയിൽപ്പെട്ട കാര്യവിചാരങ്ങൾ പ്രമാണിച്ചു ആറിങ്ങൽ മൂത്തതമ്പുരാനെ മുഖംകാണിക്കുകയായിരുന്നു. പൂമുഖത്തിന്റെ പടിഞ്ഞാറുകെട്ടിനകത്തേക്കുള്ള വാതിലിനുനേരെ വെളിക്കു മുമ്പിലായി പൂർവ്വാഭിമുഖമായി ഒരു കസാലയിൽ തിരുമേനി എഴുന്നള്ളിയിരുന്നു. തിരുമേനിക്ക് അഭിമുഖമായി അല്പം അകലെ ഒരു കസാലയിൽ റസിഡണ്ടും, ഇരുപ്പുണ്ട്. ധരരണ്ടും മഹാറാണിയ്ക്കും മദ്ധ്യേയായി ഒരു പാർശ്വം പററി ഉമ്മിണിത്തമ്പി നിൽക്കുകയായിരുന്നു. രാജസന്നിധിയിൽ മലയാളികൾ സന്നിഹിതരാകുമ്പോൾ അക്കാലങ്ങളിലും അടുത്തകാലംവരെയും നിലവിലിരുന്ന മാമൂൽഅനുസരിച്ചു ദളവാ കട്ടിവെള്ളമുണ്ട് ഉടുത്തും അതിന്മീതേ കസവുംകറിയും കരയുമില്ലാത്ത വെള്ളക്കവിണിനിവർത്തു ധരിച്ചും കൈകെട്ടി വലതുകരംകൊണ്ടു് ആചാരവായ് പൊത്തി നിലകൊള്ളുകയായിരുന്നു. ധരര ബ്രിട്ടീഷു സ്ഥാനചിഹ്നങ്ങളോടുകൂടിയ ഔദ്യോഗികവേഷത്തിലായിരുന്നു.

ആസന്നഭാവിയിൽ നടത്തപ്പെടേണ്ടിയിരുന്ന മഹാറാണി തിരുമേനിയുടെ തൃപ്പടിയേററം, സിംഹാസനാരോഹണം ഡർബാർ മുതലായ ചടങ്ങുകളേ സംബന്ധിച്ചായിരുന്നു, റസിഡണ്ടിന്റെയും ദളവായുടെയും തിരുമനസ്സിലെയും സംഭാഷണവിഷയം. ആ സന്ദർഭത്തിൽ ഒരു പട്ടക്കാരൻ അവിടെ സന്നിഹിതനായി മാമൂലനുസരിച്ചു മഹാറാണിയെ വന്ദിച്ചിട്ടു റസിഡണ്ടിനു സലാം വയ്ക്കുകയും, ദളവായെ തൊഴുകയും ചെയ്തിട്ടു, വളരെ ആദരവുപൂർവ്വം ദളവായുടെ സമീപത്തേക്കു നീങ്ങി ആചാരവായാച്ഛാദനം വലതുകരത്താൽ നിർവ്വഹിച്ചുകൊണ്ടു മന്ദസ്വരത്തിൽ ഇങ്ങനെ അറിയിച്ചു:—"ചെല്ലംവക മുതൽപിടി മുത്തുക്കറുപ്പൻപിള്ളയങ്ങത്തേ, തിടുക്കമായ എന്തോ ഒരു വലിയ സംഗതി തിരുമനസ്സറിയിക്കാനുണ്ടെന്നു പറഞ്ഞു് ഇവിടെ വന്നുനിൽക്കുന്നു. അങ്ങത്തേ കണ്ണുകളിൽകൂടി കണ്ണീരൊഴുകുന്നുമുണ്ടു പൊന്നൊജമാനനേ!"

ഈ സന്ദേശം മഹാറാണിയും റസിഡണ്ടും ശ്രദ്ധിച്ചു. ദളവായ്ക്കു് അതു മനസ്സിലായി. ഉടനെ അദ്ദേഹം ഇങ്ങനെ തിരുമന

സ്സുണർത്തിച്ചു:—"ചെല്ലം മുതൽപിടിക്കാരനു് എന്തോ തിട്ടക്കമായ ഒരു സംഗതി തിരുമനസ്സുണർത്തിക്കാനുണ്ടു്. അയാൾ കരയുന്നുമുണ്ടു്."

അവർ മൂന്നുപേരും പരസ്പരം ഒന്നുനോക്കി. മഹാറാണി കല്പിച്ചു:—"എന്തു സംഗതി. അയാൾ വേഗംവരാൻ പറയൂ."

ചപ്രാസി വേഗം പുറത്തേക്കുപോയി. ഉടൻതന്നെ കർണ്ണൽ മെക്കാളി സ്വസ്ഥാനത്തുനിന്നു് എഴുന്നേററു തൊപ്പിഎടുത്തു വിടചോദിക്കുന്ന മട്ടിൽ മഹാറാണിയുടെ മുഖത്തേക്കുനോക്കി. അപ്പോൾ തിരുമേനി മന്ദസ്മിതപൂർവ്വം കല്പിച്ചു.—"മിസ്റ്റർ മെക്കാളി ക്ഷമിക്കണം. അയാൾ വരുമ്പോൾ സായ്പു് ഇവിടെ ഇരിക്കുന്നതിൽ ഒരു വിരോധവും ഇല്ല. എന്നു തന്നെയുമല്ല സായ്പുകൂടെ ശ്രദ്ധിക്കേണ്ടുന്ന വല്ല അത്യാവശ്യവും കൊണ്ടായിരിക്കണം അയാളുടെ വരവെന്നും നമുക്കു് ഊഹം ഇല്ലാതില്ല."

ധാര മലയാളത്തിൽ ഉപചാരം പറഞ്ഞുകൊണ്ടു വീണ്ടും കസാലയിൽ ഇരുന്നു.

അപ്പോഴേയ്ക്കു മുത്തുക്കറുപ്പപ്പിള്ള തിരുമുമ്പിൽ എത്തി മാമൂലനുസരിച്ചു മഹാറാണിയെ തൊഴുതു. പിന്നീടു യഥാക്രമം റസിഡണ്ടിനെയും ദളവായേയും വന്ദിച്ചു. എന്നിട്ടു് അയാൾ കൈകെട്ടി വായ്പൊത്തി നിലയായി. അയാളും ദളവായെപ്പോലെതന്നെ വെള്ളമുണ്ടും വെള്ളക്കവണിയും ധരിച്ചിരുന്നു. നെററിയിലും, മാറിടത്തും ബാഹുക്കളിലും ശുഭ്രവർണ്ണത്തിൽ ഭസ്മക്കുറികളും കാണപ്പെട്ടു.

സുമുഖനും കോമളഗാത്രൻമായ ആ മദ്ധ്യവയസ്കന്റെ മുഖം ശോണിമപൂണ്ടും നേത്രങ്ങൾ ബാഷ്പകലുഷിതങ്ങളായും ഇരുന്നിരുന്നു. ദുസ്സഹമായ ഏതോ വ്യഥ അയാളുടെ അന്തരംഗത്തെ മുഹുരപി പീഡിപ്പിച്ചുകൊണ്ടിരിക്കുന്നതുപോലെ തോന്നും മുഖഭാവം കണ്ടാൽ. അയാളുടെ ഖേദകാരണം എന്തെന്നറിയുവാനുള്ള ഉൽക്കണ്ഠയോടെ തിരുമനസ്സുകൊണ്ടു് ഇങ്ങനെ കല്പിച്ചുചോദിച്ചു— "എന്താ വിഷമം? എന്തു പററി? പറയാമല്ലോ ഇവിടെ?"

ആഗതൻ വീണ്ടും മഹാരാണിയെ തൊഴുതുകൊണ്ടു് അറിയിച്ചു:—"പൊന്നുതമ്പുരാട്ടീ! അടിയന്റെ തലയിൽ തീകോരിഇട്ടുപോയേ! സങ്കടം പൊറുക്കവേണ്ടേ! മ-ര-ത-ക-പ്-പ്പച്ച-മാല."

മഹാറാണി ഒരു നിമേഷം ദീർഘാലോചനയിലിരുന്നിട്ടു് ദൃഷ്ടികളെ ഊർദ്ധ്വഭാഗത്തിൽ നയിച്ചു. എന്നിട്ടു മുതൽപിടിക്കാരന്റെ മുഖത്തെ ദയനീയമായി തുറിച്ചുകൊണ്ടു് അനുഭാവപൂർവ്വം ചോദിച്ചു:—"എന്തു്! നമ്മുടെ മരതകപ്പച്ചമാലയോ? അതിനു് എന്തു പററി?"

മുത്തുക്കറുപ്പപ്പിള്ള:—പൊന്നുതമ്പുരാട്ടീ! അതു പടിഞ്ഞാററെഴുന്നള്ളത്തിനു തമ്പുരാൻ തിരുമനസ്സുകൊണ്ടു് ചാത്താൻ അടിയനേക്കൊണ്ടു എടുപ്പിച്ചു വലിയ കൊട്ടാരത്തിൽ കൊണ്ടുപോയതാണേ! അതു തിരിച്ചു വരുംമുൻപു വടക്കോട്ടു് എഴുന്നള്ളത്തുമായി.

മഹാറാണി:—എങ്കിൽ അതു വലിയകൊട്ടാരത്തിൽ തിരുവാഭരണപ്പെട്ടിയിൽ കാണുമായിരിക്കണം. സർവ്വാധിയെ അറിയിച്ചില്ലേ?

മുത്തുക്കറുപ്പപ്പിള്ള:—അറിയിച്ചു. കല്പിച്ചു് അവിടെയെങ്ങും അതു കാണാനില്ല. വിലമതിച്ചിട്ടില്ലാത്ത മാലയാണതു പൊന്നുതമ്പുരാട്ടീ!

മഹാറാണി:—എങ്കിലും ഏകദേശമായി കൺമതിവില എന്തു വരും?

മുത്തുക്കറുപ്പപ്പിള്ള:—അതിനൊപ്പം മരതകപ്പച്ച ഇക്കാലത്തു് എങ്ങും കിട്ടുന്നതല്ല തമ്പുരാട്ടീ! അടിയന്റെ കുടുംബവും സർവ്വസ്വവും വിററാലും കെട്ടിവയ്ക്കാൻ ആവില്ലേ പൊന്നുടയതേ!

മഹാറാണി:—മുതൽപിടിയെ ഇവിടെയാരും ചുമതലക്കാരനാക്കി പറഞ്ഞില്ലല്ലോ. സങ്കടപ്പെടേണ്ട. അന്വേഷിച്ചുനോ

ക്കട്ടെ അതിന്റെപോക്കു് എങ്ങനെയെന്നു്. സമാധാനമായിപ്പോയി വല്ല ആഹാരവും കഴിച്ചിട്ടു ചെല്ലുംവക കാൎയ്യങ്ങൾ മുറയ്ക്കു വിചാരിച്ചുകൊള്ളുക. മാലക്കാൎയ്യം ചിന്തിച്ചു മനസ്സിനെ പുണ്ണാക്കേണ്ട.

മുതൽപിടിക്കാരൻ മഹാറാണിയെയും റസിഡണ്ടിനെയും ദളവായെയും തൊഴുതിട്ടു സാവധാനത്തിൽ പിന്നോക്കം നടന്നു തിരുമുമ്പിൽനിന്നു മറഞ്ഞു.

അപ്പോൾ റാണി റസിഡണ്ടിനോടായിട്ടു് ഇങ്ങനെ കല്പിച്ചു:—"ആ സാധു വല്ലാതെ സങ്കടപ്പെട്ടു. അയാൾ ഒന്നും പിഴച്ചതല്ല."

റസിഡണ്ടു്:—ആ മാലയ്ക്കു് എന്തു വിലവരും?

മഹാറാണി:—അഞ്ചുലക്ഷം പൂവരാഹൻ എന്നു വലിയമ്മാവൻ പറഞ്ഞുകേട്ടിട്ടുണ്ടു്.

റസിഡണ്ടു്:—അൻ–ചു–ലാക്–ഷം പൂ–വ–രാ–ഹ–ൻ! ഒ അ–ത്തു–ബ–ഹ്വ–ബ–ഹ്വ–ത്തു–ക.

ദളവാ:—ഒരു പൂവരാഹൻ എന്നു വച്ചാൽ ഏകദേശം മൂന്നു കമ്പനി രൂപയ്ക്കു സമം.

റസിഡണ്ടു്:—അഹോ! അ–പ്പോ–ൾ–പതി–പതി–ന–ൻ ചൂ–ലക്–ഷം രൂ–പാ! അഹോ! അഹോ! എൻ–തൊരുമാ–ലാ–യി–തു്.

മഹാറാണി:—നമ്മുടെ കാരണവന്മാരു പണ്ടുപണ്ടേ ഈ രാജകുടുംബത്തിലെ ഒരു പാരമ്പൎയ്യസ്വത്തായി സൂക്ഷിച്ചിരുന്ന ചില ആഭരണങ്ങളിൽ ഏററവും കൂടുതൽ വിലയുള്ളതാണിതു്. ആ പാവം! മുതൽ പിടിക്കാരൻ സങ്കടപ്പെട്ടതു വെറുതെയല്ല.

ദളവാ:—ചെല്ലുംവകയിൽനിന്നു് എന്തെങ്കിലും പണമോ മുതലോ കുറവുവന്നാൽ മുതൽപിടിക്കാരനെ ഉടനടി ചുമതലനീക്കി അയാളുടെ മുതലുകൾ കണ്ടുകെട്ടുകയും അയാളെ തടവിലിടുകയുമാണു് ഇവിടത്തെ പതിവു്.

റസിഡണ്ട്:—അഹോ! കഷ്-ടം-അഹോ! കഷ്-ടം-തെങ്ങടെ ബ്രിറനിലും ഇ-ങ്ങ്-ങ്ങ-നെ-താനെ ആ-യി-രു-ന്ന ബ-ഴ-കം. ഇ-പ്പാ-ൽ അ-ങ്ങ-നെ-യാ-ലാ. കൽ-ല-നെ-കൺട്ടു-പിടിച്ചു സിഗ്-ശിഗ്രം-അ-ബി-ററ.

മഹാറാണി മന്ദസ്മിതപൂർവ്വം കല്പിച്ചു:—"സായ്പിന്റെ സഹായവും ഉണ്ടല്ലൊ. ഇവിടെയും ഇനി ഇംഗ്ലീഷുമുറകളും ചട്ടങ്ങളും ഒക്കെ മതി കേട്ടോ."

റസിഡണ്ട് ഈ ഭാഷണം കേട്ടു മന്ദസ്മിതാങ്കിതനായി. പ്രസന്നവദനനായി ധാര പറഞ്ഞു:—"കൊൽ-ലാം കൊൽ-ലാം അനു-മാ-തി. അനുമാതി. നാം ഊ-കി-ക്ക-ന്നു. നാം ഊ-കി-ക്ക-ന്നു. കൊൽ-ലാം ബരററ. സായ്യ ഒന്നു പാർറുനോ-ക്ക-ററ."

"ശരി! ആ മാല അന്വേഷിച്ചു കണ്ടുപിടിച്ചു തരുന്ന ഭാരം ഞാൻ സായ്പിനെ ഏൽപ്പിച്ചിരിക്കുന്നു. ഇന്ന് ഇനി മററു കാര്യങ്ങൾ ഒന്നും ആലോചിക്കേണ്ട നാളെ കണ്ടാൽകൊള്ളാം."

റസിഡണ്ട്:—അ-ങ്ങ-നെ-യാ-ബ-ററ. തിരുമേ-നി-ക്ക സു-ക-മി-ല്ലെ-ന്നു സായ്യ-ഊ-കി-ക്ക-ന്നു. സായ്യ പോ-കാം-ഇപ്പോ.

അനന്തരം ധാര എഴുന്നേററു വിടവാങ്ങി ദളവായോടൊന്നിച്ചു പുറത്തേക്കു പുറപ്പെട്ടു. മഹാറാണി മരതകപ്പച്ചമാലയുടെ കളവിനെപ്പററി ചിന്താകുലയായി നാലുകെട്ടിനകത്തേക്കു എഴുന്നള്ളി.

## 29

# അർദ്ധരാത്രിസഞ്ചാരികൾ

മരതകപ്പച്ചമാല ചെല്ലംവകയിൽനിന്ന് അപ്രത്യക്ഷമായെന്നുള്ള പ്രക്ഷോഭജനകമായ വാർത്ത ദാവാനലൻപോലെ തലസ്ഥാനനഗരത്തിലും ക്രമേണ രാജ്യമാസകലവും വ്യാപിച്ചു.

അനർഘരത്നങ്ങളാൽ നിർമ്മിതമായ ആ വിശിഷ്ടമാല്യം, പടിയേററത്തുന്നാരം മഹാരാജാവു് കണ്ഠത്തിൽ അണിഞ്ഞിരുന്നതു ലോകർ പ്രത്യക്ഷമായി കാണുകയുണ്ടായിട്ടുണ്ടു്. സാധാരണമായി പടിയേററം, ആറാട്ടു്എഴുന്നെള്ളത്തു്, മുതലായി വൈദീക പ്രാധാന്യമുള്ള രാജകീയചടങ്ങുകൾ നിർവ്വഹിക്കേണ്ട ഘട്ടങ്ങളിൽ മാത്രം നാടുവാഴുന്ന മഹാരാജാക്കന്മാർ ധരിക്കുന്നതിനുള്ളതാണു് ആ മരതകമാല. സ്ഥാനഭ്രഷ്ടനാക്കപ്പെട്ട മഹാരാജാവും, ആ മാമൂലമനുസരിച്ചു പ്രസ്തുതമാല്യം ഗളത്തിൽ അണിയുവാൻ ഇടയായിട്ടുള്ളതത്രേ. അതു തിരിച്ചു ചെല്ലംവക ഭണ്ഡാരത്തിൽച്ചെന്നിട്ടില്ലെന്നാണു ചെല്ലാമുതൽപിടി പറയുന്നതു്. ആ ദിവ്യാഭരണം വലിയകൊട്ടാരത്തിൽച്ചെന്നെത്തിയശേഷം മഹാരാജാവിൻെറ തിരുമെയ്യിൽ ചാർത്തിയിരുന്നപ്പോഴല്ലാതെ പിന്നീടൊരിക്കലും സർവ്വാധികാര്യക്കാരും കണ്ടിട്ടില്ല. ഏതായാലും ബ്രിട്ടീഷുസിദ്ധങ്ങിൻെറ ചുമതലയിൽ മാലയുടെ അന്വേഷണം ഉജ്ജ്വിതത്തിൽ നടന്നുകൊണ്ടിരിക്കയാണു്. ദിവസങ്ങൾ മൂന്നുകഴിഞ്ഞിരിക്കുന്നു, അതിനിടയ്ക്കു്.

മൂന്നാംനാൾ അർദ്ധരാത്രിസമയം നാലുകെട്ടിൽ അമ്മവീടിൻെറ വടക്കേക്കെട്ടിലെ ഒരു ചെറുവാതിൽ മെല്ലെ അകത്തുനിന്നു തുറന്നുനീക്കി, മുമ്പിലും പിറകിലുമായി രണ്ടാളുകൾ ഇടമുററത്തേയ്ക്കു് ഇറങ്ങി; പാദചലനശബ്ദം കേൾപ്പിക്കാതിരിക്കാനാണെന്നുതോന്നു, അവർ അവിടെയൊക്കെ നല്ല പഴക്കമുള്ളവരെപ്പോലെ മന്ദംമന്ദം നടന്നു് അകത്തേ മതിൽക്കെട്ടിനുപുറത്തിറങ്ങി, പാമ്പിൽക്കൂടി കോട്ട മതിലരുകിൽ എത്തി, പ്രധാനഗോപുരവാതുക്കൽപോകാതെ ഒരു ഗൂഢകവാടത്തിൽക്കൂടി, തഴുതുനീക്കി പുറത്തുകടന്നു രാജപാതയിൽക്കൂടി ദ്രുതഗതിയിൽ പടിഞ്ഞാറോട്ടു നടന്നുതുടങ്ങി. മ്ലാനമായ ഒരു അന്ധകാരതിമിരം ദിക്കെങ്ങും ആവൃതമായിരുന്നു. അയൽഗൃഹത്തിൽ എവിടെയോനിന്നു യാദൃച്ഛികമായി പുറത്തുകാണപ്പെട്ട ഒരു ദീപത്തിൻെറ ആകസ്മിക

രശ്മിപാതം അവരുടെ ഉടലിൽ ഏററപ്പോൾ കാണാറായി അവർ രണ്ടുകാഷായികളെന്നു്. യതികൾതന്നെ. അവർ മന്ദസഞ്ചാരത്തിൽ എന്തൊക്കെയോ സംസാരിച്ചുകൊണ്ടു ദ്രുതഗതിയിൽ നടന്നു കല്പാലക്കടവിൽ ചെന്നെത്തി. അപ്പോൾ അവരുടെ ആഗമനം പ്രതീക്ഷിച്ചു രണ്ടുപേർ അവിടെ വള്ളക്കടവിന്റെ കല്പടികളിലായി കാത്തുനിന്നിരുന്നു. അവരുടെ സമീപം സാമാന്യം വെടിപ്പും മോടിയുമുള്ള ഒരു വഞ്ചി കടവിൽക്കിടപ്പുണ്ടായിരുന്നു. നമ്മുടെ സന്യാസിമാർ അടുത്തുവന്നയുടൻതന്നെ ആ രണ്ടുപേരും വഞ്ചിയുടെ അമരത്തിലും കൊമ്പിലുമായി കയറി കഴുക്കോൽ എടുത്തു പിടിച്ചു സന്നദ്ധരായി നിലകൊണ്ടു. അനന്തരം സമയം ലേശവും പാഴാക്കാതെ ആ യതികൾ വഞ്ചിക്കകത്തേയ്ക്കു കയറി, നടുപ്പടിക്കു് ഇരുഭാഗങ്ങളിലുമായുള്ള ഓരോ കൂടാരങ്ങൾക്കു് ഉള്ളിലായി സ്ഥാനംപിടിച്ചു. വള്ളത്തിനകത്തു് ഒരു മങ്ങിയ വെളിച്ചെണ്ണത്തിരിറാന്തൽ മങ്ങിക്കത്തിക്കൊണ്ടിരുന്നതിനാൽ അവരുടെ മുഖങ്ങൾ നിഷ്പ്രയാസം കാണാൻ സാധിച്ചു.

അവരിൽ ഒരാളിനു വമ്പിച്ച ജടാഭാരവും, നീണ്ടുവളർന്നു ജടിലമായ കെട്ടുതാടിയും ശ്മശ്രുക്കളും കാണപ്പെടുന്നു. അപരന്റെ ജടാമകുടം അത്ര വിപുലമല്ലെങ്കിലും മുടിയുടെ ജടിലപ്രകൃതത്തിനും ശ്മശ്രുപാളിയുടെ ധാരാളിമയ്ക്കും കുറവൊന്നും ഉണ്ടായിരുന്നില്ല. രണ്ടുപേരും മുഖവും ഉടലുമാകെ ഭസ്മലേപനം ചെയ്തിരുന്നു. രണ്ടുപേരും ഘനമേറിയ കാവിവസ്ത്രം ഓരോന്നു മാദ്ധ്വരീതിയിൽ അരയിൽ ധരിച്ചിരുന്നതുകൂടാതെ, ജാനുക്കളിൽക്കവിഞ്ഞു് ഇറങ്ങിക്കിടന്നിരുന്ന ഓരോ കാഷായകഞ്ചുകംകൊണ്ടു് ശരീരാച്ഛാദനംചെയ്തുമിരുന്നു. എന്നുമാത്രമല്ല ഓരോ കാഷായവസ്ത്രത്താൽ അവർ ജടിലമായ ഉത്തമാംഗത്തെ മിക്കവാറും ബന്ധിച്ചു് ആവരണംചെയ്തിട്ടുമുണ്ടായിരുന്നു.

അവരുടെമുഖം ചിന്താകുലമായിരുന്നുവെങ്കിലും, മുഖത്തെ ആഢ്യപ്രഭാവസമ്മിളിതമായ സൌകുമാര്യത്തിനു ലേശവും ഹാനി സംഭവിച്ചിരുന്നില്ല.

വള്ളം കുറേദൂരം അതിക്രമിക്കുന്നതുവരെ അവർ രണ്ടുപേരും ചിന്താവിഷ്ടരായിരുന്നതേയുള്ളു. അനന്തരം അവരിൽ ഒരാൾ ഇങ്ങനെ മന്ദസ്വരത്തിൽ മൌനമുദ്രഭഞ്ജനം ചെയ്തു:—"നാം നിനച്ചിരുന്നതിൽ നേരത്തെ പുറപ്പെട്ടുവെന്നുതോന്നുന്നു. നേരം ഇനിയുംവളരെവെളുപ്പുണ്ടു്."

രണ്ടാമൻ:—അതേ—അ—അല്ല—സാമീ നേരം വളരെ വെളുപ്പുണ്ടെന്നാ തോന്നുന്നതു്.

ഒന്നാമൻ:—ഈ വഞ്ചിക്കാരു് എവിടുത്തുകാർ?

രണ്ടാമൻ:—വടക്കുനിന്നുവന്ന വാലന്മാരും വളരെ വിശ്വസിക്കാൻകൊള്ളാവുന്നവരും നല്ല വഞ്ചിക്കാരും.

ഒന്നാമൻ:—വെറുതേ ചോദിച്ചുവെന്നേഉള്ളു കേട്ടോ. പാ—അല്ല—സ്വാമി, ദീർഘയാത്രയാണു്. എപ്പോഴും നല്ല കരുതലോടെ പെരുമാറിക്കൊള്ളണം. അമളികൾ ഒന്നും പറ്റാൻ ഇടയാകരുതു് കേട്ടോ.

രണ്ടാമൻ:—അക്കാര്യം പ്രത്യേകിച്ചു പാ—എന്നോടു പറയണമെന്നൊണ്ടോ സാമീ!

ഒന്നാമത്തേയാൾ മന്ദസ്മിതം തൂകിക്കൊണ്ടു പറഞ്ഞു. ശരി ഇരുന്നോ. അങ്ങനെ കരുതിക്കൊണ്ടാൽമതി. കുഴപ്പം ഒന്നും വരുത്തരുതു്. ഈ ജീവിതമേ ദുഃഖമയം. ശരിയായ സമാധാനം മനസ്സിനു് ഉണ്ടാകണം.

രണ്ടാമൻ:—ഈ രീതിയിൽ മുന്നോട്ടുപോയാൽതന്നെ വളരെ മാറ്റംഒക്കെ വരാതെവിടെപ്പോണു. മനോവിചാരം ഒന്നും വേണ്ടാ. തുണയ്ക്കു് ഈ സാമി ഉണ്ടല്ലോ. ഏതു ശുശ്രൂഷയും പാദസേവയും ചെയ്യാൻ!

ഒന്നാമൻ ദീർഘമായി ഒന്നു നിശ്വസിച്ചു. അദ്ദേഹത്തിന്റെ മുഖം ചിന്താകലുഷമായി. നേത്രങ്ങളിൽ ബാഷ്പം പൊടിച്ചു നിറഞ്ഞു. "ഭഗവാനേ! അവിടുത്തെ ഒരു നോക്കു കാണണം. പിന്നെ തൃപ്പാദം ചേരുകയും വേണം. അല്ലാതെ മറെറന്താശയിരിക്കുന്നു, എനിക്ക്."

## 30

# ദളവായുടെ വസതിയിൽ

ശ്രീവാഴുംകോടിന്റെ അന്തരീക്ഷത്തെ പ്രക്ഷുബ്ധമാക്കിക്കൊണ്ടിരുന്ന അടുത്തു നടന്ന ചില ദാരുണസംഭവങ്ങളാൽ അത്യന്തം പീഡിതനായ ഒരാൾ പ്രസ്തുതരാജ്യത്തുണ്ടായിരുന്നുവെങ്കിൽ, അതു ദളവാ ഉമ്മിണിത്തമ്പിതന്നെ ആയിരുന്നു. മഹാരാജാവിനു സംഭവിച്ച അഭൂതപൂർവ്വവും അത്യന്തം അഭിമാനക്ഷയകരവുമായ സ്ഥാനഭ്രഷ്ടതയുടെ രൂക്ഷസ്വഭാവവും കക്ഷതയും, അനന്തരാനുഭവങ്ങളാൽ പർവ്വതാകാരമായി ഭവിച്ചുവല്ലൊ. ഒരു രാജകീയ തടവുകാരന്റെ നിലയിൽ ബ്രിട്ടീഷുഭടന്മാരുടെ ബന്തവസ്സോടുകൂടി കണ്ണൂരിലുള്ള ബ്രിട്ടീഷ്ഈസ്റ്റ്ഇൻഡ്യാക്കമ്പനിയുടെ സങ്കേതത്തിലാണല്ലൊ അവിടുത്തെ വാസം. പോരെങ്കിൽ മരതകമണിമാലയുടെ അപ്രത്യക്ഷീഭാവം സ്ഥിതിഗതികളെ പൂർവ്വാധികം ഗുരുതരമാക്കിത്തീർക്കുന്നതായ പരിതസ്ഥിതികൾ സമുൽഭൂതമാകുമെന്നു ദളവായ്ക്കുബോദ്ധ്യമുണ്ട്. മാമൂലിനു വിരോധമായ മൂപ്പേല്പിനെയും രാജവാഴ്ചയെയും തൃപ്പടിയേററത്തെയും പുരോഗമിപ്പിച്ച വിഷയത്തിൽ താൻ തെല്ലു കൃത്യവിലോപം പ്രദർശിപ്പിച്ചിട്ടുണ്ടെന്ന് ഒരു സാഭാഷണമദ്ധ്യേ നിർദ്ദാക്ഷിണ്യമതിയായ റസിഡൻറ് പ്രത്യക്ഷമായിത്തന്നെ അവഹേളിച്ചുകഴിഞ്ഞിരിക്കുന്നു.

തൃപ്പടിയേററം പ്രമാണിച്ചു ചെല്ലുവകയിൽനിന്നു വലിയ കൊട്ടാരത്തിൽ ആനയിക്കപ്പെട്ടവിലയേറിയ മരതകമണിമാല അ

വശ്യം കഴിഞ്ഞയുടൻ തിരിച്ചെ ചെല്ലുംവകയിൽ എത്തിച്ചുകൊടുപ്പിക്കുവാനും, അവിടെ അതു സുരക്ഷിതമായി ചെന്നുചേർന്നിട്ടുണ്ടായെന്നു പരിശോധിക്കുവാനും ഉള്ള ചുമതല സർവ്വാധികാര്യക്കാർക്കൊപ്പംതന്നെയോ അതിനേക്കാൾ മികച്ചനിലയിലോ ദളവാക്കുള്ളതാണു്. അതിനാൽ മരതകമാലക്കാര്യത്തിലും കഠിനമായ ഉദാസീനതക്കുററം തന്നിലാരോപിക്കപ്പെടാൻ ഇടയുണ്ടെന്നു തമ്പിക്കു നിശ്ചയമുണ്ടു്. ശ്രീപാദം കാര്യക്കാരുരാമരടിയോടിയുടെ സംശയകരമായ മരണത്തെക്കുറിച്ചു മുമ്പുതന്നെ മിസ്റ്റർ മൺറോ തന്നോടുകൂടി നിർബ്ബന്ധാർത്ഥത്തിൽ പ്രശ്നംചെയ്തിട്ടുള്ളതാണു്. ബ്രിട്ടീഷുറസിഡൻറിന്റെ അഭിപ്രായം അനുസരിച്ചു മഹാറാണിതിരുമനസ്സിലെ വാഴ്ചയ്ക്കു് ആസ്പദമായ തൃപ്പടിയേററം ഉടനെതന്നെ നടത്തിക്കുവാൻ ആവശ്യമായ ചാർത്തുകൾ എഴുതിയുണ്ടാക്കുവാൻ കാലവിളംബം വന്നുകൂടുന്നതു തന്റെ മനഃപൂർവ്വമായ ഉപേക്ഷയാലാണെന്നു് ഒരു ധാരണയും റസിഡൻറിനുണ്ടായിട്ടുണ്ടു്. പ്രതികൂലപരിതസ്ഥിതികൾ ഹേതുവാൽ മഹാറാണിതിരുമനസ്സിലേക്കു തന്നോടു നല്ല തൃപ്തിയില്ലെന്നും ദളവായ്ക്കു് ഒരു തോന്നൽ ഇല്ലാതില്ല. ഇപ്രകാരം വിവിധചിന്താഗതികളാൽ പീഡിതനായ ഉമ്മിണിത്തമ്പി തമ്പാന്മാരുള്ള തന്റെ വാസസ്ഥലത്തു് അസ്വാസ്ഥതയോടെ ഇരിക്കുകയായിരുന്നു. പ്രസ്തുത പ്രഭാതം അവസാനിപ്പിച്ച ആ ഭയങ്കരനിശാവേളയിൽ അദ്ദേഹത്തിനു ലേശവും നിദ്രയുണ്ടായതേയില്ല. ഉറക്കച്ചടക്കവും മനഃക്ലേശവും നൈരാശ്യവും ഒത്തുചേർന്നപ്പോൾ തമ്പിക്കു് അതികഠിനമായ ക്ഷീണം ഉണ്ടായി. ഗ്രന്ഥസ്ഥലങ്ങളിലും മററു പല മർമ്മസ്ഥലങ്ങളിലും നിന്നു ജീവശ്ശക്തിയാകെ ചോർന്നുപൊയ്ക്കൊണ്ടിരിക്കുന്നതായി അദ്ദേഹത്തിനു തോന്നി. നേരം വെളുപ്പായതേയുള്ളു. മനുഷ്യർ പുറത്തിറങ്ങി സഞ്ചരിച്ചുതുടങ്ങിയിട്ടില്ല.

ആ സന്ദർഭത്തിൽ അടച്ചുമൂടിയ ഒരു മേനാവും ഏതാനും ആളുകളുംകൂടി ആ വസതിയുടെ ഗോപുരവാതിൽകടന്നു് അകത്തു

വരുന്നതായി അദ്ദേഹം കണ്ടു. മേനാവിനെ അനുഗമിച്ചവർ ബ്രിട്ടീഷ്ഈസ്റ്റ്ഇൻഡ്യാക്കമ്പിനിവക ഭടന്മാരായിരുന്നു. അവരുടെ കൂടെ ഒരു യൂറോപ്യൻപട്ടാളയുദ്യോഗസ്ഥനും ഉണ്ടായിരുന്നു. ആ ഭടനായകൻ അകത്തുവന്നു ദളവായെ ഉപചാരപൂർവ്വം വന്ദിച്ചുകൊണ്ട് ഒരു കടലാസുരേഖ അദ്ദേഹത്തിന്റെ പക്കൽ ഏല്പിച്ചു. ഉമ്മിണിത്തമ്പി ആ ഉദ്യോഗസ്ഥനെ ആസനസ്ഥനാക്കി ഒന്നുരണ്ടുവാക്ക് ഉപചാരംപറഞ്ഞിട്ട് സസംഭ്രമം ആ രേഖ വായിച്ചുനോക്കി. അതിലെ ഉള്ളടക്കം എന്തെന്നു മനസ്സിലായതോടുകൂടി ഏതാനുംനിമിഷംവരെ ദളവാ ചിന്താമഗ്നനായിരുന്നു. അനന്തരം ചോദിച്ചു:—"എപ്പോഴാ പുറപ്പെടേണ്ടതു്! എഴീററപാടാണു്. മുഖത്തു വെള്ളംപോലും ഒഴിച്ചിട്ടില്ല."

ധരർ:—അററിനുവി–ഴ–മി–ക്കേൻ–ടാ തം–പി-അങ്ങ്–ങ്ങ–റേറക്ക–പി–റാ–ത–ലും–മു താ–ഴവും–ഒ–ക്കെ–കപ്പ–ലിൽ–കുററിപ–ററ–ന്മാരു–ശമേൽശെയ്യുന്നു–ൻറു്. മൊകം–കഴു–കി, ദോലിയി–ടകേരാമല്ലൊ. വീററുകാരേ ഈ മുറീപ്പ–ബരു–തി–ബിട ബാങ്ങാമ–ല്ലൊ.

ഉമ്മിണിത്തമ്പി:—ശരി. വലിയ സഹായം. അതുമതി.

പ്രഭാതത്തിൽ ഉറക്കമുണർന്നു കണ്ണുതിരുമ്മി എഴുന്നേററയുടൻ മേനാവും പുള്ളിപ്പട്ടാളവും ആറാക്കാരും അമാലന്മാരും തോക്കും, വാളും എല്ലാം തിരുമുററത്തു കണ്ട സ്ത്രീജനങ്ങളും കുട്ടികളും വല്ലാതെ അന്ധാളിച്ചു! ഉമ്മിണിത്തമ്പിയുടെമാതാവും മൂത്തസോദരിയും, പത്നിയും, അവരുടെ കൊച്ചുകുട്ടികളും എല്ലാവരുംകൂടെ ദളവായുടെ മുറിയിലേക്ക് ഒരു പ്രയാണം. ധീരനായ തമ്പിയുടെ ജാള്യതനിറഞ്ഞ മുഖഭാവവും മററുംകണ്ടു് സംശയഗ്രസ്തരായിഭവിച്ച അവർ ആകെക്കൂടെ ഒരു അലയും മുറയും. തമ്പിയേയും പട്ടാളഉദ്യോഗസ്ഥനെയും അനുയായികളെയും പ്രസ്തുതരംഗം ഇതികർത്തവ്യതാമൂഢരാക്കിത്തീർത്തു.

സഹികെട്ടപ്പോൾ ഉമ്മിണിത്തമ്പിതന്നെ അധികാരസ്വര

ത്തിൽ പറഞ്ഞു:—"എന്തൊരു നെറികേടും കൊള്ളരുതായ്മയും ഇതു്. നിങ്ങൾ എല്ലാവരും പോകിൻ അപ്പുറത്തു്."

ആകെ ഒരു നിശ്ശബ്ദത. മാതാവുമുതലായവരും കുട്ടികളും അവിടംവിട്ടു പുറത്തേക്കുപോയി. അനന്തരം ദളവാ പട്ടാളയുദ്യോഗസ്ഥനോടു പറഞ്ഞു:—"കഥയില്ലാത്തയാളുകൾ. ഇവർ കിടന്നു വിളിച്ചതുകൊണ്ടു് എന്തുഫലം! ബ്രിട്ടീഷ്‌റസിഡൻറിൻെറ കല്പനയല്ലേ! അതോ ഗവർണ്ണർസായ്പിൻെറ കൽപ്പനപ്രകാരവും. തമ്പുരാനില്ല ഇവിടെ നീതിനടത്താൻ. ഇനി നിങ്ങൾ ധരമാരുടെ നീതിവിചാരത്തിനു കാലമായി. അങ്ങനെ നടക്കട്ടെ. തമ്പിയദ്ദേഹത്തിൻെറയനുഭവം കൊണ്ടും ഈയുള്ളവൻ പഠിച്ചില്ല. വരട്ടെ. കാലംവരും."

ഇത്രയുംപറഞ്ഞുനിർത്തി തമ്പി സ്വസ്ഥാനത്തുനിന്നു് എഴുന്നേററു് ഒരു ഭൃത്യനെ വിളിച്ചുവരുത്തി ജലംകൊണ്ടുവരുവിച്ചു കൈകാലുകളും മുഖവും ശുദ്ധിവരുത്തി. പുതിയ വസ്ത്രങ്ങൾ എടുപ്പിച്ചു ധരിച്ചു. അനന്തരം മാതാവിനെയും മൂത്ത സോദരിയേയും ഭാര്യയെയും ഓരോരുത്തരെയായി അവിടെ വിളിച്ചുവരുത്തി അവരോടു ഗൂഢമായി എന്തൊക്കെയോ സംസാരിച്ചു. കുഞ്ഞുങ്ങളെ അന്ത്യമായി ഒരു നോക്കുകണ്ടു ദീർഘനിശ്വാസംചെയ്തു. അനന്തരം മാതാവിൻെറയും മൂത്തസഹോദരിയുടെയുംപാദങ്ങളിൽ സാഷ്ടാംഗപ്രണാമം നടത്തി എഴുന്നേററു. പിന്നീടു പത്നിയോടായിട്ടു പറഞ്ഞു:—"ഭഗവതിപ്പിള്ള കുഞ്ഞുങ്ങളെയുംനോക്കി അമ്മയുടെയും അക്കൻെറയും കാലംവരെ അവരുടെകൂടെ താമസിച്ചുകൊള്ളണം. ഈശ്വരകൃപയാൽ നിങ്ങൾക്കു് ആക്കും ഒരു മുട്ടിനും ഇടയുമില്ല. ഉമ്മിണിത്തമ്പിയേച്ചൊല്ലി ദുഃഖിക്കയുംവേണ്ട. ആ തമ്പുരാൻെറ അനുഭവം കണ്ടില്ലേ? വേലുത്തമ്പിഅദ്ദേഹത്തിൻെറ അനുഭവം കണ്ടില്ലേ? മച്ചിനൻ വലിയദിവാൻജിയങ്ങത്തെ അനുഭവം കണ്ടില്ലേ? അതെല്ലാം ഓർമ്മിച്ചാൽ നിങ്ങൾക്കു് എല്ലാവക്കും സമാധാനപ്പെടാം."

ഈ വിടവാങ്ങലിൻെറ പ്രഭാഷണം നടക്കുമ്പോൾ ഭവനത്തിൻെറ നാനാഭാഗങ്ങളിലുംനിന്നും, തൻെറ മുമ്പിൽനിൽക്കുന്ന മാതാവാദിയായ സ്വജനങ്ങളുടെ മുഖത്തുനിന്നും ആർത്തനിനാദങ്ങൾ അത്യുച്ചത്തിൽ പുറപ്പെട്ടു മുഴങ്ങുകയായി.

"സമാധാനമായി ഇറങ്ങിപ്പോകാൻ സമ്മതിക്കണം. ഇതുകൊണ്ടൊക്കെ സാധിക്കാൻ എന്തിരിക്കുന്നു? അടങ്ങിനിൽക്കിൻ എല്ലാരും." എന്നുള്ള ഗജ്ജനം പുറപ്പെട്ടു, പൗരുഷശാലിയായ ഉമ്മിണിത്തമ്പിയുടെ മുഖത്തുനിന്ന്.

വീണ്ടും മുറവിളികൾ ഉയന്ന് ദുശ്ശകുനസൂചനവലത്തുംമുമ്പ് ഒരു പ്രകാരത്തിൽ തമ്പി മേനാവിൽ പ്രവേശിച്ചു. അമാലന്മാർ മൂളിക്കൊണ്ടു, തോക്കും വാളും ധരിച്ച പട്ടാളക്കാരുടെ അകമ്പടിയോടുകൂടി ദളവാ ഉമ്മിണിത്തമ്പി അങ്ങനെ മൂടിയിട്ട മേനാവിൽ തിരുവനന്തപുരം തുറമുഖത്തേക്കു ഘോഷയാത്ര പുറപ്പെട്ടു.

## 31

# പോലീസു മജിസ്ട്രേട്ടു ബേബർ

കണ്ണൂർ കടപ്പുറത്തുള്ള ഒരു മണൽക്കുന്നിൻെറമുകളിൽ തറ ഉറച്ച ഒരു ഭാഗത്തായി പൂവ്വാഭിമുഖമായി ഒരു പഴയ മാതൃകയിലുള്ള നാടൻമാളിക ഈ കഥാരംഭകാലത്ത് ഉണ്ടായിരുന്നു. വളരെ പഴകിജീർണ്ണിച്ച ഒരു ചെറുഗൃഹമാണത്. മുകളിലും താഴെയും നിരച്ച് ഉറപ്പിച്ചിരുന്ന ഒരു മരമുറിമാളികതന്നെ. മുകളിലും താഴെയും വരാന്തയുത്തരങ്ങളെ താങ്ങിനില്ക്കുന്ന ഉരുളൻതടിത്തൂണുകളിലെ ശില്പവിദ്യാപാടവം കണ്ടാലറിയാം അത് അനേകശതവഷം പഴക്കമുള്ളതെന്ന്. അതിൻെറ മേൽക്കൂര ഓലമേഞ്ഞതായിരുന്നു. മാളികയുടെ താഴത്തെയും മുകളിലത്തേയും തറകൾ ചെത്തിമിനുക്കിയ പലകകൾ പാകി സജ്ജീകരിച്ചിട്ടുള്ളവയായിരുന്നു. കിഴക്കുവശമായ ദർശനഭാഗത്തുമാത്രം മുകളിലും

താഴെയും ഓരോവാതിലുകളും അവയ്ക്കു് ഇരുവശങ്ങളിലുമായി ഇരു മ്പഴിയിട്ടുറപ്പിച്ച ഓരോകിളിവാതിലുകളും ഉണ്ടായിരുന്നു. ആ ഇ രുമ്പഴികൾ തുരുമ്പുപിടിച്ചു പഴക്കംതോന്നിക്കത്തക്കനിലയിലാ ണിരുന്നതു്. താഴെയും മുകളിലും ഒരേവലിപ്പത്തിലും ആകൃതി യിലുമുള്ള ഓരോ മുറിമാത്രമേ ഉണ്ടായിരുന്നുള്ളു.

പ്രസ്തുത കെട്ടിടത്തിന്റെ വടക്കുഭാഗത്തായി തൊട്ടടുത്തു കാണപ്പെട്ട ഒററത്തായിഓലക്കെട്ടിടം ആ മാളികയുടെ അധിപ ന്റെ മഹാനസത്തിനു് ഉപയോഗിക്കപ്പെട്ടുവന്നതായി അവിടെ നിന്നുപുറപ്പെട്ടുകൊണ്ടിരുന്ന ധൂമപടലംകൊണ്ടു് അനുമാനിക്കാം. ആ ഭവനത്തിന്റെ പരിസരങ്ങൾ കള്ളി, എരകം മുതലായ മുൾ ച്ചെടികൾകൊണ്ടും അടമ്പുവള്ളികളാലും ആവരണംചെയ്യപ്പെ ട്ടിരിക്കുന്നു. ആകെ ഒരു ശൂന്യതയുടെയും നാശത്തിന്റെയും ല ക്ഷണമാണു് അവിടുത്തെ പ്രകൃതിവിലാസം അനുനിമിഷം പ്ര ത്യക്ഷമാക്കിക്കൊണ്ടിരിക്കുക.

ആ പുരാതനമന്ദിരത്തിന്റെ രണ്ടാമത്തെനിലയിൽ ഒരു പ ഴയ നാടൻചപ്രമഞ്ചക്കട്ടിലിൽ ഒരു മെത്തപ്പായും തലയിണകളും ഒരു മെത്തയും വിരിച്ചൊരുക്കിയിട്ടുണ്ടു്. അതിന്മീതെ ഒരു യുവാ വു ചിന്താകുലനായി ശയിക്കുകയാണു്.

അതു് ആരായിരിക്കാം. അതു മററാരുമല്ല. തിരുവിതാംകൂ റിൽനിന്നു സ്ഥാനഭ്രഷ്ടനാക്കപ്പെട്ട മഹാരാജാവാണദ്ദേഹം. നിർഭാ ഗ്യവാനായ ആ രാജകുമാരൻ! വിധിയുടെ അതിദാരുണമായ വൈപരീത്യംനോക്കുക.

അഴുക്കുപിടിച്ചു, ചൂരൽവരിച്ചിൽ മുഷിഞ്ഞു പൊട്ടിത്തുട ങ്ങിയ ഒരു മരക്കസാലയും അതിനു സമീപത്തായി മരപ്പൂപ്പുപിടി ച്ചു ദുർലക്ഷണംപ്രാപിച്ച ഒരു പഴയ ഉരുളക്കാലൻമേശയും—ഇ ത്രമാത്രമാണവിടത്തെ ഗൃഹസാമഗ്രികൾ. ഗൃഹപരിസരങ്ങളെ ചു ററി ഒരുതരം മുള്ളുകമ്പിവേലി ഇട്ടു ബന്തവസ്സുചെയ്തിട്ടുണ്ടു്. അതി നു് ഒരു പ്രവേശമാർഗ്ഗമേയുള്ളു. നാഗപ്പാളംകൊണ്ടു നിർമ്മിച്ചി

ട്ടുള്ള ഒരു ഓററപ്പാളിവാതിലാണതു്. ആ പ്രവേശദ്വാരത്തോടു സമീപിച്ചു് ഒരു നെടുമ്പുരകാണാം. അതിനകത്താണു് ആ മന്ദിരസംരക്ഷിപ്പുകാരായ ഈസ്റ്റ്ഇൻഡ്യാക്കമ്പനിവക പട്ടാളങ്ങൾ കിടക്കുന്നതു്. ഒരു ഭടൻ തോക്കുപിടിച്ചുകൊണ്ടു വാതുക്കൽ കാവൽ നിൽക്കുന്നുണ്ടു്.

രാജകുമാരൻ ചിന്താനിർഭരനായി ശയ്യയിൽ വിശ്രമിക്കയായിരുന്നു. അപ്പോൾ ഒരു ബ്രാഹ്മണപരിചാരകൻവന്നറിയിച്ചു:— "സ്വാമീ! ഒരു മുസൽമാൻഉദ്യോഗസ്ഥൻ മുഖംകാണിക്കാൻ വന്നുനില്ക്കുന്നു. അകത്തു വരാൻപറയട്ടയോ?"

രാജകുമാരൻ:—എന്തു്! എന്തു്! മുസൽമാനോ? ഉദ്യോഗസ്ഥനോ? പട്ടാളക്കാരനോ?

പരിചാരകൻ:—ഒരു മജിസ്ത്രട്ടാണെന്നാ പറഞ്ഞതു്. അയാളുതോ പേരുപറഞ്ഞു: എനിക്കു വിട്ടുപോയി അതു്.

രാജകുമാരൻ:—ആരെങ്കിലുമാവട്ടെ. ആ ശനി വരാൻ പറയൂ. ഇനി എന്തിനാണാവോ അയാളുടെ പുറപ്പാടു്.

"ആവൂ! ഭഗവാനേ അറിഞ്ഞുകൂട്ടാ" എന്നുപറഞ്ഞു് ആ ബ്രാഹ്മണൻ പുറത്തേയ്ക്കുപോയി. ഉടൻതന്നെ രാജകുമാരൻ എഴുന്നേററു മെത്തയിൽതന്നെ ഇരുന്നു. ഏതാനും നിമേഷങ്ങൾക്കകം സന്ദർശകൻ ആ മുറിയിൽ വന്നെത്തി ബഹുമാന്യനായ തടവുകാരനേ ഉപചാരപൂർവ്വം വന്ദിച്ചു. രാജകുമാരൻ ആഗതനു് ഇരിക്കുവാൻ കസാല കാണിച്ചുകൊടുത്തു.

ആഗതൻ പ്രാംശുകായനും ബലിഷ്ഠനും സുമുഖനുമാണു്. അയാൾ ചുവന്നനിറമുള്ള ഒരു തുക്കിത്തൊപ്പികൊണ്ടു് ശിരസ്സു മറച്ചിരുന്നു. ദേഹത്തു നേരിയ വെള്ളത്തുണികൊണ്ടുള്ള ഒരു ജുബയും, വെള്ള പണ്ടളങ്ങളും, പാദങ്ങളിൽ പാപ്പാസുകളും ധരിച്ചിരുന്നു. ജൃംഭിതമായ മേൽമീശ അയാളുടെ മുഖത്തിൻെറസ്വാഭാവികമായ ഓജസ്സും ആകർഷകതയും വർദ്ധിപ്പിച്ചുകൊണ്ടിരുന്നു.

ആഗതൻ സവിനയം പറഞ്ഞു:—"സാധാരണ അടിയങ്ങൾ പെരിയ പെരിയ രാജാക്കൾ തിരുമുമ്പാകെ ഇരിക്കയല്ല വഴക്കം. ഇവിടെനിന്നു് ഉണർത്തിച്ചുകൊള്ളാം."

രാജകുമാരൻ:—ഹേയ്. അതൊന്നും ആവശ്യമില്ല. ആ നില ഒന്നും ഇവിടെ ഇല്ലല്ലോ ഇപ്പോൾ.

അയാൾ കസാലയിൽ ഇരുന്നുകൊണ്ടു പറഞ്ഞു:—"തിരുമേനീ! നമ്മുടെ ജീവിതത്തിൽ ഇങ്ങനെയുള്ള വിഷമസന്ധികൾ വരാറുവഴക്കംതന്നെ. തിരുമേനിക്കു ദുഃഖം വേണ്ട. സമാധാനമായിരിക്കണം. അവിടുത്തെ യോഗക്ഷേമങ്ങൾ തേടിവന്നതാ അടിയൻ."

രാജകുമാരൻ:—മജിസ്ട്രേട്ടാണെന്നുപറഞ്ഞു.

ആഗതൻ:—അതെ. ഈസ്റ്റ്ഇൻഡ്യാക്കമ്പനിസർക്കാരിന്റെ ഇവിടുത്തെ മജിസ്ട്രേട്ട്. ബേബർ എന്നു പേർ. ജാതിയിൽ മുസൽമാൻ. കണ്ണൂരിലെ പഴയ ആലിരാജാവുണ്ടായിരുന്നല്ലോ, ആ വംശക്കാരൻ. അമ്മ ആ കുടുംബക്കാരി. അച്ഛൻ പേർഷ്യാക്കാരൻ.

രാജകുമാരൻ:—വളരെസന്തോഷം. ആലിരാജകുടുംബം പണ്ടു് കോലത്തിരികുടുംബത്തിൽനിന്നു പിരിഞ്ഞുപോയ ഒരു ശാഖയെന്നു കേട്ടിട്ടുണ്ടു്.

ബേബർ ഒരു ലഘുവായ മന്ദസ്മിതത്തോടുകൂടി പറഞ്ഞു:—"അപ്പോൾ അവിടത്തെ രക്തനാഡികളിൽകൂടിഓടുന്ന ചോരയും ഈ ബേബറുടെ ചോരയുംതമ്മിൽ ബന്ധമുള്ളതുതന്നെ. ഇപ്പോൾ ചിലകാര്യങ്ങൾ അവിടുത്തോടു തുറന്നുപറയുവാൻ ധൈര്യമായി."

രാജകുമാരൻ:—എന്താണാവോ?

ബേബർ:—തിരുവിതാംകൂറിൽനിന്നു മിസ്റ്റർ മണ്ട്രോ ഒരു കത്തു കൊടുത്തയച്ചിരിക്കുന്നു. ഗവർണ്ണർസായ്പിന്റെ ഒരു ഓർഡറും. അതിലൊക്കെ ഒരേ ഒരു സംഗതിയെപ്പററിയാണു പറയുന്നതു്.

രാജകുമാരൻ:—എന്താ! വിശേഷിച്ചു്.

ബേബർ:—മറെറാന്നുമല്ല. അവിടുന്നുതൃപ്പടിയേററന്നത്തിയദിവസം കഴുത്തിൽ അണിഞ്ഞിരുന്ന ആ മരതകപ്പച്ചമാല ഇങ്ങോട്ടു പുറപ്പെടുന്ന ധൃതിയിൽ ചെല്ലംവകയിൽ തിരിച്ചു് ഏല്പിക്കാൻ മറന്നുപോയി. അതു് ഉടനേ തിരിച്ചു വാങ്ങി റസിഡണ്ടിന്റെപക്കൽ എത്തിച്ചുകൊടുക്കണമെന്നു്.

രാജകുമാരൻ അല്പനേരം ആലോചനാമഗ്നനായിരുന്നു. എന്നിട്ടു് അദ്ദേഹം പറഞ്ഞു:—"തിരുവിതാംകോടിന്റെ സ്വിലസ്സു് ഇങ്ങനെ ഒരു മാല ഇവിടെ ഉണ്ടെങ്കിൽതന്നെ അതു് ഇവിടെയും ചേരുന്നതാണല്ലൊ."

ബേബർ:—രാജത്വവും രാജ്യവും ഒക്കെ ഉപേക്ഷിച്ചു ധമ്മബോധംകൊണ്ടുമാത്രം ഇവിടെ വന്നു് ഇങ്ങനെ ഒരു മുസ്ലിംഫക്കീറിനെപ്പോലെ തപസ്സിലും പ്രാൎത്ഥനയിലും കഴിച്ചുകൂട്ടുന്ന തിരുമേനിക്കെന്തിനൊരു പച്ചപ്പളുങ്കുമാല!

രാജകുമാരൻ വിസ്മയാവേശത്തോടെ ചോദിച്ചു: "എന്തു കഥയിതു്! നിങ്ങൾ എന്തറിഞ്ഞു! അതു വിലമതിക്കാത്ത മരതകപ്പച്ച. പളുങ്കുമാലയല്ല. വിലമതിച്ചിട്ടില്ലാത്ത ഒരു രത്നമാല. അതു് ഏട്ടത്തിക്കു് വേണമായിരിക്കും. എടുത്തുകൊള്ളട്ടെ. ഇവിടെ ഞാൻ സൂക്ഷിച്ചുവച്ചിട്ടുണ്ടു്. കേട്ടോ. എന്റെ കുടുംബക്കാരനല്ലേ ബേബർ. നിങ്ങൾക്കു് ഒരു പ്രശസ്തി ഇങ്ങനെ കിട്ടുമെങ്കിൽ അങ്ങനെയുമാവട്ടെ.

എന്നിങ്ങനെ പറഞ്ഞു രാജകുമാരൻ തന്റെ തേവാരപ്പെട്ടി തുറന്നു് അതിൽ ഭദ്രമായി സൂക്ഷിച്ചുവച്ചിരുന്ന ആ രാജകീയഹാരം എടുത്തു് ബേബറിന്റെപക്കൽ കൊടുത്തു. ആ മാലയിലെ രത്നങ്ങളുടെ അനൎഗ്ഗളജ്യോതിസ്സും വൈശിഷ്ട്യവും കണ്ടു് ആ ഉദ്യോഗസ്ഥൻ അമ്പരന്നുപോയി. ഹാരം കൈവശം കിട്ടിയയുടൻ മജിസ്ത്രേട്ടു തന്റെ കൂടെയുണ്ടായിരുന്ന ചപ്രാസിയെ വിളിച്ചു് ഉർദുവിൽ എന്തോ പറഞ്ഞു. അയാൾ പുറത്തേക്കു പോയി അ

ല്പം കഴിഞ്ഞപ്പോൾ അവിടത്തേ പട്ടാളം ക്യാപ്റ്റനും രണ്ടു സീനിയർ പട്ടാളഉദ്യോഗസ്ഥന്മാരുംകൂടി അവിടെ എത്തി രാജകുമാരനെ വന്ദിച്ചു:

മജിസ്ട്രേട്ടു സവസ്ഥാനത്തു് എഴുന്നേറ്റുനിന്നുകൊണ്ടു ധാരയോടായിട്ടു പറഞ്ഞു. "തിരുമേനിയുടെ പക്കൽ ഈ ഹാരം ഉണ്ടായിരുന്നു. ഇങ്ങോട്ടുപോരുന്ന തിരക്കിനിടയിൽ തിരിച്ചേല്പിക്കുവാൻ അദ്ദേഹം മറന്നുപോയതാണു്. ഇതു യോഗ്യനായ ഒരു രാജകുമാരനെ ഞാൻ കണ്ടിട്ടു ഇല്ല."

എന്നുപറഞ്ഞു ഹാരം അവരെ കാണിച്ചു ബോദ്ധ്യപ്പെടുത്തി. അനന്തരം അവിടെവച്ചു് ആ ഉദ്യോഗസ്ഥന്മാർ ഒരു മഹസ്സർതയ്യാറാക്കി രാജകുമാരനേക്കൊണ്ടു തുല്യംചാർത്തിച്ചശേഷം അടിയിൽ അവർ ഓരോരുത്തരും ഒപ്പുവച്ചു.

യാത്രപറഞ്ഞു പുറപ്പെടുംമുൻപു മജിസ്ട്രേട്ടു പറഞ്ഞു: "ഇതു വളരെ വിലപിടിച്ച ഒരു ഹാരമായതുകൊണ്ടു് അടിയങ്ങടെ രക്ഷയ്ക്കു് ഇങ്ങനെ ഒരു മഹസ്സർ കൂടിയേതീരൂ! തിരുമേനിക്കു് ഇവിടം തീരെ പിടിക്കുന്നില്ലെന്നു തോന്നുന്നു. ഇവിടുത്തെക്കാൾ ഭേദമാണു തച്ചശ്ശേരി. ഉടനെ അങ്ങോട്ടേയ്ക്കു് എഴുന്നള്ളാൻ ഏർപ്പാടാക്കാം. അവിടവും ആരോഗ്യത്തിനുപറ്റാതെവന്നാൽ ചെങ്കൽപേട്ടയ്ക്കു് എഴുന്നള്ളിക്കാം. അവിടത്തിൽ ചില കുന്നുകളും കാടുകളും ഒക്കെയുണ്ടു്. ഇതുയുമൊക്കെയേ ഈ സാധു വിചാരിച്ചാൽ കഴിവുള്ളൂ."

ബേബർ പോയശേഷം രാജകുമാരൻ ആത്മഗതം ചെയ്തു: "ആ മാല നമുക്കു് എന്തിനു്? മറ്റു സമസ്തവും ഉപേക്ഷിച്ചുപോന്നില്ലേ? ഇനി ഒരു ജോടി വസ്ത്രക്കടുക്കൻമാത്രം ഉണ്ടു്. അതു തന്നതുവകയുമാണു്. അതു് ഉപകരിക്കട്ടെ അതിന്റെ ഉടമസ്ഥനു്."

# വനാന്തരത്തിൽ

ഇപ്പോഴത്തെ ചെങ്കല്പട്ട ഡിസ്ത്രിക്ടും പരിസരങ്ങളും ഇൻഡ്യയിലെ ബ്രിട്ടീഷാധിപത്യത്തിനുമുൻപ് ചെങ്കല്പതി രാജാക്കന്മാരുടെ ഭരണനഗരിയായിരുന്നു. അവിടെ പൂർവ്വഭാഗത്തുള്ള കടലോരത്തുനിന്നു പടിഞ്ഞാറോട്ടു നീങ്ങി കുറേനേരം പൂർവ്വപർവ്വതനിരകളിൽ ഉൾപ്പെട്ട ഒരു മലംപ്രദേശവും അതിനെ ആവരണംചെയ്തുകൊണ്ടു നിലനിന്നിരുന്നതായ ഒരു വനാന്തരവും ഉണ്ടായിരുന്നു. ചെങ്കല്പതിരാജാക്കന്മാരുടെ ആധിപത്യകാലത്തെ വധഭൂമിയും ശ്മശാനവും ആ മലമുകളിൽതന്നെ ആയിരുന്നതിനാൽ സാധാരണമായി മനുഷ്യാധിവാസമോ മനുഷ്യസഞ്ചാരമോ പണ്ടെങ്ങും അവിടെ ഉണ്ടായിരുന്നില്ല. ഇൻഡ്യയിൽ ബ്രിട്ടീഷ് ആധിപത്യം ഉറയ്ക്കുകയും ക്രിസ്തുമതപ്രചാരത്തിനു നിർല്ലോഭമായ പ്രചരണസൗകര്യം സിദ്ധിക്കുകയും ചെയ്തശേഷംമാത്രമേ, ആ ശൈലഗണങ്ങളിൽ ഉൾപ്പെട്ടതും ക്രൈസ്തവപുണ്യവാളനായ സെൻറുതോമസ്സിൻെറ വീരചരമത്തിൻെറ രംഗമായി ഭവിക്കയാൽ വിശ്രുതി ഭവിച്ചതും ആയ "സെൻറുതോമസ്സ് മൌണ്ടി"നെക്കുറിച്ച് ആധുനികലോകം അറിഞ്ഞുതുടങ്ങിയുള്ളു.

ഈ കഥാരംഭകാലത്ത് ആ പ്രദേശം ആകെ ദുർഗ്ഗമമായ വനാന്തരമായിത്തന്നെ കിടന്നിരുന്നു. അവിടെ ഒരുഭാഗത്ത് പണ്ടു നിലനിന്നിരുന്ന ഒരു ബുദ്ധവിഹാരത്തിൻെറ നഷ്ടശിഷ്ടങ്ങളായ ചില കരിങ്കൽത്തൂണുകളും ചില മേൽക്കൂരകളും പൊളിഞ്ഞുമറിയാത്ത ഭിത്തികളും നില്പുണ്ടായിരുന്നു. ആ വർജ്ജിതമായ ശിലാമാടത്തെ രണ്ടു യതികൾ ആശ്രമമായി ഉപയോഗപ്പെടുത്തിക്കൊണ്ട് അതിൽ വാസംചെയ്തുവരുന്നതായി കാണപ്പെട്ടു. അവർ ഇരുവരും മുൻപ് വായനക്കാർക്കു പരിചിതരായ കാഷായികൾതന്നെ. കല്പാലക്കടവു വള്ളക്കടവിൽനിന്നു അർദ്ധരാത്രിക്കു വഞ്ചികയറിപ്പുറപ്പെട്ട ആ യതികൾ അവരാണ്.

ആ സന്യാസിമാരുടെ വേഷവിധാനത്തിൽ ആദ്യം കണ്ടതിൽനിന്നു മാററങ്ങൾ ഒന്നും കാണാനില്ല. തപസ്സിൻെറ കാഠിന്യംകൊണ്ടായിരിക്കണം മുഖത്തെ പ്രസന്നതയ്ക്കും ഓജസ്സിനും അല്പം ഗ്ലാനി സംഭവിച്ചിട്ടുള്ളതു്. രണ്ടുപേരിൽ ആകാരദീപ്തിയും വ്യക്തിപ്രാഭവവുംകൊണ്ടു മേന്മതോന്നിക്കുന്ന സന്യാസി ചോദിച്ചു:—"എന്താ അടുത്ത ആലോചന. ഇനി എന്തുചെയ്യേണ്ടു?"

രണ്ടാമൻ:—അങ്ങനെഒന്നും ആലോചിക്കാൻ ഇല്ല. എത്ര പാടുപെട്ടാലും വീണ്ടുകൊള്ളാൻ വഴിഇല്ല. കൊച്ചുപാച്ചൻ ആ സായ്പനോടു കേണു പലതുംപറഞ്ഞുനോക്കി. വലിയ സായ്പ അറിഞ്ഞാൽ കൊച്ചുസായ്പനെ വെടിവെച്ചു ചുട്ടുകളയും. അതു കൊണ്ടു് തുറന്നുവിടുന്ന കാര്യംമാത്രം പറയണ്ടെന്നുപറഞ്ഞു. സായ്പൻെറ ചൊക്രായില്ലേ; അവനു് അവിടൊക്കെ കടന്നുചെല്ലാം. കാര്യമൊക്കെ ധരിപ്പിച്ചുകൊടുത്തു. അവിടെ കേട്ടപ്പോ സങ്കടവുമായി.

ഒന്നാമൻ:—നമ്മൾ ഇവിടെ വന്നിട്ടുള്ള വിവരം അവൻ ഉണർത്തിച്ചോ?

രണ്ടാമൻ:—അതും പറഞ്ഞുകേൾപ്പിച്ചു അവൻ. കേട്ട കണ്ണീരൊലിപ്പിച്ചു. അല്ലാതെന്തുവഴി. പോരെങ്കിൽ ആ ഉമ്മിണിത്തമ്പിയെക്കൂടെ കൊണ്ടുവന്നിട്ടുമൊണ്ടു്. അയാളും അവിടെ കെടക്കുന്നു. കെടന്നുപൊരിയുന്നു അവിടെ.

ഒന്നാമൻ അത്ഭുതപാരവശ്യത്തോടെ ചോദിച്ചു:—"അങ്ങനെയുമായോ? നേരു നേരുപോലെ വരാതെ എവിടെപ്പോകുന്നു! ഇനി എന്തായിരിക്കും അവരുടെഗതി."

രണ്ടാമൻ:—തൂക്കിക്കൊല്ലുകയോ വെടിവച്ചുപുകയ്ക്കുകയോ. അതൊക്കെ ആ സായ്പമാരുടെ ചട്ടംതന്നെ ചട്ടം.

ഒന്നാമൻ കണ്ണുനീർ വാർത്തുകൊണ്ടുപറഞ്ഞു:—"ഭഗവാനേ! എന്തുചെയ്യേണ്ടു! അവിടത്തെ ഒരുനോക്കുകണ്ടു. ഈ വേഷ

ത്തിൽ എന്ന അറിഞ്ഞിരിക്കയില്ല. ശരിയായ വേഷത്തിൽച്ചെന്നാൽ കുറേക്കൂടെ വഷളായേക്കും കാൎയ്യങ്ങൾ."

രണ്ടാമൻ:—അതു് ഏതായാലും പാടില്ല. ആളറിയും. അറിഞ്ഞാ പിടിച്ചു് അകത്താക്കും. ഒററുകൊടുക്കാനോ, വിടീക്കാനോ വന്നെന്നു നിനയ്ക്കും.

ഒന്നാമൻ:—ഇനി അങ്ങനെയൊന്നും നിനച്ചു സങ്കടപ്പെടാനില്ല. വരുന്നതുവരട്ടെ. കുറേദിവസംകൂടെ ഇവിടെ ചുററിപ്പററി നിൽക്കാം. അതിനിടയ്ക്കു് എന്തെങ്കിലും തീരുമാനം ഉണ്ടാകാതെ വരില്ല.

രണ്ടാമൻ:—ഞാൻ ഒന്നുകൂടിപോയി കൊച്ചുപാച്ചനെ കണ്ടിട്ടുവരാം. അതുവരെ ഇവിടെ തനിച്ചിരിക്കണം. അഷ്ടിക്കും വല്ലതുമൊക്കെ വാങ്ങിച്ചുകൊണ്ടുപോരാം.

"അങ്ങനെതന്നെ. എനിക്കു് ഒന്നുംകഴിക്കാൻ രുചിയില്ല." എന്നു് ഒന്നാമനും പറഞ്ഞു.

## 33

# വൈരംവരുത്തിയ അനൎത്ഥം

ചെങ്കൽപ്പട്ടയിലുള്ള ഈസ്റ്റിൻഡ്യാകമ്പനിവക പട്ടാളസങ്കേതത്തിനോടനുബന്ധിച്ചുള്ള ഒരു പഴയ ഊക്കൻകെട്ടിടമാണു് അവിടെ അക്കാലത്തു് ഉണ്ടായിരുന്ന ജയിൽ. അതു പുരാതന ചെങ്കൽപ്പതി രാജാക്കാന്മാരുടെ പ്രതാപകാലത്തെ കാരാഗൃഹമായിരുന്നു.

അവിടെ ഒരു മുറിയിൽ ചിന്താധീനനായി തറയിൽ ഒരു വയ്ക്കോൽമെത്തയിൽ കിടന്നിരുന്ന ഉമ്മിണിത്തമ്പിയുടെ മുമ്പിൽ രാവിലെത്തെ ഭോജ്യവിഭവങ്ങളുമായി ഒരു പരിചാരകൻ ഹാജർ കൊടുത്തു. അയാൾ കൊണ്ടുവന്നിരുന്ന ഭോജ്യങ്ങൾ മെല്ലെ തറ

യിൽ ഇറക്കിവച്ചിട്ട ബഹുമാന്യനായ ആ തടവുകാരൻെറ സൌകര്യം പുരസ്കരിച്ചു് അയാറം അവിടെ മൌനമായി നിലകൊണ്ടു.

അപ്പോറം തമ്പി ചോദിച്ചു:—"എന്ന ഓയി സമാചാർ?"

പരിചാരകൻ:—ശാപ്പാട്ട വേണ്ടാമലാ.

ഉമ്മിണിത്തമ്പി:—ആം. ആം. എനക്കു പൈ ജാസ്തിയായിരുക്കു. ആനാലും—

പരിചാരകൻ:—അപ്പടിയാ! ശാപ്പടുങ്കോങ്കളേ! നാനിങ്കെനിന്നു ശാതം പോടച്ചാമേ!

ഉമ്മിണിത്തമ്പി:—എന്ന നേത്തയ്ക്കു് അവളവു താമസം ശമലുക്കു്.

പരിചാരകൻ:—ആയ്—അതെ—തെരിയാമങ്ലാ— അന്തരാശാ—അവാറം—ഇറന്തു പോട്ടാങ്കേ! അപ്പ—പ്പ—പ്പ! വൈരക്കൽപൊടിത്തു ശാപ്പട്ടു് ഇന്തറിതു്—

തമ്പി ഒന്നു ഞെട്ടി. അല്പനേരത്തേക്കു് യാതൊന്നും സംസാരിച്ചില്ല. വിവിധ ചിന്താഗതികറം അദ്ദേഹത്തിൻെറ അന്തരംഗത്തേ മഥനംചെയ്തു. ഒടുവിൽ ഒരു ദീർഘനിശ്വാസം ചെയ്തിട്ട പറഞ്ഞു:—കഷ്ടമേ! കഷ്ടം! കടവുറം തലയിലൈ വരത്തുപ്പോട്ടാൻ ഇപ്പടി. സന്ദേഹമില്ലൈ. അരശാങ്കത്തിലൈ ഒക്കാരേണ്ടആറം!

പരിചാരകൻ:—സായാന്ത്രാ വെഷം ശാപ്പിട്ടതു്. നേരത്തവെടിക്കെ പടുക്കയിലെ ഇറന്തു പടുക്കറതാവെ കാൺവോം.

ഉമ്മിണിത്തമ്പി:—ശൂടലെക്കു് എടുത്തു പോട്ടിതാ

പരിചാരകൻ:—ആകവൈ. ആകലൈ. ഗവർണർ വന്തുക്കു പിൽപ്പാട്ടതാൻ.

ഉമ്മിണിത്തമ്പി:—ആം. ആം. എനക്കു് നേത്തെക്കുശാതം വണ്ടാം. അവാളെ ശൂടലെക്കു് എടുത്തുപോട്ട പില്പാട്ട സ്നാനം പണ്ണിവരപ്പോതു പോരും ശാതം.

പരിചാരകൻ:—ദൊരയവാൾ കോപപ്പെടമാട്ടാനാ?

ഉമ്മിണിത്തമ്പി:—അവാൾ കോപപ്പെട്ടാനാക്കാ എനക്കെന്ന! അവാൾ വെടിവെച്ചു പുകച്ചിടുമാ! അനാൽ അപ്പടിയാവട്ടുമേ

രാഷ്ട്രീയതടവുകാരൻെറ ഉഗ്രനിശ്ചയം കണ്ടു വെമ്പൽപൂണ്ട പരിചാരകൻ, അവിടെനിന്നു ഭോജ്യപകർച്ചപ്പാത്രങ്ങൾ എടുത്തു ചുമലിൽ പേറിക്കൊണ്ടു യാത്രയായി. അനന്തരം തമ്പി ഇങ്ങനെ ആത്മഗതംചെയ്തു:—“ഈ നരകത്തിൽ ഇങ്ങനെ കീടത്തിനുസമം കിടന്നാൽ എന്തു ഗതി? ഈ ധ്വരമാർ വലിയ വിവരമുള്ളവരും മര്യാദരാമന്മാരുമെന്നു നമ്മുടെ ആളുകൾ പറയാറുണ്ട്. ഘനമുള്ള ആസനം താങ്ങുന്നതു ലോകനീതി. മാസാചൊട്ടിയവനെ പിന്നെ പെണ്ണുങ്ങളോ തിരിഞ്ഞുനോക്കുന്നു. അതാണ് ഇവററകളുടെ നില. അധികാരത്തിലും പ്രാഭവത്തിലും ഇരുന്നപ്പോൾ വലിയ ബഹുമാനം. വലിയ കാര്യം. ആചാരം! ഉപചാരം! സൽക്കാരം! ഇവിടത്തെ സൽക്കാരമുറകൾ കണ്ടില്ലേ! നമ്മുടെ ലായത്തിലേ കുതിരകളേ നമ്മുടെ കുതിരക്കാരന്മാരു സൽക്കരിക്കാറുള്ള വിധംതന്നെ. വയ്ക്കോൽമെത്തയും, കാണവും കടലയവിച്ചതും, കൂവരകുകഞ്ഞിയും. കേമംതന്നെ. എന്തിനിവിടെ കിടന്നു പുഴുവിനേപ്പോലെ നലച്ചുജീവിക്കുന്നു. കണ്ടില്ലേ ആ കൊച്ചുതമ്പുരാൻ ആൺപിള്ളശിങ്കം. ആണുങ്ങളായാൽ അങ്ങനെ തന്നെ വേണം. അവിടത്തെ സൊല്ല ഒഴിഞ്ഞു. ഇനി ആരെങ്കിലും ഭരിച്ചുകൊള്ളട്ടെ. രാജ്യവാഴ്ചയുംവേണ്ട. മറെറാരു ബദ്ധപ്പാടും വേണ്ട. നമുക്കും തിരുമേനി കാണിച്ചുതന്ന വഴിയിൽക്കൂടി പോയേക്കാം. ഒരു പട്ടടകൂടെ വേഗം അവർ തയ്യാറാക്കിക്കൊള്ളട്ടെ, ഈ ഉമ്മിണിത്തമ്പിക്കും.”

ഉമ്മിണിത്തമ്പി ആവേശഭരിതനായി ഇങ്ങനെ ഒരു ഉഗ്രനിശ്ചയം ചെയ്തു. അചിരേണ അദ്ദേഹം അതിനെ നടപ്പിൽവരുത്തുകയും ചെയ്തു. തൻെറ കൈവശം പ്രത്യേകം സൂക്ഷിച്ചുവച്ചിരു

ന്ന വജ്രകണ്ഡലങ്ങൾ, തന്റെ അവശേഷിച്ച ആത്മാഭിമാനത്തിന്റെയും പൌരുഷത്തിന്റെയും പരിപാലനത്തിനായി അദ്ദേഹം വിനിയോഗിച്ചു. ക്രമേണ നിർവ്വാണോപമമായ ശാന്തിപദത്തെ പ്രാപിച്ചു.

# 34

# ചിതയിൽ കണ്ടകാഴ്ച

രാജകുമാരന്റെയും ഉമ്മിണിത്തമ്പിയുടെയും ജഡങ്ങൾ അടുത്തടുത്തു രണ്ടു ചിതകളിലായി പട്ടാളത്തിലെ ഹൈന്ദവഭടന്മാർ കൂടി യഥാവിധി സംസ്കരിച്ചു. അഗ്നി, മുറയ്ക്കു തന്റെ കൃത്യങ്ങൾ നിർവ്വഹിച്ചുകൊണ്ടിരിക്കയാണു്. ആളുകൾ സമസ്തരും പിരിഞ്ഞു കഴിഞ്ഞു. നേരം കഷ്ടിച്ചു സന്ധ്യയോടു സമീപിക്കുകയുമാണു്. ആ സന്ദർഭത്തിൽ നമ്മുടെ യതികൾ രണ്ടുപേരും ആ ചിതകൾക്കു സമീപം വന്നെത്തി. അവരിൽ ഒരാൾ പറഞ്ഞു:—

"ഇനി സമയം എന്തിനു വെറുതേ പാഴാക്കുന്നു. സന്ധ്യാസമയം! രണ്ടു വീരപുരുഷന്മാരുടെ ചുടലക്കളമാണല്ലൊ ഇവിടം. ഇതിൽ എന്റെ തിരുമേനിയേതു്?"

രണ്ടാമൻ:—അതിനു സംശയം എന്തു്. കെട്ടി ഒരുക്കിയ മാലിപ്പുര കണ്ടില്ലേ പൊന്നമ്മച്ചീ!

ഒന്നാമൻ:—എന്നാലാവട്ടെ. ഈ വേഷം ഒക്കെ അഴിക്കാം. തമ്പിയുടെ ചിതയിൽ പാച്ചനും. എന്റെ തമ്പുരാന്റെകൂടെ ഞാനും.

എന്നിങ്ങനെ പറഞ്ഞു യതിവേഷധാരിണിയായ ഇന്ദിരത്തങ്കച്ചി കാഷായകഞ്ചുകാദികൾ അഴിച്ചു് തന്റെ പ്രേമഭാജനമായ പ്രാണവല്ലഭന്റെ ചിതയിലേക്കു് ആദ്യമായി വലിച്ചെറിഞ്ഞു. അപ്പോൾ പ്രത്യക്ഷമായ ഇന്ദിരാവിഗ്രഹം —അമ്മവീട്ടിലും കൊ

ട്ടാരത്തിലുംവച്ചുകണ്ടു പരിചയമുള്ള വസ്ത്രഭൂഷാദ്യലംകൃതയായ ആ ഇന്ദിരാദേവിത്തങ്കച്ചിയുടെ കോമളകളേബരം—ഒരു നോക്കു കണ്ടിട്ട് അത്യാഃവാരഃത്തോടുകൂടി ഉത്തമനായ ആ ഭൃത്യൻ കാഷായവസ്ത്രസഹിതം ഉമ്മിണിത്തമ്പിയുടെ ചിതയിലേക്ക് കുതിച്ചുചാടി. അടുത്ത നിമിഷത്തിൽ വഹ്നിയുടെ അയുതായതമായ ജിഹ്വാപാളികൾ ആ ബലിമൃഗത്തെതഴുകിത്തലോടിഗ്രസിച്ചുകഴിഞ്ഞു. അക്കാഴ്ച ശിഷ്യവത്സലയായ ആ സാധ്വീകണ്ടു കണ്ണീരൊഴുക്കി. അനന്തരം തന്റെ വിശിഷ്ടവസ്ത്രാഭരണാദികൾ അഴിച്ചു ചിതയിൽ നിന്നു അല്പം അകലെ ഗണ്യമായ ഒരു സ്ഥാനത്തു ചുരുട്ടിക്കൂട്ടിവച്ചുശേഷം, ഒരു തോർത്തുമുണ്ടുമാത്രാ ധരിച്ചു മിക്കവാറും നഗ്നശരീരയായി സമീപത്തുണ്ടായിരുന്ന ഒരു സരസ്സിൽ ഇറങ്ങി മൂന്നുപ്രാവശ്യം മുങ്ങി. പിന്നീടു ദ്രുതഗതിയിൽ കരയ്ക്കുകയറി അലോലവാലുന്ന നീരൊഴുക്കോടുകൂടി, അഴിഞ്ഞു പാദപൃഷ്ഠംവരെ നീണ്ടുകിടക്കുന്ന കേശഭാരത്തേയും വഹിച്ചുകൊണ്ടു പ്രാണവല്ലഭന്റെ ചിതയ്ക്കു മൂന്നു പ്രദിക്ഷണം വച്ചിട്ട് "പത്മനാഭാ" എന്നുള്ള നാമജപത്തോടുകൂടി ആ സതീരത്നം കാളിജ്വലിച്ചുകൊണ്ടിരുന്ന ചിതാന്തർഭാഗത്തേക്ക് കുതിച്ചൊരു ചാട്ടം! അവ്വൃരുക്ഷനായ പാവകന്റെ ശുദ്ധീകരണ ജിഹ്വാകരങ്ങൾ ആ പുണ്യവതിയെ തഴുകിത്തലോടി സ്വഭർത്താവിന്റെ പരിതപ്തമായ മാറിടത്തിൽ അമർത്തിച്ചേർത്തു സമാശ്വസിപ്പിച്ചു. അങ്ങനെ ആ വഹ്നിതാപം, താപവും താപവും സംയോജനംചെയ്തപ്പോൾ പരമാനന്ദപ്രദമായ പരമശാന്തി അവിടെ സംജാതമായി.

*        *        *        *

മൂന്നാം ദിവസം രാവിലെ സഞ്ചയനകർമ്മം യഥാവിധിആചരിച്ചു. പൗരതനോടുള്ള ആത്മീയമായ ബഹുമാനംപ്രദർശിപ്പിക്കണമെന്നുള്ള മനസ്സിന്റെയും ബുദ്ധിയുടേയും മനസ്സാക്ഷിയുടേയും പ്രചോദനത്തിനുസാഫല്യം വരുത്തുവാൻ ആ ഹൈന്ദവഭടന്മാർ അവിടെയെത്തി. സംസ്കാരദിവസം രാത്രിയിൽ പെയ്ത ഭയങ്കരമായ മഴ

യുടെ കാഠിന്യംനിമിത്തം ചിതാവഹ്നി അണഞ്ഞുപോയിരുന്നതിനാൽ ജഡങ്ങൾ ശരിയായി വെന്തു പഞ്ചഭൂതങ്ങളിലേക്കലയിക്കാറാകത്തക്ക നിലയിൽ വെണ്ണീറും അസ്ഥിയുമായി നിരന്നിട്ടില്ലെന്നു് അവർ കണ്ടറിഞ്ഞു. സൂക്ഷ്മതരമായ ഒരു പരിശോധനകൂടി നടത്തിയപ്പോൾ കാണായകാഴ്ച എന്തൊരത്ഭുതാവഹം! രാജകുമാരന്റെ ചിതയിൽ സ്പഷ്ടമായ സ്ത്രീലക്ഷണങ്ങളോടുകൂടിയ ഒരു ജഡം, വെന്തഴിഞ്ഞുപോകാതെ പൊള്ളിക്കരിഞ്ഞുകരിവാളിച്ചു നിർജ്ജീവമായിക്കിടക്കുന്നു! ഉമ്മിണിത്തമ്പിയുടെ ചിതയിൽ അങ്ങനെ ഒരു പുരുഷനും! അഹോ എന്തൊരു വിസ്മയം. വീരചരമികളുടെ ജഡവും പരിപൂർണ്ണമായി ദഹിച്ചിരുന്നില്ല. തന്നിമിത്തം ദഹനക്രിയയ്ക്കു പരിപൂർത്തിവരുത്തുവാനുള്ള ഉത്സാഹത്താലും ആവേഗത്താലും അവർ കാട്ടിലേക്കുകടന്നു് ഇന്ധനം ശേഖരിച്ചു ചിതകളിൽ നിക്ഷേപിച്ചുതുടങ്ങി. അതിനിടയ്ക്കു് ഒരുവൻ ഒരുകയ്യിൽ ഒരു വസ്ത്രസഞ്ചിയും മറേറക്കയ്യിൽ ഒരു കേരളസ്ത്രീയുടെ മെയ്യാഭരണങ്ങളും വഹിച്ചുകൊണ്ടു് ഓടിയെത്തി. അതു കമ്മാൻണ്ടിങ്ങു് അഫീസർ ധാരയുടെ ചൊക്രാജോലി കൊച്ചുപാച്ചനായിരുന്നു. സ്തോഭാവേശത്താലോ എന്തോ അവന്റെ നേത്രങ്ങളിൽക്കൂടി കണ്ണീർക്കണങ്ങൾ പൊടിച്ചുകൊണ്ടുമിരുന്നു:—"ഇതാ മരിച്ച ആ പെമ്പിറന്നോരെടെ ഉടതുണീം മെയ്യാഭരണങ്ങളും!" എന്നു പറഞ്ഞു് അവൻ ആ ഉപഹാരം വരുതിസുബേദാരുടെ മുമ്പാകെ സമപ്പിച്ചു. അദ്ദേഹം അവ പരിശോധിച്ചുനോക്കിയശേഷം പറഞ്ഞു:—"ഇതു സാധാരണക്കാരി ഒരു സ്ത്രീയുടെ പൊടവേം മെയ്യാഭരണങ്ങളുമായിരിക്കാൻ എടയില്ല. ഈ തിരുമനസ്സിലെ അമ്മച്ചിയായിരിക്കണം. തിരുവനന്തപുരത്തേക്കു കുറികൊടുത്തയച്ചു് അന്വേഷിച്ചാലറിയാം പരമാത്ഥം!

മറെറാരാൾ:—അവരെങ്ങനെ വന്നുകൂടി ഇവിടെ ഈ ഗഡുവുനോക്കി.

വേറൊരാൾ:—അതു ഭഗവാനേ അറിഞ്ഞുകൂട.

അന്യൻ:—തമ്പിയങ്ങത്തെ പട്ടടയിൽ കൂടെയുള്ളതാര്?

അപരൻ:—അതൊരുപുരുഷൻ! അദ്ദേഹത്തിൻെറ മകനോ ഭൃത്യനോ ആയിരിക്കും.

സുബേദാർ:—ഏതായാലും ഈ കലിയുഗത്ത് ഇത്ര പാതിവ്രത്യമുള്ള സ്ത്രീകളെയും കാണാൻഇല്ല; ഇത്രസ്നേഹവും നന്ദിയുമുള്ള മക്കളെയും വേലക്കാരെയും കാണാനില്ല. ഇവരാരെല്ലാമെന്നു വഴിയേ തെളിഞ്ഞുവരും. ഏതായാലും ഈ വിവരം കാണിച്ച് ഒരു മഹസ്സർകൂടെ തയ്യാറാക്കി സായ്പിൻെറ കച്ചേരിയിൽ ഹാജരാക്കണം. ഈ പൊടവയും മേൽമുണ്ടും തക്കകളും കടകങ്ങളും മുട്ടുകകളും നീരാളക്കുപ്പായവും ഒക്കെ.

അങ്ങനെ ആ രംഗത്തിനു വിരാമംവന്നു.

35

# റാണിയുടെ തിരുവുള്ളം

"ഗൌരിലക്ഷ്മിറാണി" എന്ന ചരിത്രപ്രഖ്യാതയായ ആററിങ്ങൽ മൂത്തതമ്പുരാൻ തിരുവിതാംകോട്ട മഹാറാണി റീജൻറായി തൃപ്പടിയേററം കഴിച്ചു രാജകീയസിംഹാസനത്തിൽ ആരൂഢയായി രാജ്യകാര്യങ്ങൾ കർണ്ണൽമൺറോയുടെ സഹായസഹകരണങ്ങളോടുകൂടി നീതിമര്യാദകൾ അനുസരിച്ചു നിർവ്വഹിച്ചുതുടങ്ങി. അക്കാലം റാണിതിരുമേനി തിരുവയർവാഴ്ചയിലാണെന്നും ഗർഭസ്ഥമായ പ്രജ പുരുഷസന്താനമായിരിക്കാനു ഇടയുള്ളവെന്നും ഉള്ള പ്രതീക്ഷയിൽ, ആ ഗർഭസ്ഥപുരുഷശിശുവിനെ രാജ്യാവകാശിയായി സങ്കല്പിച്ചു റാണിറീജൻറ് എന്നനിലയിൽ രാജ്യഭാരം ഏല്ക്കുവാൻ മഹാറാണി പ്രേരിതയായി എന്നു പറയേണ്ടു. ഏതായാലും പ്രസ്തുതപ്രതീക്ഷ യാഥാർത്ഥ്യമായി പരിണമിക്കുകയും ഉണ്ടായി.

രാജസിംഹാസനത്തിന്നു ന്യായമായ അവകാശി എന്നനിലയിൽ തന്നേ രാജപ്രതിനിധിയായി വാഴിക്കവാൻ സർവ്വകഴിവുകളും ഉപയോഗിച്ചു യത്നിച്ചു് ആ മഹാകാര്യം സാധിച്ചുകൊടുത്ത റസിഡണ്ടുമൺട്രോ ധാരയേത്തന്നെ റാണിതിരുമേനി തന്റെ ദിവാൻജിയായിക്കൂടി നിയമിച്ചു നീട്ടുകൊടുത്തു. എന്നുമാത്രമല്ല കല്പടസ്സുസമീപം ഉള്ള ഫലവത്തായ ഒരു തുരുത്തും മററനേകം പാരിതോഷികങ്ങളും മൺട്രോധാരസ്സു നൽകുകയും ചെയ്തു. ആ തുരുത്തിനെയാണു സ്വാവർഗ്ഗപ്രണയിയായ ആ ധാര കോട്ടയത്തെ ചർച്ചുമിഷൻ സംഘക്കാൎക്കു വിട്ടുകൊടുക്കുകയുണ്ടായതു്. 'വെള്ളിട്ടയടി'ന്റെ പകർപ്പു തേടിക്കണ്ടുപിടിച്ചു രാജകുടുംബത്തെ ആത്മാൎത്ഥമായി സ്നേഹിച്ച സ്ഥാനപതി സഭാപതിക്കു കരം ഒഴിവായി വളരെ വസ്തുക്കളും, മററനേകം കുടുംബപ്രതി അനുഭവങ്ങളും ഉദാരമതിയായ റാണി ദാനംചെയ്തു. സുവർണ്ണക്കാരി പവതിപ്പിള്ളക്കും മകൻ കുമാരുക്കുട്ടിക്കും കൊട്ടാരത്തിലുള്ള അവരുടെ പാർപ്പിടമായിരുന്ന ഭൂമിയും പരിസരങ്ങളും കരമൊഴിവായിട്ടുകൊടുത്തു. ഇന്ദിരത്തങ്കച്ചിയും ഭൃത്യൻ പാച്ചനുംകൂടി ഒരുരാത്രിയിൽ ഗൂഢമായി അമ്മവീട്ടിൽനിന്നു, വേഷപ്രച്ഛന്നരായി നിൎഗ്ഗമിച്ചെന്നും, അവർ രണ്ടുപേരുംകൂടി ചെങ്കല്ലേട്ടയിലെ കുന്നിൻപുറങ്ങളിലും കാടുകളിലുമായി കുറേക്കാലംകഴിച്ചുകൂട്ടിയശേഷമാണു ചിതകളിൽ ആരോഹത്തി നടത്തിയതെന്നുമുള്ള സത്യാവസ്ഥ ക്രമേണ ലോകർ മനസ്സിലാക്കി. രാജദാരങ്ങളായ ഇന്ദിരത്തങ്കച്ചിയുടെ നിസ്തുലമായ പാതിവ്രത്യനിഷ്ഠയും ഭൎത്തൃസ്നേഹവും അനുസ്മരിച്ചു ലോകർ അക്കാലങ്ങളിൽ ആ മഹിളാമണിയെ ഒരുദിവസംപോലും പ്രശംസിക്കാതെയിരിക്കാറില്ലായിരുന്നു.

പാച്ചന്റെ അദ്വിതീയമായ സ്വാമിഭക്തിയും പ്രശംസാവിഷയമാകാതിരുന്നിട്ടില്ല. ജനനാൽ ജോടിശിഷ്യക്കളായി ഒരേ ആകാരസാദൃശ്യത്തിൽ വളൎന്നുവന്ന പാച്ചന്റെയും ചൊക്രാകൊച്ചുപാച്ചന്റെയും ചരിത്രവും ലോകൎക്കു് ഒരു ചിന്താവിഷയമായിത്തീരാതിരുന്നില്ല.

രാജ്യഭ്രഷ്ടരായ കേരളവർമ്മ രാജകുമാരന്റെയും ഉമ്മിണിത്തമ്പിയുടെയും ഇന്ദിരത്തങ്കച്ചിയുടെയും പാച്ചന്റെയും ഭൗതികാവശിഷ്ടങ്ങൾ ചെങ്കൽപേട്ട കുന്നിൻപുറത്തുതന്നെ വിശ്രമംകൊള്ളുകയാണ്!

പ്രിയപുത്രിയുടെ അത്ഭുതകരമായ അപ്രത്യക്ഷീഭാവവും, പിന്നീടുലഭിച്ച ദാരുണമായ നിര്യാണവൃത്താന്തവുംനിമിത്തം കരൾകലങ്ങിവലഞ്ഞ മംഗളമ്മപ്പിള്ളത്തങ്കച്ചി അചിരേണ ആ അരുമക്കിടാവിന്റെ പരലോകയാത്രകളിൽ അനുഗമനം ചെയ്യുകയായി. വൈധവ്യംപൂണ്ടു ദുഃഖിതയായി ജീവിതംനയിച്ചുവന്ന പത്മാവതിപ്പിള്ളഅമ്മച്ചി സ്വമാതാവിനേയും സോദരിയേയും അതിജീവിച്ചു പുത്രപൗത്രാദികൾസഹിതം ദീർഘകാലം വസിച്ചു ലൗകികജീവിതത്തിന്റെ നാനാസൗഖ്യങ്ങളും അനുഭവിച്ചാനന്ദിച്ചു. മനുഷ്യജീവിതം സുഖദുഃഖസമ്മിശ്രമെന്നു സമാധാനംകൊള്ളാതെ ആ സാധ്വി എന്തുചെയ്യും!

Very very bad.

★

# സിംഹാസനത്തിൽ നിന്ന് കഴുവിലേക്ക്

1080

[illegible]രുപ്പും. വീട്ടിൽ ഗോപാലപിള്ള